# ജനപഥം

ജനുവരി 2012

ഉള്ളടക്കം


9
**പദ്ധതികൾ സമഗ്രമാകണം**
ജി. വിജയരാഘവൻ

10
**ഐ ടി : കേരളത്തിന്റെ പുതുവർഷ പ്രതീക്ഷകൾ**
കെ. അൻവർ സാദത്ത്

12
**സുതാര്യതയുടെ പ്രശ്നങ്ങൾ**
ഡി. ബാബു പോൾ

14
**വേണം ഒരു പുതുലോകം**
ഡോ. രാധിക സി. നായർ

16
**കാലമിനിയുമുരുളും**
ബി. മനോജ്

7
**ഷോപ്പിങ് ഉത്സവം; യാത്രയുടെയും**
എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നാക്കസമുദായക്ഷേമ-ടൂറിസം മന്ത്രി)

26
**ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഉത്പാദന മേഖലയിലേക്ക്**
കെ.സി. ജോസഫ് (സാംസ്കാരിക-ഗ്രാമവികസന മന്ത്രി)

28
**ഭഗവാനും ഭക്തനും ഒന്നാകുന്ന ശബരിമല**
വി.ബി. നന്ദകുമാർ

31
**തണുപ്പിന്റെ കാഴ്ചകൾ**
സന്ധ്യാ തോമസ്


33
**എടയ്ക്കൽ കാലത്തിന്റെ ഗുഹാമുഖം**
രമേഷ്കുമാർ വെള്ളമുണ്ട

34
**ഗാന്ധിജി മലയാള സാഹിത്യത്തിൽ**
ഡോ. എ.എം. ഉണ്ണികൃഷ്ണൻ

36
**ഏഷ്യയും ലാറ്റിൻ അമേരിക്കയും മുഖാമുഖം**
എം.സി. രാജനാരായണൻ

38
**സ്കൂൾ സിനിമകളുടെ മേള**
ഷമീൽ കാമ്പ്രത്ത്

47
**വയലാ വാസുദേവൻപിള്ള: അരങ്ങിലെ ആദർശബിംബം**
അജിത് വെണ്ണിയൂർ


4
**മുല്ലപ്പെരിയാർ പ്രശ്നവും പരിഹാരവും**






41
**തിയേറ്ററിന്റെ വസന്തം ഇറ്റ്ഫോക്ക്**
മുസ്തഫ ദേശമംഗലം





43 ജില്ലകളിലൂടെ
46 ചരിത്രത്തിലൂടെ
49 പെൺജീവിതം
50 പരസ്പരം
51 സമീക്ഷ
52 കാലത്തിനൊപ്പം




## ഒരു വഴികാട്ടി

നാടിന്റെ വികസന പ്രക്രിയയിൽ അനിവാര്യമായ വിഷയങ്ങൾ തിരഞ്ഞെടുത്ത് പ്രസിദ്ധീകരിച്ച *ജനപഥം* മാസിക ഉയർന്ന നിലവാരം പുലർത്തുന്നതിൽ അഭിനന്ദനമർഹിക്കുന്നു. നവംബർ ലക്കത്തിൽ എം. ദിലീപ് കുമാർ എഴുതിയ *പ്ലാസ്റ്റിക് – പ്രശ്നങ്ങളും പ്രതിവിധികളും* എന്ന ലേഖനം കേരളം ഇന്നു നേരിടുന്ന പ്രശ്നത്തിന് ഒരു പ്രായോഗിക പരിഹാരമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കയ്യാളുന്ന ജനപ്രതിനിധികൾ നിർബന്ധമായും വായിച്ചിരിക്കേണ്ടതാണ് ഈ ലേഖനം. ബഹുഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇന്ന് ഇരുട്ടിൽ തപ്പുകയാണ്. ശരിയായ മാർഗനിർദേശങ്ങളുടെ അഭാവമാണ് ഇതിന് കാരണം. ജനപ്രതിനിധികൾക്കൊരു വഴികാട്ടിയായി *ജനപഥം* മാറട്ടെയെന്ന് പ്രത്യാശിക്കുന്നു

***എൻ.വി. കുഞ്ഞിമുഹമ്മദ്***
*റിട്ട. ടെക്നിക്കൽ അസിസ്റ്റന്റ്, കുറ്റിപ്പുറം*

## പെൺജീവിതം

"ഏതൊരാൾക്കൂട്ടത്തിനിടയിലും ഒരു ഗോവിന്ദച്ചാമിയുണ്ട്..." *ജനപഥ*ത്തിന്റെ ഡിസംബർ ലക്കത്തിൽ പെൺയാത്രയിലെ ഭയങ്ങൾ എന്ന ലേഖനം സമകാലിക കേരളത്തിലെ സ്ത്രീമനസ്സുകളുടെ നേർക്കാഴ്ച യാണ്. ഒരു മാധ്യമപ്രവർത്തക ആയിട്ടുകൂടി തന്റെ 'യാത്ര'കളെ ലേഖിക ഭയപ്പെടുന്നുവെങ്കിൽ സാധാരണക്കാരായ മറ്റുള്ളവരുടെ കാര്യം എന്തെന്ന് ചിന്തിച്ചുപോകും. സംസ്കാരസമ്പന്നമെന്ന് നാം കൊട്ടിഘോഷിക്കുന്ന നമ്മുടെ നാട്ടിലാണല്ലോ ഇത്തരം സംഭവങ്ങൾ അടിക്കടി ഉണ്ടാകുന്നതെന്നുള്ളത് ഇനിയെങ്കിലും നമ്മളെ പ്രതികരണശേഷിയുള്ളവരാക്കേണ്ടതാണ്. തുടർന്നും ഇത്തരം തുറന്നെഴുത്തുകൾ *ജനപഥ*ത്തിൽ പ്രതീക്ഷിക്കുന്നു.

***ഷിബി**, കല്ലറ*

## വാർത്തയിൽ

*ജനപഥം* ഓരോ ലക്കത്തിലും പുതിയ അനുഭവങ്ങൾ വായനക്കാരിൽ നിറയ്ക്കുന്നു. സതീഷ് പൂവത്തൂരിന്റെ 'വാർത്ത'യിൽ എന്ന പംക്തി അഭിനന്ദനമർഹിക്കുന്നു. പത്രങ്ങളിലും മറ്റ് വാർത്താസ്രോതസ്സുകളിൽ നിന്നും പ്രധാനപ്പെട്ടതെങ്കിലും നമ്മൾ കാണാതെ പോകുന്നവ 'വാർത്ത'യിലൂടെ സതീഷ് വായനക്കാരിലെത്തിക്കുന്നു. കൂടുതൽ 'വാർത്ത'കളുമായി അടുത്തലക്കം *ജനപഥം* പ്രതീക്ഷിക്കുന്നു.

***രാജൻ**, വയനാട്*

# സ്വദേശാഭിമാനി കേസരി പുരസ്കാരം



**2011–ലെ സ്വദേശാഭിമാനി കേസരി പുരസ്കാരം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയിൽ നിന്ന് ശശികുമാർ ഏറ്റുവാങ്ങുന്നു. സാംസ്കാരിക മന്ത്രി കെ.സി. ജോസഫ്, ഐ & പി.ആർ.ഡി. സെക്രട്ടറി ടി.ജെ. മാത്യു, ഡയറക്ടർ ഇൻ ചാർജ് എ. ഫിറോസ് എന്നിവർ സമീപം**

# ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2012

പുസ്തകം 44 ലക്കം 1

e-mail : janapatham@prd.kerala.gov.in

Website : www.prd.kerala.gov.in

ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ ഇൻ ചാർജ്*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**ജേക്കബ് സാംസൺ**
അഡീഷണൽ ഡയറക്ടർ

*ഡപ്യൂട്ടി ചീഫ് എഡിറ്റർ*
**വി. ശുഭാമണി**
*ഡപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസി. എഡിറ്റർ
**എസ്. ആർ. പ്രവീൺ**

ഡിസൈനർ
**പ്രകാശ്. വി. എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*ഫോട്ടോഗ്രാഫി വിഭാഗം*

സർക്കുലേഷൻ
**എൻ. ഷൈലാബീഗം**
ഫോൺ : 0471-2517036

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **എൻ.പി. സന്തോഷ്,** കൊല്ലം
- **റ്റി.സി. ചന്ദ്രഹാസൻ,** പത്തനംതിട്ട
- **പി.എസ്. രാജശേഖരൻ,** ഇടുക്കി
- **എൻ. സുനിൽകുമാർ,** ആലപ്പുഴ
- **പി. വിനോദ്,**എറണാകുളം
- **കെ. അബ്ദുൾ റഷീദ്.** കോട്ടയം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **ടി.സി. ജോസഫ്,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർഗോഡ്,
- **സി. ഉണ്ണിക്കൃഷ്ണൻ,** ന്യൂഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.

**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2518171**




# പുതുവർഷത്തിന്റെ പ്രതീക്ഷകൾ

പ്രതീക്ഷയുടെ ഒരു പുതുവർഷം കൂടി പിറന്നു. ശുഭകരമായ സ്വപ്നങ്ങളുമായി മുന്നോട്ടുള്ള യാത്ര. കാലം കാത്തുവച്ചിട്ടുള്ളത് എന്താണെന്ന് ആർക്കുമറിയില്ല. നല്ലതു പ്രതീക്ഷിക്കുവാൻ മാത്രമേ നമുക്കു കഴിയൂ. കഴിഞ്ഞകാലത്തിന്റെ തെറ്റുകൾ തിരുത്തുവാനും വീഴ്ചകൾ പരിഹരിക്കുവാനും നമുക്കവസരമുണ്ട്. നല്ലത് തുടരുവാനും നമുക്ക് കഴിയണം.

നാമിന്ന് വലിയൊരു പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. കൈവരിച്ചു എന്ന് നാം അഭിമാനിച്ച സാമൂഹികനേട്ടങ്ങൾ നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്തും വിദ്യാഭ്യാസമേഖലയിലും ഇതിനകം കൈവരിച്ച നേട്ടങ്ങൾ നമുക്കിപ്പോൾ നഷ്ടമായിക്കൊണ്ടിരിക്കുന്നു. കീഴടക്കി എന്ന് അഭിമാനിച്ചിരുന്ന രോഗങ്ങൾ പുതിയരൂപത്തിൽ മടങ്ങിവരികയാണ്. മലിനീകരണവും ആഹാരത്തിലെ ക്രമമില്ലായ്മയും ആരോഗ്യരംഗത്തു നാം നേരിടുന്ന വെല്ലുവിളികളാണ്. മറ്റൊന്ന് ഉന്നത വിദ്യാഭ്യാസത്തിന്റെ തകർച്ചയാണ്. മികവിന്റെ കേന്ദ്രങ്ങളായിരുന്ന കലാലയങ്ങൾ കലാപകേന്ദ്രങ്ങളാകുകയാണ്. അക്കാദമിക മികവുപുലർത്തുന്ന ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ കുറവാണ്.

ഒരു വികസിതസമൂഹത്തിന്റെ ജീവിതനിലവാരം നാം കൈവരിച്ചുവെങ്കിലും അടിസ്ഥാനസൗകര്യവികസനത്തിൽ നാം വളരെ പിന്നിലാണ്. റോഡുകളും പാലങ്ങളും മറ്റ് അടിസ്ഥാന യാത്രാസൗകര്യങ്ങളും ഒരുക്കുന്ന കാര്യത്തിൽ കാലത്തിനൊപ്പം സഞ്ചരിക്കാൻ നാം തയ്യാറാകേണ്ടതുണ്ട്. മെട്രോറെയിലും, മോണോറെയിലും നമ്മുടെ ഗതാഗതപ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാവും. പരമ്പരാഗത യാത്രാമാർഗമായ ജലഗതാഗതത്തിനും കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.

സ്കൂൾതലത്തിൽ കമ്പ്യൂട്ടർപഠനം സാർവത്രികമാക്കാനുള്ള തീവ്രപരിശ്രമമാണ് നാം നടത്തുന്നത്. ഐറ്റി@സ്കൂൾ പദ്ധതി പ്രതീക്ഷിച്ചതിനേക്കാൾ ഭംഗിയായി നടപ്പിലാക്കിവരുകയാണ്. പാരമ്പര്യ ജോലിസങ്കല്പങ്ങൾക്ക് മാറ്റം വന്നുകഴിഞ്ഞു. പുതിയ അറിവുകൾ അടിസ്ഥാനതലത്തിൽ തന്നെ കുട്ടികളിൽ എത്തുമ്പോൾ പുതിയ കാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ അവർ ആത്മവിശ്വാസമുള്ളവരായിത്തീരും.

ജനങ്ങൾക്ക് അവർ ആവശ്യമുള്ള കാര്യങ്ങൾ തടസ്സമില്ലാതെയും ബുദ്ധിമുട്ടില്ലാതെയും കിട്ടുന്നതിന് സർക്കാർ സംവിധാനത്തിൽ അടിസ്ഥാനപരമായി ചില മാറ്റങ്ങൾ ആവശ്യമാണ്. സർക്കാർ സംവിധാനത്തെ ചലനാത്മകമാക്കാനാണ് വിവരാവകാശനിയമം നിലവിൽവന്നത്. അത് ഒരു പരിധിവരെ ഭരണക്രമം സുതാര്യമാക്കാൻ സഹായകമായി. മറ്റൊരു സുപ്രധാന നടപടിയാണ് പൗരാവകാശരേഖ. ഒരു സർക്കാർ ഓഫീസിൽ നിന്ന് എന്തൊക്കെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത് എന്ന് ജനങ്ങളെ അറിയിക്കുന്നതായിരുന്നു പൗരാവകാശരേഖ. അത് സർക്കാർ ഓഫീസുകളെ സംബന്ധിച്ച് വ്യക്തമായ ഒരു ധാരണ ഉണ്ടാക്കുന്നതിന് സഹായകമായി. വിവരാവകാശനിയമവും പൗരാവകാശരേഖയും കടന്ന് ഇപ്പോൾ സർക്കാർ പുതിയൊരു നിയമനിർമാണത്തിന്റെ കരട്രേഖ തയ്യാറാക്കികഴിഞ്ഞു. സേവനാവകാശനിയമം എന്ന പുതിയൊരു നിയമം വരുന്നതോടെ സർക്കാർസംവിധാനം പൂർണമായും ജനസേവനകേന്ദ്രങ്ങളായിത്തീരും. സേവനാവകാശം ഓരോ പൗരന്റെയും അവകാശമാകുമ്പോൾ ഭരണം ചലനാത്മകവും സുതാര്യവുമാകുമെന്നതിൽ തർക്കമില്ല.

സാമൂഹിക വിവേചനവും പീഡനവും ഏറ്റവുമധികം നേരിടുന്നത് സ്ത്രീകളാണ്. ഇന്ത്യൻ ഭരണഘടന സ്ത്രീപുരുഷസമത്വം വിഭാവനം ചെയ്യുന്നുണ്ടെങ്കിലും സ്ത്രീകളിന്നും ധാരാളം വിവേചനങ്ങൾ നേരിടുന്ന ഒരു വിഭാഗം തന്നെയാണ്. അതിനാൽ പുതുവർഷത്തിലും വരും കാലങ്ങളിലും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ അനിവാര്യമാണ്. വികസനപ്രക്രിയയിൽ സ്ത്രീകളുടെ സജീവമായ പങ്കാളിത്തംകൂടി സാധ്യമാകുമ്പോൾ മാത്രമേ സമത്വസുന്ദരമായ ഒരു കേരളം കെട്ടിപ്പടുക്കാനാവുകയുള്ളൂ. അതാകട്ടെ ഇന്ത്യക്കും തന്നെ മാതൃകയായിത്തീരുകയും ചെയ്യും.

**എ. ഫിറോസ്**
ചീഫ് എഡിറ്റർ

# മുല്ലപ്പെരിയാർ പ്രശ്നവും പരിഹാരവും

**മുല്ലപ്പെരിയാർ രണ്ടു സംസ്ഥാനങ്ങൾ തമ്മിലുള്ള സങ്കീർണമായ ഒരു പ്രശ്നമായി വളർന്ന സാഹചര്യത്തിൽ കേരളത്തിന്റെ നിലപാടുകൾ വ്യക്തമാക്കിക്കൊണ്ട് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രധാനമന്ത്രിക്കും തമിഴ്നാട് മുഖ്യമന്ത്രിക്കും അയച്ച കത്തുകളാണ് ചുവടെ ചേർത്തിട്ടുള്ളത്**

*(2011 ഡിസംബർ രണ്ടാം തീയതി പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അയച്ച കത്ത്)*

ബഹുമാനപ്പെട്ട ഡോ. മൻമോഹൻജീ,

115 വർഷം പഴക്കം ചെന്ന, ചുണ്ണാമ്പും സുർക്കിയും ചേർത്ത് പണിതുയർത്തിയ ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാർ അണക്കെട്ട് സംസ്ഥാനത്തിന്റെ സുരക്ഷയെപ്പോലും ഭയപ്പെടുത്തുന്ന തരത്തിലുള്ള ഒന്നായി മാറിയിരിക്കുന്നു. ജലനിരപ്പ് ഗണ്യമായി ഉയർന്നതും തുടർ ഭൂചലനങ്ങൾ ഈ പ്രദേശത്തുണ്ടായതും ഈയൊരു അവസ്ഥയെ കൂടുതൽ ഭയാനകമാക്കിത്തീർത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും സാങ്കേതികകാര്യങ്ങൾ പരിശോധിക്കാനായി ബഹു.സുപ്രീം കോടതി രൂപീകരിച്ച ഉന്നതാധികാര കമ്മിറ്റിയുടെയും മുന്നിലാണ് ഇന്ന് ഈ വിഷയം പരിഹാരം കാത്തുകിടക്കുന്നത്. എന്നാൽ, ഈ പ്രശ്നം പരിഹരിക്കുന്നതിന് കാലതടസം നേരിടുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും നിരന്തരം ഭീഷണി സൃഷ്ടിക്കുന്ന തുടർ ഭൂചലനങ്ങൾ കാരണം അടിയന്തരമായ തീരുമാനങ്ങൾ എടുക്കേണ്ട സ്ഥിതിവിശേഷത്തിലാണ്.

തമിഴ് ജനതയുടെ മനസ്സിലെ ആശങ്കയകറ്റാൻ കേരളം സമാന്തരമായി മറ്റൊരു അണക്കെട്ട്, സ്വന്തം ചെലവിൽ പണിയുവാനുള്ള നിർദേശം മുന്നോട്ടു വയ്ക്കുകയുണ്ടായി. ഇപ്പോൾ തമിഴ്നാടിന് മുല്ലപ്പെരിയാറിൽനിന്ന് കിട്ടിക്കൊണ്ടിരിക്കുന്ന വെള്ളത്തിന്റെ തോത് ഒട്ടും കുറയാതെ, കേരളത്തിലെ ജനങ്ങളുടെ സുരക്ഷയ്ക്ക് ഭംഗം വരാത്തതരത്തിലുള്ളതാണ് ഈ നിർദേശം. പക്ഷേ, തമിഴ്നാട് ഈ നിർദേശത്തെ നിരാകരിക്കുകയും നിലവിലെ ഡാം സുരക്ഷിതമാണെന്ന് വാദിക്കുകയും ചെയ്യുന്നു. ആ ജനതയുടെ സുരക്ഷയ്ക്ക് യാതൊരു അപകടവും ഈ നിർദേശംകൊണ്ട് ഉണ്ടാകില്ല എന്നറിഞ്ഞുകൊണ്ടുള്ള തമിഴ്നാടിന്റെ ഈ നിലപാട് തികച്ചും നിരാശാജനകമാണ്.

ഈയൊരു പ്രശ്നം പരിഹരിക്കുന്നതിന് തമിഴ്നാടിന്റെ നിലപാട് വിലങ്ങുതടി സൃഷ്ടിക്കുന്നു. 115 വർഷം പഴക്കം ചെന്ന ഈ അണക്കെട്ട് സുരക്ഷിതമാണെന്നും ഇതിനെ ചുറ്റിപ്പറ്റിയുള്ള സുരക്ഷാ ആശങ്കകൾ യാതൊരുതരത്തിലും നിലനിൽക്കില്ല എന്നുള്ളതുമായ തമിഴ്നാടിന്റെ വാദം ഒരു പഠനത്തിന്റേയും പിൻബലത്തിലുള്ളതല്ല. റൂർക്കി ഐ.ഐ.ടി നടത്തിയ പഠനം വ്യക്തമാക്കുന്നത് റിച്ചർ സ്കെയിലിൽ ആറ് രേഖപ്പെടുത്തുന്ന ഒരു ഭൂചലനവും അണക്കെട്ട്





താങ്ങില്ല എന്നതാണ്. ഡൽഹി ഐ.ഐ.ടിയുടെ മറ്റൊരു പഠനത്തിൽ 136 അടിക്കു മേലുള്ള ജലനിരപ്പ് അണക്കെട്ടിന്റെ സുരക്ഷയ്ക്ക് ഭീഷണിയാണെന്നും സമർഥിക്കുന്നു.

2011 നവംബർ 26 ന് മാത്രം നാല് തുടർ ഭൂചലനങ്ങളാണ് ഈ പ്രദേശത്ത് ഉണ്ടായത്. 2011 ഏപ്രിൽ മാസം മുതൽ ഇരുപത്തഞ്ചോളം ഭൂചലനങ്ങൾ ഇവിടെ സംഭവിച്ചിട്ടുണ്ട്. അതിൽ റിച്ചർ സ്കെയിലിൽ 3.8 രേഖപ്പെടുത്തിയതാണ് ഏറ്റവും വലുത്. കൂടാതെ 3.5 രേഖപ്പെടുത്തിയ ഒന്നും 3.4 രേഖപ്പെടുത്തിയ രണ്ട് ചലനങ്ങളും ഇതിനോടകം തന്നെ സംഭവിച്ചുകഴിഞ്ഞു. ഇത്തരം തുടർ ഭൂചലനങ്ങളോടൊപ്പംതന്നെ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയായി ഉയർന്നിരിക്കുകയാണ്. ഈ അവസ്ഥ ഡാമിന് ബലക്ഷയം വരുത്തുകയും അപകടനില കൂടുതൽ വഷളാക്കുകയും ചെയ്യും. ഇത്തരമൊരു അവസ്ഥ കേരളത്തിലെ ജനങ്ങളെ ഭയാശങ്കകളുടെ മുൾമുനയിൽ നിർത്തിയിരിക്കുകയാണ്. ഇതിനെ കേവലം വികാരപ്രകടനമായി കാണുന്നത് തികച്ചും ദാരുണമാണ്. അണക്കെട്ട് തകരുന്നപക്ഷം സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ മനുഷ്യരാണ് ഈ ദുരന്തത്തിന്റെ ഇരകളാകേണ്ടിവരുന്നത്.

ഈ അവസ്ഥയെ പ്രതിരോധിക്കാൻ ഡാമിലെ ജലനിരപ്പ് 120 അടിയായി താഴ്ത്തിക്കൊണ്ട് തീരുമാനം കൈക്കൊള്ളണമെന്ന് തമിഴ്നാട് മുഖ്യമന്ത്രിക്ക് ഞാൻ നേരത്തേ എഴുതുകയുണ്ടായി. ഇത്തരമൊരു തീരുമാനം ജനങ്ങളുടെ ഭീതിയും, ആശങ്കയുമകറ്റാൻ ഒരു പരിധിവരെ സഹായകരമാകും. കേരള സംസ്ഥാനം ഡാമിന്റെ ഇന്നത്തെ അവസ്ഥയെപ്പറ്റി ആശങ്കയിലാണ്.

മൂന്ന് നിയമസഭാസാമാജികർ ഈ വിഷയത്തിൽ നിരാഹാരസമരത്തിലാണ്. ഇതിൽ പ്രതിഷേധിച്ച് നിരവധി ജില്ലകൾ ഹർത്താലുകൾ നടത്തി. സംസ്ഥാന സർക്കാർ ഡാമിന്റെ സുരക്ഷയെ മുൻനിർത്തി ദുരന്തനിവാരണപദ്ധതികൾക്കും ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിനാവശ്യമായ കാര്യങ്ങൾക്കും സജ്ജമായിരിക്കുകയാണ്. മുല്ലപ്പെരിയാർ അണക്കെട്ടിനുതാഴെയുള്ള ഇടുക്കി ഡാമിലെയും മറ്റ് രണ്ട് ഡാമിലെയും ജലനിരപ്പ് കുറച്ചുകൊണ്ട് ഒരു അത്യാസന്നസാഹചര്യത്തെ നേരിടാൻ ഒരുങ്ങിനിൽക്കുകയാണ്. കേരള സർക്കാർ എല്ലാ രാഷ്ട്രീയപാർട്ടികളേയും ക്ഷണിച്ച് ചർച്ച നടത്തി. ഈ വിഷയം ചർച്ച ചെയ്യാൻ നിയമസഭയുടെ ഒരു പ്രത്യേക സമ്മേളനം ഡിസംബർ ഒമ്പതാം തീയതി ചേരുന്നുണ്ട്.

ഞാൻ അയച്ച കത്തിന് തമിഴ്നാട് മുഖ്യമന്ത്രി തന്ന മറുപടിയിൽ കേരളത്തിന്റെ ആശങ്ക അസ്ഥാനത്താണെന്നും അത് ബാഹ്യപ്രേരണയാൽ സംഭവിച്ചതാണെന്നും അതിന് യാതൊരു തരത്തിലുള്ള അടിസ്ഥാനവുമില്ലെന്നും വാദിച്ചത് ഖേദകരമായിപ്പോയി.

ഭൂചലനങ്ങൾ തുടർച്ചയായി സംഭവിക്കുമ്പോൾ ജനങ്ങളുടെയും അണക്കെട്ടിന്റെയും സുരക്ഷ സംബന്ധിച്ച് കേരളത്തിന് നിസ്സംഗമായി തുടരുവാൻ സാധിക്കില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഒരു പുതിയ ഡാം ഉണ്ടായേ തരമുള്ളു. അതിനാവശ്യമായ വിശദമായ പഠനറിപ്പോർട്ട് കേരളം തയാറാക്കുകയും ചെയ്തിട്ടുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ടിന് 1300 അടി താഴെ, കേരളത്തിന്റെ സ്ഥലത്ത് ഡാം പണിയാൻ സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. ഞങ്ങളുടെ തന്നെ പണം ഉപയോഗിച്ച് ഡാം പണിയാനാണുദ്ദേശിക്കുന്നത്. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന അതേ അളവിൽ ജലം തമിഴ്നാടിന് വിട്ടുകൊടുക്കാമെന്ന് കേരളം ആവർത്തിച്ചു പറയുകയാണ്. മറ്റു കാര്യങ്ങൾ പരസ്പരചർച്ചയിലൂടെയോ അല്ലെങ്കിൽ ഇരുകൂട്ടർക്കും സമ്മതമുള്ള മൂന്നാമതൊരാളുടെ മധ്യസ്ഥതയിലോ പരിഹരിക്കാവുന്നതാണ്. പക്ഷേ, ഒരു തുടക്കം ഉണ്ടാകണമെങ്കിൽ നിലനിൽക്കുന്ന ആശങ്കകൾ സത്യമാണെന്നും ഭാവനാസൃഷ്ടിയല്ലെന്നും തമിഴ്നാട് മനസ്സിലാക്കേണ്ടിയിരിക്കുന്നു. എന്നാൽ, തീരുമാനം കൈക്കൊള്ളാൻ വൈകുംതോറും ജനങ്ങളുടെ ജീവനും സ്വത്തിനും കനത്ത നാശമുണ്ടാക്കുന്ന തരത്തിൽ പ്രശ്നം സങ്കീർണമാകുകയാണ്. അങ്ങനെയെങ്ങാനും സംഭവിച്ചാൽ ചരിത്രം നമ്മളോട് പൊറുക്കില്ല.

പ്രധാനമന്ത്രിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു. എന്റെ നിർദേശങ്ങൾ ഇവയാണ്.

1. തമിഴ്നാട് സർക്കാരിനോട് ഡാമിലെ ജലനിരപ്പ് 120 അടി ആയി താഴ്ത്തി നിലനിർത്തുവാൻ ആവശ്യപ്പെടണം. അങ്ങനെ, അത്യാഹിതം സംഭവിക്കുകയാണെങ്കിൽത്തന്നെയും അപകടത്തിന്റെ തോതും, നാശനഷ്ടങ്ങളും ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിക്കും.

2. ഇപ്പോൾ നൽകുന്ന അതേ തോതിൽ ജലം തമിഴ്നാടിന് വിട്ടുകൊടുക്കാമെന്ന ഉറപ്പിൽ പുതിയ ഡാം പണിയാൻ സാധിക്കണം. ഇത്തരമൊരു കാര്യം നടപ്പിലാക്കുന്നതിലേക്കായി പ്രധാനമന്ത്രിയുടെ ഇടപെടലുണ്ടാവേണ്ടതുണ്ട്.



*(2011 ഡിസംബർ ഒന്നിന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയ്ക്ക് അയച്ച കത്ത്)*

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അവസ്ഥ കഴിഞ്ഞ കുറേ നാളുകളായി കേരളത്തിന് അസ്വസ്ഥതയുടെ നാളുകളാണ് സമ്മാനിക്കുന്നത്. എന്നാൽ, ഇന്നത് ഭീതിദമായ ഒരു യാഥാർഥ്യമായി മാറിയിരിക്കുന്നു. സമീപനാളുകളിൽ അണക്കെട്ട് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ സംഭവിച്ച തുടർച്ചയായ ഭൂചലനങ്ങളാണ് ഈയൊരു ഭീതിയുടെ അടിസ്ഥാനം. 2011 ജൂലൈ മുതൽ ഈ പ്രദേശങ്ങളിൽ ഇരുപത്താറോളം ഭൂചലനങ്ങളാണ് ഉണ്ടായത്. റിച്ചർ സ്കെയിലിൽ 3.8 രേഖപ്പെടുത്തിയതാണ് സംഭവിച്ചതിൽവച്ച് ഏറ്റവും തീവ്രതയേറിയ ഭൂചലനം. റൂർക്കി ഐ.ഐ.ടിയിലെ വിദഗ്ധ ശാസ്ത്രസംഘം നടത്തിയ പഠനത്തിൽ റിച്ചർ സ്കെയിലിൽ ആറ് രേഖപ്പെടുത്തുന്ന ഒരു ചലനവും അതിജീവിക്കാൻ തക്ക ശേഷി ഈ അണക്കെട്ടിന് ഇല്ല എന്നു പറഞ്ഞിട്ടുണ്ട്. അതിനാൽത്തന്നെ, ജനങ്ങളുടെ ആശങ്കയും ഭയവും തികച്ചും സാധാരണമാണ്.

ജലനിരപ്പ് 136 അടിയിലേക്കെത്തുമ്പോൾ അത് അണക്കെട്ടിന്റെ നിലനിൽപിനെ ദോഷമായി ബാധിക്കുമെന്ന താണ് കേരളം നിരന്തരമായി ഉയർത്തിപ്പിടിക്കുന്ന വാദം. അണക്കെട്ടുൾപ്പെടുന്ന പ്രദേശങ്ങളിലെ വൃഷ്ടിപ്രദേശങ്ങളിൽ ലഭിച്ച മഴ, ജലനിരപ്പ് 136 അടിയിൽ നിന്ന് ഉയരുവാൻ കാരണമായിട്ടുണ്ട്. ഐ.ഐ.ടി ഡൽഹി നടത്തിയ മറ്റൊരു പഠനത്തിൽ ജലനിരപ്പ് 136 അടിയിൽ നിന്ന് ഗണ്യമായി ഉയരുന്നത് അണക്കെട്ട് തകർന്നു വീഴുന്നതിലേക്ക് നയിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ രണ്ട് കാരണങ്ങളും ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച പ്രശ്നം ഗുരുതരമാക്കുന്നു.

മേൽസൂചിപ്പിച്ച ഏതെങ്കിലുമോ അല്ലെങ്കിൽ ഈ രണ്ട് കാരണങ്ങളാലോ അണക്കെട്ട് തകർക്കപ്പെട്ടാൽ കേരളത്തിലെ അഞ്ച് ജില്ലകൾ - ഇടുക്കി, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം - കുത്തിയൊലിച്ചു വരുന്ന വെള്ളപ്പാച്ചിലിൽ ഒഴുകിപ്പോകുമെന്നതാണ് യാഥാർഥ്യം. നാശനഷ്ടങ്ങൾ ഏതായാലും മനുഷ്യജീവനിൽ ഒതുങ്ങിനിൽക്കില്ല. ജനങ്ങളുടെ ജീവനെക്കാൾ വിലയുള്ളത് എന്തിനാണ്? ഇത്തരമൊരു ഭീതിതാവസ്ഥയെ നമുക്കെങ്ങനെ നിസ്സംഗരായി നോക്കി ഇരിക്കുവാൻ സാധിക്കും? ഒരത്യാഹിതവും സംഭവിക്കില്ല എന്ന് ആർക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും?

ഈയൊരു വിപത്ത് ഒഴിവാക്കാൻ വേണ്ടുന്ന എന്തിനും തയാറാണ് കേരള സർക്കാർ. അണക്കെട്ടിലെ ജലനിരപ്പ് 120 അടിയിലേക്ക് താഴ്ത്താനുള്ള പരിശ്രമങ്ങൾ താങ്കളുടെ ഭാഗത്തു നിന്നുണ്ടാകണമെന്നാണ് ഈയവസരത്തിൽ എനിക്ക് അപേക്ഷിക്കുവാനുള്ളത്. നിയമപരവും സാങ്കേതികവുമായ വാഗ്വാദങ്ങൾ, ഇരു സംസ്ഥാനങ്ങളും, സുപ്രീം കോടതിയിലടക്കം ഉള്ളത് ഒഴിവാക്കി നിർത്തി, ജലനിരപ്പ് എത്രയും വേഗം കുറച്ച്കൊണ്ട്, ഭയം ഉണർത്തുന്ന ഭൂചലനങ്ങളെയും ആശങ്കപ്പെടുത്തുന്ന ജലനിരപ്പിനെയും പ്രതിരോധിച്ച് ജനങ്ങളുടെ ഭീതിക്ക് തടയിടാൻ ശ്രമിക്കേണ്ടതാണ്. ഇത്തരമൊരു തീരുമാനം തമിഴ്നാട്ടിലേക്ക് വെള്ളം കൊണ്ടുപോകുന്നതിന് യാതൊരുവിധ തടസ്സവും സൃഷ്ടിക്കുകയില്ല.

പല കാര്യങ്ങളിലും സഹവർത്തിത്വവും സഹകരണവും പുലർത്തിപ്പോരുന്ന രണ്ട് സംസ്ഥാനങ്ങളുടെയും നല്ല ബന്ധത്തിന് വിഘാതമാകുവാൻ ഈ പ്രശ്നത്തെ അനുവദിച്ചു കൂടാ. ജലനിരപ്പ് കുറയ്ക്കുന്നതിന്റെ പ്രാധാന്യം മനസ്സി ലാക്കിക്കൊണ്ട് ഞങ്ങളുടെ ഭയാശങ്കകളെ അർഹിക്കുന്ന പ്രാധാന്യത്തോടെ താങ്കൾ സമീപിക്കുമെന്ന് വിശ്വാസിക്കുന്നു.

തമിഴ്നാടിന് ജലം, കേരളത്തിന് സുരക്ഷ എന്ന മുദ്രാവാക്യം ഉയർത്തിപിടിച്ചുകൊണ്ട് നമ്മുടെ കൂട്ടായ ഉത്തരവാദിത്തത്തെപ്പറ്റി ഒന്നുകൂടി സൂചിപ്പിച്ച്കൊള്ളട്ടെ. താങ്കളുടെ ഭാഗത്തുനിന്ന് അനുകൂലമായ മറുപടി പ്രതീക്ഷിച്ചുകൊള്ളുന്നു ■



■ **എ.പി. അനിൽകുമാർ** (പട്ടികജാതി-പിന്നാക്കസമുദായക്ഷേമ-ടൂറിസം മന്ത്രി)

# ഷോപ്പിങ് ഉത്സവം; യാത്രയുടെയും

## ഓരോ കേരളീയനും ജി.കെ.എസ്.എഫിലൂടെ ഒരു പ്രാവശ്യമെങ്കിലും കടന്നുപോവുകയെന്നത് ഏറെ പ്രധാനപ്പെട്ടതാണ്

മികച്ച ടൂറിസ്റ്റ് മേഖലകളിൽ ഒന്നായി കേരളം ഇതിനകം ലോകശ്രദ്ധ നേടിക്കഴിഞ്ഞു. നമ്മുടെ വൈവിധ്യമാർന്ന ഭൂപ്രകൃതിയും സുഗന്ധദ്രവ്യങ്ങളും തനതായ കലാസംസ്കൃതിയും ആചാരാനുഷ്ഠാനങ്ങളും വർണപ്പൊലിമയാർന്ന ഉത്സവങ്ങളുമെല്ലാം വിനോദസഞ്ചാരമേഖലയുടെ മുതൽക്കൂട്ടുകളാണ്. എല്ലാമിണങ്ങിയ ടൂറിസം ഡെസ്റ്റിനേഷനെ ഇന്ന് ദൈവത്തിന്റെ സ്വന്തം നാടായി ലോകം തിരിച്ചറിയുന്നു. ടൂറിസം വ്യവസായമായി അംഗീകരിച്ചതിന്റെ കാൽ നൂറ്റാണ്ടു പിന്നിടുമ്പോൾ ആഗോളശ്രദ്ധയിലേക്ക് കേരളത്തെ ഉയർത്തിക്കാട്ടാൻ നമുക്കൊന്നുകൂടിയുണ്ട് - ഏഷ്യയിലെ ഏറ്റവും വലിയ ഷോപ്പിങ് ഫെസ്റ്റിവലായ ഗ്രാൻഡ് കേരള ഷോപ്പിങ് ഫെസ്റ്റിവൽ അഥവാ ജി.കെ.എസ്.എഫ്.

ജി.കെ.എസ്.എഫിന്റെ അഞ്ചാമത് സീസണാണ് ഇപ്പോൾ പുരോഗമിച്ചുവരുന്നത്. ജനങ്ങളുടെ മനസ്സിൽ ഷോപ്പിങ് ഒരു വേറിട്ട അനുഭവമാക്കിക്കൊണ്ട് നാടും നഗരവും ഉണർത്തി ഷോപ്പിങ് ഫെസ്റ്റിവൽ എല്ലാവരുടെയും ആവേശമായി മുന്നേറുകയാണ്. കേരളത്തിലുടനീളമുള്ള അയ്യായിരത്തോളം പ്രമുഖ ബ്രാഡുകളും വ്യാപാരസ്ഥാപനങ്ങളുമാണ് ജി.കെ.എസ്.എഫിന്റെ ഭാഗമായിട്ടുള്ളത്. സ്വയം സന്നദ്ധതയോടെ മുന്നോട്ടുവരുന്ന സംരംഭകരെ മാത്രം ഇതിന്റെ ഭാഗമാക്കുക എന്ന സമീപനമായിരുന്നു സർക്കാരിന്റേത്. നിർബന്ധിത രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിരുന്നെങ്കിൽ ഇതിന്റെ എത്രയോ ഇരട്ടി വാണിജ്യസ്ഥാപനങ്ങളെ ഉൾപ്പെടുത്താൻ കഴിയുമായിരുന്നു.

സംഘാടനത്തിന്റെ മികവും അതിലൂടെ വിജയവും ഉറപ്പാക്കിക്കൊണ്ട് വരും വർഷങ്ങളിൽ കൂടുതൽ വ്യാപാര-വ്യവസായ സംരംഭകർ സ്വയംസന്നദ്ധതയോടെ ഇതിന്റെ ഭാഗമാകാൻ മുന്നോട്ടു വരാനുള്ള അന്തരീക്ഷമൊരുക്കുകയാണ് ഇപ്രാവശ്യം ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായി ഒട്ടേറെ പുതുമകൾ ഇപ്രാവശ്യം കൊണ്ടുവന്നിട്ടുണ്ട്. ഏഷ്യയിലെ ഏറ്റവും മികച്ച വ്യാപാരോത്സവം എന്നതല്ല, ലോകത്തിലെ തന്നെ ഒന്നാമത്തേതാക്കി മാറ്റുകയാണ് ലക്ഷ്യം.

കേരളത്തെ ഏറ്റവും മികച്ച അന്താരാഷ്ട്ര വാണിജ്യ-ടൂറിസം കേന്ദ്രമാക്കി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള ചുവടവയ്പാണ് ഈ വർഷത്തെ ജി.കെ.എസ്.എഫ്. എന്നു പറയാം. ജി.കെ.എസ്.എഫ്. അഞ്ചാ



മത് സീസൺ ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തന്നെ ഇക്കാര്യം വ്യക്തമാക്കുകയുണ്ടായി. ഷോപ്പിങ് ഫെസ്റ്റിവലിന്റെ ഭാഗമായി കൊച്ചിയിൽ ഒരു ഗ്ലോബൽ വില്ലേജിനു രൂപം നല്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചിരുന്നു.




വ്യാപാരസ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ഷോപ്പിങ് ഫെസ്റ്റിവലിനൊപ്പം തന്നെ സംസ്ഥാനത്തെ പ്രധാന നഗരങ്ങൾ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര ശ്രദ്ധയാകർഷിക്കുന്ന തരത്തിലുള്ള ഷോപ്പിങ് ഹബ്ബുകൾക്ക് രൂപം നൽകുകയാണ് അടുത്ത ലക്ഷ്യം. അന്താരാഷ്ട്രതലത്തിൽ പ്രമുഖരായ വ്യാപാരികളെയും ഉപഭോക്താക്കളെയും ആകർഷിക്കുന്ന തരത്തിൽ ടൂറിസം പാക്കേജുകളും കലാ-സാംസ്കാരിക പരിപാടികളും ഉൾപ്പെടുത്തികൊണ്ടാണ് ഈ ഹബ്ബുകൾക്ക് രൂപം നല്കുക. കേവലം ഒരു വാണിജ്യോത്സവം എന്ന തലത്തിൽ നിന്ന് ഉയർന്ന് ജി.കെ.എസ്. എഫിനു വർണവും സുഗന്ധവും നല്കി സാംസ്കാരികവും വിനോദസഞ്ചാരപരവുമായ പുതിയ മാനങ്ങൾ നല്കുകയാണ് പുതിയ സമീപനം.

നാമമാത്രമായെങ്കിലും ഒരു ടൂറിസം പാക്കേജ് കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ വർഷം ജി.കെ.എസ്.എഫിനു രൂപം നല്കിയിട്ടുള്ളത്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വിവിധ മാധ്യമ സഹകാരികളുടെ മേൽനോട്ടത്തിൽ കലാ-സാംസ്കാരിക പ്രദർശന-വിപണനമേളകളും സംഘടിപ്പിച്ചു വരുന്നു. കൂടാതെ ജി.കെ.എസ്.എഫിന്റെ ഭാഗമായി ഈ വർഷം ട്വന്റി ട്വന്റി ക്രിക്കറ്റ് മാച്ചും താരസംഘടനയായ അമ്മയുടെ ആഭിമുഖ്യത്തിലുള്ള മെഗാഷോയും സംഘടിപ്പിക്കുന്നുണ്ട്. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഓരോ കേരളീയനും ജി.കെ.എസ്.എഫിലൂടെ ഒരു പ്രാവശ്യമെങ്കിലും കടന്നു പോകുക എന്നത് പരമപ്രധാനമാണ്. ഇത് യാഥാർഥ്യമാക്കാനാണ് ജി.കെ.എസ്.എഫിന്റെ ഭാഗമായി ഈ വർഷം കൊച്ചിയിൽ നൈറ്റ് ഷോപ്പിങ് സംവിധാനം കൂടി ഏർപ്പെടുത്തിയത്.

മുൻ വർഷങ്ങളെ അപേക്ഷിച്ച് ആകർഷകമായ സമ്മാന ഘടനയാണ് ഈ വർഷം ഏർപ്പെടുത്തിയിട്ടുള്ളത്. ഫെസ്റ്റിവൽ അംഗത്വമുള്ള സ്ഥാപനത്തിൽ നിന്ന് ഷോപ്പിങ് നടത്തുന്ന ഒരു വ്യക്തിക്ക് നാലു സമ്മാനങ്ങൾ വരെ നേടാനുള്ള അവസരമാണ് ഒരുക്കിയിട്ടുള്ളത്. കൂപ്പണോടൊപ്പം ലഭിക്കുന്ന സ്ക്രാച്ച് ആൻഡ് വിൻ കൂപ്പണുകളാണ് പ്രഥമ ഘട്ടം. നിലവാരമുള്ള സമ്മാനങ്ങളാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഓരോ ദിവസവും നടത്തുന്ന നറുക്കെടുപ്പിലൂടെ വിജയികളാകുന്ന 1360 പേർക്ക് ഓരോ പവൻ സ്വർണം സമ്മാനമായി നല്കുന്നു.

കൂടാതെ ഫെസ്റ്റിവൽ കാലയളവിനുള്ളിൽ നടക്കുന്ന ആറു പ്രതിവാര നറുക്കെടുപ്പുകളിൽ വിജയികളാകുന്ന 10 പേർക്ക് 10 പവൻ വീതവും 20 പേർക്ക് അഞ്ചു പവൻ വീതവും സമ്മാനം നല്കുന്നു. ഈ നിലയിൽ 180 പേരാണ് സമ്മാനാർഹരായിത്തീരുന്നത്. ഇതിനുപുറമേയാണ് ഫെസ്റ്റിവലിന്റെ സമാപനവേളയിലെ മെഗാസമ്മാനങ്ങൾക്കായുള്ള നറുക്കെടുപ്പ്. ഒരാൾക്ക് ഒരു കി.ഗ്രാം സ്വർണവും രണ്ടു പേർക്ക് 500 ഗ്രാം വീതം സ്വർണവുമാണ് മെഗാ സമ്മാനം. മൊത്തം 101 കി. ഗ്രാം സ്വർണമാണ് ഇപ്രാവശ്യം ജി.കെ.എസ്.എഫിന്റെ ഭാഗമായി നല്കുന്നത്. ഇതിനു പുറമേ സംസ്ഥാനത്തിനു പുറത്തു നിന്നുള്ളവരെയും വിദേശീയരെയും ആകർഷിക്കുന്നതിനായി വില്പനനികുതിയിളവും അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വ്യാപാരി - വ്യവസായ വാണിജ്യസമൂഹത്തിന്റെയും മാധ്യമങ്ങളുടെയും സർവ്വോപരി ജനങ്ങളുടെയും അകമഴിഞ്ഞ സഹകരണവും സന്നദ്ധതയുമാണ് ജി.കെ.എസ്.എഫിനെ ഇതിനകം ഏഷ്യയിലെ ഏറ്റവും വലിയ ഷോപ്പിങ് മേളയാക്കി മാറ്റിയത്. മേളയിൽ വിറ്റഴിക്കപ്പെടുന്ന ഉത്പന്നങ്ങളിൽ എത്രത്തോളം നമ്മുടെ സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്നു എന്ന ചോദ്യം ഈ അഞ്ചാമത് സീസണിലും പ്രസക്തമാണെന്ന വസ്തുത നാം അംഗീകരിച്ചേ മതിയാകൂ. എന്തെന്നാൽ നമ്മുടെ നാട്ടിലെ നല്ലൊരു വിഭാഗം ഉത്പാദകരും അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് വിപണനം അഥവാ മാർക്കറ്റിങ്. ഈ വെല്ലുവിളിയെ വിജയകരമായി ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഉത്പാദകർ തങ്ങളുടെ സംരംഭങ്ങൾ അടച്ചുപൂട്ടുകയോ അന്യസംസ്ഥാനങ്ങളിലേക്ക് പറിച്ചുനടുകയോ ചെയ്യാൻ നിർബന്ധിതരാകുന്നത്. വിപണിവിജയം ഉറപ്പാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയോ വിപണനസാധ്യതയുള്ള ഉത്പന്നങ്ങളിലേക്ക് ഉത്പാദക ശ്രദ്ധ തിരിക്കുകയോ ചെയ്യുക എന്നതാണ് ഇതിനു പരിഹാരം. അത്തരമൊരു വിലയിരുത്തലിനും വിപണനസാധ്യതകൾ വിസ്തൃതമാക്കുന്നതിനും ജി.കെ.എസ്. എഫ്. പ്രേരകമാകുമെന്നുതന്നെയാണ് എന്റെ വിശ്വാസം. അത്തരത്തിൽ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് അടിത്തറ പണിയാൻ ജി.കെ.എസ്.എഫ്. സഹായകമാകുകയാണ്.

വ്യവസായ-വാണിജ്യമേഖലകൾക്കെന്ന പോലെ ടൂറിസം മേഖലയ്ക്കും ഉണർവ്വു പകരുകയാണ് ഫെസ്റ്റിവലിന്റെ ലക്ഷ്യം. ടൂറിസ്റ്റുകളായെത്തുന്ന വിദേശീയർ ഇവിടെ നിന്ന് നാമമാത്രമായിട്ടാണ് ഷോപ്പിങ് നടത്തിവരുന്നത്. ഷോപ്പിങിലേക്ക് അവരെ ആകർഷിക്കാൻ പര്യാപ്തമായ നിലയിലാണ് ജി.കെ.എസ്.എഫിന്റെ സംഘാടനം ഇനിയുണ്ടാവുക. കൂടാതെ, വിദേശീയരും സംസ്ഥാനത്തിനു പുറത്തു നിന്നുള്ളവരും ഷോപ്പിങ് ഫെസ്റ്റിവലിൽ പങ്കെടുക്കുന്നതിനായി കേരളത്തിലെത്തുകയും അവരെ ടൂറിസത്തിലേക്ക് ആകർഷിക്കുകയും ചെയ്യുന്ന ഒരു സാഹചര്യം സൃഷ്ടിക്കാനായാൽ മാത്രമേ ജി.കെ.എസ്.എഫിന്റെ സംഘാടനലക്ഷ്യം പൂർത്തിയാകൂ. ഇവിടെ എത്തുന്ന ഓരോ ടൂറിസ്റ്റിനെയും നമ്മുടെ ബ്രാൻഡ് അംബാസിഡർമാരായി മടക്കി അയയ്ക്കാനായാൽ, ഇതൊരു രാജ്യാന്തര വ്യാപാരമേളയാക്കി മാറ്റാൻ നമുക്ക് അധികകാലം കാത്തിരിക്കേണ്ടിവരില്ലെന്നു നിസ്സംശയം ഉറപ്പാക്കാം. അങ്ങനെ 'ഗോഡ്സ് ഓൺ കൺട്രി'യിലെ ഒരു 'ഗോൾഡ് വിന്നിങ് എക്സ്പീരിയൻസാ'യി ഗ്രാൻഡ് കേരള ഷോപ്പിങ് ഫെസ്റ്റിവൽ മാറുമെന്ന് നമുക്ക് പ്രത്യാശിക്കാം; കേരളത്തിനും സന്ദർശകർക്കും. ■

**സംസ്ഥാനത്തിന്റെ വികസനത്തിന്, ഭരണത്തിന്റെ സുതാര്യതയ്ക്ക്, ഐ ടിയുടെ വളർച്ചയ്ക്ക്, സ്ത്രീസംരക്ഷണത്തിന് എന്തൊക്കെയാണ് ഇനി ചെയ്യാനുള്ളത്, എന്തൊക്കെയാണ് കേരളത്തിന്റെ പ്രതീക്ഷകൾ, സ്വപ്നങ്ങൾ... അതത് രംഗത്തെ വിദഗ്ധർ എഴുതുന്നു**

■ ജി. വിജയരാഘവൻ

# പദ്ധതികൾ സമഗ്രമാകണം

ആരോഗ്യ-വിദ്യാഭ്യാസമേഖലകളിലും പൊതു ജീവിതനിലവാരത്തിലും കേരളം ഇന്ത്യയ്ക്ക് മാതൃകയാണെന്നത് ഇന്ന് സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

എന്നാൽ വികസനത്തിന്റെ മുഖ്യധാരയിൽപ്പെടാതെ പാർശ്വവത്കരിക്കപ്പെട്ടുപോയ ജനവിഭാഗങ്ങളുണ്ടെന്ന് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. എത്ര വികസനം വന്നു എന്നുപറഞ്ഞാലും ദാരിദ്ര്യത്തിൽനിന്ന് മോചിതരാകാൻ നമക്കു കഴിയുന്നില്ല. മത്സ്യത്തൊഴിലാളി, ആദിവാസി സമൂഹങ്ങളെ മുഖ്യധാരയുടെ ഭാഗമാക്കാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ നേട്ടം കൈവരിച്ചതായി കരുതുന്ന പല മേഖലകളിലും നമക്കു സംഭവിച്ച പിഴവുകൾ എവിടെയൊക്കെയെന്ന് തിരിച്ചറിയുന്നതും സംസ്ഥാനത്തിന്റെ ഭാവി വികസനപാത സുസ്ഥിരമാക്കാൻ ഉപകരിക്കും.

മൺസൂൺ കനിഞ്ഞനുഗ്രഹിച്ച ഒരു പ്രദേശമായിരിന്നിട്ടുകൂടി കുടിവെള്ളക്ഷാമം നമുക്ക് അനുഭവിക്കേണ്ടിവരുന്നത് അശാസ്ത്രീയമായ സമീപനം മൂലമാണ്. മഴവെള്ള സംരക്ഷണത്തിനും സുസ്ഥിരമായി കുടിവെള്ളം ലഭ്യമാകുന്നതിനുമുള്ള സംവിധാനങ്ങൾ നമ്മൾ നടപ്പിലാക്കേണ്ടതുണ്ട്.

കേരളത്തിന്റെ പൊതുജനാരോഗ്യമേഖലയിലെ നേട്ടങ്ങൾ ഏറെ കൊട്ടിഘോഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ മേന്മകൾ വർധിപ്പിക്കാൻ കഴിഞ്ഞില്ലെന്നുമാത്രമല്ല ഉള്ളവ നിലനിർത്താൻപോലും നമുക്ക് കഴിയാതെ വരികയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നിർമാർജനം ചെയ്യപ്പെട്ടെന്ന് നാം കരുതിയ പകർച്ചവ്യാധികൾ തിരിച്ചുവരുന്നത് നമ്മുടെ പ്രതിരോധകുത്തിവയ്പുകളുടെ കാര്യക്ഷമതയും കവറേജും പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട് എന്നതാണ് ചൂണ്ടിക്കാട്ടുന്നത്. 73% കുട്ടികൾക്ക് മാത്രമാണ് പ്രതിരോധ കുത്തിവയ്പ് നടത്താൻ കഴിയുന്നത്. കുഞ്ഞുങ്ങൾ ജനിക്കുമ്പോൾത്തന്നെ വൈകല്യങ്ങൾ ഉണ്ടോയെന്ന് തിരിച്ചറിയാനുള്ള സംവിധാനവും ഒപ്പം വൈകല്യങ്ങളുള്ളവരെ ചികിത്സിക്കാനുള്ള സൗകര്യങ്ങൾ അവർക്ക് ഒരു മണിക്കൂറിനുള്ളിൽ എത്താനാവുന്ന സ്ഥലത്ത് ലഭ്യമാക്കാനുമാകണം.

സാക്ഷരതയിലും സാർവത്രികവിദ്യാഭ്യാസത്തിലും കേരളത്തിന്റെ സ്കോർ ഉയർന്നുനിൽക്കുമെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന്റെ അവസ്ഥ പരിതാപകരമാണ്. ഈ രംഗത്ത് നമുക്ക് മേന്മ വർധിപ്പിക്കാനായി യാതൊന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല ഉള്ള പഠനനിലവാരം കുത്തനെ തകരുകയും ചെയ്തു. സമൂഹത്തിന്റെ വിവിധ തുറകളിൽ എണ്ണപ്പെട്ട പ്രഗത്ഭരെ സംഭാവന ചെയ്ത തലസ്ഥാനത്തെ പ്രധാന കലാലയമായ യൂണിവേഴ്സിറ്റി കോളേജിന്റെ ഇന്നത്തെ അവസ്ഥ നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ നേർക്കാഴ്ചയാണ്. ദേശീയതലത്തിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള മികച്ച പത്തു സ്ഥാപനങ്ങളെടുത്താൽ ആ പട്ടികയിൽ കേരളത്തിന് പ്രാതിനിധ്യം ഉണ്ടാവില്ല. ഇതിന് മാറ്റമുണ്ടായാലേ മലയാളിയുവത്വത്തിന് രക്ഷയുള്ളൂ.

അടിസ്ഥാനസൗകര്യരംഗത്തെ വികസനം സംസ്ഥാനത്തിന് അവശ്യം വേണ്ടുന്ന മറ്റൊരുകാര്യമാണ്. റോഡുകളും പാലങ്ങളും നിർമിച്ചതുകൊണ്ടുമാത്രമായില്ല, സംസ്ഥാനത്തിന്റെ മൊത്തം വികസനസാധ്യതകൾ മുന്നിൽക്കണ്ടുകൊണ്ടുള്ള ഗതാഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. സംസ്ഥാനത്തെ നഗരങ്ങളെയും സമീപ മുനിസിപ്പാലിറ്റികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഗ്രേറ്റർ സിറ്റി മാസ് ട്രാൻസ്പോർട്ട് സിസ്റ്റം ഉണ്ടാകണം. അടിസ്ഥാനസൗകര്യവികസനം എന്നാൽ റോഡ് ഗതാഗതവികസനം മാത്രമല്ല; ഉൾനാടൻ ജലപാതകളും യുദ്ധകാലാടിസ്ഥാനത്തിൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. റോഡ്, റെയിൽ മാർഗേനയുള്ള തിരക്ക് നിയന്ത്രിക്കാനും ടൂറിസംവികസനത്തിനും അത് ഉപകരിക്കും.

നമുക്ക് ലഭ്യമായ ഭൂമേഖല പരിമിതമാണ്. അതിനാൽ വിസ്തൃതമായ വളർച്ചയെക്കാൾ കുത്തനെയുള്ള വളർച്ചയാണ് (Vertical Growth) നമുക്കഭികാമ്യം. ഇതനുസരിച്ച് ഇപ്പോഴത്തെ കെട്ടിടനിർമാണച്ചട്ടങ്ങളിൽ മാറ്റം വരുത്തണം. വാഹനപാർക്കിങ്, കെട്ടിടങ്ങളുടെ ഗുണനിലവാരം, സുരക്ഷിതത്വം എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കുത്തനെയുള്ള ഒരു കെട്ടിടസംസ്കാരം നമുക്കുണ്ടാകേണ്ടതുണ്ട്.

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ നമ്മുടെ ഊർജ ഉത്പാദനം ഇരട്ടിയിലധികമായി വർധിപ്പിക്കേണ്ടതുണ്ട്. പരമ്പരാഗത ഊർജസ്രോതസ്സുകളെക്കാൾ കാറ്റ്, സൗരോർജം, മുതലായ റിന്യൂവബിൾ എനർജി സ്രോതസ്സുകൾ നാം ഉപയോഗപ്പെടുത്തണം.

ഇത്രയും പറഞ്ഞത് മുൻഗണന നൽകേണ്ട ചില അടിസ്ഥാനമേഖലകളെക്കുറിച്ചാണ്. ഈ മേഖലകളിലെ നമ്മുടെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ മറ്റ് മേഖലകളുടെയും ത്വരിതവളർച്ചയ്ക്ക് വഴിയൊരുക്കും ■



■ കെ. അൻവർ സാദത്ത്

# ഐ ടി : കേരളത്തിന്റെ പുതുവർഷ പ്രതീക്ഷകൾ



സമസ്ത മേഖലകളിലും വിവര സംവേദന സാങ്കേതിക വിദ്യകൾ (Information and Communication Technologies) മേൽക്കൈ നേടിയിട്ടുള്ള ഈ കാലഘട്ടത്തിൽ കേരളത്തിന്റെ ഡിജിറ്റൽ പ്രതീക്ഷകൾ വളരെയേറെയാണ്. ഐ ടി വ്യവസായം, ഭരണരംഗത്ത് ഐ ടി സാധ്യതകൾ ഉപയോഗിക്കൽ (ഇ-ഗവേണൻസ്), ബി.പി.ഒ, കാൾസെന്റർ തുടങ്ങിയ ഐ ടി അനുബന്ധ സേവനമേഖലകൾ, മൊബൈൽ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള ഭരണപ്രവർത്തനങ്ങൾ (എം-ഗവേണൻസ്) ടെലികോം-ഇലക്ട്രോണിക്സ് രംഗത്തെ ഉപയോഗവും വികസനവും തുടങ്ങി പൊതുജനങ്ങളുടെ ഐ.ടി ഉപയോഗവും ഐ ടി സാക്ഷരതയും ശക്തിപ്പെടുത്തൽ എന്നിങ്ങനെ വൈവിധ്യമാർന്ന മേഖലകളിൽ നാം ആർജിച്ചിട്ടുള്ളതും ആർജിക്കേണ്ടതുമായ ശേഷികളുടെ വിപുലീകരണം നടത്തുന്നത് എങ്ങനെയാണ് എന്നതിനെ അടിസ്ഥാനമാക്കിയാണ് വരുംകാലങ്ങളിൽ കേരളത്തിന്റെ ഡിജിറ്റൽ സ്ഥാനം വിലയിരുത്താൻ പോകുന്നത്.

രാജ്യത്തെ ആദ്യത്തെ ടെക്നോപാർക്ക് (തിരുവനന്തപുരം), കമ്പ്യൂട്ടർ സാക്ഷരതയും വിവധോദ്ദേശ്യ വിവരകേന്ദ്രങ്ങളും വ്യാപകമാക്കിയ ആദ്യ സംസ്ഥാനം (അക്ഷയ), സ്കൂളുകളിൽ നിർബന്ധിത ഐ ടി പഠനം ആദ്യമായി നടപ്പാക്കിയത് (ഐടി@സ്കൂൾ), സർക്കാറുകളുടെ ഡിജിറ്റൽ വിവരങ്ങൾ ചെലവു കുറഞ്ഞതും സുരക്ഷിതത്വം കൂടിയതുമായ രൂപത്തിൽ സൂക്ഷിക്കാനും ഉപയോഗിക്കാനും കേന്ദ്രീകൃത സംവിധാനമൊരുക്കിയ ആദ്യ സംസ്ഥാനം (സ്റ്റേറ്റ് ഡേറ്റാ സെന്റർ), അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടത്താൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവത്കരണം മുഖ്യ അജണ്ടയാക്കിയ ആദ്യസംസ്ഥാനം (ഇൻഫർമേഷൻ കേരള മിഷൻ), സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗം നയത്തിന്റെ പ്രധാന ഭാഗമാക്കിയ ആദ്യ സംസ്ഥാനം, 100% ടെലിഫോൺ സാന്ദ്രത നേടിയ സംസ്ഥാനം, ആദ്യമായി ഐ ടി നയം രൂപീകരിച്ച (1997 ൽ) സംസ്ഥാനങ്ങളിൽ ഒന്ന് എന്നിങ്ങനെ രാജ്യത്തിന്റെ ഐ ടി ഭൂപടത്തിൽ സവിശേഷമായൊരു സ്ഥാനം ഇതിനകം തന്നെ കേരളത്തിനു ലഭിച്ചിട്ടുണ്ട്. ഐ ടി മേഖലയ്ക്കാവശ്യമായ മാനവവിഭവശേഷി ലഭ്യമാക്കുന്നതിൽ കേരളം എന്നും മുന്നിലായിരുന്നുവെങ്കിലും ഐ ടി വ്യവസായവുമായി ബന്ധപ്പെട്ട് പരിഗണിക്കാറുള്ള കയറ്റുമതി ഡോളർ കണക്കുകളിൽ നാമിന്നും പിന്നിൽത്തന്നെയാണ്. പക്ഷേ ജനസാമാന്യത്തിന്റെ ദൈനംദിന ആവശ്യങ്ങളിലേക്ക് വിവരവിദ്യയെ സന്നിവേശിപ്പിക്കാനുള്ള ശ്രമങ്ങളാണ് കേരളത്തിന് ഈ മേഖലയിൽ മേൽക്കൈ നൽകിയത്. മാറിവരുന്ന സർക്കാരുകൾ ഇത്തരം നിർവഹണങ്ങളിൽ തുടർച്ച ഉറപ്പാക്കിയതും കേരളത്തെ സംബന്ധിച്ചിടത്തോളം അനുഗ്രഹമായിത്തീർന്നിട്ടുണ്ട്.

ഇൻഫർമേഷൻ കമ്യൂണിക്കേഷൻ ടെക്നോളജിയും ടെലികോമും രാജ്യത്തിന്റെ സാമ്പത്തിക-സാമൂഹ്യ-ഭരണമേഖലകളിലെ ഭാവിവളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ് എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഇവയെ വേർതിരിച്ചു കാണാതെ സമഗ്രമായുള്ള ഒരു ഐ.സി.ടി.ഇ നയരേഖയുടെ കരട് കേന്ദ്ര ഐ ടി വകുപ്പുമന്ത്രാലയം പുറത്തിറക്കിയിട്ടുണ്ട്. ഗ്രാമീണ ടെലിസാന്ദ്രത 35% ൽനിന്നും 2017ൽ 60% ആയും 2020 ൽ 100% ആയും ഉയർത്തുക, ആവശ്യകതയ്ക്കനുസരിച്ച് ലഭ്യമാക്കുന്ന ചെലവു കുറഞ്ഞ ബ്രോഡ്ബാൻഡ് കണക്ഷൻ 2015ഓടെ നടപ്പാക്കുന്നതോടൊപ്പം (ചുരുങ്ങിയത് 2 എം.ബി.പിഎസ് ഡൗൺലോഡ് സ്പീഡുള്ള ബ്രോഡ്ബാൻഡ്) 2017 ൽ 17.5 കോടിയും 2020 ൽ 60 കോടിയും കണക്ഷനുകളുമായി ഉയർത്തുകയും ഈ നയരേഖയുടെ ലക്ഷ്യമാണ്. എല്ലാ ഗ്രാമങ്ങളിലും 2014 ഓടെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകളിലൂടെ ബ്രോഡ്ബാൻഡ് ലഭ്യമാക്കുകയാണ് അടുത്ത ലക്ഷ്യം. പുതിയ കാലഘട്ടത്തിൽ വികസനത്തിന്റെ 'മാറുന്ന രഥം' ബ്രോഡ്ബാൻഡ് ലഭ്യത തന്നെയാണ്. ഇക്കാര്യത്തിൽ ഇന്ത്യയുടെ ശരാശരിയെക്കാൾ വളരെ മുമ്പിലെത്താൻ നമുക്ക് കഴിയും. 2007 ലെ കേരളത്തിന്റെ ഐ ടി പോളിസിയിൽ എല്ലാ സ്കൂളുകളിലും 2010 ഓടെ ഇന്റർനെറ്റ് എന്ന് പ്രസ്താവിച്ചിരുന്നെങ്കിലും 2008-09 വർഷത്തിൽത്തന്നെ ഈ ലക്ഷ്യം സഫലമാക്കാൻ കഴിഞ്ഞിട്ടുള്ള അനുഭവം നമ്മുടെ മുന്നിലുണ്ട്. ഐ.സി.ടി ഉപകരണങ്ങളുടെ ലഭ്യതയിലും നാം മുന്നിലാണ്. സ്കൂളുകൾ, അക്ഷയ കേന്ദ്രങ്ങൾ, ഇന്റർനെറ്റ് കഫേകൾ തുടങ്ങി വീടുകളിൽ വരെ കമ്പ്യൂട്ടറുകളും ലാപ് ടോപ്പുകളും ഇന്ന് വ്യാപകമായിട്ടുണ്ട്. അഞ്ചെട്ടു വർഷം മുമ്പുവരെ ഇത്തരത്തിൽ മൊബൈൽ ഫോണുകൾ വ്യാപകമാകും എന്ന് നാമാരും പ്രതീക്ഷിച്ചിരുന്നില്ലല്ലോ? ഇന്നിപ്പോൾ പൊതുജനങ്ങൾക്ക് 3000 രൂപയിൽ (കുട്ടികൾ 1500 രൂപയ്ക്ക്) ടാബ്‌ലറ്റ് കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്ന (ആകാശ്) പോലുള്ള പദ്ധതികൾ വരുന്ന സാഹചര്യത്തിൽ അക്സസ് ഒരു പ്രധാന പരിമിതിയല്ലാതാകും. എന്തിനേറെ, മൊബൈൽ ഇന്റർനെറ്റ് വ്യാപകമാകുന്നതോടെ ഇപ്പോൾ എസ്.എം.എസ് അയയ്ക്കുന്ന ലാഘവത്തോടെ നമുക്ക് വിവിധ ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമായിത്തുടങ്ങും.

ചുരുക്കത്തിൽ ലഭ്യതയും കണക്ടിവിറ്റിയും വ്യാപകമാകുന്നതിനെക്കാൾ വെല്ലുവിളി ഇതിനാവശ്യമായ ഉള്ളടക്കം നൽകുന്നതിലാണ്. റെയിൽവെ ടിക്കറ്റ് റിസർവ് ചെയ്യുന്നതിലും ലാഘവത്തോടെ പൊതുജനങ്ങൾക്കാവശ്യമായ സർക്കാർ-സർക്കാരിതര സേവനങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കുന്നതിൽ വലിയൊരു മാറ്റമാണ് ഇനി വരാൻ പോകുന്നത്. പ്രത്യേകിച്ചും വിവരാവകാശ നിയമം പോലെ സർക്കാർ സ്ഥാപനങ്ങൾ നിർബന്ധമായും ഇലക്ട്രോണിക് രൂപത്തിലാക്കാൻ നിഷ്കർഷിക്കുന്ന ഇലക്ട്രോണിക് സർവീസസ് ഡെലിവറി നിയമം രാജ്യത്ത് നടപ്പാക്കാൻ പോകുമ്പോൾ. ഒരു പൊതു കേന്ദ്രത്തിൽ പൗരന് വിവിധങ്ങളായ ബില്ലുകൾ അടയ്ക്കാൻ സൗകര്യം നൽകുന്ന ഫ്രണ്ട്സ് ജനസേവന കേന്ദ്രം പോലുള്ളവയിലെ സേവനങ്ങൾ ഇനി നമുക്ക് വീട്ടിൽത്തന്നെ ലഭ്യമാക്കണം എന്ന് ചുരുക്കം. ഇപ്പോൾ രണ്ടു ജില്ലകളിൽ തുടങ്ങിയ ഇ-ഡിസ്ട്രിക് പദ്ധതി കൂടുതൽ സേവനങ്ങളോടെ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നത് ഇതിൽ ഒരു സുപ്രധാന നാഴികക്കല്ലാകും. ദേശീയ ഇ-ഗവേണൻസ് പദ്ധതിക്ക് (എൻ.ഇ.ജി.പി) അനുസൃതമായ പ്രവർത്തനങ്ങളുടെ നിർവഹണം കാര്യക്ഷമമാക്കാൻ ആവശ്യമായ പ്രക്രിയാമാറ്റം (Government Process Re-engineering) ഉറപ്പാക്കുകയാണ് അടുത്ത നടപടി. ഉദാഹരണത്തിന് സ്കൂളുകളിലെ കുട്ടികളുടെ വിവരശേഖരണം അക്കാദമിക് ഭരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനായി ഐടി@സ്കൂൾ വിന്യസിച്ച 'സമ്പൂർണ്ണ' സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയറിന്റെ ഭാഗമായി അഡ്മിഷൻ രജിസ്റ്ററിലെ പിശകുകൾ പരിഹരിക്കാൻ രക്ഷിതാക്കൾക്ക് എ.ഇ.ഒ./ഡി.ഇ.ഒ ഓഫീസുകളിലോ തിരുവനന്തപുരം പരീക്ഷാഭവനിലോ പോകാതെ സ്കൂൾ പ്രഥമാധ്യാപകർക്കു തന്നെ അധികാരം നൽകിയ നടപടി നോക്കുക. ഇപ്പോൾ അനാവശ്യമെന്ന് തോന്നുന്ന നടപടിക്രമങ്ങളുടെ ചുവപ്പുനാടകൾ സാധ്യമാകുന്നത്ര കുറച്ച് ഭരണയന്ത്രം ചലിക്കുകയും അതിന്റെ സേവനങ്ങൾ കൈയെത്തും ദൂരത്ത് പൊതുജനത്തിന് ലഭ്യമാക്കുകയും ചെയ്യുമ്പോഴാണ് ഫലപ്രദമായ ഇ-ഭരണം സാധ്യമാകുന്നത്. ഇക്കാര്യത്തിൽ പുതിയ ഒരുപാട് മാതൃകകൾ കേരളത്തിന് സൃഷ്ടിക്കാനുണ്ട്.


**ജനസാമാന്യത്തിന്റെ ദൈനംദിന ആവശ്യങ്ങളിലേക്ക് വിവരവിദ്യയെ സന്നിവേശിപ്പിക്കാനുള്ള ശ്രമങ്ങളാണ് കേരളത്തിന് ഐ ടി മേഖലയിൽ മേൽക്കൈ നൽകിയത്. മാറിവരുന്ന സർക്കാരുകൾ ഇത്തരം നിർവഹണങ്ങളിൽ തുടർച്ച ഉറപ്പാക്കിയതും കേരളത്തെ സംബന്ധിച്ചിടത്തോളം അനുഗ്രഹമായിത്തീർന്നു**

ഐ.ടി വ്യവസായം പുഷ്ടിപ്പെടുന്നതിന് ഒരു ഉൾപ്രേരകമാകാനേ (enabler or catalyst) സർക്കാരുകൾക്കു കഴിയൂ. ഇപ്പോൾ തിരുവനന്തപുരം, കൊച്ചി, തൃശൂർ, കോഴിക്കോട് നഗരങ്ങളിലുള്ള ടെക്നോ-ഇൻഫോ പാർക്കുകളുടെ ചുവടുപിടിച്ച് സാധ്യമാകുന്നിടത്തോളം ഐ ടി വ്യവസായയൂണിറ്റുകൾ പ്രവർത്തിക്കണം. ബിസിനസ് ഔട്ട്സോഴ്സിങ് വഴിയാണ് പല ഇന്ത്യൻ കമ്പനികളുടെയും പ്രധാന വരുമാനം ലഭിക്കുന്നത്. അതിനാൽ നമ്മുടെ ടെക്നോപാർക്കിന്റെയും, ഇൻഫോപാർക്കിന്റെയും ഫ്രാഞ്ചൈസികളായി ഗ്രാമപ്രദേശങ്ങളിൽവരെ 'റൂറൽ പാർക്കുകൾ' സ്ഥാപിതമാവണം. നമ്മുടെ സാങ്കേതികസ്ഥാപനങ്ങൾവഴി ധാരാളം കുട്ടികൾ പഠിച്ചിറങ്ങുന്നുണ്ട്. അവർക്കായുള്ള പ്രോത്സാഹന സംരംഭങ്ങൾ ഇൻക്യുബേഷൻ കേന്ദ്രങ്ങളുടെ രൂപത്തിലോ ഇന്റേൺഷിപ്പിന്റെ രൂപത്തിലോ നൽകാൻ, അങ്ങനെ ഇരുകൂട്ടർക്കും ഗുണപ്രദമായ രൂപത്തിൽ പ്രവർത്തിക്കാൻ നമ്മുടെ ഐ ടി വ്യവസായ ലോകത്തിനു കഴിയണം.

വിവരവിദ്യാമേഖലയിൽ വമ്പിച്ച മാറ്റമാണ് നമ്മുടെ സ്കൂളുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. നാലു ദിവസത്തെ പരിശീലനംകൊണ്ട് സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് നമ്മുടെ കുട്ടികൾ തയാറാക്കിയ അനിമേഷൻ ചിത്രങ്ങൾ കാണുമ്പോൾ അനുഗൃഹീതമായ ഒരു വരും തലമുറയിലുള്ള പ്രതീക്ഷ കൂടിയാണിത് ഓർമിപ്പിക്കുന്നത്. പഠനത്തിന് ആവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ നമ്മുടെ അധ്യാപകർ തയാറാക്കിയത് കണ്ടപ്പോൾ വാ പൊളിച്ചുനിന്ന ഐ.ഐ.ടി. പ്രൊഫസർമാരെ ലേഖകൻ കണ്ടിട്ടുണ്ട്. ഇതിന്റെ തുടർച്ച ഉറപ്പാക്കണം. ഹയർ സെക്കൻഡറി മേഖലയിലും അതിനുശേഷവും (പ്രൊഫഷണൽ കോളേജുകളിൽ വരെ) കുട്ടികളുടെ താത്പര്യങ്ങൾക്കനുസരിച്ച് നവ സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ അവസരം നൽകുന്നത് ഒരു വൈജ്ഞാനികസമൂഹമായി വരാനുള്ള നമ്മുടെ ശ്രമങ്ങൾക്ക് ആക്കം കൂട്ടും.

വിദ്യഭ്യാസം പോലെതന്നെ കൃഷി, ആരോഗ്യം തുടങ്ങിയ അടിസ്ഥാനമേഖലകളിലും കൃത്യമായ വിവരവ്യൂഹം സൃഷ്ടിച്ച് അതിനനുസരിച്ച് ഇടപെടാൻ കഴിയുന്ന ഒരു പരിസ്ഥിതി ഇന്ന് നിലവിലുണ്ട്. ആറു മലയാളിക്ക് നൂറു മലയാളം എന്നതിനേക്കാൾ സങ്കീർണമാണ് ഒരേ കാര്യത്തെക്കുറിച്ച് വിവിധ വകുപ്പുകൾ ശേഖരിച്ചിട്ടുള്ള ഡേറ്റുകൾ പരിശോധിക്കുമ്പോൾ കാണുന്നത്. ഇതൊരു നിസ്സാര പ്രശ്നമെന്നു തോന്നാമെങ്കിലും ആസൂത്രണ പാളിച്ചകൾക്കും സേവനങ്ങൾ കൃത്യമായി എത്തേണ്ടവർക്ക് എത്തിക്കുന്നതിൽ പരാജയപ്പെടാനും നല്ലൊരു പങ്ക് ഇതു വഹിക്കുന്നുണ്ട്. അതിനാൽ കഷ്ടകാലത്തെങ്ങാനും മുല്ലപ്പെരിയാർ ഡാം പൊട്ടിയാൽ ഏതൊക്കെ രീതിയിൽ വെള്ളം ഏതൊക്കെ സ്ഥലങ്ങളിലൂടെ ഒഴുകാം (വഴികൾ, വേഗത, ആഘാതം) എന്നിങ്ങനെയുള്ള കാര്യങ്ങൾ സമഗ്രമായ ജിയോഗ്രഫിക്കൽ വിവര വ്യൂഹം (ജി.ഐ.എസ്.) വഴി തയാറാക്കാനും അതിനനുസരിച്ച് ദുരന്തനിവാരണ പ്രവർത്തനം ആസൂത്രണം ചെയ്യാനുമൊക്കെ നമുക്ക് കഴിയണം.

ചുരുക്കത്തിൽ 'ഐ ടി' എന്ന് കേൾക്കുമ്പോൾ നന്നായി അലങ്കരിച്ച ഐ ടി സ്ഥാപനങ്ങൾ, അവിടെ ജോലി ചെയ്യുന്ന, ഉള്ളിൽ പിരിമുറുക്കവും പുറമെ കോട്ടും ടൈയുമായി ഓടിക്കൊണ്ടിരിക്കുന്ന യുവജനങ്ങൾ, ടാബ്‌ലെറ്റും സ്മാർട്ട് ഫോണും കയ്യിലേന്തി നടക്കുന്നവർ എന്നിങ്ങനെയുള്ള പരമ്പരാഗത സങ്കല്പം ഇപ്പോഴും മനസ്സിൽ കിടപ്പുണ്ടെങ്കിൽ അത് മാറ്റി ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ജോലിചെയ്യുന്നവർക്കും എന്താണ് രോഗം, എവിടെ ചികിത്സിക്കണം എന്നറിയാത്ത ഗ്രാമീണർക്കും മുതൽ മന്ത്രിമാർക്കും ജനപ്രതിനിധികൾക്കുമെല്ലാം അവരവരുടെ പ്രവർത്തനങ്ങളും ആവശ്യകതയും നിർവഹിക്കാനും തീരുമാനമെടുക്കാനും സഹായകമാകുന്നവിധം സാർവജനീനസ്വഭാവമുള്ള ഒരു സംവിധാനമായി ഇതിനെ പ്രതിഷ്ഠിക്കാൻ പുതിയ വർഷത്തിന് കഴിയട്ടെ. ■



ഡി. ബാബു പോൾ

# സുതാര്യതയുടെ പ്രശ്നങ്ങൾ

ജനാധിപത്യം ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണമാണെന്നു തിയഡോർ പാർക്കർ ഒരു പള്ളിപ്രസംഗത്തിൽ പറഞ്ഞിട്ട് നൂറ്റി അറുപതിലധികം വർഷങ്ങളായി. എബ്രഹാം ലിങ്കൺ അത് ഉദ്ധരിച്ചപ്പോഴാണ് ലോകവ്യാപകമായി ജനാധിപത്യത്തിന്റെ നിർവചനം എന്ന നിലയിൽ ഈ പ്രസ്താവന പ്രശസ്തമായത്.

ജനാധിപത്യം കുറ്റമറ്റ ഒരു ഭരണക്രമമല്ല. എന്നാൽ ജനാധിപത്യത്തെക്കാൾ മെച്ചപ്പെട്ട മറ്റൊരു ഭരണക്രമം ഇതുവരെ കണ്ടെത്താനായിട്ടില്ല. അതുകൊണ്ട് ജനാധിപത്യത്തിന്റെ ചട്ടക്കൂട്ടിൽനിന്നുകൊണ്ട് രാജ്യഭരണം നിർവഹിക്കപ്പെടേണ്ടതുണ്ട്. നമ്മുടെ ജനാധിപത്യത്തിന് പല ഘടകങ്ങളുണ്ട്. ഭരണ നിർവഹണം എക്സിക്യൂട്ടീവിൽ നിക്ഷിപ്തമാണ്. എക്സിക്യൂട്ടീവാകട്ടെ രാഷ്ട്രീയത്തിലൂടെ അധികാരത്തിലെത്തുന്ന മന്ത്രിമാരിലും ക്യാബിനറ്റ് സെക്രട്ടറിയും ചീഫ് സെക്രട്ടറിയും മുതൽ ശിപായിവരെയുള്ള അധികാരശ്രേണിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരും ചേർന്നതാണ്. മന്ത്രിമാർ കാലാകാലങ്ങളിൽ തെരഞ്ഞെടുപ്പുവഴി അവരുടെ അധികാരം പുതുക്കേണ്ടതുണ്ട്. ഉദ്യോഗസ്ഥർക്ക് ഒരിക്കൽ നിയമനം കിട്ടിയാൽ ജോലിസ്ഥിരത ഉള്ളതുകൊണ്ട് അവരുടെ കൃത്യനിർവഹണം ജനക്ഷേമകരമാക്കാൻ ചട്ടങ്ങളും നിയമങ്ങളും കൂടിയേ കഴിയൂ. അവകാശങ്ങളും ചുമതലകളും ഉണ്ടെങ്കിലും ഉദ്യോഗസ്ഥലോകം പലപ്പോഴും ചുമതലകളെക്കാൾ അവകാശങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതുകൊണ്ടാണ് അവർക്ക് ജനകീയത നഷ്ടപ്പെടുന്നത്.



1977 ഭാരതത്തിൽ ഭരണത്തിന്റെ ഈ രണ്ട് – രാഷ്ട്രീയ ഉദ്യോഗസ്ഥ നേതൃത്വത്തിന്റെ കാര്യത്തിൽ – നീർമറി വർഷമായിരുന്നു. രാഷ്ട്രീയത്തിൽ കോൺഗ്രസിന്റെ ഏകശിലാ നേതൃത്വം നഷ്ടപ്പെടുകയും കുറെയൊക്കെ ആ അസ്ഥിരതയുടെ അനന്തരഫലമായിട്ടാണെങ്കിൽപ്പോലും ഉദ്യോഗസ്ഥ ലോകത്ത് അച്ചടക്കത്തിന് അപചയം സംഭവിക്കുകയും ചെയ്തു. സുദീർഘമായ മൂന്നു വ്യാഴവട്ടക്കാലം കഴിഞ്ഞ് ജനങ്ങൾ അവരുടെ അവകാശങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തതയോടുകൂടി ചിന്തിക്കാൻ തുടങ്ങിയെന്നത് സമീപകാല ചരിത്രം.

ഈ പശ്ചാത്തലത്തിലാണ് വിവരാവകാശ നിയമവും സേവനാവകാശ നിയമവും വിലയിരുത്തപ്പെടേണ്ടത്. വിവരാവകാശ നിയമത്തിന്റെ കാര്യത്തിൽ നമുക്ക് ഇതുവരെ ഉണ്ടായിട്ടുള്ള അനുഭവം ഗുണദോഷസമ്മിശ്രമാണ്. ഒരളവുവരെ സുതാര്യത ഉറപ്പുവരുത്താൻ കഴിയുന്നു എന്നതാണ് ഗുണം. അതിനുള്ള സംവിധാനം ദുരുപയോഗപ്പെടുത്തുന്നു എന്നതാണ് ദോഷം. പത്തു രൂപയുടെ അപേക്ഷ കൊടുത്താൽ ഹജൂർ കച്ചേരിയുടെ ഗർഭഗൃഹത്തിൽ ഒളിക്യാമറ വയ്ക്കാൻ കഴിയും എന്നുള്ളത് 100% നല്ലതാണെന്നോ 100% ചീത്തയാണെന്നോ പറയുക വയ്യ. നല്ല വശങ്ങൾ എല്ലാവർക്കുമറിയാം. അതുകൊണ്ട് അത്ര നല്ലതല്ലാത്ത വശങ്ങൾ ചില ഉദാഹരണങ്ങൾവഴി ചൂണ്ടിക്കാണിക്കാം.



**പത്തു രൂപയുടെ അപേക്ഷ കൊടുത്താൽ ഹജൂർ കച്ചേരിയുടെ ഗർഭഗൃഹത്തിൽ ഒളിക്യാമറ വയ്ക്കാൻ കഴിയും എന്നുള്ളത് 100% നല്ലതാണെന്നോ 100% ചീത്തയാണെന്നോ പറയുക വയ്യ**

സാഹിത്യ അക്കാദമി അവാർഡു കൊടുക്കുന്ന സമിതിയിലെ അംഗങ്ങൾ ഓരോ കൃതിക്കും എത്ര മാർക്കുവീതം നൽകിയെന്ന് കണ്ടുപിടിച്ച് പ്രസിദ്ധപ്പെടുത്തുന്ന ഒരു മാസിക മലയാളത്തിൽ ഉണ്ട്. അക്കാദമി ആരെയൊക്കെയാണ് കമ്മിറ്റിയിൽ വച്ചത് എന്നറിയാനും കമ്മിറ്റിയിലെ ഓരോ അംഗവും കൃതിയെ എങ്ങനെ സമീപിച്ചു എന്നറിയാനും ഇതു സഹായിക്കും. എന്നാൽ രംഗത്തില്ലാത്ത എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം താൻ എഴുതാൻ ഉദ്ദേശിച്ചിട്ടില്ലാത്ത ഒരു മത്സരപ്പരീക്ഷയിലെ ഒരു കഥാപാത്രമായി രംഗത്തുവരേണ്ടിവരുന്നു. സുകുമാർ അഴീക്കോടാണോ, എം. കെ. സാനുവാണോ ഭേദം എന്ന് തീരുമാനിക്കേണ്ടിവരുമ്പോൾ ആത്മനിഷ്ഠത അനിവാര്യമാണ്. തീർത്തും പ്രകടമായ അനീതി വല്ലതുമുണ്ടെങ്കിൽ അല്ലാതെ ആര് ആർക്ക് എത്ര മാർക്ക് കൊടുത്തു എന്നറിയൻ ശ്രമിക്കേണ്ടതില്ല. പത്മ ബഹുമതികൾ മറ്റൊരു ഉദാഹരണമാണ്. അതിന്റെ പുറകെ നടക്കുന്ന ഒരുകൂട്ടം ആളുകൾ ഇപ്പോഴുണ്ടെന്ന് കേൾക്കുന്നു. എന്നാൽ അതിനുവേണ്ടി സ്വാഭാവികമായി ആരുടെയൊക്കെ പേരുകൾ പരിഗണിക്കപ്പെട്ടു, ആരുടെയൊക്കെ പേരുകൾ ശുപാർശ ചെയ്യപ്പെട്ടു, ആരൊക്കെ ഡൽഹിയിൽ പരിഗണിക്കപ്പെട്ടു എന്ന് വിവരാവകാശ നിയമം വഴി പരസ്യമാക്കുമ്പോൾ പത്മ ബഹുമതിയെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യാത്ത ചിലരുടെയെങ്കിലും പേരുകൾ അനാവശ്യമായി പൊതുവേദിയിൽ ചർച്ച ചെയ്യപ്പെടും.

സർക്കാർ ഫയലുകളുടെ കുറിപ്പു ഫയലുകളാണ് മറ്റൊരു വിവാദ വിഷയം. ഞങ്ങളൊക്കെ സർവീസിൽ ഉണ്ടായിരുന്ന കാലത്ത് വ്യക്തമായ ചില നിയമങ്ങൾ ഇക്കാര്യത്തിൽ ഉണ്ടായിരുന്നു. കോടതിയോ, അക്കൗണ്ടന്റ് ജനറലോ ഏതു ഫയൽ ചോദിച്ചാലും കൊടുക്കണം. എന്നാൽ കൊടുക്കേണ്ടത് നടപ്പു ഫയൽ മാത്രമാണ്. കുറിപ്പുഫയലിൽ പല തട്ടുകളിലുള്ള പല ആളുകളുടെയും പല അഭിപ്രായങ്ങളും കാണും. അത് അവസാന തീരുമാനത്തിൽ എത്തിക്കഴിയുമ്പോഴാണ് അത് ശരിയോ തെറ്റോ എന്ന് അന്വേഷണം വേണ്ടത്.

ആ അന്വേഷണം സ്വതന്ത്രമായി നടത്താൻ കോടതിക്കായാലും അക്കൗണ്ടന്റ് ജനറലിനായാലും നടപ്പുഫയൽ മതി. ഇപ്പോൾ കുറിപ്പുഫയൽ കൂടി വേണം എന്നാണ് വിവരാവകാശ നിയമത്തിനെ അനുകൂലിക്കുന്നവർ പറയുന്നത്. നല്ലപിള്ള ചമയാൻവേണ്ടി ആളുകൾ കുറിപ്പുഫയൽ എഴുതുന്നകാലം വിദൂരമല്ലെന്ന് ചിന്തിക്കേണ്ടിവരും. ഭരണത്തിന്റെ വ്യത്യസ്ത തലങ്ങളിൽ സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങളും അഭിപ്രായ സമന്വയവും ഉണ്ടാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതരം നെഗറ്റീവ് സുതാര്യതയാണിത്. എതെങ്കിലും തീരുമാനം തെറ്റാണെന്ന് കണ്ടാൽ ആ തീരുമാനത്തിലേക്ക് സർക്കാരിനെ കൊണ്ടെത്തിച്ചത് അന്വേഷിക്കാൻ നമുക്ക് മറ്റുമാർഗങ്ങളുണ്ട്. കുറിപ്പുഫയൽ വിവരാവകാശം വഴി പുറത്തുവന്നാൽ മാത്രം ആർക്കും ആരെയും ഉദ്യോഗത്തിൽനിന്നും പിരിച്ചുവിടാൻ കഴിയില്ല. ഇങ്ങനെ പല ദോഷവശങ്ങൾ ചൂണ്ടിക്കാണിക്കാമെങ്കിലും വിവരാവകാശ നിയമം മൊത്തത്തിൽ വീക്ഷിക്കുമ്പോൾ ദോഷങ്ങളെക്കാളേറെ ഗുണഫലങ്ങൾക്കാണ് മുൻതൂക്കം.

സേവനാവകാശ നിയമത്തിന്റെ കാര്യത്തിൽ പൗരാവകാശരേഖകളാണ് അടിസ്ഥാനം. അത് കേന്ദ്രത്തിൽ വിവിധ വകുപ്പുകളിൽ നടപ്പിൽവരാൻ തുടങ്ങിയിട്ട് വർഷങ്ങൾ പലതായി. കേരളത്തിൽ മുൻ മന്ത്രി തോമസ് ഐസക്കാണ് രണ്ടു വകുപ്പുകളിൽ തുടങ്ങിയതെങ്കിലും മൻമോഹൻ സിങ്ങിനുതന്നെയാണ് ഇതിന്റെ പിതൃത്വം ചാർത്തിക്കൊടുക്കേണ്ടത്.

പൗരാവകാശ രേഖയുടെ യുക്തിപൂർണമായ പരിണാമമാണ് സേവനാവകാശ നിയമം. സേവനാവകാശനിയമങ്ങളും ചട്ടങ്ങളും വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടുന്ന വിഷയങ്ങളാണ്. ഓരോ വകുപ്പിലേയും പ്രത്യേകതകൾ കണക്കിലെടുക്കാതെ ഈ സംഗതി ചെയ്യാൻ കഴിയുന്നതല്ല. കണക്കിലെടുത്ത് ചെയ്യുക എന്നത് ബുദ്ധിമുട്ടുള്ള കാര്യവുമല്ല.

ചുരുക്കിപ്പറഞ്ഞാൽ ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ഭരണം സുതാര്യമാക്കുന്നതിനും ജനങ്ങൾക്ക് ആ ഭരണത്തിന്റെ സദ്ഫലങ്ങൾ അനുഭവിക്കാനും ശരിക്കും ഉപകാരപ്രദമായ രണ്ട് ആശയങ്ങളാണ് വിവരാവകാശനിയമവും സേവനാവകാശനിയമവും വഴി പ്രഖ്യാപിക്കുന്നത്. ഏതാശയവും അതിന്റെ ഫലപ്രാപ്തികൊണ്ടാണ് വിലയിരുത്തപ്പെടേണ്ടത്. മുള്ളുമുരിക്കിൽ മുന്തിരിക്കുലകൾ ഉണ്ടാകാറില്ല. എല്ലാ മുന്തിരിവള്ളികളിലും പഴങ്ങൾ ഉണ്ടായിക്കൊള്ളണമെന്നുമില്ല. ഓരോ സമൂഹത്തിനും ആ സമൂഹം അർഹിക്കുന്ന ഭരണം കിട്ടുന്നു എന്നുപറയുന്നതിന്റെ പൊരുൾ ഇതാണു. ■

■ ഡോ. രാധിക സി. നായർ

# വേണം ഒരു പുതുലോകം

'പെൺകുഞ്ഞ്-90' എന്ന കവിതയിൽ (തുലാവർഷപ്പച്ച 1990) പിഴച്ചുപെറ്റ, പെണ്ണായ കുഞ്ഞിനെ തിരുമുറ്റത്തു കൊണ്ടുവച്ച് ഒരമ്മ നെഞ്ചുകീറിപ്പിളർന്ന് ചോരവാർന്നു ചോദിക്കുന്ന ചില ചോദ്യങ്ങളുണ്ട്. കൊന്നൊഴിക്കാൻ കഴിയാത്തതിനാൽ, പോറ്റിവളർത്താനും കഴിയാത്തതിനാൽ ഉപേക്ഷിക്കപ്പെടുന്ന ആ പെൺകുഞ്ഞ് കടന്നുപോയേക്കാവുന്ന ഭീതിദമായ ഇടവഴി, നടവഴികൾ സുഗതകുമാരി ആ കവിതയിൽ ചോദ്യങ്ങളാക്കുന്നുണ്ട്. എന്നാൽ കവിതയുടെ അന്ത്യത്തിൽ വേല ചെയ്തു പുലർന്നോളും പുലർത്തുന്നവളുമായി ജീവിതം പൊൻകൊടിക്കൂറപോലെ ഉയർത്തിപ്പിടിക്കുന്ന പെണ്ണാകുമവളെന്ന ശുഭാപ്തിവിശ്വാസം കവി ഉയർത്തുന്നു. രണ്ടുപതിറ്റാണ്ടു പിന്നിടുകയാണ് ആ കവിത. കവിതയുടെ എക്സ്റ്റൻഷൻ നമുക്ക് വായിക്കാൻ കഴിയുന്നത് 2011-ൽ ബാലചന്ദ്രൻ ചുള്ളിക്കാട് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ 'യക്ഷപ്രശ്നം' എന്ന കവിതയിലാണ്. അച്ഛനൂറ്റിക്കുടിച്ചെന്നെ/സഹോദരനുമങ്ങനെ/ഇളയച്ഛൻ കാർന്നുതിന്നുന്നൂ/അവരാരാണെനിക്കിനി... കവിതയിലെ പെൺകുട്ടി ചോദിക്കുന്നു.

നീണ്ട ഇരുപതുവർഷങ്ങളായിട്ടും കരൾ പിളർത്തിക്കൊണ്ട് ആ ചോദ്യമങ്ങനെ ഡെമോക്ലീസിന്റെ വാളുപോലെ കേരളീയസമൂഹത്തിന്റെ/സ്ത്രീകളുടെ മേൽ തൂങ്ങിയാടുന്നു. ഇനിയുള്ള വർഷങ്ങളിൽ, വരും വർഷത്തിൽ സ്ത്രീയുടെ സാമൂഹികാന്തസ്സിനു മാറ്റം വരുമോ എന്നു ചോദിച്ചാൽ എനിക്കുത്തരമില്ല. എന്റെ ആഗ്രഹവും പ്രത്യാശയും പ്രതീക്ഷയും മാറണമെന്നുതന്നെയാണ്.

എവിടെയും എപ്പോഴും എങ്ങനെയും ആക്രമിക്കപ്പെടാൻ സജ്ജമായ ഇരയായിത്തീർന്നിരിക്കുകയാണ് സ്ത്രീ. അവൾക്ക് പ്രായ, ദേശ, കാല, വർണവ്യത്യാസമില്ല. പിറന്നുവീണ നിമിഷം മുതൽ മരണത്തെ നേരിടാൻ, സ്വീകരിക്കാൻ സജ്ജയായിരിക്കുന്ന മുത്തശ്ശിമാർക്കുപോലുമില്ല രക്ഷ. അവൾ രോഗിയെന്നോ സുന്ദരിയെന്നോ അംഗവിഹീനയെന്നോ കറുപ്പെന്നോ വെളുപ്പെന്നോ മെലിഞ്ഞവളെന്നോ ഭേദമില്ല. സ്ത്രീ അതിവേഗം, ഒരു 'കമ്മോഡിറ്റി' ആയിക്കൊണ്ടിരിക്കുകയാണ്. അത് കേവലം ലൈംഗികകാര്യങ്ങളിൽ മാത്രമായി ഒതുങ്ങുന്നുമില്ല. തൊഴിലിടങ്ങളിൽ, കുടുംബത്തിനുള്ളിൽ പല രീതിയിൽ പല അളവിലും തൂക്കത്തിലും സ്ത്രീ ആക്രമിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു.

പണ്ട് പെൺകുട്ടിക്ക് പൊതുനിരത്തും തൊഴിലിടങ്ങളും മറ്റുമായിരുന്നു പീഡനത്തിന്റെ വേദിയായിത്തീർന്നിരുന്നതെങ്കിൽ ഇന്ന് സ്വന്തം വീടിന്റെ, സ്വന്തം മുറിയുടെ നാലു ചുമരുകൾപോലും അവളെ സ്വന്തം ശരീരം സംരക്ഷിക്കുന്നതിൽനിന്നും തടയുന്നു എന്നതാണ് വർത്തമാനകാലത്തെ ഭീതിതമായ അവസ്ഥ. തുണപോകാൻ കൂട്ടുവിളിക്കുന്ന, സ്വന്തമെന്നു കരുതിയ ഉടപ്പിറന്നവൻ ഉടപ്പിറന്നവളുടെ ഉടലിന് അഴകളവുകൾ കാണുന്നത്, അമ്മയുടെ നഗ്നത മകൻ വിൽപ്പനക്കെടുക്കുന്നത്, പിറവിക്കു കാരണക്കാരനായ അച്ഛൻ മകളുടെ ശരീരം വിൽക്കുന്നത്, കൂട്ടുകാർക്കൊപ്പം, മകനൊപ്പം, സഹോദരനൊപ്പം പങ്കിടുന്നത് ഞെട്ടിത്തളർന്ന മലയാളിസമൂഹമനസ്സിനുമേൽ വീണ്ടും തറച്ച ആണികളാണ്.

റെയിൽവേ ട്രാക്കിലേക്ക് ഓടിക്കൊണ്ടിരുന്ന ട്രെയിനിൽനിന്നു തള്ളിയിടപ്പെട്ടു പീഡനത്തിനിരയായി ദാരുണമായി കൊല്ലപ്പെട്ട സൗമ്യയുടെ ജീവിത/മരണകഥ നമ്മൾ മറന്നുതുടങ്ങിയിട്ടില്ല. കിളിരൂർ പീഡനക്കേസ്സിൽ 'കൊല്ല'പ്പെട്ട ശാരിയുടെ കഥയും നമ്മൾ മറന്നിട്ടില്ല. ഇതെഴുതുമ്പോൾ നാലുപേരാൽ ഭീകരമായി ബലാത്സംഗം ചെയ്യപ്പെട്ട പതിനേഴുകാരി ബംഗാളിപ്പെൺകിടാവിനെക്കുറിച്ചുള്ള നടുക്കുന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ആകെയുള്ള ഒരാശ്വാസം എത്രയൊക്കെ മറച്ചുവയ്ക്കലുകളും മറവിൽത്തിരിവുകളും പൂഴ്ത്തിവയ്ക്കലുമുണ്ടായിട്ടും സൗമ്യയുടെ കൊലപാതകിക്ക് അർഹിച്ച ശിക്ഷ ലഭിച്ചുവെന്നതാണ്.



നിരത്തിൽ പൊതുസുഹൃത്തിനൊപ്പം ബൈക്കിൽ സഞ്ചരിച്ച പെൺകുട്ടിയെ, ഉന്നതയായ ഒരു പോലീസുദ്യോഗസ്ഥയെ, ദമ്പതികളെ, സദാചാര ആൾക്കൂട്ട പൊലീസ് വേട്ടയാടിയ വാർത്തകൾ ഇതിനൊക്കെ പുറമേയാണ്. കാൽവിരൽ കൊണ്ടു നിലത്തു നഖം വരച്ചു നാണമഭിനയിക്കാത്ത, ചോദിച്ച ചോദ്യങ്ങൾക്ക് നട്ടെല്ലുനിവർത്തിനിന്ന് നിർഭയമായി പ്രതികരിച്ചതിനാണ് കൊച്ചിയിൽ, കണ്ണൂരിൽ, തിരുവനന്തപുരത്ത് സദാചാരപൊലീസ് സ്ത്രീകളെ വേട്ടയാടിയത്.

മടമ്പുയർന്ന ചെരിപ്പിട്ടാൽ, സ്ലീവ്‌ലെസ് കുപ്പായ



മിട്ടാൽ, ഇഷ്ടാനുസരണം വസ്ത്രം ധരിച്ചാൽ, മുടി വിതർത്തിട്ടാൽ, പൊട്ടിച്ചിരിച്ചാൽ, ഉറക്കെ വർത്തമാനം പറഞ്ഞാൽ, സ്വന്തം സുഹൃത്തിനൊപ്പം ഒരു ബൈക്കിൽ സഞ്ചരിച്ചാൽ വൃത്തികെട്ടവളെന്നോ അനുസരണയില്ലാത്തവളെന്നോ മുദ്ര കുത്തപ്പെടുകയാണ് സ്ത്രീ.

ഈയവസ്ഥയിലൊക്കെയാണ് സ്ത്രീക്ക് പുരുഷനൊപ്പം അവൻ ചെയ്യുന്ന തൊഴിലിലൊക്കെ പങ്കാളിയായി ഇരുട്ടുംവരെ പണിയെടുക്കേണ്ടിവരുന്നത്. അതിവേഗം കാലവും സമയവും ലോകവും പരിണമിക്കുന്നതറിയാതെ സ്ത്രീയെ കുറ്റപ്പെടുത്തിക്കൊണ്ടേയിരിക്കുകയാണ്. അതിനിടയിലാണ് രാത്രിയിൽ സ്ത്രീക്ക് പൊതുനിരത്തിൽ സഞ്ചാരസ്വാതന്ത്ര്യം എന്നുണ്ടാവും എന്ന മട്ടിലുള്ള ചർച്ചകളും പരീക്ഷണങ്ങളും. സ്ത്രീ നിരത്തിലല്ല സ്വന്തം കുടുംബത്തിൽ, സ്വന്തം വീട്ടിൽ, സ്വന്തം പണിസ്ഥലത്ത് നിർഭയയായി സഞ്ചരിക്കട്ടെ ആദ്യം.

എന്തുകൊണ്ടാണിങ്ങനൊക്കെ സംഭവിക്കുന്നതെന്നും എന്തുകൊണ്ട് സ്ത്രീ നിരന്തരം അപമാനിക്കപ്പെടുന്നുവെന്നും ചോദിക്കുമ്പോൾ അതിനുത്തരം കണ്ടെത്തേണ്ട ബാധ്യതയും നമുക്കുണ്ടാകുന്നു. നമ്മൾ കാണാതെ പോകുന്ന ഒന്ന് പെൺകുട്ടികളുടെ ശരീരത്തിന്റെ വളർച്ചയാണ്. കൗമാരത്തിന്റെ ആനന്ദവും ആഹ്ലാദവും സന്തോഷവും അഭിമാനവും സ്വയം അറിഞ്ഞു പാകപ്പെടാൻ മനസ്സു സജ്ജമാവുന്നതിനുമെത്രയോ മുൻപുതന്നെ നമ്മുടെ പെൺകുട്ടികൾ യൗവനയുക്തകളാകുന്നു. ശരീരത്തിന്റെ ഈ വളർച്ച സൃഷ്ടിക്കുന്ന അസ്വാതന്ത്ര്യങ്ങൾ മറികടക്കുക എന്ന ഉത്തരവാദിത്തബോധമുള്ള കർമം ചെയ്യാൻ പെൺകുട്ടികൾക്കു കഴിയാറില്ല. ഈ വളർച്ചക്കൊപ്പം മാനസികമായി പക്വത നേടാൻ പെൺകുഞ്ഞുങ്ങളെ വീട്ടുകാർ പ്രത്യേകിച്ചും അമ്മ പ്രാപ്തയാക്കിയാൽ ചതിക്കപ്പെടുന്ന, പീഡനത്തിനിരയാക്കപ്പെടുന്ന പെൺകുട്ടികളുടെ എണ്ണം എത്രയോ കുറവായിരുന്നേനെ.

മാറുമറയ്ക്കൽ സമരം തുടങ്ങി കേരളത്തിൽ സ്ത്രീമുന്നേറ്റങ്ങൾ നടന്നതൊക്കെ പത്തൊമ്പതാം നൂറ്റാണ്ടിലാണ്. സ്ത്രീകൾ അടുക്കളയിൽനിന്ന് അരങ്ങത്തേക്കുണർന്ന ചരിത്രങ്ങൾ. വീടാംകൂട്ടിൽ കുടുങ്ങാതെ അവൾ പുറംലോകമറിഞ്ഞതും വിധവാവിവാഹത്തിന് സജ്ജയായതും അനാചാരങ്ങൾ തകർത്തെറിഞ്ഞതും അക്കാലയളവിൽത്തന്നെ. പിന്നീടും സ്ത്രീകൾ സ്വതന്ത്രരാവാൻ ഒരുപാട് കാര്യങ്ങൾ നടന്നു. അവരുടെ വേഷത്തിൽവന്ന മാറ്റം തന്നെ ആദ്യത്തെ ഉദാഹരണം. അഞ്ചുമുഴത്തിൽ നീണ്ട സാരിയിൽ നിന്നും മുലക്കച്ചയിൽ നിന്നും ദാവണിയിൽനിന്നും സൗകര്യങ്ങൾക്കനുസൃതമായി എത്രയെത്ര

> മടമ്പുയർന്ന ചെരിപ്പിട്ടാൽ, സ്ലീവ്‌ലെസ് കുപ്പായം ഇട്ടാൽ, ഇഷ്ടാനുസരണം വസ്ത്രം ധരിച്ചാൽ, മുടി വിതർത്തിട്ടാൽ, പൊട്ടിച്ചിരിച്ചാൽ, ഉറക്കെ വർത്തമാനം പറഞ്ഞാൽ, സ്വന്തം സുഹൃത്തിനൊപ്പം ഒരു ബൈക്കിൽ സഞ്ചരിച്ചാൽ വൃത്തികെട്ടവളെന്നോ അനുസരണയില്ലാത്തവളെന്നോ മുദ്ര കുത്തപ്പെടുകയാണ് സ്ത്രീ

വേഷങ്ങൾ! സഞ്ചാരസ്വാതന്ത്ര്യം ഉണ്ടായതാണ് മറ്റൊന്ന്. ടൂവീലറും കാറുമുപയോഗിച്ച് നിരത്തു കീഴടക്കാനും പുതിയ വേഗങ്ങൾ കണ്ടെത്താനും കഴിഞ്ഞത് അവളെ സ്വാതന്ത്ര്യത്തിന്റെ പുതുചക്രവാളങ്ങൾ കാണിച്ചു. സാനിറ്ററി പാഡുകൾ വിൽപ്പനക്കെത്തിയതോടെ ശരീരത്തിന്റെ സ്വാതന്ത്ര്യം അവൾക്കു ലഭ്യമായി. വേഷത്തിലും സഞ്ചാരത്തിലും ലഭിച്ച ഈ സ്വാതന്ത്ര്യങ്ങൾ കംപ്യൂട്ടറിന്റെ സാർവത്രികതയോടെ സോഷ്യൽ നെറ്റുവർക്കുകളിൽ സജീവതയോടെ, ഇടപെടാൻ അവർക്കവസരമൊരുക്കി. തന്റെയുള്ളിലെ 'തന്നെ' വെളിപ്പെടുത്താനും പുതിയ/പഴയ സൗഹൃദങ്ങൾ കെട്ടിപ്പടുക്കാനും/തേടിപ്പിടിക്കാനും അവൾക്കായി. അതിലൂടെയുള്ള കൂട്ടായ്മകളിൽ അവൾ പലതിലും സ്വന്തം സ്വത്വത്തെ ഉയർത്തിപ്പിടിച്ചു. അവിടെയും പക്ഷേ ചതിക്കുഴികൾ ഒരുക്കി കാത്തിരിക്കുന്നുണ്ട് ചിലർ. അത് മനസ്സിലാക്കുകയും അത്തരം കുഴികളിൽ കാലിടറാതിരിക്കുകയും ചെയ്താൽ അവളുടെ സ്വാതന്ത്ര്യം അർഥപൂർണമാകും. തീർച്ച.

വരുംവർഷങ്ങളിൽ സ്ത്രീ എങ്ങനെയായിരിക്കും, എന്തായിരിക്കും അവളുടെ സാമൂഹികപദവി എന്ന കാര്യത്തെക്കുറിച്ചോർത്തപ്പോൾ തോന്നിയത് ഇതൊക്കെയാണ്. അവളുടെ സാമൂഹികാന്തസ്സ് ഉയരാനും ഉയർത്താനും കഴിയണമെങ്കിൽ സമൂഹം പ്രതികരിക്കേണ്ട് ഇങ്ങനെയൊന്നുമാവരുത് എന്നാണ് എനിക്ക് തോന്നുന്നത്. നിർഭയമായി, സ്വന്തം ജീവിതത്തെ ആഘോഷിച്ചും സ്നേഹിച്ചും ജീവിക്കാൻ അവൾക്കുകഴിയണം. സ്വയേച്ഛപോലെ സഞ്ചരിക്കാൻ അവൾക്കുകഴിയണം (ഈ സഞ്ചാരത്തിൽ രാത്രി പൊതുനിരത്തിൽ നടക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും മാത്രമല്ല ഞാനുദ്ദേശിക്കുന്നത്. യാത്ര പോകുമ്പോൾ അവർക്ക് ശുചിത്വമുള്ള ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉണ്ടാക്കുക കൂടിയാണ്) സദാചാരപൊലീസിന്റെ അകമ്പടി കൂടാതെ, സ്വന്തം സുഹൃത്തിന്റെയോ പിതാവിന്റെയോ അമ്മയുടെയോ സഹോദരന്റെയോ സംരക്ഷണയിലോ അല്ലാതെയോ അവർക്കു സഞ്ചരിക്കാൻ കഴിയണം. തന്റെ ദേഹത്ത് ഏൽക്കുന്ന ഓരോ സ്പർശവും ഏതു തരത്തിലുള്ളതാണെന്ന് തിരിച്ചറിയാൻ അവൾ പ്രാപ്തയാകണം. സ്നേഹസ്പർശങ്ങൾക്ക് കാമത്തിന്റെ ലാളനയുണ്ടോ എന്നു തിരിച്ചറിയാൻ അവൾ പഠിക്കണം. സ്വന്തം വീട്ടിൽ അവൾക്ക് സുരക്ഷിതത്വവും സ്വാതന്ത്ര്യവും വേണം. തൊഴിലിടങ്ങളിൽ അവൾക്ക് മാന്യതയും അന്തസ്സും ലഭിക്കുകയും കൈവരിക്കുകയും വേണം. പൊതുനിരത്തുകൾ അവൾക്ക് വേദനയാകരുത്. അവളെ സംരക്ഷിക്കാനുള്ള കർശനമായ നിയമസംവിധാനങ്ങൾ പഴുതടച്ച് ഉണ്ടാകണം. അവളുടെ ആരോഗ്യം സംരക്ഷിക്കപ്പെടുകയും അവളുടെ സേവനം വിലമതിക്കപ്പെടുകയും വേണം. വിദ്യാഭ്യാസത്തിനുള്ള അവകാശം എന്നതുപോലെതന്നെ വായിക്കാനും എഴുതാനുമുള്ള സ്വാതന്ത്ര്യം അവൾക്കുണ്ടാകണം. പ്രതികരിക്കാൻ അവൾക്ക് സ്വാതന്ത്ര്യമുണ്ടാകണം. പ്രതികരിക്കുമ്പോൾ അവൾ ഒറ്റപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തണം. വിനിമയം ചെയ്യപ്പെടേണ്ട ഒരു വസ്തുവല്ല വിവാഹക്കമ്പോളത്തിൽ ഒരു പെൺകുട്ടി എന്ന് സ്വയം അവൾ ഉറപ്പുവരുത്തുകയും വേണം. ഞാൻ പുരുഷലോകത്തെ ആക്രമിക്കുകയോ കുറ്റപ്പെടുത്തുകയോ അല്ല. പക്ഷേ അവരുടെ കൂടി കൂട്ടായ പിന്തുണയിൽ നമുക്ക് ഒരു പുതുലോകം സൃഷ്ടിക്കാൻ കഴിയും. അത്തരം പുതുലോകം സ്വപ്നം കാണുകയാണ് ഞാൻ. ■

ബി. മനോജ്



# കാലമിനിയുമുരുളും

**ഋതുഭേദങ്ങൾ പതിവുപോലെതന്നെയായിരുന്നുവെങ്കിലും 2012 ന്റെ തുടക്കത്തിൽനിന്ന് തിരിഞ്ഞുനോക്കുമ്പോൾ 2011 ന് ശരവേഗമായിരുന്നുവെന്ന് തോന്നിയേക്കാം. ഭൂതകാലത്തിന്റെ അടയാളങ്ങൾ സൂക്ഷിച്ചുകൊണ്ട് കാലപ്രവാഹം അനുസ്യൂതം തുടരുകയാണ്.**

അരങ്ങുതകർക്കുന്ന വിവാദങ്ങളും മുൾമുനയിൽ നിർത്തുന്ന ആശങ്കകളും വിയോഗങ്ങൾ തീർത്ത വ്യഥകളും കിതയ്ക്കുന്ന കായികരംഗവും കേരളീയർക്ക് 2011 ലും പതിവുപോലെ തന്നെയായിരുന്നു.

13-ാം നിയമസഭയിലേക്കു നടന്ന തെരഞ്ഞെടുപ്പിലൂടെ സംസ്ഥാനത്തുവന്ന അധികാരമാറ്റം 2011 ലെ ശ്രദ്ധേയമായ സംഭവങ്ങളിലൊന്നായി. തെരഞ്ഞെടുപ്പിൽ 75.12% പോളിങ് രേഖപ്പെടുത്തി. യു.ഡി.എഫിന് 72 ഉം എൽ.ഡി.എഫിന് 68 ഉം സീറ്റ് ലഭിച്ചു. സംസ്ഥാന ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ ഭൂരിപക്ഷത്തിൽ ഐക്യജനാധിപത്യമുന്നണി അധികാരത്തിലെത്തി.



'വികസനവും കരുതലും' ലക്ഷ്യമിട്ടുകൊണ്ട് ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ 2011 മെയ് 18-ന് അധികാരമേറ്റു. ഭരണനിർവഹണം വേഗത്തിലും സുതാര്യവുമാക്കുവാൻ വേണ്ട നടപടികളാണ് സർക്കാർ ആദ്യം കൈക്കൊണ്ടത്. കാസർകോട്ട് എൻഡോസൾഫാൻ മൂലം മരിച്ച 486 പേർക്ക് ഒരു ലക്ഷം രൂപാവീതം നഷ്ടപരിഹാരം നൽകുവാൻ തീരുമാനിച്ചതും കേന്ദ്രസർക്കാർ എൻഡോസൾഫാൻ നിരോധിച്ച നടപടി സംസ്ഥാനത്ത് കർശനമായി നടപ്പാക്കാൻ തീരുമാനിച്ചതുമായിരുന്നു ആദ്യ മന്ത്രിസഭായോഗത്തിലെ തീരുമാനങ്ങളിൽ സുപ്രധാനമായത്.

സുവ്യക്തമായ ലക്ഷ്യപ്രാപ്തിക്കായി കർമപരിപാടികൾ ആവിഷ്കരിച്ചുകൊണ്ടുള്ള പ്രവർത്തനം കഴിഞ്ഞവർഷം ഏറെ ശ്രദ്ധേയമായി. 100 ദിന കർമപരിപാടിയിൽ ലക്ഷ്യമിട്ടതിനെക്കാൾ നേട്ടം കൈവരിക്കാനായി. മൂന്നു ലക്ഷം റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ പദ്ധതിയിടുകയും ആറു ലക്ഷം കാർഡുകൾ നൽകുകയും ചെയ്തത് ഉദാഹരണം.

ബി.പി.എൽ കുടുംബങ്ങൾക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ റേഷൻ കടകൾ വഴിയുള്ള അരിവിതരണം, മൂലമ്പള്ളിസമരം ഒത്തുതീർപ്പായത്, ചെങ്ങറ ഭൂമിസമരത്തിന് പരിഹാരമായത്, സ്മാർട്ട് സിറ്റി നിർമാണ പ്രവർത്തനം തുടങ്ങിയത്, അട്ടപ്പാടി പാക്കേജ്, ക്ഷേമനിധി പെൻഷനുകൾ കൂട്ടിയത്, പാചകവാതകം പൈപ്പിലൂടെ വീടുകളിലെത്തിക്കാനുള്ള പദ്ധതി, അധ്യാപക പാക്കേജ്, സേവനാവകാശ നിയമത്തിന്റെ കരട്, അപേക്ഷിക്കുന്ന അന്നുതന്നെ റേഷൻ കാർഡ്, മുഖ്യമന്ത്രിയുടെ ഓഫീസ് പ്രവർത്തനത്തിന്റെ ഇന്റർനെറ്റ് തത്സമയ സംപ്രേക്ഷണം (ഇത് ഇന്ത്യയിൽ ആദ്യം) തുടങ്ങിയ നേട്ടങ്ങൾക്ക് 2011 സാക്ഷിയായി.

നൂറുദിന കർമപരിപാടിയുടെ വിജയത്തെത്തുടർന്ന് ഒരു വർഷത്തെ കർമപരിപാടിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ നടക്കുകയുമാണിപ്പോൾ. അടുത്ത 20 വർഷം മുൻകൂട്ടി കണ്ടുകൊണ്ടുള്ള 'വിഷൻ 2030' പദ്ധതിക്കും 2011 ൽ തുടക്കമായി. മുഖ്യമന്ത്രി നേരിട്ട് പങ്കെടുക്കുന്ന ജില്ലകൾതോറുമുള്ള പൊതുജനസമ്പർക്ക പരിപാടി ഇതിനകംതന്നെ ഏറെ ശ്രദ്ധനേടിക്കഴിഞ്ഞു.

ആർ.എസ്. ഗവായ് സംസ്ഥാന ഗവർണർ സ്ഥാനത്തുനിന്നു വിരമിച്ചതും എം.ഒ.എച്ച് ഫാറൂഖ് പുതിയ

# 2011 നാൾവഴി

**ജനുവരി 04 :** ഏഷ്യയിലെ ഏറ്റവും ബൃഹത്തായ കപ്പൽ രൂപകല്പന കേന്ദ്രങ്ങളിൽ ഒന്നായ 'നിർദേശി'ന് (National Institute for Research and Development in Defense Ship Building) കോഴിക്കോട് ബേപ്പൂരിനു സമീപത്തെ ചാലിയത്ത് പ്രതിരോധമന്ത്രി എ.കെ.ആന്റണി തറക്കല്ലിട്ടു.

**ജനുവരി 05 :** കേരളോത്സവത്തിന് ആതിഥേയരായ തിരുവനന്തപുരത്തിന് ഓവറോൾ കിരീടം.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി മന്ദിരങ്ങൾ പൊതുജനങ്ങൾക്കായി സമർപ്പിച്ചു.

അഭിഭാഷക ഗുമസ്തർക്കുള്ള പെൻഷൻ പദ്ധതിക്ക് തുടക്കമായി.

**ജനുവരി 06 :** വഴിയരികിൽ പൊതുയോഗം നടത്തുന്നതു നിരോധിച്ച ഹൈക്കോടതി വിധി സുപ്രീം കോടതി ശരിവച്ചു.

**ജനുവരി 14 :** ശബരിമലയിൽ മകരജ്യോതി ദർശനം കഴിഞ്ഞ് മടങ്ങുന്നതിനിടെയുണ്ടായ തിക്കിലും തിരക്കിലുംപെട്ട് 102 അയ്യപ്പഭക്തർ മരിച്ചു. വണ്ടിപ്പെരിയാറിനടുത്ത് വള്ളക്കടവ് - പുൽമേട് പാതയിലായിരുന്നു ദുരന്തം.

എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള ആരോഗ്യ-സാമൂഹ്യ-സുരക്ഷാ പദ്ധതി 'സ്നേഹ സാന്ത്വന'ത്തിന് കാസർഗോഡ് തുടക്കം.

**ജനുവരി 17 :** എൽ.ഡി.ക്ലാർക്ക് പരീക്ഷ യോഗ്യത പ്ലസ് ടു ആയും സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയോഗ്യത ബിരുദവും കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഡിപ്ലോമ ആയും ഉയർത്താൻ കേരള പി.എസ്.സി. തീരുമാനിച്ചു.

**ജനുവരി 19 :** കേന്ദ്ര മന്ത്രിസഭ പുനഃസംഘടിപ്പിച്ചു. കെ.സി.വേണുഗോപാൽ ഊർജ സഹമന്ത്രിയായി. വയലാർരവിക്ക് വ്യാമയാനംകൂടി ലഭിച്ചു. കെ.വി. തോമസിന് സ്വതന്ത്ര ചുമതല. ഇ. അഹമ്മദ് വിദേശകാര്യ വകുപ്പിലേക്ക്.

**ജനുവരി 20 :** കുമരകം പക്ഷി സങ്കേത സംരക്ഷണ പദ്ധതിക്ക് തുടക്കം.

**ജനുവരി 23 :** 51 ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ തുടർച്ചയായി അഞ്ചാം തവണയും കോഴിക്കോടിന് കിരീടം. തൃശൂർ രണ്ടാം സ്ഥാനത്ത്, കണ്ണൂർ മൂന്നാം സ്ഥാനത്ത്.

**ജനുവരി 25 :** കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നടന്നു.

**ഫെബ്രുവരി 01 :** ഒറ്റപ്പാലം-ഷൊർണൂർ റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ മാന്നനൂരിനു സമീപം ത്രാങ്ങാലിയിൽ അനധികൃത പടക്കനിർമാണശാല കത്തി 12 പേർ മരിച്ചു.

**ഫെബ്രുവരി 02 :** ലോക്കൽ പോലീസും ജില്ലാ ആംഡ് റിസർവ് പോലീസും ചേർന്നുള്ള കേരള സിവിൽ പോലീസ് നിലവിൽവന്നു.

സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടു.

സംസ്ഥാന പോലീസ് സേനയിൽ ഉദ്യോഗപേരിൽ വരുത്തിയ മാറ്റം നിലവിൽ വന്നു. പോലീസ് കോൺസ്റ്റബിൾ, ഹെഡ്കോൺസ്റ്റബിൾ എന്നിവ യഥാക്രമം സിവിൽ പോലീസ് ഓഫീസർ, സീനിയർ സിവിൽ പോലീസ് ഓഫീസർ എന്നായി മാറി. എസ്.ഐ., എ.എസ്.ഐ. എന്നിവർക്ക് മാറ്റമില്ല.

**ഫെബ്രുവരി 08 :** ഭാരത് ഇലക്ട്രോണിക്സിന്റെ (ബെൽ) ഉത്പന്നസഹായകേന്ദ്രം കൊച്ചി കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിൽ കേന്ദ്രമന്ത്രി എ.കെ. ആന്റണി ഉദ്ഘാടനം ചെയ്തു.



**മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ യു.ഡി.എഫ്. മന്ത്രിസഭ അധികാരമേറ്റു**




സ്മാർട് സിറ്റിയുടെ നിർമാണപ്രവർത്തനങ്ങൾ ആരംഭിച്ചു

ഗവർണറായി നിയമിതനായതും 2011 ലാണ്.

കൊച്ചി തുറമുഖത്തെ രാജ്യത്തെ നാല് സുപ്രധാന തുറമുഖകേന്ദ്രങ്ങളിലൊന്നായി വികസിപ്പിക്കുവാനുള്ള തീരുമാനം വികസനരംഗത്തെ സുപ്രധാന നാഴികക്കല്ലായി. തുറമുഖ വികസനത്തിനുപുറമേ കൊച്ചി കപ്പൽനിർമാണ ശാലയുടെ വികസനവും ലക്ഷ്യമിടുന്ന അടുത്ത പത്തുവർഷത്തെ മാരിറ്റൈം അജൻഡ കേന്ദ്ര കപ്പൽഗതാഗതമന്ത്രി ജി.കെ.വാസൻ പുറത്തിറക്കുകയുണ്ടായി.



എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം

ദേശീയ ജനസംഖ്യാ കണക്കെടുപ്പിന്റെ പ്രാഥമിക വിലയിരുത്തൽ റിപ്പോർട്ട് പ്രകാരം കേരളത്തിലെ ജനസംഖ്യ 3,33,87,667 ആയി. അതിൽ സ്ത്രീകൾ 1,73,66,387 ഉം പുരുഷന്മാർ 1,60,21,290 ഉം സ്ത്രീപുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ എന്നായി.

സംസ്ഥാനത്തിന്റെ ഔദ്യോഗിക ചിഹ്നത്തിൽ മാറ്റം വരുത്തിയത് 2011 ലാണ്. നിലവിലുള്ള ഔദ്യോഗികചിഹ്നത്തിൽ ഏറ്റവും താഴെയായി കാണുന്ന സത്യമേവ ജയതേ എന്നത് ലയൺ ക്യാപ്പിറ്റലിനു തൊട്ടുതാഴെ ദേവനാഗരിലിപിയിൽ ആലേഖനം ചെയ്തു. ലിപിപരിഷ്കരണത്തിനു വിധേയമായി കേരള സർക്കാർ എന്നും ആലേഖനം ചെയ്തുമാണ് ഭേദഗതി വരുത്തിയത്.

വഴിയരികിൽ പൊതുയോഗം നടത്തുന്നത് നിരോധിച്ച ഹൈക്കോടതി വിധി സുപ്രീം കോടതി ശരിവച്ചതും പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതു നിരോധിച്ചുകൊണ്ടുള്ള കോടതിവിധിയും പൊതുജനങ്ങൾക്ക് ഏറെ ആശ്വാസമായി.

ഏഷ്യയിലെ ഏറ്റവും ബൃഹത്തായ കപ്പൽ രൂപകല്പനാ കേന്ദ്രങ്ങളിൽ ഒന്നായ 'നിർദേശി'ന് കോഴിക്കോട് തറക്കല്ലിട്ടതും സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കമായതും കേരള സിവിൽ പോലീസ് നിലവിൽവന്നതും വല്ലാർപ്പാടം രാജ്യാന്തര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ രാഷ്ട്രത്തിന് സമർപ്പിക്കപ്പെട്ടതും തിരുവനന്തപുരത്തെ രാജ്യാന്തര വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര ടെർമിനൽ ബിൽഡിങ്ങും റയിൽ ബജറ്റിൽ കേരളത്തിന് 13 പുതിയ ട്രെയിനുകൾ ലഭിച്ചതും ഇസ്രോ ദക്ഷിണമേഖലാ ക്യാമ്പിന് തിരുവനന്തപുരത്ത് തറക്കല്ലിട്ടതും മുഖ്യമന്ത്രിയുടെ ഓഫീസ് പ്രവർത്തനം 24 മണിക്കൂറാക്കിയതും അനുബന്ധമായി വന്ന കോൾ സെന്ററും സ്കൂൾ ആരോഗ്യപദ്ധതിക്ക് തുടക്കമായതും അധ്യാപക പാക്കേജും മലയാള ചലച്ചിത്രം *ആദാമിന്റെ മകൻ*



വികസനത്തിന് പുതുദിശാവബോധം നൽകി നൂറുദിനകർമപരിപാടി

*അബു* ദേശീയ അന്തർദേശീയതലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടതും 2011 ലെ തിളക്കമാർന്ന നേട്ടങ്ങളിൽ ചിലതാണ്.

2011 ൽ കേരളം കണ്ട വിസ്മയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് തിരുവനന്തപുരത്ത് ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിധിശേഖരങ്ങളാണ്. ഇതുവരെ തുറക്കാതെ വച്ചിരുന്ന ക്ഷേത്രത്തിന്റെ നിലവറകളിലാണ് അമൂല്യ നിധിശേഖരം കോടതിവിധിയെത്തുടർന്ന് കണ്ടെത്തിയത്.

അധ്വാനിക്കാതെ ഈസിമണി നേടുകയെന്ന ചില മലയാളികളുടെ ദൗർബല്യത്തെ ചൂഷണം ചെയ്യുന്ന മണിച്ചെയിൻപോലുള്ള തട്ടിപ്പുകൾ 2011ൽ മലയാളികൾ വിധേയരായത് വാർത്തയിൽ ഇടംപിടിക്കുകയുണ്ടായി. ഫ്ളാറ്റ് തട്ടിപ്പ് കഴിഞ്ഞവർഷവുമുണ്ടായി. അവസരോചിതമായി സർക്കാർ ഇടപെടലുണ്ടായതിനെത്തുടർന്ന് തട്ടിപ്പുകൾ വ്യാപകമായില്ല.

സ്വർണവിലയിലും എണ്ണവിലയിലും 2011 ൽ ഉണ്ടായ വർധന സാധാരണ കേരളീയന്റെ നെഞ്ചിടിപ്പിന് വേഗംകൂട്ടി. പച്ചക്കറികൾക്ക് പ്രത്യേകിച്ച് ഉള്ളിക്കുണ്ടായ വിലവർധന ശരാശരി മലയാളിക്ക് പ്രഹരമായി. ഉള്ളിവില മാസങ്ങൾക്കകം നിയന്ത്രണവിധേയമായത് കേരളീയർ വിസ്മരിക്കുന്നില്ല.

മുല്ലപ്പെരിയാർ അണക്കെട്ടുയർത്തുന്ന പ്രശ്നങ്ങളും ഇടുക്കിപ്രദേശത്ത് തുടരെത്തുടരെയുണ്ടാകുന്ന ഭൂചലനങ്ങളും ഉണർത്തുന്ന ആശങ്കകൾക്കു നടുവിൽനിന്നുകൊണ്ടാണ് കേളീയർ 2011 നോടു വിടപറയുന്നത്. കേരളം പ്രഥമപരിഗണന ഇനി നൽകേണ്ടത് അടിസ്ഥാന സൗകര്യവികസനത്തിനാണ്. കൊച്ചി മെട്രോ റെയിൽ നിർമാണം, നാഷണൽ ഹൈവേ വികസനം, പുതിയ റെയിൽപ്പാതകളുടെ നിർമാണം തുടങ്ങിയ പദ്ധതികൾക്ക് 2012 ൽ തുടക്കമാകുമെന്നാണ് മലയാളികളുടെ പ്രതീക്ഷ. ■



**ഫെബ്രുവരി 09 :** ജനസംഖ്യാ കണക്കെടുപ്പിനുള്ള ഭാരത സെൻസസിന് കേരളത്തിലും തുടക്കം.

**ഫെബ്രുവരി 10 :** ഇടമലയാർ അഴിമതി ക്കേസിൽ മുൻമന്ത്രി ആർ. ബാലകൃഷ്ണപിള്ളയെ സുപ്രീംകോടതി ഒരുവർഷം കഠിനതടവിനു ശിക്ഷിച്ചു.

**ഫെബ്രുവരി 11 :** രാജ്യത്തിന്റെ വാണിജ്യ, വ്യാപാര ചരിത്രത്തിൽ പുതിയ അധ്യായത്തിന് തുടക്കമിട്ട് വല്ലാർപാടത്തെ രാജ്യാന്തര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് രാഷ്ട്രത്തിന് സമർപ്പിച്ചു.

പ്രധാനമന്ത്രിയിൽനിന്നും പ്രൊഫ. ഒ.എൻ.വി. കുറുപ്പ് ജ്ഞാനപീഠപുരസ്കാരം ഏറ്റുവാങ്ങി.

**ഫെബ്രുവരി 12 :** തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര ടെർമിനൽ ബിൽഡിങ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

**ഫെബ്രുവരി 15 :** കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സാമൂഹികസുരക്ഷ ഉറപ്പുവരുത്താനായി രൂപീകരിച്ച സാംസ്കാരികക്ഷേമനിധി ബോർഡ് പ്രവർത്തനമാരംഭിച്ചു.

തലശ്ശേരി പൈതൃകപദ്ധതിക്ക് തുടക്കം.

കൊല്ലം ടെക്നോപാർക്കിന്റെ ഉദ്ഘാടനം കുണ്ടറയിൽ നടന്നു.

**ഫെബ്രുവരി 17 :** തിരുവനന്തപുരത്ത് കരിക്കകത്ത് പാർവതീപുത്തനാറിൽ സ്കൂൾ വാൻ മറിഞ്ഞ് അഞ്ചുകുട്ടികളും ആയയും മരിച്ചു. ഫെബ്രുവരി 25ന് ചികിത്സയിലിരുന്ന ഒരു കുട്ടികൂടി മരിച്ചു.

**ഫെബ്രുവരി 18 :** ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തിനുള്ള 2009-10 വർഷത്തെ സ്വരാജ് ട്രോഫി കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന് ലഭിച്ചു. മികച്ച ബ്ലോക്കു പഞ്ചായത്തായി തൃശൂർ ജില്ലയിലെ പഴയന്നൂരും തിരഞ്ഞെടുക്കപ്പെട്ടു.

കോടനാട് കപ്രിക്കാട് സ്വാഭാവികവനത്തിൽ നിർമ്മിച്ച തുറന്ന മൃഗശാലയായ അയാരണ്യത്തിന്റെ ഉദ്ഘാടനം നടന്നു.

**ഫെബ്രുവരി 20 :** എറണാകുളം ജില്ലയെ സമ്പൂർണവൈദ്യുതീകൃത ജില്ലയായി പ്രഖ്യാപിച്ചു.

**ഫെബ്രുവരി 23 :** സ്മാർട്ട് സിറ്റിയുടെ പുതിയ പാട്ടക്കരാർ ഒപ്പുവച്ചു.

**ഫെബ്രുവരി 25 :** റെയിൽവെ ബജറ്റിൽ കേരളത്തിന് 13 പുതിയ ട്രെയിനുകൾ അനുവദിച്ചു.

**ഫെബ്രുവരി 27 :** കെ.എം.എം.എൽ ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ് രാഷ്ട്രത്തിനു സമർപ്പിച്ചു.

**മാർച്ച് 01 :** കേരളത്തിൽ 2011 ഏപ്രിൽ 13ന് ഒറ്റഘട്ടമായി നിയമസഭാ തെരഞ്ഞെടുപ്പിന് തെരഞ്ഞെടുപ്പു കമ്മിഷന്റെ പ്രഖ്യാപനം വന്നു.

കേരള പി.എസ്.സി പരീക്ഷയ്ക്ക് ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽരേഖ നിർബന്ധമാക്കി.

കേരളം ആതിഥ്യം വഹിക്കുന്ന 35 ാമത് ദേശീയ ഗെയിംസിന് മുന്നോടിയായി റാഞ്ചിയിൽ നിന്നെത്തിയ ഗെയിംസ് പതാക സംസ്ഥാനം ഔദ്യോഗികമായി സ്വീകരിച്ചു.

**മാർച്ച് 30 :** ദേശീയ ജനസംഖ്യാ കണക്കെടുപ്പിന്റെ പ്രാഥമിക വിലയിരുത്തലിൽ കേരളത്തിലെ ജനസംഖ്യ 3,33,87,677. സ്ത്രീകൾ 1,7366397 ഉം പുരുഷൻമാർ 1,60,21,290. സ്ത്രീപുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ എന്നാണ്.

**ഏപ്രിൽ 13 :** 13 ാമത് കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ 75.12% പോളിങ്. ജില്ലാടിസ്ഥാനത്തിൽ കോഴിക്കോട്ടാണ് ഏറ്റവും ഉയർന്ന പോളിങ് 81.3%. ഏറ്റവും കുറവ് പത്തനംതിട്ടയിൽ 68.2%. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിലാണ് മണ്ഡലാടിസ്ഥാനത്തിൽ ഉയർന്ന പോളിങ് 87.2%.

**മേയ് 04 :** സംസ്ഥാനത്ത് ഫ്യൂറിഡാൻ ഉൾപ്പെടെ ചുവന്ന ലേബലിലുള്ള എല്ലാ മാരക കീടനാശിനികളും നിരോധിച്ചു.

**മേയ് 13 :** നിയമസഭാ തെരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ചു. യു.ഡി.എഫിന് 72 ഉം എൽ.ഡി.എഫിന് 68 സീറ്റും ലഭിച്ചു. സംസ്ഥാന ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ ഭൂരിപക്ഷത്തിൽ ഐക്യജനാധിപത്യമുന്നണി അധികാരത്തിലേക്ക്.

**മേയ് 15 :** വി.എസ്. അച്യുതാനന്ദൻ സർക്കാർ രാജിവച്ചു.

**മേയ് 18 :** ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി ഏഴ് അംഗ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പി.കെ. കുഞ്ഞാലിക്കുട്ടി, കെ.ബി. ഗണേഷ് കുമാർ, കെ.എം. മാണി, ഷിബു ബേബിജോൺ, കെ.പി. മോഹനൻ, ടി.എം. ജേക്കബ് എന്നിവരാണ് മറ്റ് മന്ത്രിമാർ.

**മേയ് 23 :** നിയമസഭയിലെ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായി ലൂഡി ലൂയിസിനെ മന്ത്രിസഭായോഗം നാമനിർദേശം ചെയ്തു.

സംസ്ഥാനത്ത് പുതിയ അഡ്വക്കേറ്റ് ജനറലായി കെ.പി. ദണ്ഡപാണിയെ നിയമിച്ചു.

13 മന്ത്രിമാർ കൂടി സംസ്ഥാനത്ത് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. സി.എൻ. ബാലകൃഷ്ണൻ, കെ. ബാബു, ആര്യാടൻ മുഹമ്മദ്, എ.പി. അനിൽകുമാർ, അടൂർ പ്രകാശ്, പി.കെ. അബ്ദു റബ്ബ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.സി. ജോസഫ്, പി.കെ. ജയലക്ഷ്മി, വി.കെ. ഇബ്രാഹിം കുഞ്ഞ്, പി.ജെ. ജോസഫ്, എം.കെ. മുനീർ, വി.എസ്. ശിവകുമാർ എന്നിവരാണ് സത്യപ്രതിജ്ഞ ചെയ്തത്.



# പുരസ്കാരങ്ങൾ ബഹുമതികൾ

അംഗീകാരത്തിന്റെ മുദ്രകളാണ് പുരസ്കാരങ്ങളും ബഹുമതികളും; ഒപ്പം പ്രബുദ്ധതയ്ക്ക് നൽകുന്ന ആദരവും. ജീവിതത്തിന്റെ വിവിധ മേഖലകളിൽ വ്യാപരിക്കുന്നവരിൽ കഴിവു തെളിയിച്ചവർ പതിവുപോലെ 2011ലും ആദരിക്കപ്പെട്ടു.

മലയാളത്തിന്റെ പ്രിയ കവി ഒ.എൻ.വി. കുറുപ്പിന് രാജ്യത്തെ രണ്ടാമത്തെ പരമോന്നത ബഹുമതിയായ പത്മവിഭൂഷൺ ലഭിച്ചു. ഇൻഫോസിസിനെ ഉയർച്ചയിലേക്ക് നയിച്ച ക്രിസ് ഗോപാലകൃഷ്ണൻ, എഴുത്തുകാരനും പത്രപ്രവർത്തകനുമായ ടി.ജെ.എസ്. ജോർജ്, കഥകളി കലാകാരൻ മടവൂർ വാസുദേവൻ നായർ, ആയുർവേദാചാര്യൻ കെ. രാഘവൻ തിരുമുൽപ്പാട് (മരണാനന്തരം) എന്നിവർക്ക് പത്മഭൂഷൺ ലഭിച്ചു. പ്രമുഖ സംവിധായകൻ ഷാജി എൻ. കരുൺ, നടൻ ജയറാം, മേള വിദഗ്ധൻ പെരുവനം കുട്ടൻ മാരാർ, മോഹിനിയാട്ടം കലാകാരി കലാമണ്ഡലം ക്ഷേമാവതി, ഗായിക ഉഷാ ഉതുപ്പ്, ഡോ. ആസാദ് മൂപ്പൻ, ആർക്കിടെക്ട് ശങ്കർ, ഹൃദ്രോഗ വിദഗ്ധൻ ഡോ. ജോസ് ചാക്കോ പെരിയപ്പുറം, ന്യൂറോളജിസ്റ്റ് ഡോ. മാർത്താണ്ഡപിള്ള എന്നിവർക്ക് പത്മശ്രീയും ലഭിച്ചു.

കേരളത്തിലെ പ്രമുഖ കൂടിയാട്ടം കലാകാരൻ കലാമണ്ഡലം പൈങ്കുളം രാമചാക്യാർ, കഥകളികലാകാരൻ കലാമണ്ഡലം കേമ്പിൽ ഗോവിന്ദൻ നായർ, പാവക്കഥകളി കലാകാരൻമാരായ കെ.വി. രാമകൃഷ്ണൻ, കെ.സി. രാമകൃഷ്ണൻ എന്നിവർക്ക് 2010ലെ കേന്ദ്ര സംഗീതനാടക അക്കാദമി അവാർഡ് ലഭിച്ചു.

ഉമയാൾപുരം ശിവരാമൻ, എം.ചന്ദ്രശേഖരൻ, കലാമണ്ഡലം ഗോപി, പത്മാ സുബ്രഹ്മണ്യം, ചന്ദ്രശേഖര കമ്പർ എന്നിവർക്ക് കേന്ദ്ര സംഗീതനാടക അക്കാദമിയുടെ ഫെലോഷിപ്പും കഥകളികലാകാരൻ തോന്നയ്ക്കൽ പീതാംബരന് അക്കാദമി അവാർഡും ലഭിച്ചു.

സാഹിത്യനിരൂപകൻ എം.കെ. സാനുവിന് കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. കേന്ദ്രസാഹിത്യ അക്കാദമിയുടെ മലയാളത്തിലുള്ള പരിഭാഷാ പുരസ്കാരം പ്രൊഫ. പന്മന രാമചന്ദ്രൻനായർക്കും ബാലസാഹിത്യ അവാർഡ് കെ.പാപ്പൂട്ടിക്കും ലഭിച്ചു.

സംസ്ഥാന സർക്കാരിന്റെ പരമോന്നത സാഹിത്യ ബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം എം.ടി. വാസുദേവൻ നായർക്ക് ലഭിച്ചു. സ്വാതി പുരസ്കാരം കെ.ജെ. യേശുദാസിന് ലഭിച്ചു. കഥകളി പുരസ്കാരം കുറൂർ വലിയ വാസുദേവൻ നമ്പൂതിരിയും കലാമണ്ഡലം ഗംഗാധരനും പങ്കിട്ടു. പല്ലാവൂർ അപ്പുമാരാർ പുരസ്കാരം ഇടയ്ക്ക കലാകാരൻ തൃപ്പൂണിത്തുറ കൃഷ്ണദാസിനും പഞ്ചവാദ്യ വിദഗ്ധൻ കരവട്ടേടത്ത് നാരായണ മാരാർക്കുമാണ്. നൃത്ത-നാട്യ പുരസ്കാരം ഗുരു ഗോപാലകൃഷ്ണനും കൃഷ്ണനാട്ടം കലാകാരൻ എം.പി. പരമേശ്വരപ്പണിക്കർക്കും ലഭിച്ചു. ഫോക്‌ലോർ അക്കാദമിയും സാംസ്കാരിക വകുപ്പും ചേർന്നു നൽകുന്ന പി.കെ. കാളൻ പുരസ്കാരം പടയണി കലാകാരൻ കടമ്മനിട്ട വാസുദേവൻ പിള്ളയ്ക്ക് ലഭിച്ചു.



ക്രിസ് ഗോപാലകൃഷ്ണൻ



ഷാജി എൻ. കരുൺ



കെ. സച്ചിദാനന്ദൻ



എം. ടി. വാസുദേവൻനായർ

സംസ്ഥാനത്തെ ഏറ്റവും മികച്ച ഗ്രൂപ്പ് ഫാമിങ് സമിതിക്ക് നൽകുന്ന 'നെൽക്കതിർ' അവാർഡ് തൃശൂർ അയ്യന്തോൾ പുല്ലഴി കോൾപ്പടവ് പാടശേഖര സമിതിക്ക് ലഭിച്ചു. എൻ.മോഹനൻപിള്ള (കർഷകോത്തമ), തിരുവാമ്പാടി മണ്ണുക്കുഴമ്പിൽ എം.എം. ഡൊമിനിക് (കേരകേസരി), മതിലകം കാക്കശേരി അസീന സുലൈമാൻ (ഉദ്യാന ശ്രേഷ്ഠ), കോടഞ്ചേരി കോടക്കപ്പറമ്പിൽ കെ.വി. പൗലോസ് (ഹരിതമിത്ര) എന്നിവർക്കാണ് മറ്റ് അവാർഡുകൾ.



എം.കെ. സാനു



ഒ.എൻ.വി



യേശുദാസ്

നിസ്തുലസേവനം നടത്തിയ മുതിർന്ന മാധ്യമപ്രവർത്തകരെ ആദരിക്കാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ സ്വദേശാഭിമാനി-കേസരി പുരസ്കാരത്തിന് പ്രമുഖ മാധ്യമപ്രവർത്തകൻ ശശികുമാർ അർഹനായി.

മലയാളസിനിമയ്ക്കു നൽകിയ സമഗ്രസംഭാവനയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ ജെ.സി.ഡാനിയേൽ അവാർഡ് നവോദയ അപ്പച്ചന് നൽകി. സംസ്ഥാന സർക്കാരിന്റെ രാജാരവിവർമ പുരസ്കാരം പ്രശസ്ത ചിത്രകാരൻ പ്രൊഫ. സി.എൽ. പൊറിഞ്ചുകുട്ടിക്ക് ലഭിച്ചു.

ആയൂർവേദ ഡോക്ടർമാർക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സമഗ്രസംഭാവനകൾക്കുള്ള ധന്വന്തരി അവാർഡിന് ഡോ. കെ. ജ്യോതിലാൽ തിരഞ്ഞെടുക്കപ്പെട്ടു. സാമൂഹിക വനസംരക്ഷണത്തിനുള്ള സംസ്ഥാന സർക്കാരിന്റെ വനമിത്ര അവാർഡ് ജി. ദേവകി അമ്മയ്ക്ക്.

സംസ്ഥാന കായികരംഗത്തെ പരമോന്നത ബഹുമതിയായ ജി.വി. രാജ അവാർഡിന് രാജ്യാന്തര അത്‌ലറ്റ് ജോസഫ് ജി. എബ്രഹാം അർഹനായി.

## 2010 ലെ സാഹിത്യ അക്കാദമി അവാർഡ്

കവി സച്ചിദാനന്ദനും നോവലിസ്റ്റ് സി. രാധാകൃഷ്ണനും കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം ലഭിച്ചു. ഓംചേരി എൻ.എൻ. പിള്ള, എസ്. രമേശൻ നായർ, പ്രൊഫ. കെ.ഗോപാലകൃഷ്ണൻ, മലയത്ത് അപ്പുണ്ണി, സാറാതോമസ്, ജോസഫ് മറ്റം എന്നിവർ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം നേടി. ഖദീജ മുംതാസ് (നോവൽ), മുല്ലനേഴി (കവിത), എ. ശാന്തകുമാർ (നാടകം), ഇ.പി. ശ്രീകുമാർ (ചെറുകഥ), എം.ആർ. ചന്ദ്രശേഖരൻ (സാഹിത്യ വിമർശനം), പ്രൊഫ. ടി.പ്രദീപ് (വൈജ്ഞാനിക സാഹിത്യം) ഡോ. പി.കെ.ആർ. വാരിയർ (ജീവചരിത്രം),

മുസാഫർ അഹമ്മദ് (യാത്രാവിവരണം), ആശാലത (വിവർത്തനം), സുമംഗല (ബാലസാഹിത്യം), സി.ആർ. ഓമനക്കുട്ടൻ (ഹാസ്യസാഹിത്യം) എന്നിവർക്കാണ് മറ്റ് അവാർഡുകൾ.


വയലാ വാസുദേവൻപിള്ളയ്ക്കും (നാടകം) പാൽക്കുളങ്ങര അംബികാദേവിക്കും (സംഗീതം) അന്നമനട പരമേശ്വര മാരാർക്കും (പഞ്ചവാദ്യം) സംഗീത നാടക അക്കാദമി ഫെല്ലോഷിപ്പ് ലഭിച്ചു.

സിനിമ അവാർഡുകളിൽ ഏറെ ശ്രദ്ധനേടിയത് സലിം അഹമ്മദ് സംവിധാനം ചെയ്ത *ആദാമിന്റെ മകൻ അബു* വാണ്. 2011 ലെ ഓസ്കാർ നോമിനേഷൻ ഈ ചിത്രത്തിന് ലഭിച്ചു. മികച്ച വിദേശചിത്രമെന്ന നിലയ്ക്കാണ് ചിത്രം ഓസ്കാർ വേദിയിലെത്തിയത്.

മികച്ച ചിത്രത്തിനും മികച്ച നടനുൾപ്പെടെ 58-ാമത് ദേശീയ ചലച്ചിത്ര അവാർഡിൽ ശക്തമായ മലയാള സാന്നിധ്യം. സലിം അഹമ്മദ് സംവിധാനം ചെയ്ത *ആദാമിന്റെ മകൻ അബു* വാണ് മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടത്. ഇതിൽ അബുവായി വേഷമിട്ട സലിംകുമാറാണ് മികച്ച നടൻ. മധു അമ്പാട്ട് മികച്ച ഛായാഗ്രാഹകനും ഐസക് തോമസ് മികച്ച പശ്ചാത്തല സംഗീത സംവിധായകനായും തിരഞ്ഞെടുക്കപ്പെട്ടു. ഡോ.ബിജു സംവിധാനം ചെയ്ത *വീട്ടിലേക്കുള്ള വഴി*യാണ് മികച്ച മലയാള ചലച്ചിത്രം. മികച്ച സഹനടിയായി സുകുമാരിയും വസ്ത്രാലങ്കാരത്തിന് ഇന്ദ്രൻസ് ജയനും പുരസ്കാരത്തിനർഹരായി.

ദേശീയ അവാർഡിനു പുറമേ മികച്ച സിനിമയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡും *ആദാമിന്റെ മകൻ അബു*വിന് ലഭിച്ചു. സലിംകുമാർ (മികച്ച നടൻ), ശ്യാമപ്രസാദ് (മികച്ച സംവിധായകൻ), കാവ്യാ മാധവൻ (മികച്ച നടി), എം.ജയചന്ദ്രൻ (സംഗീത സംവിധാനം), ഹരിഹരൻ (മികച്ച ഗായകൻ), രാജലക്ഷ്മി (മികച്ച ഗായിക) എന്നിവർക്കാണ് മറ്റ് അവാർഡുകൾ.

2010 ലെ ഓടക്കുഴൽ പുരസ്കാരത്തിന് ഉണ്ണികൃഷ്ണൻ പുതൂർ അർഹനായി. വയലാർ അവാർഡ് കെ.പി. രാമനുണ്ണിക്കും (കൃതി: ജീവിതത്തിന്റെ പുസ്തകം), മുട്ടത്തു വർക്കി സാഹിത്യ അവാർഡ് സാറാ ജോസഫിനും ലഭിച്ചു.


ശശികുമാർ


ഡോ.മാർത്താണ്ഡ പിള്ള

**മേയ് 28 :** രാജ്യത്തെ ആദ്യത്തെ കോസ്റ്റ് ഗാർഡ് അക്കാദമിക്ക് കണ്ണൂരിലെ ഇരിണാവ് മടക്കരയിൽ പ്രതിരോധമന്ത്രി എ.കെ. ആന്റണി തറക്കല്ലിട്ടു.

**മേയ് 31 :** വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനത്തിന് കേന്ദ്ര പരിസ്ഥിതി വിദഗ്ധോപദേശക സമിതി അനുമതി നൽകി.

**ജൂൺ 01 :** 13 ാം നിയമസഭയിലെ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു.

**ജൂൺ 02 :** ജി. കാർത്തികേയൻ 13 ാം നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടു.

**ജൂൺ 06 :** മൂലമ്പിള്ളി പാക്കേജ് നടപ്പാക്കാൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ നടന്ന ഉന്നതതല ചർച്ചയിൽ ധാരണയായി. ഇതോടെ 40 മാസമായി നടന്നുവന്ന സമരവും അവസാനിച്ചു.

**ജൂൺ 14 :** തിരുനെല്ലിക്കാട്ടിൽ വർഗീസിനെ പോലീസ് കസ്റ്റഡിയിൽ വെടിവച്ചുകൊന്നുവെന്ന കേസിൽ രണ്ടാം പ്രതി മുൻ ഐ.ജി ലക്ഷ്മണയുടെ ജീവപര്യന്തം ശിക്ഷ കോടതി ശരിവച്ചു.

**ജൂൺ 15 :** കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയായി വിരമിച്ച കെ.എം. ചന്ദ്രശേഖരനെ സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷനാക്കാൻ മന്ത്രിസഭാ തീരുമാനം.

**ജൂൺ 22 :** 13 ാം കേരള നിയമസഭയിലെ സർക്കാർ ചീഫ്‌വിപ്പായി പി.സി. ജോർജിനെ തിരഞ്ഞെടുത്തു.

**ജൂൺ 27 :** സുപ്രീം കോടതിയുടെ ഉത്തരവിനെത്തുടർന്ന് തിരുവനന്തപുരത്തെ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറ തുറന്ന് പരിശോധന തുടങ്ങി.

**ജൂൺ 28 :** നിയമസഭയിലെ ഡപ്യൂട്ടി സ്പീക്കറായി എൻ. ശക്തൻ തെരഞ്ഞെടുക്കപ്പെട്ടു.

**ജൂൺ 30 :** തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിധിശേഖരം വിസ്മയമായി. ഇതുവരെ തുറക്കാതെ വച്ചിരുന്ന ക്ഷേത്രത്തിന്റെ നിലവറകളിലാണ് അമൂല്യ നിധിശേഖരം കണ്ടെത്തിയത്.

**ജൂലൈ 03 :** ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യമായ സ്വത്ത് ക്ഷേത്രത്തിൽത്തന്നെ സംരക്ഷിക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽച്ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനിച്ചു.

**ജൂലൈ 08 :** സംസ്ഥാന നിയമസഭയിൽ ബജറ്റ് അവതരണം.

**ജൂലൈ 12 :** കേന്ദ്ര മന്ത്രിസഭയിൽ അഴിച്ചുപണി; കേരളത്തിൽനിന്നുള്ള ഇ. അഹമ്മദിന് വിദേശകാര്യത്തിനുപുറമേ മാനവശേഷി മന്ത്രാലയത്തിന്റെ സഹമന്ത്രി സ്ഥാനംകൂടി ലഭിച്ചു.

**ജൂലൈ 20 :** കേരള പി.എസ്.സി ചെയർമാനായി ഡോ. കെ.എസ്. രാധാകൃഷ്ണനെ നിയമിച്ചു.

**ജൂലൈ 26 :** ഇന്ത്യയിലെ മികച്ച ജില്ലാ പഞ്ചായത്തിനുള്ള 2011 ലെ ഭാരതരത്ന രാജീവ് ഗാന്ധി പുരസ്കാരം പാലക്കാട് ജില്ലാ പഞ്ചായത്തിന് ലഭിച്ചു.

**ആഗസ്റ്റ് 03 :** ഗവൺമെന്റിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം സമയബന്ധിതമായി ലഭിക്കേണ്ടത് പൗരന്റെ അവകാശമാക്കുന്നതിനായി നിയമനിർമാണം നടത്താൻ മന്ത്രിസഭാ തീരുമാനം.


കാവ്യാ മാധവൻ


സാറാ ജോസഫ്

കേരള കലാമണ്ഡലത്തിന്റെ വള്ളത്തോൾ പുരസ്കാരത്തിന് ഡോ. വേണുഗോപാലനും (കലാഗ്രാമം), എം.പി. സുകുമാരൻ നായരും (ഡോക്യുമെന്ററി) അർഹരായി.

നാടകരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള എസ്.എൽ.പുരം സദാനന്ദൻ പുരസ്കാരം കാവാലം നാരായണപ്പണിക്കർക്കും ഗുരുവായൂർ ദേവസ്വത്തിന്റെ ജ്ഞാനപ്പാന പുരസ്കാരം മള്ളിയൂർ ശങ്കരൻ നമ്പൂതിരിക്കും കമല സുരയ്യ ട്രസ്റ്റിന്റെ സാഹിത്യപുരസ്കാരം പുനത്തിൽ കുഞ്ഞബ്ദുള്ളയ്ക്കും ലഭിച്ചു.

ഏഷ്യൻ ഗെയിംസ് സ്വർണമെഡൽ ജേതാവ് പ്രീജ ശ്രീധരന് അർജുന അവാർഡും മാതൃഭൂമി സാഹിത്യപുരസ്കാരം സുകുമാർ അഴീക്കോടിനും പത്മപ്രഭ സ്മാരക ട്രസ്റ്റിന്റെ പത്മപ്രഭാപുരസ്കാരം പ്രൊഫ. എം.കെ. സാനുവിനും ഒ.വി. വിജയൻ പുരസ്കാരം സാറാ ജോസഫിനും ചെറുകാട് അവാർഡ് എൻ.കെ. ദേശത്തിനും ലഭിച്ചു.

ഗായകൻ ഡോ. കെ.ജെ. യേശുദാസിന് പ്രത്യേക പുരസ്കാരം നൽകി ആദരിക്കാൻ മന്ത്രിസഭ തീരുമാനിച്ചു.

ആറാമത് വാഗ്ഭടാനന്ദ പുരസ്കാരം പ്രൊഫ. ഒ.എൻ.വി. കുറുപ്പിന് സമ്മാനിച്ചു.

എം.ടി. വാസുദേവൻനായരെ കേരള സർക്കാരിന്റെ പരമോന്നത സാഹിത്യബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരത്തിന് തിരഞ്ഞെടുത്തു.

പ്രൊഫ. എം.കെ. സാനുവിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡു. ■



# കായിക കേരളം

തിളക്കമാർന്ന നേട്ടങ്ങളൊന്നും 2011 ൽ കായിക കേരളം കാഴ്ചവച്ചില്ല. എങ്കിലും മയൂഖ ജോണി, ടിന്റു ലൂക്ക, പ്രീജ ശ്രീധരൻ, സജീഷ് ജോസഫ്, ശ്രീജേഷ് (ഹോക്കി) തുടങ്ങിയ കായികപ്രതിഭകളുടെ പ്രകടനം 2011ൽ ശ്രദ്ധേയമായിരുന്നു. സ്കൂൾ കോളേജ് തലങ്ങളിൽ നടന്ന ചില മത്സരങ്ങളിൽ പ്രതീക്ഷയുണർത്തുന്ന ചില താരോദയങ്ങളുമുണ്ടായി.

ദേശീയ ഗെയിംസിൽ കേരളം അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് നിലനിർത്തിയതും ദേശീയ സീനിയർ അത്‌ലറ്റിക് മീറ്റിൽ കേരളത്തിന് ഓവറോൾ കിരീടം ലഭിച്ചതും 2011 ലെ പ്രധാന കായികനേട്ടങ്ങളാണ്. ഏഷ്യൻ ചാമ്പ്യൻ ട്രോഫി കിരീടം ഇന്ത്യയ്ക്ക് ലഭിക്കുന്നതിൽ നിർണായക പങ്കുവഹിച്ച മലയാളി താരം ശ്രീജേഷിന്റെ പ്രകടനം ഏറെ ചർച്ചചെയ്യപ്പെട്ടു.

കേരളത്തിലെ കായികരംഗത്തെ അടിസ്ഥാന സൗകര്യങ്ങളുടെയും പരിശീലനകേന്ദ്രങ്ങളുടെയും വികസനത്തിന് സമഗ്രപാക്കേജിനും രൂപം നൽകുമെന്ന് സംസ്ഥാന ബജറ്റിൽ ധനമന്ത്രി പറയുകയുണ്ടായി. കേരളത്തിൽ നടക്കാനിരിക്കുന്ന ദേശീയ ഗെയിംസിന്റെ വേദികളായ കാര്യവട്ടം യൂണിവേഴ്സിറ്റി സ്റ്റേഡിയം, വട്ടിയൂർകാവ് പോളിടെക്നിക് സ്റ്റേഡിയം, കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം എന്നിവയുടെ നിർമാണപ്രവർത്തനങ്ങൾ ആന്വിറ്റി അടിസ്ഥാനത്തിൽ പൂർത്തിയാക്കാനായി ബജറ്റിൽ 120 കോടി രൂപ വകയിരുത്തി.

ജി.വി. രാജയുടെ ജന്മസ്ഥലമായ പൂഞ്ഞാറിൽ ജി.വി.രാജ സ്പോർട്സ് കോംപ്ലക്സ് നിർമിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു.

2011 ൽ കായികകേരളത്തിന്റെ നേട്ടങ്ങളുടെ നാൾവഴി ഇനി പറയും പ്രകാരം:

## കായിക കേരളം 2011

**ജനുവരി 06 :** തുടർച്ചയായ 14 ാംതവണയും ദേശീയ സ്കൂൾ കായികമേളയിൽ കേരളം ചാമ്പ്യൻമാരായി; 40 സ്വർണം, 17 വെള്ളി, 24 വെങ്കലം.

**ജനുവരി 10 :** ചണ്ഡിഗഢിൽ നടന്ന ദേശീയ സോഫ്റ്റ് ബോളിൽ കേരള വനിതകൾ കിരീടം നേടി.

**ഫെബ്രുവരി 21 :** ദേശീയ ഗെയിംസിൽ കേരളം അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് നിലനിർത്തി.

**ഫെബ്രുവരി 25 :** ദേശീയ ഗെയിംസിൽ കേരളത്തിന് ഏഴാം സ്ഥാനം; 30 സ്വർണം, 29 വെള്ളി, 29 വെങ്കലം.

**ഏപ്രിൽ 02 :** 10 ാമത് ലോക കപ്പ് ക്രിക്കറ്റ് കിരീടം ഇന്ത്യയ്ക്ക്. ശ്രീലങ്കയെ 6 വിക്കറ്റിന് തോൽപ്പിച്ചാണ് 28 വർഷത്തിനു ശേഷം ഇന്ത്യ ക്രിക്കറ്റ് കിരീടം നേടിയത്. ജേതാക്കളായ ഇന്ത്യൻ ടീമിൽ മലയാളി താരം ശ്രീശാന്ത് അംഗമായിരുന്നു.

**മേയ് 14 :** സംസ്ഥാന സീനിയർ അത്‌ലറ്റിക്സ് മീറ്റ് കിരീടം കോട്ടയം നേടി. തൃശൂരിന് രണ്ടാം സ്ഥാനം.

**മേയ് 31 :** ട്രിപ്പിൾ ജംപിൽ 14 മീറ്റർ മറികടക്കുന്ന ആദ്യ ഇന്ത്യൻ വനിത എന്ന ബഹുമതി മയൂഖ ജോണി നേടി.

**ജൂൺ 06 :** സംസ്ഥാന വനിതാ ചെസ്സിൽ എറണാകുളത്തിന്റെ നിമ്മി എ. ജോർജ് ചാമ്പ്യൻഷിപ്പ് നിലനിർത്തി.

**ജൂൺ 14 :** ബാംഗ്ലൂരിൽ നടന്ന ദേശീയ സീനിയർ അത്‌ലറ്റിക് മീറ്റിൽ കേരളത്തിന് ഓവറോൾ കിരീടം. പുരുഷ, വനിതാ വിഭാഗം കിരീടങ്ങളും കേരളത്തിന്. ലോങ് ജമ്പിൽ മീറ്റ് റെക്കോർഡിട്ട മയൂഖ ജോണിയും 800 മീറ്ററിൽ ഉജ്ജ്വല പോരാട്ടത്തിലൂടെ സ്വർണം നേടിയ സജീഷ് ജോസഫുമാണ് മീറ്റിലെ മികച്ച താരങ്ങൾ. 13 സ്വർണം, ഏഴ് വെള്ളി, ഏഴ് വെങ്കലം മെഡലുകൾ നേടിയാണ് കേരളം ഒന്നാമതെത്തിയത്.

**ജൂലൈ 02 :** പഞ്ചാബിലെ ലുധിയാനയിൽ സമാപിച്ച ദേശീയ പഞ്ചഗുസ്തിയിൽ പുരുഷവിഭാഗത്തിൽ തുടർച്ചയായി 16 ാം തവണയും കേരളം ചാമ്പ്യന്മാരായി.

**ജൂലൈ 07 :** ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലെ വനിതാ ലോങ് ജമ്പിൽ മലയാളിതാരം മയൂഖ ജോണി സ്വർണം നേടി. 10,000 മീറ്ററിൽ പ്രീജയ്ക്ക് വെങ്കലം.

**ജൂലൈ 09 :** ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മയൂഖ ജോണി ട്രിപ്പിൾ ജമ്പിൽ ദേശീയ റേക്കോർഡോടെ വെങ്കലം കരസ്ഥമാക്കി.

**ജൂലൈ 24 :** സംസ്ഥാന ഇന്റർ ക്ലബ്ബ് അത്‌ലറ്റിക് മീറ്റ് കിരീടം കോതമംഗലം മാർ ബേസിൽ എച്ച്.എസ്.എസിന്.

**ആഗസ്റ്റ് 03 :** സ്വീഡനിലെ കാൾ സ്റ്റേഡിയിൽ നടന്ന ഗ്രാൻഡ് പ്രീ അത്‌ലറ്റിക്സ് മീറ്റിൽ മലയാളി താരം ടിന്റു ലൂക്ക 800 മീറ്ററിൽ സ്വർണം നേടി.

**ആഗസ്റ്റ് 14 :** 59 ാമത് നെഹ്റു ട്രോഫി വള്ളംകളിയിൽ കൊല്ലം ജീസസ് ബോട്ട്



ടിന്റു ലൂക്ക



ജോസഫ്. ജി. എബ്രഹാം




ശ്രീജേഷ്



പ്രീജ ശ്രീധരൻ



മയൂഖ ജോണി

ക്ലബ്ബ് തുഴഞ്ഞ ദേവാസ് ചുണ്ടൻ ചാമ്പ്യന്മാരായി.

സെപ്റ്റംബർ 02 : മലയാളി താരം ടിന്റു ലൂക്ക ലണ്ടൻ ഒളിമ്പിക്സിന് യോഗ്യത നേടി.

സെപ്റ്റംബർ 11 : ഏഷ്യൻ ചാമ്പ്യൻ ട്രോഫി ഹോക്കി കിരീടം ഇന്ത്യയ്ക്ക്. ടീമിൽ അംഗമായിരുന്ന മലയാളി താരം ശ്രീജേഷിന്റെ പ്രകടനം ശ്രദ്ധേയമായി.

ദേശീയ ഓപ്പൺ അത്‌ലറ്റിക്സിൽ കുഞ്ഞുമുഹമ്മദ്, സജീഷ്, ജോസഫ്, ജയ്ഷ എന്നിവർക്ക് സ്വർണം.

സെപ്റ്റംബർ 16 : ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി കിരീടം ഇന്ത്യയ്ക്ക് ലഭിക്കുന്നതിൽ നിർണായക പങ്കുവഹിച്ച മലയാളി ഹോക്കി താരം ശ്രീജേഷിന് കേരള സർക്കാർ അഞ്ചുലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചു.

ഒക്ടോബർ 07 : ദക്ഷിണമേഖല അന്തർ സർവകലാശാലാ ഫുട്ബോൾ കിരീടം കേരള സർവകലാശാല നേടി.

ഒക്ടോബർ 21 : ജിമ്മി ജോർജ് ഫൗണ്ടേഷൻ അവാർഡ് രാജ്യാന്തര അത്‌ലറ്റ് ജോസഫ് ജി. എബ്രഹാമിന് ലഭിച്ചു.

ഒക്ടോബർ 27 : സംസ്ഥാന സ്കൂൾ നീന്തൽ മത്സരത്തിൽ തിരുവനന്തപുരം ഓവറോൾ ചാമ്പ്യന്മാരായി.

നവംബർ 18 : ദേശീയ ഷൂട്ടിങ് ചാമ്പ്യൻഷിപ്പിൽ മൂന്നു വ്യക്തിഗത സ്വർണവും ഒരു വെങ്കലവും എലിസബത്ത് സൂസൻ കോശി എന്ന മലയാളി താരം സ്വന്തമാക്കി.

നവംബർ 25 : സംസ്ഥാന സ്കൂൾ ഗെയിംസിൽ 64 പോയിന്റോടെ തിരുവനന്തപുരം ഓവറോൾ ചാമ്പ്യൻമാരായി.

നവംബർ 27 : ദേശീയ ജൂനിയർ റോവിങ് ചാമ്പ്യൻഷിപ്പിൽ കേരളം രണ്ടാം സ്ഥാനത്ത്.

ഡിസംബർ 05 : ദേശീയ റേസ് സൈക്ലിങ്ങിൽ കേരളം ചാമ്പ്യന്മാരായി.

ഡിസംബർ 13 : ഭോപ്പാലിൽ നടന്ന ദേശീയ ഡ്രാഗൺ ബോട്ട് റേസിൽ കേരളം കിരീടം നേടി.

ഡിസംബർ 19 : സംസ്ഥാന വോളിബാൾ ചാമ്പ്യൻഷിപ്പിൽ എറണാകുളം പുരുഷവിഭാഗത്തിലും തിരുവനന്തപുരം വനിതാവിഭാഗത്തിലും കിരീടം നിലനിർത്തി.

ഡിസംബർ 21 : സംസ്ഥാന പവർലിഫ്റ്റിങ് മത്സരത്തിൽ തൃശൂർ ജില്ല ഓവറോൾ ചാമ്പ്യന്മാരായി.

ഡിസംബർ 24 : ഉത്തേജക മരുന്ന് ഉപയോഗിച്ചതിന് മൂന്ന് മലയാളി അത്‌ലറ്റുകൾ ഉൾപ്പെടെ 7 പേർക്ക് ദേശീയ ഉത്തേജകമരുന്ന് വിരുദ്ധ ഏജൻസി വിലക്കേർപ്പെടുത്തി.

ഡിസംബർ 31 : സംസ്ഥാന റോളർ സ്കേറ്റിങ് ചാമ്പ്യൻഷിപ്പിൽ തിരുവനന്തപുരം ഓവറോൾ ചാമ്പ്യന്മാരായി ■

ആഗസ്റ്റ് 06 : കൊല്ലം ഓച്ചിറയിൽ കാവൽക്കാരിനില്ലാത്ത ലെവൽക്രോസിൽ ട്രെയിൻ ഇടിച്ച് വാൻ യാത്രക്കാരായ അഞ്ചു പേർ മരിച്ചു.

ആഗസ്റ്റ് 10 : മുഖ്യമന്ത്രി വിജിലൻസ് വകുപ്പ് ഒഴിഞ്ഞു. മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന് വിജിലൻസിന്റെ അധികാരച്ചുമതല.

ആഗസ്റ്റ് 12 : ശ്രുതിതരംഗം പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം. കേരളത്തിൽ ബധിരരും മൂകരുമായ കുട്ടികൾ ഉണ്ടാകരുതെന്ന് ലക്ഷ്യമിട്ടുള്ള സമഗ്ര കോക്ലിയർ ഇംപ്ലാന്റ് പദ്ധതിയാണ് ശ്രുതിതരംഗം.

ആഗസ്റ്റ് 25 : എം.ഒ.എച്ച്. ഫാറൂഖിനെ കേരള ഗവർണറായി നിയമിക്കാനും കോൺഗ്രസ് നേതാവ് വക്കം പുരുഷോത്തമനെ മിസോറാം ഗവർണറായി നിയമിക്കാനും കേന്ദ്രതീരുമാനം.

മാതൃഭൂമി ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാറിനെ പി.ടി.ഐ. ചെയർമാനായി തിരഞ്ഞെടുത്തു.

ആഗസ്റ്റ് 27 : ദാരിദ്രവിമുക്ത കേരളം പദ്ധതിക്ക് തുടക്കമായി.

ആഗസ്റ്റ് 31 : ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ദക്ഷിണമേഖലാ ക്യാമ്പിന് തിരുവനന്തപുരത്ത് രാഷ്ട്രപതി തറക്കല്ലിട്ടു.

സെപ്റ്റംബർ 01 : സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ഓൺലൈൻ പദ്ധതിയുടെയും ജില്ലാ രജിസ്ട്രാർ ഓഫീസുകളിലെ സൊസൈറ്റി രജിസ്ട്രേഷനുകളുടെയും കമ്പ്യൂട്ടർവത്കരണത്തിന്റെ ഉദ്ഘാടനം നടന്നു.

സംസ്ഥാനത്തെ ആദ്യ സംയോജിത ചെക്ക് പോസ്റ്റ് തിരുവനന്തപുരത്ത് അമരവിളയിൽ ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്ത് 14000 റേഷൻ കടകൾവഴി കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരി വിതരണത്തിന് തുടക്കമായി.

സെപ്റ്റംബർ 02 : മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്റർ പ്രവർത്തനം തുടങ്ങി. രാജ്യത്ത് ആദ്യമായിട്ടാണ് ഒരു മുഖ്യമന്ത്രിയുടെ ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കുന്നത്. സംസ്ഥാന ഐ.ടി വകുപ്പിന്റെയും സി-ഡിറ്റിന്റെയും സാങ്കേതികസഹായത്തോടെയാണ് കോൾസെന്റർ പ്രവർത്തിക്കുന്നത്.

സെപ്റ്റംബർ 08 : കേരള ഗവർണറായി എം.ഒ.എച്ച്. ഫാറൂഖ് സ്ഥാനമേറ്റു.

ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച സർക്കാർ നയത്തിന് മന്ത്രിസഭായോഗം അനുമതി നൽകി.

സെപ്റ്റംബർ 16 : സ്കൂൾ ആരോഗ്യപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വയനാട് പനമരം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നടന്നു.

സെപ്റ്റംബർ 20 : കൊച്ചിയിലെ പുതുവൈപ്പിനിൽനിന്നും കായംകുളത്തേക്ക് കടലിലൂടെ പ്രകൃതിവാതക പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതിമന്ത്രാലയം അനുമതി നൽകി.

സെപ്റ്റംബർ 28 : അധ്യാപക പാക്കേജിന് മന്ത്രിസഭ അംഗീകാരം നൽകി.

ഒക്ടോബർ 08 : സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർമാണപ്രവർത്തനങ്ങൾക്ക് തുടക്കമായി.

ഒക്ടോബർ 17 : സി.പി.എം എം.എൽ.എമാരായ ടി.വി. രാജേഷിനെയും ജയിംസ് മാത്യുവിനെയും സ്പീക്കർ ജി.കാർത്തികേയൻ സസ്പെന്റ് ചെയ്തു.

നവംബർ 12 : കേരളീയ മനഃസാക്ഷിക്ക് കളങ്കമേൽപ്പിച്ച സൗമ്യ വധക്കേസിൽ പ്രതി ഗോവിന്ദച്ചാമിക്ക് വധശിക്ഷ.

നവംബർ 17 : സാം പിട്രോഡയെ കേരളത്തിന്റെ വികസനകാര്യ ഉപദേഷ്ടാവാക്കാൻ തീരുമാനം.

നവംബർ 18 : കേരള സർക്കാരിന്റെ ഒരു വർഷത്തെ കർമപരിപാടിക്ക് തുടക്കം.

നവംബർ 19 : ഇടുക്കി ജില്ലയിലുണ്ടായ ഭൂചലനത്തെത്തുടർന്ന് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അടിത്തട്ടിൽ ശക്തമായ ജലപ്രവാഹം.

നവംബർ 27 : ഇടുക്കിയെ നടുക്കി വീണ്ടും തുടർ ഭൂചലനങ്ങൾ. മുല്ലപ്പെരിയാർ ഡാമിന് 32 കി.മീ. ചുറ്റളവിലാണ് ഭൂചലനമുണ്ടായത്. കോട്ടയം ജില്ലയുടെ കിഴക്കൻ ഭാഗത്തെയും ഇടുക്കിയുടെ പകുതി പ്രദേശങ്ങളെയും ഭൂകമ്പം പ്രകമ്പനം കൊള്ളിച്ചു.

ഡിസംബർ 01 : സംസ്ഥാന സ്കൂൾ ഗെയിംസിന് കോടത്ത് തുടക്കം.

ഡിസംബർ 04 : ആദാമിന്റെ മകൻ അബുവിന്റെ സംവിധായകൻ സലിം അഹമ്മദ് 42-ാം അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിലെ രജതമയൂരം സ്വന്തമാക്കി.

ഡിസംബർ 16 : 16 ാംത് കേരള രാജ്യാന്തര ചലച്ചിത്രമേള സമാപിച്ചു. കൊളംബിയൻ ചിത്രം *കളേഴ്സ് ഓഫ് ദ മൗണ്ടന്* സുവർണ ചകോരം. മികച്ച സംവിധായകനുള്ള രജതചകോരം *ഫ്ളമംഗോ നമ്പർ 13* എന്ന ചിത്രത്തിന്റെ സംവിധായകൻ ഹമീദ്

# വിയോഗങ്ങൾ

അടുത്ത ഇടനാഴിയിലെങ്ങോ അവനുണ്ട്. എം.ടിയുടെ വാക്കുകളിൽ ഇങ്ങനെ; 'മരണം രംഗബോധമില്ലാത്ത ഒരു കോമാളിയാണ്' നമ്മളോടൊപ്പം എല്ലായിപ്പോഴും അദൃശ്യസാന്നിധ്യമായി അവനുണ്ട്. അവൻ വിളിച്ചാൽ പോകാതെ തരമില്ല'.

മൃത്യുവെന്ന ശാശ്വതസത്യത്തിലേക്ക് നടന്നുകയറിയ മലയാളികൾ 2011ലും നമുക്ക് തീരാനഷ്ടങ്ങളുണ്ടാക്കി. അപകടത്തിലും അകാലത്തിലും പൊലിഞ്ഞവർ വ്യഥകളുടെ വ്യാപ്തി കൂട്ടി. കർമം കൊണ്ട് ഇനിയും ഈ നാടിനെ ഏറെ ധന്യമാക്കേണ്ടിയിരുന്ന ജിവിതത്തിന്റെ നാനാതുറകളിൽപ്പെട്ട മഹദ്‌വ്യക്തികളെ നമുക്കിനി സ്മരണകളിൽ സാന്നിധ്യമാക്കാം.

## 2011 ൽ വിടപറഞ്ഞവരിൽ പ്രമുഖർ

ജനുവരി 04 : പ്രശസ്ത സിനിമ, നാടക, സീരിയൽ നടൻ പരവൂർ രാമചന്ദ്രൻ.

ജനുവരി 07 : ആയുർവേദ ഭിഷഗ്വരനും സംസ്കൃത പണ്ഡിതനുമായ ചിറ്റാറ്റിൻകര എൻ. കൃഷ്ണപിള്ള വൈദ്യൻ.

ജനുവരി 12 : പ്രമുഖ ചെറുകഥാകൃത്തും നോവലിസ്റ്റും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷന്റെ മുൻ സെക്രട്ടറിയുമായ എ.കെ.കെ. മേനോൻ.

ജനിവരി 22 : ആകാശവാണി അസിസ്റ്റന്റ് ഡയറക്ടറും അനന്തപുരി എഫ്.എം. സ്റ്റേഷൻ മേധാവിയുമായ പി.സി. സതീഷ് ചന്ദ്രൻ.

ജനുവരി 26 : സിനിമ, നാടകസംഗീത സംവിധായകൻ കലവൂർ ബാലൻ.

ഫെബ്രുവരി 02 : മലയാള സിനിമയ്ക്ക് വടക്കൻ പാട്ടുകളുടെ ചലച്ചിത്രഭാഷ്യമെഴുതിയ തിരക്കഥാകൃത്ത് ശാരംഗപാണി.

ഫെബ്രുവരി 12 : പ്രമുഖ ചലച്ചിത്ര ഛായാഗ്രാഹകൻ വിപിൻ ദാസ്.

ഫെബ്രുവരി 14 : മലയാള പ്രൊഫഷണൽ നാടകവേദിയെ ദൃശ്യസമ്പന്നമാക്കിയ സെയ്ത്താൻ ജോസഫ്.

ഫെബ്രുവരി 18 : കേരളത്തിലെ നമ്പൂതിരി സമുദായത്തിലെ ആത്മീയഅധ്യക്ഷ സ്ഥാനത്തുള്ള ആഴ്‌വാഞ്ചേരി കുടുംബത്തിലെ കാരണവരായിരുന്ന ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ.

ഫെബ്രുവരി 19 : ഒളിമ്പ്യനും ഏഷ്യൻ ഗെയിംസ് സ്വർണമെഡൽ ജേതാവുമായ സുരേഷ് ബാബു.

ഫെബ്രുവരി 20 : ഗായകൻ മലേഷ്യ വാസുദേവൻ.

ഫെബ്രുവരി 21 : മലയാളസിനിമയിലെ അമ്മമുഖമായി നിറഞ്ഞുനിന്ന ആറന്മുള പൊന്നമ്മ.

പ്രശസ്ത വിവർത്തകൻ മോസ്കോ ഗോപാലകൃഷ്ണൻ.

ഫെബ്രുവരി 22 : കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനത്തിലെ പരിവർത്തനവാദിയായി അറിയപ്പെടുന്ന എം.എ. ജോൺ.

ഫെബ്രുവരി 26 : ജസ്റ്റിസ് കെ.പി. രാധാകൃഷ്ണ മേനോൻ.

മാർച്ച് 02 : പ്രശസ്ത നാടകപ്രവർത്തകൻ ആഹ്വാൻ സെബാസ്റ്റ്യൻ.

മാർച്ച് 08 : ആദ്യകാല മലയാള ചലച്ചിത്ര നടി കുമാരി തങ്കം (പാർവതി തങ്കം)

മാർച്ച് 20 : വിദ്യാഭ്യാസവിചക്ഷണനും ചരിത്രഗവേഷകനും അലിഗഢ് മുസ്ലിം സർവകലാശാല മുൻ പ്രോ വൈസ്ചാൻസലറുമായ ഡോ. കെ.എം. ബഹാവുദ്ദീൻ.

മാർച്ച് 24 : പത്രപ്രവർത്തകൻ പി. ശ്രീധരൻ.

ഏപ്രിൽ 01 : സീറോ മലബാർ സഭയുടെ അധ്യക്ഷൻ മാർ വിതയത്തിൽ (മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ)

ഏപ്രിൽ 03 : പ്രമുഖ ഇസ്ലാമിക പണ്ഡിതൻ നെല്ലിക്കുത്ത് ഇസ്മായിൽ മുസലിയാർ.

ഏപ്രിൽ 06 : മലയാളിയായ പ്രസിദ്ധ തെന്നിന്ത്യൻ നടി സുജാത.

ഏപ്രിൽ 09 : എസ്.എഫ്.ഐയുടെ ആദ്യത്തെ അഖിലേന്ത്യാ പ്രസിഡന്റും ചിന്ത പബ്ലിക്കേഷൻസിന്റെ എഡിറ്ററുമായ സി. ഭാസ്കരൻ.

ഏപ്രിൽ 20 : ബി.ജെ.പി നേതാവ് ബി.കെ. ശേഖർ.

ഏപ്രിൽ 24 : മുൻ എം.എൽ.എ ആയ ആർ. പരമേശ്വരൻപിള്ള.

മേയ് 03 : നാടകകൃത്തും നടനും സംവിധായകനുമായ വാസു പ്രദീപ്.

ജൂൺ 01 : തകഴിയുടെ ഭാര്യ കാത്ത (കമലാക്ഷിയമ്മ).

ജൂൺ 13 : എസ്.എൻ.ഡി.പി യോഗം മുൻ സംസ്ഥാന പ്രസിഡന്റും എസ്.എൻ ട്രസ്റ്റ് മുൻ ചെയർമാനുമായിരുന്ന കെ.കെ. രാഹുലൻ.

ജൂൺ 23 : മുൻ എം.പിയും മന്ത്രിയും കെ.പി.സി.സി നിർവാഹക സമിതിയംഗവും ഗ്രന്ഥകാരനുമായ എ. സുജനപാൽ.

ജൂലൈ 02 : കവി അപ്പൻ തച്ചേത്ത്.

ജൂലൈ 04 : ചലച്ചിത്ര സംവിധായകനും മാധ്യമപ്രവർത്തകനുമായ രവീന്ദ്രൻ (ചിന്ത രവി).

ജൂലൈ 08 : കേരള ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ.

ജൂലൈ 17 : ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ വിലമതിക്കാനാവാത്ത സ്വത്തു സൂക്ഷിക്കുന്ന നിലവറകളുടെ പരിശോധനയ്ക്ക് നിമിത്തമായ ഐ.ബി. മുൻ അസിസ്റ്റൻ ഡയറക്ടർ അഡ്വ. ടി.പി. സുന്ദർ രാജൻ.

ആഗസ്റ്റ് 02 : ഭാഗവതഹംസം മള്ളിയൂർ ശങ്കരൻ നമ്പൂതിരി.

ആഗസ്റ്റ് 05 : പ്രശസ്ത ശില്പി വരിക്കാശ്ശേരി കൃഷ്ണൻ നമ്പൂതിരിപ്പാട്.


ആഗസ്റ്റ് 07 : വരാപ്പുഴ അതിരൂപതയുടെ മുൻ അധ്യക്ഷനും വിജയപുരം രൂപതയുടെ



ടി.എം. ജേക്കബ്


കാക്കനാടൻ


പി.സി. അലക്സാണ്ടർ


സുരേഷ് ബാബു


രവീന്ദ്രൻ


സുജനപാൽ


കാർട്ടൂണിസ്റ്റ് കുട്ടി

ആദ്യ ഭാരതീയ മെത്രാനുമായിരുന്ന ആർച്ച് ബിഷപ്പ് ഡോ. കോർണേലിയസ് ഇലഞ്ഞിക്കൽ.

ആഗസ്റ്റ് 10 : പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും തമിഴ്നാട്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ ഗവർണറുമായിരുന്ന ഡോ. പി.സി. അലക്സാണ്ടർ.

സാഹിത്യകാരനും പത്രപ്രവർത്തകനുമായിരുന്ന തമ്പി കാക്കനാടൻ.

ആഗസ്റ്റ് 18 : മലയാളിക്ക് ഇമ്പമേറിയ ഒട്ടനവധി ഗാനങ്ങൾ സമ്മാനിച്ച പ്രശസ്ത സംഗീതസംവിധായകൻ ജോൺസൺ.

ആഗസ്റ്റ് 30 : നാടകാചാര്യനായ വയലാ വാസുദേവൻ പിള്ള.

സെപ്റ്റംബർ 01 : കെ.പി.എം.എസ്. മുൻ പ്രസിഡന്റ് കെ.വി. കുമാരൻ.

സെപ്റ്റംബർ 06 : ചലച്ചിത്രനടനും നാടകസംവിധായകനുമായ മോഹൻ.

സെപ്റ്റംബർ 10 : ഗാന്ധിജിയുടെ തൃശൂരിലെ ചടങ്ങിൽ വന്ദേമാതരം പാടുകയും ഗാന്ധിജിയിൽനിന്ന് റോസാ പൂമാല ഏറ്റുവാങ്ങുകയും ചെയ്ത തെക്കേ കുറുപ്പത്ത് ഡോ. വിമലാ നായർ.

സെപ്റ്റംബർ 17: സ്വാതന്ത്ര്യസമര നിധിയിലേക്ക് സ്വർണവളകൾ ഊരിനൽകി മാതൃക കാട്ടിയ ധീരവനിത എ.വി. ലക്ഷ്മി അമ്മ.

സെപ്റ്റംബർ 18: മലയാളത്തിലെ ആദ്യ പിന്നണി ഗായകൻ ടി.കെ. ഗോവിന്ദറാവു

ഒക്ടോബർ 01 : മുൻ രഞ്ജി ക്രിക്കറ്റ് താരം കൃഷ്ണവർമ.

ഒക്ടോബർ 02 : ഡിറ്റക്ടീവ് നോവലിസ്റ്റ് നീലകണ്ഠൻ പരമാര.

ഒക്ടോബർ 19 : മലയാളസാഹിത്യത്തിൽ വേറിട്ടൊരു വഴി വെട്ടിത്തെളിച്ച കാക്കനാടൻ.

ഒക്ടോബർ 23 : മുൻ എം.പിയായ ടി. ഗോവിന്ദൻ.

പ്രശസ്ത കാർട്ടൂണിസ്റ്റ് കുട്ടി.

ഒക്ടോബർ 25 : ചലച്ചിത്രസംവിധായകൻ മോഹൻ രാഘവൻ.

ഒക്ടോബർ 26 : മുൻ എം.എൽ.എ ആയ പി. അബ്ദുൽ മജീദ്.

ഒക്ടോബർ 30 : സംസ്ഥാന ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രിയും കേരള കോൺഗ്രസ് ജേക്കബ് വിഭാഗം പാർട്ടി ലീഡറുമായ ടി.എം. ജേക്കബ്.

ഒക്ടോബർ 31 : മുൻമന്ത്രിയും കോൺഗ്രസ് നേതാവുമായ എം.പി. ഗംഗാധരൻ.

നവംബർ 19 : ധനകാര്യ മാനേജ്മെന്റ് വിദഗ്ധൻ ഡോ. ബാബു വിജയനാഥ്.


നവംബർ 21 : പ്രൊഫ. ഏറ്റുമാനൂർ സോമദാസൻ.

നവംബർ 30 : പ്രമുഖ മാധ്യമ പ്രവർത്തകൻ ജോയ് ശാസ്താംപടിക്കൽ.


ഡിസംബർ 04 : പ്രശസ്ത ബാലസാഹിത്യകാരനും നാടകകൃത്തുമായ കെ. തായാട്ട്.

ഡിസംബർ 22 : ആണവോർജ കമ്മിഷൻ മുൻചെയർമാൻ ഡോ. പി.കെ. അയ്യങ്കാർ.

ഡിസംബർ 23 : ക്രിസ്തുവിന്റെ ആറാം തിരുമുറിവ് ഉൾപ്പെടെ നിരവധി നാടകങ്ങളുടെ സംവിധായകൻ പി.എം. ആന്റണി. ■


കെ. തായാട്ട്


ജോൺസൺ


വിപിൻദാസ്


വാസുപ്രദീപ്


ടി.പി. സുന്ദർരാജ്


ആറന്മുള പൊന്നമ്മ


കാത്ത

റാസ അലിഗോറിയൻ അർഹനായി. *ആദാമിന്റെ മകൻ അബു*വിന് മൂന്നു പുരസ്കാരങ്ങൾ.

ഡിസംബർ 17 : നഴ്സിങ് മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തുന്നതിന് നിയമനിർമാണം നടത്താൻ സംസ്ഥാനങ്ങളോട് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടു.

ഒരു ലക്ഷം പേർക്ക് തൊഴിലും 50,000 സംരംഭങ്ങളും ലക്ഷ്യമിട്ട് സർക്കാർ ആരംഭിക്കുന്ന സംസ്ഥാന സ്വയം സംരംഭക മിഷന്റെ രജിസ്ട്രേഷൻ ആരംഭിച്ചു.

ഡിസംബർ 19 : പ്രധാനമന്ത്രിയായ ശേഷം ഡോ. മൻമോഹൻസിങ് നടത്തിയ മൂന്നാം മന്ത്രിസഭാ വികസനത്തിൽ അജിത് സിങ്ങിനെ കേന്ദ്ര വ്യോമയാന മന്ത്രിയാക്കി.

ഭക്ഷ്യസുരക്ഷാ ബില്ലിന് കേന്ദ്രമന്ത്രിസഭായോഗം അംഗീകാരം നൽകി.

ഡിസംബർ 20 : കർഷക പെൻഷൻ 400 രൂപയായി വർധിപ്പിച്ചു.

രാജ്യത്തെ ഞെട്ടിച്ച ബാംഗ്ലൂർ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഭീകരാക്രമണ കേസിൽ 6 പ്രതികളെ ജീവപര്യന്തം തടവിന് ശിക്ഷിച്ചു.

ഡിസംബർ 21 : പ്രധാനമന്ത്രിയെ ഉപാധികളോടെ ലോക്പാൽ പരിധിയിൽ ഉൾപ്പെടുത്തികൊണ്ട് ലോക്പാൽ ബില്ലിന്റെ കരടിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി.

ഡിസംബർ 23 : അടുത്ത അധ്യയന വർഷം മുതൽ 1-ാം ക്ലാസിൽ ചേരാനുള്ള പ്രായം 6 വയസ്സാക്കി നിജപ്പെടുത്തി.

ഡിസംബർ 24 : കേരള സർക്കാരിന്റെ പ്രവാസികാര്യ വകുപ്പിന് കീഴിലുള്ള നോർക്ക റൂട്ട്സിന്റെ കോൾ സെന്റർ പ്രവർത്തനം തുടങ്ങി.

ഡിസംബർ 27 : ഭാരതത്തിന്റെ ആദരവും അഭിമാനവുമായ 'ജനഗണമനയ്ക്ക്' 100 ാം ജന്മദിനം.

ഡിസംബർ 28 : കേന്ദ്രസർക്കാർ അവതരിപ്പിച്ച ലോക്പാൽ ബില്ലിന് ലോകസഭയുടെ അംഗീകാരം ലഭിച്ചു.

ഡിസംബർ 29 : അത്താണിയിൽ പടക്കനിർമാണ ശാലയിലുണ്ടായ സ്ഫോടനത്തിൽ പടക്കശാല ഉടമയും അഞ്ച് തൊഴിലാളികളും മരിച്ചു.

ഡിസംബർ 31 : സിക്കിം സംസ്ഥാന ലോട്ടറി കേന്ദ്രസർക്കാർ കേരളത്തിൽ നിരോധിച്ചു. ■

■ **കെ.സി. ജോസഫ്** (സാംസ്കാരിക-ഗ്രാമവികസന മന്ത്രി)

# ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഉത്പാദനമേഖലയിലേക്ക്

**ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നാല്പതു ശതമാനം തുക ഉപയോഗിച്ച് സാധന സാമഗ്രികൾ വാങ്ങാൻ അനുമതി നൽകുന്നതിലൂടെ കാർഷികമേഖലയിൽ തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥിരമായ ജോലിയും കർഷകർക്ക് കൃഷിക്ക് അനുയോജ്യമായ പശ്ചാത്തലവും ഉറപ്പു വരുത്താൻ കഴിയും.**

ഗ്രാമങ്ങളിലാണ് യഥാർഥ ഇന്ത്യ കുടികൊള്ളുന്നതെന്ന രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ദർശനത്തിന് ഈ ആധുനിക കാലഘട്ടത്തിലും പ്രസക്തിയേറുന്നു. ഗ്രാമങ്ങളുടെ അടിസ്ഥാനസൗകര്യവികസനവും കൃഷി തുടങ്ങിയ ഉത്പാദന മേഖലയിലെ പുരോഗതിയും നമ്മുടെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സമഗ്രവികസനത്തിന് അത്യന്താപേക്ഷിതമാണ്. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ച മഹാത്മാഗാന്ധിയുടെ ദർശനങ്ങളും ആശയങ്ങളും ഉൾക്കൊള്ളുന്നതാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുൾപ്പെടെ നമ്മുടെ രാജ്യത്തു നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ. ഗ്രാമവികസന വകുപ്പു മുഖേന നടപ്പാക്കുന്ന പദ്ധതികൾ കൂടുതൽ കാര്യക്ഷമമാ



ക്കാനും പൂർണമായ ലക്ഷ്യം കൈവരിക്കാനും സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

സംസ്ഥാന സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും, കേരളം വിജയകരമായി നടപ്പാക്കിവരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയും സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് വഴിയൊരുക്കുംവിധം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ഇതിനുള്ള നടപടികൾക്ക് തുടക്കമിട്ടുകഴിഞ്ഞു. തൊഴിലുറപ്പു പദ്ധതി ഉൾപ്പെടെയുള്ള പ്രധാന പദ്ധതികളെല്ലാം നടപ്പാക്കുന്നതിലൂടെ ഗ്രാമീണവികസനമേഖലയിൽ കേരളത്തിന് മുന്നേറ്റമുണ്ടാകും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ലക്ഷ്യം തൊഴിൽ നൽകുന്നതോടൊപ്പം ഗ്രാമീണ മേഖലയിൽ അടിസ്ഥാനസൗകര്യം സൃഷ്ടിക്കുകയെന്നതുമാണ്. എന്നാൽ അടിസ്ഥാന സൗകര്യവികസനമേഖലയിൽ തൊഴിലുറപ്പു പദ്ധതിപ്രകാരം കാര്യമായ നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. സംസ്ഥാനത്തിന്റെ കാർഷികമേഖലയിലെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് തൊഴിലുറപ്പു പദ്ധതി നമ്മുടെ സംസ്ഥാനത്തിന്റെ ഉത്പാദനമേഖലയുമായി ബന്ധപ്പെടുത്തേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്.

മുഖ്യമായും കൃഷിയെ ആശ്രയിക്കുന്ന സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ പുരോഗതിക്കായി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെ കാർഷികവൃത്തിയുടെ അഭിവൃദ്ധിക്കായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെ നടപടികൾ ഇത് ലക്ഷ്യമാക്കിയാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നാല്പതു ശതമാനം തുക ഉപയോഗിച്ച് സാധനസാമഗ്രികൾ വാങ്ങാൻ അനുമതി നൽകുന്നതിലൂടെ കാർഷികമേഖലയിൽ തൊഴിലാളികുടുംബങ്ങൾക്ക് സ്ഥിരമായ ജോലിയും കർഷകർക്ക് കൃഷിക്ക് അനുയോജ്യമായ പശ്ചാത്തലവും ഉറപ്പുവരുത്താൻ കഴിയും. ഇത്തരം സാധനസാമഗ്രികൾ ഉപയോഗിക്കുമ്പോൾ അതിന്റെ 75 ശതമാനം കേന്ദ്രസർക്കാരും 25 ശതമാനം സംസ്ഥാനസർക്കാരുമാണ് വഹിക്കുന്നത്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്ക് ഇപ്പോൾ പാലക്കാട്, വയനാട് ജില്ലകളിൽ മാത്രമേ ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ നിയമിച്ചിട്ടുള്ളു. ജില്ലാതല മോണിട്ടറിങ്ങിന് എട്ടു ജില്ലകളിൽ മാത്രമേ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ ഉള്ളൂ. പദ്ധതിയുടെ കാര്യക്ഷമത വർധിപ്പിക്കാനായി എല്ലാ ജില്ലകളിലും ജോയിന്റ് കോ-ഓർഡിനേറ്ററെയും ബ്ലോക്ക് പ്രോഗ്രാം ഓഫീസറെയും നിയമിക്കാൻ സർക്കാർ തീരുമാനിച്ചുകഴിഞ്ഞു. പദ്ധതിക്കാവശ്യമായ ഓഫീസ് സൗകര്യത്തിനുവേണ്ടി എല്ലാ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിലും രാജീവ് ഗാന്ധി സേവാകേന്ദ്രം നിർമിക്കും. ഇതിന് ബ്ലോക്ക് പഞ്ചായത്തിന് 25 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തിന് 10 ലക്ഷം രൂപയും നൽകുന്ന കേന്ദ്രസർക്കാർ പദ്ധതി ഉടൻ നടപ്പാക്കും.



സമഗ്രവികസനത്തിൽ പരിസ്ഥിതി സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം എന്നിവ ഉൾപ്പെടുന്നു. സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളിൽ 686 ഗ്രാമപഞ്ചായത്തുകളിൽ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറായിക്കഴിഞ്ഞു. ബാക്കിയുള്ള 292 ഗ്രാമപഞ്ചായത്തുകളിൽ ഈ സാമ്പത്തിക വർഷംതന്നെ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തും.

എം.പി, എം.എൽ.എ ഫണ്ട്, കേന്ദ്രാവിഷ്കൃതപദ്ധതികളായ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന, ആർ.ഐ.ഡി.എഫ്. എന്നിവ ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചുകഴിഞ്ഞു. ഇതിനായി ബ്ലോക്കുതലത്തിൽ എൻജിനീയറിങ് വിഭാഗത്തെ ശക്തിപ്പെടുത്തും. ഓവർസിയർ, അസിസ്റ്റന്റ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരടങ്ങിയതായിരിക്കും ബ്ലോക്കുതലത്തിൽ രൂപീകരിക്കുന്ന എൻജിനീയറിങ് വിഭാഗം.

60 ലക്ഷം രൂപയിൽ കൂടുതൽ ചെലവിടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ഒരു അക്രഡിറ്റഡ് എൻജിനീയർ, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ നിയമിക്കും. അക്രഡിറ്റഡ് എൻജിനീയർ, അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഐ ടി പ്രൊഫഷണൽ എന്നിവരുടെ ശമ്പളം ഈ വർഷം ഡിസംബർ മുതൽ പരിഷ്കരിക്കും.

പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന, ഇന്ദിരാ ആവാസ് യോജന തുടങ്ങിയ പദ്ധതികൾ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് നവീകരിച്ച് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കും. ഇതിലേക്കായി കേന്ദ്രസർക്കാരിന്റെ അനുമതി തേടും.

ഗ്രാമവികസനരംഗത്ത് നടപ്പുസാമ്പത്തികവർഷവും പന്ത്രണ്ടാം പദ്ധതിക്കാലയളവിലും വിപുലമായ പദ്ധതികൾ നടപ്പാക്കാൻ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നു. പന്ത്രണ്ടാം പദ്ധതിക്കാലത്ത് ഗ്രാമവികസനമേഖലയിൽ അടിസ്ഥാനസൗകര്യമുണ്ടാക്കാൻ കേന്ദ്രസഹായം നേടിയെടുക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഈ ശ്രമം വിജയിപ്പിക്കാൻ എല്ലാവരുടേയും സഹകരണം ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ■

■ വി.ബി. നന്ദകുമാർ

# ഭഗവാനും ഭക്തനും ഒന്നാകുന്ന ശബരിമല




**വൃശ്ചികം പുലരുന്നതോടൊപ്പം നാടിന്റെ ആത്മീയതേജസും ഉണരുകയാണ് പതിവ്. കേരളത്തിൽ മതസൗഹാർദ്ദത്തിന്റെ അന്തരീക്ഷവും ഇതേസമയത്ത് ഉണരും.**

നാട്ടിലെ ക്ഷേത്രങ്ങളിൽ നിന്നെല്ലാം അയ്യപ്പകീർത്തനങ്ങൾ ഉൾപ്പെടെയുള്ള ഭക്തിഗാനങ്ങൾ ഒഴുകുവാൻ തുടങ്ങും. പിന്നെ നാല്പത്തൊന്നു ദിവസം ഇവിടങ്ങളിലെല്ലാം പ്രത്യേക അയ്യപ്പപൂജയും മറ്റ് ചടങ്ങുകളും. 41-ാം ദിവസം മണ്ഡലപൂജാദിവസം കേരളത്തിലെ ക്ഷേത്രങ്ങളിലെല്ലാം വൻഭക്തജനത്തിരക്കാണ് അനുഭവപ്പെടുക. ഇതേസമയത്ത് തന്നെയാണ് കേരളത്തിലെ മറ്റെല്ലാ ആരാധനാലയങ്ങളും സജീവമാകുന്നത്. ക്രിസ്ത്യൻ ദേവാലയങ്ങളിൽ ക്രിസ്തുമസിന് മുന്നോടിയായുള്ള ആഘോഷങ്ങളും പ്രഭാഷണപരമ്പരകളും നടക്കുന്നത് വൃശ്ചികം, ധനുമാസങ്ങളിലെ മഞ്ഞുള്ള രാത്രികളിലാണ്.

മുസ്ലിം ജുമ് അ മസ്ജിദുകളിൽ മതവിജ്ഞാനസദസുകൾ നടക്കുന്നതും ഇതേ കാലയളവിൽ തന്നെയാണ്. ചുരുക്കത്തിൽ മതസൗഹാർദ്ദത്തിന്റെ മകുടോദാഹരണമായ ശബരിമല അയ്യപ്പക്ഷേത്രത്തിന്റെ തിരുനട വൃശ്ചികം ഒന്നിന് തുറക്കുമ്പോൾ കേരളത്തിന്റെ എല്ലാ ആരാധനാലായങ്ങളും ഉണരുന്നു. സന്നിധാനത്ത് തന്നെ വാവർക്ക് ഒരു ആലയവും അവിടത്തെ പുരോഹിതരുടെ ചുമതല ഒരു മുസ്ലിം കുടുംബത്തിന് നൽകുകയും ചെയ്തിരിക്കുന്നു. ഇതുമാത്രമല്ല ആദിവാസികളായ അധസ്ഥിതർ എന്നു മുദ്ര കുത്തപ്പെട്ട വിഭാഗത്തിൽപ്പെട്ട കറുപ്പസ്വാമിക്കും മറ്റും പ്രത്യേക ഇടവും ക്ഷേത്രമുറ്റത്തുണ്ട്. ഇവിടെ ദർശനത്തിനെത്തുന്ന ഭക്തനെ ജാതിയുടെയോ മതത്തിന്റെയോ വർഗ്ഗ വർണ്ണ ദേശ വ്യത്യാസത്തിന്റെയോ പേരിൽ മാറ്റിനിർത്തുന്നില്ല. 10നും 50നും ഇടയ്ക്ക് പ്രായുമുള്ള സ്ത്രീകൾക്ക് പ്രവേശനം ആചാരപരമായി വിലക്കിയിട്ടുണ്ട് എന്നതൊഴിച്ചാൽ തികച്ചും മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ ക്ഷേത്രാന്തരീക്ഷമാണിവിടെ. ഭഗവാനും ഭക്തനും ഒന്നാകുന്ന അപൂർവസംഗമ കേന്ദ്രം.

വൃശ്ചികം ഒന്ന് ഇന്ന് കേരളത്തിന്റെ മാത്രമല്ല, ഭാരതത്തിന്റെ തന്നെ വ്രതാരംഭദിനമായി മാറിയിരിക്കുന്നു. ശബരിമലയാത്ര വെറുമൊരു യാത്രയുമല്ല. ആത്മശുദ്ധീകരമായ ജീവിതയജ്ഞം കൂടിയാണ്. 1187 വൃശ്ചികം ഒന്നുമുതലാണ് ഇത്തവണത്തെ മണ്ഡലപൂജ-മകരവിളക്ക് തീർത്ഥാടനകാലഘട്ടം ആരംഭിച്ചത്. ധനുമാസം 11 വരെ 41 ദിവസം മണ്ഡലപൂജകാലം. ഇത്തവണ ഡിസംബർ 27നായിരുന്നു മണ്ഡ



ലപൂജ. അതുകഴിഞ്ഞ് രണ്ട് ദിവസം നട അടച്ചിട്ടു. മകരവിള ക്കിനായി വീണ്ടും 30ന് വൈകു ന്നേരം 5.30ന് തുറന്നു. 1187 മകരം ഒന്നിന് 2012 ജനുവരി 15നാണ് ഇത്തവണത്തെ മകരവിളക്ക്. 14ന് രാത്രി 12.59ന് മകരസംക്രമപൂജ നടക്കും. മകരവിളക്കുകഴിഞ്ഞാൽ തുടർന്ന് അഞ്ചുദിവസം മാളികപ്പുറം ദേവീക്ഷേത്രത്തിൽ ഉത്സവച്ചടങ്ങുകളും ആനപ്പുറത്ത് എഴുന്നള്ളിപ്പും നടക്കും. ജനു വരി 21ന് രാവിലെ 7ന് നട അട യ്ക്കും. ഈ ദിവസം രാവിലെ പന്തളം രാജാവും അയ്യപ്പനും തമ്മിലുള്ള കൂടിക്കാഴ്ചയും മറ്റ് ചടങ്ങുകളും. ഈ സമയം മറ്റു ള്ളവർക്ക് ക്ഷേത്രനടയിൽ പ്രവേ ശനമില്ല.

## മുദ്രാധാരണവും ശരണംവിളിയും

പുരാതനകാലം മുതൽ അനു ഷ്ഠിച്ചുവരുന്നതാണ് മാലയിടലും ശരണംവിളിയും. വൃശ്ചികം ഒന്നിന് പുലർച്ചെ കുളിച്ച് ഈറ നണിഞ്ഞ് അടുത്തുള്ള ക്ഷേത്രനടയി ലെത്തി ശരണം വിളിച്ച് കഴുത്തിൽ അയ്യ പ്പമാല അണിയുന്നു. ഈ ചടങ്ങിനെയാണ് മുദ്രാധാരണം എന്നുപറയുന്നത്. മുദ്ര ധരി ച്ചുകഴിഞ്ഞാൽ യഥാവിധി രണ്ടുനേരം കുളിച്ച് ശുചിയായി അയ്യപ്പന് ശരണം വിളി ക്കണം. ശുദ്ധാഹാരമേ കഴിക്കാവു. ബ്രഹ്മ ചര്യം അനുഷ്ഠിക്കണം. സർവ്വ ജീവജാല ങ്ങളും അയ്യപ്പനാണെന്ന് സങ്കല്പിച്ച് പെരു മാറണം. ഭൂമിയിൽ മനുഷ്യനോടൊപ്പമുള്ള എല്ലാത്തിനെയും സ്നേഹിക്കുകയും ആദ രിക്കുകയും ചെയ്യണമെന്ന തത്വമാണ് ഇതിന് പിന്നിൽ. ഇത്രയും അനുഷ്ഠിച്ചാൽ കണ്ഠത്തിലണിഞ്ഞ മുദ്ര ശക്തിമത്താവും.

ദൈനംദിന ജീവിതപ്രവർത്തികളാൽ അറിഞ്ഞും അറിയാതെയും മലിനമായ മന സ്സിനെ ശുദ്ധമാക്കുന്ന മന്ത്രമാണ് ശരണം വിളി. മല കയറുമ്പോൾ ശരണം വിളി ക്കാതെ കയറുന്ന ഭക്തൻ കിതച്ചുനിൽക്കു മ്പോൾ വാതുറന്ന് അയ്യപ്പശരണം വിളിയ്ക്കുന്ന ഭക്തർ വേഗത്തിൽ മല കയറി തിരുസന്നിധിയിലെത്തുന്നു. ഇതിന്റെ പിന്നിൽ ഒരു ആത്മീയശക്തി യുണ്ട് എന്നതിനൊപ്പം ശാസ്ത്രീയവശം കൂടി മനസ്സിലാക്കേണ്ടതാണ്. ഗ്രന്ഥികൾ തടസ്സമില്ലാതെ പ്രവർത്തിക്കുന്നു. മാത്രമല്ല വാ തുറന്ന് ഉച്ചത്തിൽ ശരണം വിളിക്കു മ്പോൾ കൂടുതൽ അളവ് ഓക്സിജൻ ഉള്ളി ലേക്ക് എത്തും. മല കയറുമ്പോൾ ഇതു ഭക്തനെ വളരെയേറെ സഹായിക്കുന്നു. സന്നിധാനത്ത് ആഴിക്കു സമീപമുള്ള ആൽമരം വലിയൊരളവിൽ ഓക്സിജൻ പുറത്ത്വിടുന്നുണ്ട്. ഇത് ഭക്തർക്ക് വളരെ അനുഗ്രഹവുമാണ്.

## ഇരുമുടിക്കെട്ട്, നെയ്യഭിഷേകം, ആഴി

ശിരസ്സിൽ ഇരുമുടിക്കെട്ടുമേന്തി കഴു ത്തിൽ മുദ്രമാലയുമിട്ട് കറുത്ത മുണ്ടുടുത്ത് അർധനഗ്നനായി ഭഗവാനെ കാണാനായി കാടുകളും മലകളും താണ്ടി തീർഥാടകൻ പോകുന്ന കാഴ്ച ലോകത്തിൽ ശബരിമ ലയിൽ മാത്രമേ ദർശിക്കാനാവൂ. അയ്യപ്പ ന്മാർ ശബരിമല യാത്ര ചെയ്യുമ്പോൾ തല യിൽ കരുതുന്ന ഇരുമുടിക്കെട്ടിനെ പള്ളി ക്കെട്ടെന്നാണ് ആദരവോടെ വിളിക്കുന്നത്. മുൻകെട്ട്, പിൻകെട്ട് എന്നിങ്ങനെ രണ്ട് ഭാഗങ്ങളുള്ളതിനാലാണ് ഇരുമുടിക്കെട്ട് എന്ന പേരുവന്നത്. മുൻകെട്ട് ആത്മീയജീ വിതവും പിൻകെട്ട് ഭൗതികജീവിതവും സൂചിപ്പിക്കുന്നു. മുൻകെട്ടിൽ നെയ് ത്തേങ്ങയും മറ്റ് വഴിപാട് സാധനങ്ങളും നിറയ്ക്കുമ്പോൾ പിൻകെട്ടിൽ യാത്രയ്ക്കി ടയിൽ ഭക്ഷണത്തിനുള്ള സാധനങ്ങ ളുമാണ് കരുതുന്നത്. ഭക്തൻ നാളികേര ത്തിൽ നിറച്ചുകൊണ്ടുവരുന്ന നെയ്യ് അവന്റെ ജീവാത്മാവായാണ് സങ്കല്പിക്കു ന്നത്. പതിനെട്ടുപടികൾ കയറി പരമാത്മാ വായ ഈശ്വരനിൽ ജീവാത്മാവിനെ അഭി ഷേകം ചെയ്യുന്നതോടെ ഭക്തൻ ഭഗവാന്റെ മുന്നിലെ അയ്യപ്പനായി മാറുന്നു. നാളി കേരം ഉടച്ച് നെയ്യ് പുറത്തെടുത്ത ശേഷം അവശേഷിക്കുന്ന നാളികേരമുറികളെ ആഴി യിൽ ദഹിപ്പിക്കുന്നതോടെ ജീവാത്മാവിനെ വഹിച്ചുകൊണ്ടുവന്ന ശരീരം ശുദ്ധമാവു കയാണ്. അഗ്നിയിൽ ദഹിച്ചു ഭസ്മമായി ക്കഴിഞ്ഞാൽ എല്ലാം ശുദ്ധമാകുമെന്നുത ന്നെയാണ് സങ്കല്പവും വിശ്വാസവും. ഇത്തരത്തിൽ അഗ്നിയിൽ ദഹിച്ചുണ്ടാകുന്ന നാളികേരധൂളി ശുദ്ധമായ പ്രസാദമായി മാറു ന്നത് ഇതുകൊണ്ടാണ്.

ശബരിമല നടതുറന്നുകഴിഞ്ഞ് ശ്രീല കത്ത് ദീപം തെളിച്ചശേഷം മേൽശാന്തി പടിയിറങ്ങിവന്ന് ആഴിയിൽ ദീപം തെളിക്കും. ഇതാണ് തുടർന്ന് ആഴിയായി മാറുന്നത്. ക്ഷേത്രനട അടച്ചുകഴിഞ്ഞാൽ ആഴി കെടും.നാളികേരം കത്തി ഉണ്ടാകുന്ന അഗ്നിയും പുകയും രോഗാണുകളെ നശി പ്പിച്ച് പരിസ്ഥിതിയെ ശുദ്ധമാക്കുന്നു.



## ദർശനം

ശബരിലയിൽ ഈ വർഷം മുതൽ ദർശനസമയം വർധിപ്പിച്ചിട്ടുണ്ട്. പുലർച്ചെ 3 ന് നട തുറക്കും. ഉച്ചയ്ക്ക് ഒന്നിന് നട അടയ്ക്കും. തുടർന്ന് വൈകിട്ട് മൂന്നിന് തുറക്കുന്ന ശ്രീലകം രാത്രി ഹരിവരാസനത്തിന് ശേഷം 11.45ന് അടയ്ക്കും.

രാവിലെ നിർമാല്യപൂജയും ഗണപതി പൂജയുമാണ് പ്രധാന ചടങ്ങ്. ഉഷപൂജ 7.30 നും ഉച്ചപൂജ 12.30 നും നടക്കും. ഉച്ചപൂജാസമയത്താണ് അരവണ നിവേദ്യം ചെയ്യുന്നത്. ചില ദിവസങ്ങളിൽ ഉച്ചപൂജയോടൊപ്പം കളഭാഭിഷേകവും ഉണ്ടാവും. അത് ഭക്തരുടെ നേർച്ചയായയാണ് ചെയ്യുന്നത്. കളഭാഭിഷേകം ഉള്ള ദിവസം കളഭകലശ പ്രദക്ഷിണവും പതിനെട്ടാംപടിക്കു മുകളിൽ മലദേവന്മാർക്ക് ഹവിസ് അർപ്പിക്കലും നടക്കും. വൈകുന്നേരം 6.30 ന് തന്നെ ദീപാരാധന നടക്കും. രാത്രി 11 മണിയോടെ അത്താഴപൂജയ്ക്കുള്ള ചടങ്ങുകൾ ആരംഭിക്കും. മേൽശാന്തിയാണ് അത്താഴപൂജയ്ക്ക് കാർമികത്വം വഹിക്കുന്നത്. ഭഗവാന് ഇഷ്ടനിവേദ്യമായ അപ്പവും പാനകവും അർപ്പിക്കുന്നത് അത്താഴപൂജയ്ക്കാണ്. ശർക്കര, വെള്ളം ചേർത്ത് ഉരുക്കിയ ശേഷം അത് ചൂടാറിച്ച് അരിച്ചെടുക്കുന്ന ശർക്കരപാനിയിൽ ചെറുനാരങ്ങനീര് ചേർത്ത ശേഷം ചുക്കുപൊടിയും ജീരകപ്പൊടിയും മേമ്പൊടിയായി ചേർത്ത് തയാറാക്കുന്നതാണ് പാനകം.

## തങ്കഅങ്കി ചാർത്തി ദീപാരാധന

ശബരിമലയിലെ ഇത്തവണത്തെ തങ്കഅങ്കി ചാർത്തിയുള്ള ദീപാരാധന 1187 ധനു 10 (26.12.2011) ന് നടന്നു. തിരുവിതാംകൂർ മഹാരാജാവ് ശബരിമല ശ്രീധർമശാസ്താവിന് മണ്ഡലപൂജയ്ക്ക് ചാർത്താൻ നടയ്ക്ക്, വച്ചതാണ് തങ്കഅങ്കി. ധനു 7 ന് രാവിലെ 7 ന് തിരുവാറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് രഥഘോഷയാത്രയായയാണ് തങ്കഅങ്കി ശബരിമലയിലേക്ക് കൊണ്ടുവന്നത്. വിവിധ സ്ഥലങ്ങളിലെ ക്ഷേത്രനടകളിലൂടെ സഞ്ചരിച്ചെത്തുന്ന തങ്കഅങ്കി ധനു 10 ന് ഉച്ചയ്ക്ക് പമ്പയിലെത്തി അവിടെനിന്നും തലച്ചുമടായി ശരംകുത്തിയിലെത്തിച്ചു. സന്നിധാനത്തുനിന്നുള്ള ദേവസ്വം അധികൃതർ ആചാരപൂർവം സ്വീകരിച്ച് ക്ഷേത്രത്തിൽ പതിനെട്ടാം പടിക്ക് മുകളിൽ തങ്ക അങ്കിയെ സ്വീകരിച്ച് മേൽശാന്തിക്ക് കൈമാറി. 26 ന് തിങ്കളാഴ്ച തങ്കഅങ്കി ചാർത്തിയുള്ള അയ്യപ്പനെ ദർശിക്കാൻ വൻഭക്തജനത്തിരക്കാണ് അനുഭവപ്പെട്ടത്. 27ന് ഉച്ചയ്ക്ക് ഉച്ചപൂജയോടനുബന്ധിച്ച് മണ്ഡലപൂജ നടന്നു. ഉച്ചയ്ക്ക് ഒരുമണിക്ക് ശേഷമുള്ള മേടം രാശി മുഹൂർത്തത്തിൽ മണ്ഡലപൂജ നടന്നു. തുടർന്ന് നട അടച്ചു. 27ന് വൈകുന്നേരം നട അടച്ചതോടെ ഈ വർഷത്തെ മണ്ഡലപൂജ തീർഥാടനകാലഘട്ടത്തിന് സമാപ്തിയായി ■

# ഇൻഫോപാർക്ക്: 2018 – ൽ തൊഴിൽ അവസരം 80,000 കവിയും

**ഐ** ടി രംഗത്ത് കേരളത്തിന്റെ അഭിമാനമായി മാറിയ ഇൻഫോപാർക്ക് അടുത്ത ഏഴു വർഷംകൊണ്ട് തൊഴിലവസരം അഞ്ചുമടങ്ങിലധികം വർധിപ്പിക്കാനുള്ള തയാറെടുപ്പിലാണ്. 2004 ൽ സ്ഥാപിതമായ പാർക്ക് 34 ലക്ഷം ച.അടി സമുച്ചയങ്ങളായി 104 ഐ ടി അനുബന്ധ കമ്പിനികളിലൂടെ 15,000 പേർക്കാണ് ഇപ്പോൾ തൊഴിൽ അവസരം നൽകുന്നത്. 2018 ൽ ഇൻഫോപാർക്കിലെ മൊത്തം തൊഴിലവസരം 80,000 കവിയുമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞു.



കഴിഞ്ഞഅഞ്ചു വർഷംകൊണ്ട് സോഫ്റ്റ്വെയർ കയറ്റുമതിയിൽ ഇൻഫോപാർക്ക് നാലുമടങ്ങോളം വർധന കൈവരിച്ചു. 2007–08 ലെ 247.05 കോടിയിൽനിന്ന് ഇക്കഴിഞ്ഞ സാമ്പത്തിക വർഷം 900 കോടി രൂപയായി കയറ്റുമതി വരുമാനം വർധിച്ചു. 5.30 ലക്ഷം ച.അടിയിൽ നിന്ന് 34 ലക്ഷം ച. അടിയിലേക്ക് ഐ ടി അനുബന്ധ കെട്ടിട സമുച്ചയങ്ങൾ വളർന്നതായി അദ്ദേഹം പറഞ്ഞു. ഇൻഫോപാർക്ക് ഒന്നാം ഘട്ടത്തിലെ 82 ഉം രണ്ടാം ഘട്ടത്തിലെ 32 ഉം ഏക്കർ സ്ഥലത്തിന് സെസ് പദവി ലഭിച്ചതാണ്. രണ്ടാം ഘട്ടത്തിലെ 67 ഏക്കറിനുള്ള സെസ് പ്രഖ്യാപനം ഉടനെയുണ്ടാകും. ചേർത്തല ഇൻഫോപാർക്കിലെ 60 ഏക്കറിന് നേരത്തേ സെസ് പദവി ലഭിച്ചിരുന്നു. കൊച്ചി ഇൻഫോപാർക്കിലെ നിലവിലുള്ള 34 ലക്ഷം ച.അടിയിൽ മൂന്നിൽ രണ്ടു ഭാഗം സമുച്ചയവും വികസിപ്പിക്കാൻ പങ്കാളികളായ കമ്പനികൾ മുന്നോട്ടുവന്നിരുന്നു. വരുന്ന മൂന്നു വർഷത്തിനുള്ളിൽ ഒന്നാംഘട്ടത്തിന്റെ ഭാഗമായി ഇൻഫോപാർക്കിന്റെ മൊത്തം സമുച്ചയം 50 ലക്ഷം ച.ആടിയായി വികസിപ്പിക്കും. അതുവഴി 40,000 ഐ ടി പ്രൊഫഷണലുകൾക്ക് തൊഴിൽ ലഭിക്കും.

ഇൻഫോപാർക്ക് വികസനത്തിനായി പുത്തൻകുരിശ്, കുന്നത്തുനാട് വില്ലേജുകളിലായി ഏറ്റെടുത്ത 160 ഏക്കറിൽ 125 ഏക്കറിന്റെയും സ്ഥലമെടുപ്പു നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2500 കോടി രൂപ ലക്ഷ്യമിടുന്ന വികസന പദ്ധതികൾ ഏഴു വർഷംകൊണ്ട് പൂർത്തിയാകുമ്പോൾ ഇൻഫോപാർക്കിൽ 80 ലക്ഷം ച.അടി വിസ്തൃതിയിൽ ഐ ടി അനുബന്ധ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയും. 2018 ൽ 80,000 പ്രൊഫഷണലുകൾ പണിയെടുക്കുന്ന രാജ്യത്തെ ഒന്നാംകിട ഐ ടി സ്ഥാപനമായി ഇൻഫോപാർക്ക് മാറുമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചൂണ്ടിക്കാട്ടി. 12 ാംപഞ്ചവത്സര പദ്ധതിക്കാലയളവിൽ 260 കോടി ചെലവിൽ 12 ലക്ഷം ച.അടി ഐ ടി സമുച്ചയം കൂടി നിർമിക്കും. ചെറുകിട, ഇടത്തരം കമ്പനികൾക്കുകൂടി സൗകര്യമൊരുക്കുന്നവിധമാണ് വികസനപദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. 450 കോടി രൂപ സംസ്ഥാന സർക്കാർ തനതായി ചെലവിടും. 2050 കോടി രൂപ ഐ ടി കമ്പനികളിൽനിന്നും സംരംഭകരിൽനിന്നും വികസനപദ്ധതികൾക്കായി പ്രതീക്ഷിക്കുന്നുണ്ട്.

2011 ജനുവരിയിൽ കമ്മിഷൻ ചെയ്ത ചേർത്തല ഇൻഫോപാർക്ക് ഒന്നാം ഘട്ടത്തിന്റെ ഭാഗമായി 1000 പേർക്കാണ് തൊഴിൽ ലഭ്യമായത്. സ്ഥലവില ഒഴികെ 75 കോടി രൂപയാണ് അവിടെ നിക്ഷേപത്തിന് വേണ്ടിവന്നത്. 2.40 ച.അടി കെട്ടിടസമുച്ചയം അവിടെ പൂർത്തീകരിച്ചിട്ടുണ്ട്. കൊരട്ടി ഇൻഫോപാർക്കിൽ 50,000 ച.അടി സമുച്ചയമാണ് തയാറാക്കിയത്. 24 കമ്പനികളിലായി 400 പേർ അവിടെ തൊഴിലെടുക്കുന്നു. 15 ഏക്കർ കൂടി അവിടെ ഏറ്റെടുത്തശേഷം സെസ് സംബന്ധിച്ച നടപടികൾ പൂർത്തിയാക്കുമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞു.

***പി. വിനോദ്***

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, എറണാകുളം*

■ സന്ധ്യാ തോമസ്

ദേശീയ വിനോദ സഞ്ചാരദിനം – ജനുവരി 25



# തണുപ്പിന്റെ കാഴ്ചകൾ

വയനാട് ചുരം – ഒരു വിദൂരദൃശ്യം

**വയനാട്ടിലെ ഏറ്റവും വലിയ പ്രത്യേകത വളരെ കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരകേന്ദ്രങ്ങളിലെല്ലാം സഞ്ചരിക്കാൻ കഴിയുമെന്നതാണ്.**

കോടമഞ്ഞ് മൂടിക്കിടക്കുന്ന ചുരം... മനസ്സിലേക്ക് പതിയെ ഇറങ്ങുന്ന തണുപ്പ്. പൊട്ടിച്ചിരിച്ച് ഒഴുകുന്ന കാട്ടരുവികൾ, മഞ്ഞിൽക്കുളിച്ച് മയങ്ങുന്ന പ്രകൃതി, മൂടിപ്പുതച്ചു നടക്കുന്ന ആദിവാസികൾ... കേരളത്തിന്റെ പ്രിയപ്പെട്ട ടൂറിസം സങ്കേതമായി മാറുകയാണ് വയനാട്.

കേരളത്തിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാരുടെ കണക്കുകൾ ശരിയാണെങ്കിൽ ഉത്തരേന്ത്യയിലെയും വിദേശത്തെ വിനോദസഞ്ചാരികൾ വയനാട്ടിലേക്ക് വരാനാണ് ഏറ്റവും അധികം ആഗ്രഹിക്കുന്നത്. ഇന്ത്യൻ ഭൂപ്രകൃതിയുമായി താരതമ്യം ചെയ്യുമ്പോൾ തനിമയും സൗന്ദര്യാത്മകതയും ഒത്തിണങ്ങിയ ഭൂപ്രകൃതിയാണ് കേരളത്തിലെ വയനാട്ടിനുള്ളത്.

സമുദ്രനിരപ്പിൽനിന്നും 700 മുതൽ 2100 മീറ്റർ ഉയരത്തിൽ ഭൂപ്രകൃതിയിലും ജൈവമേഖലയിലും മറ്റെങ്ങുമില്ലാത്ത വൈവിധ്യം പുലർത്തി 2126 ച.കി.മീ. വിസ്തൃതിയിൽ വയനാട് സ്ഥിതിചെയ്യുന്നു. എട്ടു ലക്ഷത്തിലേറെവരുന്ന ജനസംഖ്യയിൽ 20% ഗോത്രവിഭാഗക്കാരാണ്. കേരളത്തിൽ ആകെയുള്ള 57 ഗോത്രവിഭാഗങ്ങളിൽ 16 എണ്ണം വയനാട്ടിലുണ്ട്.

ഇക്കോടൂറിസം, തീർഥാടനം, സാഹസികം, പൈതൃകം, ജൈവവൈവിധ്യം, ഫാം ടൂറിസം, ഹെൽത്ത് ടൂറിസം തുടങ്ങി ടൂറിസത്തിന്റെ അനന്ത സാധ്യതകൾ എല്ലാംതന്നെ വയനാട്ടിലുണ്ട്. ആഗോളതലത്തിൽ സമീപകാലത്ത് ഏറെ പ്രചാരം സിദ്ധിക്കുകയും എന്നാൽ വളരെക്കുറച്ചുമാത്രം മനസ്സിലാക്കപ്പെടുകയും ചെയ്ത ഒരു സംഗതിയാണ് ഇക്കോടൂറിസം അഥവാ പരിസ്ഥിതിസൗഹൃദ ടൂറിസം. പരിസ്ഥിതിക്കും ആതിഥേയസമൂഹത്തിനും ഏറ്റവും കുറഞ്ഞ പാർശ്വഫലങ്ങളും എന്നാൽ പരമാവധി നേട്ടവുമുണ്ടാക്കിക്കൊണ്ട് താഴെക്കിടയിലുള്ളവരുടെ സാമ്പത്തിക ഉന്നമനത്തിന് ലക്ഷ്യമിടുന്ന ഇക്കോടൂറിസം സന്ദർശകർക്ക് പരമാവധി അറിവും ആനന്ദവും പകരുന്നതിന് ശ്രമിക്കുന്നു.

ജനവാസം താരതമ്യേന കുറഞ്ഞതും നാഗരികത എത്തിനോക്കാത്തതും മലിനീകരണത്തിന് വിധേയമാകാത്തതുമായ ചുറ്റുപാടുകളിൽ പ്രകൃതിയെയും പക്ഷിലതാദികളെയും വന്യമൃഗങ്ങളെയും വിജ്ഞാനതൃഷ്ണയോടെ നോക്കിക്കാണുകയും അതുവഴി പരിസ്ഥിതി സംരക്ഷിക്കുകയും ചെയ്യുന്നത് ഇക്കോടൂറിസത്തിന്റെ പ്രത്യേകതയാണ്. ജൈവവൈവിധ്യത്താൽ സമ്പുഷ്ടവും തരളവുമായ വയനാടാണ് ഇതിന് ഏറെ അനുയോജ്യം.

കുന്നുകളും മലകളും കാടുകളും തടാകങ്ങളും പുഴയും ജൈവവൈവിധ്യവും പ്രകൃതിരമണീയതയും കലയും സംസ്കാരവും അനുകൂലാവസ്ഥയും കൊണ്ട്

സമ്പുഷ്ടമായ വയനാട് ഇക്കോടൂറിസത്തിന് ഏറെ അനുകൂലമായ പ്രദേശമാണ്. ഇക്കോ ടൂറിസം ടൂറിസ്റ്റുകളുടെ എണ്ണത്തിലും നില വാരത്തിലുമാണ് ഊന്നൽ കൊടുക്കേണ്ടത്. ഇക്കോടൂറിസ്റ്റുകൾ നഗരപ്രദേശങ്ങ ളിൽനിന്നുവരുന്നവരും സമ്പന്നരും ആയ തിനാൽ നേട്ടം കൊയ്യാവുന്നതുമാണ്. ഇതു വരെ ലോകഭൂപടത്തിൽ ഇല്ലാതിരുന്ന വയ നാട് അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ലോകമെങ്ങും അറിയപ്പെടുന്ന ടൂറിസം ഡെസ്റ്റിനേഷനായി മാറും.

വരും തലമുറയ്ക്കു വേണ്ടി പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള പദ്ധ തികൾ നടപ്പിലാക്കിയില്ലെങ്കിൽ വയനാ ടിന്റെ ഹരിതാഭയും ആദിവാസികളുടെ താവളവും സംസ്കാരവും നമുക്ക് അന്യം നിന്നുപോകും.

പ്രകൃതിയുടെയും സംസ്കാരത്തി ന്റെയും ചരിത്രത്തെക്കുറിച്ച് സന്ദർശകരിൽ അവബോധം സൃഷ്ടിക്കുകയും അവ സംര ക്ഷിക്കുന്നതിൽ സന്ദർശകരെ ഭാഗഭാക്കാ ക്കുകയും വേണം. ടൂറിസം പദ്ധതികളിൽ തദ്ദേശവാസികളുടെ പങ്കാളിത്തം ഉറപ്പാ ക്കാനും ഇതിലൂടെ ദീർഘകാലവികസനം അവരുടെ സഹായത്താൽ നടപ്പാക്കാനും സാധിക്കും. ഇക്കോടൂറിസത്തിലൂടെ സംര ക്ഷിക്കപ്പെടുന്നത് പരിസ്ഥിതി മാത്രമല്ല നമ്മുടെ തനത്കലകളും സംസ്കാരവും കൂടിയാണ്.

ഒരു ഗതകാല സംസ്കാരത്തിന്റെ ഓർമ ക്കുറിപ്പായി നിലനിൽക്കുന്ന വയനാടിനെ പ്പറ്റി എത്ര വർണിച്ചാലും അധികമാവില്ല. കിഴക്ക് നീലഗിരിയും വടക്കുകിഴക്ക് മൈസൂറും വടക്കുപടിഞ്ഞാറ് കുടകും പടി ഞ്ഞാറ് തെക്ക് മലബാർ സമതലപ്രദേശ ങ്ങളും അതിരിട്ടതാണ് വയനാട്. വയനാ ടിന് പുതുമകളെക്കാൾ അധികം പറയാ നുള്ളത് പഴമയുടെ കഥകളാണ്.

കേരളത്തിലെ സുഖവാസകേന്ദ്രം എന്ന നിലയിൽ വിശേഷിപ്പിക്കപ്പെടുന്ന വയനാ ടിനെ ആദിവാസികളുടെ ആഫ്രിക്ക, കുടി യേറ്റക്കാരുടെ അമേരിക്ക എന്നൊക്കെ വിളി ക്കുന്നുണ്ട്. ഇതുകൂടാതെ, കേരളത്തിലെ കാശ്മീരെന്നും ഭൂപ്രകൃതിയുടെയും കാലാ വസ്ഥയുടെയും അടിസ്ഥാനത്തിൽ വിശേ ഷിപ്പിക്കാറുണ്ട്.

വയനാട്ടിലേക്ക് കടന്നുവരുമ്പോൾ ഏറ്റവും മനോഹരം താമരശ്ശേരി ചുരമാണ്. വയനാടിന്റെ കവാടമായ ലക്കിടി ഐതി ഹ്യങ്ങളാൽ പ്രശസ്തമാണ്. താമരശ്ശേരി ച്ചുരം പാത ആദിവാസികൾ രൂപപ്പെടുത്തി യതാണ്. ഇതുവഴി വയനാട്ടിലേക്കുള്ള വിദേശ അധിനിവേശം സ്ഥാപിക്കുകയും കരിന്തണ്ടൻ എന്ന ആദിവാസിയെ വധി ക്കുകയും ചെയ്തു. കരിന്തണ്ടന്റെ രക്ത സാക്ഷി സ്മാരകവും ആത്മാവിനെ തളച്ചി ട്ടിരിക്കുന്ന കുളിർമാവും ചങ്ങലയും ഇപ്പോഴും ഇവിടെയുണ്ട്.

പ്രകൃതിരമണീയമായ പൂക്കോട് തടാകം, യാത്രക്കാരന്റെ മനസ്സിന് കുളിർമ നൽകുന്ന കബനീനദിയുടെ കൈവഴികൾ ചേർന്ന കുറുവാദ്വീപ്, വിനോദസഞ്ചാരിക ളുടെ ഹരമായ സൂചിപ്പാറ, കാന്തൻപാറ, മീൻമുട്ടി വെള്ളച്ചാട്ടങ്ങൾ, നെൽപ്പാടങ്ങ ളുടെ ഹരിതഭൂമിയായ അമ്പലവയൽ, സമൃ ദ്ധിയുടെയും ഐശ്വര്യത്തിന്റെയും പ്രതീ കമായ കാർഷികവിളകൾ ഇവയെല്ലാം വയ നാടിന്റെ മനോഹാരിത വർധിപ്പിക്കുന്നു. അനേകം ഹൈന്ദവ ജൈനക്ഷേത്രങ്ങളുടെ പുണ്യഭൂമിയാണിത്.

തെക്കൻകാശി എന്നറിയപ്പെടുന്ന വയ നാട്ടിലെ തിരുനെല്ലിക്ഷേത്രം ഭക്തർക്ക് പുണ്യസങ്കേതമാണെങ്കിൽ ചരിത്രത്തിന് അമൂല്യമായ ശേഷിപ്പാണ്. പുരാതനവും പ്രശസ്തവുമായ വള്ളിയൂർക്കാവ് കേരള ത്തിലെ അറിയപ്പെടുന്ന സീതാ ലവകുശ ക്ഷേത്രവും പുൽപ്പള്ളി, ബത്തേരി, മഹാ ഗണപതിക്ഷേത്രവുമാണ്. തൃശ്ശിലേരി, മഹാശിവക്ഷേത്രം, പുഞ്ചവയൽ, പുത്തന ങ്ങാടി, കുങ്കിച്ചിറ തുടങ്ങിയ ജൈനക്ഷേ ത്രങ്ങളും ക്ഷേത്രാവശിഷ്ടങ്ങളും പഴമയുടെ പ്രതീകങ്ങളാകുന്നു.

വയനാടിന്റെ കീർത്തി ലോകഭൂപട ത്തിൽ എത്തിച്ച എടക്കൽ ഗുഹ, അമ്പു കുത്തിമല, ചെമ്പ്രാമല, ബ്രഹ്മഗിരിയിൽ മലമടക്കുകളിൽ ഒളിഞ്ഞിരിക്കുന്ന സപ്തർഷികൾ തപസ്സിരുന്ന ഋഷിപാതാ ളം, പക്ഷിപാതാളം, ഗരുഡൻപാറ, മുനിമ ട, വയനാട് ഹെറിറ്റേജ് മ്യൂസിയം തുടങ്ങി യവ കാലത്തിന്റെ ക്ഷതങ്ങളെ അതിജീവിച്ച് ഇന്നും നിലനിൽക്കുന്നു.

വയനാടിന്റെ വന്യമായ സൗന്ദര്യം കാത്തുസൂക്ഷിക്കുന്ന തോൽപ്പെട്ടി, ചെത ലയം, മരുമല, ആനകളുടെയും കടുവക ളുടെയും വിഹാരകേന്ദ്രമായ മുത്തങ്ങ, ഇക്കോ വ്യൂഹങ്ങളെ പ്രത്യേക പരിഗണന യോടെ സംരക്ഷിക്കുന്ന ബയോസ്ഫിയർ റിസെർവ്, കർലാട് തടാകം തുടങ്ങിയവയെല്ലാം വയനാടിന്റെ വിനോദ സഞ്ചാരസമ്പത്തിന്റെ വറ്റാത്ത ഉറവിടങ്ങ ളാണ്.

വയനാട്ടിലെ ഏറ്റവും വലിയ പ്രത്യേ കത വളരെ കുറഞ്ഞ ചെലവിൽ ഈ സ്ഥലങ്ങളിലെല്ലാം സഞ്ചരിക്കാൻ കഴിയു മെന്നതാണ്. വയനാടിന് അടുത്തുള്ള വിമാ നത്താവളങ്ങൾ ബാംഗ്ലൂർ, കരിപ്പൂർ തുടങ്ങി യവയാണ്. ദേശീയവിനോദസഞ്ചാര ദിന മായ ജനുവരി 25 നാം കൊണ്ടാടുമ്പോൾ വയനാടിന്റെ സമൃദ്ധമായ പ്രകൃതിഭംഗിയും പരിസ്ഥിതിവൈവിധ്യവും നമുക്ക് മുതൽക്കൂട്ടുതന്നെയാണ്. ■


പൂക്കോട് തടാകം

■ രമേഷ്കുമാർ വെള്ളമുണ്ട



# എടയ്ക്കൽ കാലത്തിന്റെ ഗുഹാമുഖം

പുരാതന ഗോത്രജീവിതത്തിന്റെ അടയാളങ്ങൾ സൂക്ഷിക്കുകയാണ് വയനാട് ജില്ലയിലെ എടയ്ക്കൽ ഗുഹ. സുൽത്താൻ ബത്തേരിക്കടുത്ത് അമ്പലവയലിലെ അമ്പുകുത്തി മലനിരകളിലാണ് കാലത്തോട് കഥപറയുന്ന ചരിത്രലിഖിത ഗുഹയുള്ളത്. സമുദ്രനിരപ്പിൽനിന്നും നാലായിരം അടി ഉയരത്തിൽ മാനംതൊട്ടു വളർന്ന ഗിരിശൃംഗത്തിലെ രണ്ട് കൂറ്റൻ പാറയിടുക്കിലേക്ക് വലിയ മറ്റൊരു പാറ അടർന്നുവീണ നിലയിലാണ് ഗുഹാമുഖം.

അതിസാഹസികമായി പാറക്കെട്ടുകൾ താണ്ടി കിതപ്പോടെ ഇവിടെയെത്തുന്ന സഞ്ചാരികളെ ഈ ഗുഹാന്തരീക്ഷം മിനിറ്റുകൾകൊണ്ട് തണുപ്പിക്കും. പാറയിലൂടെ കിനിഞ്ഞിറങ്ങുന്ന പ്രകൃതിദത്ത നീരുറവ കത്തുന്ന വേനലിലും സജീവമാണ്.

ബി.സി 4000 ത്തിനും 1500 നും മധ്യേയുള്ള കാലത്ത് എടയ്ക്കൽ ഗുഹയിലെ ഗുഹാചിത്രങ്ങൾ വരയ്ക്കപ്പെട്ടിരിക്കാമെന്നാണ് നിഗമനം. ഗോത്രത്തലവനും ആനയും ചെന്നായയും ഉന്തുവണ്ടിയിൽ കയറി യാത്രയാകുന്ന സ്ത്രീയുമൊക്കെയാണ് പുരാതനമനുഷ്യർ ഈ ഗുഹാപാളിയിലെ ശിലകളിൽ കോറിയിട്ടിരിക്കുന്നത്.

കന്നഡ, തമിഴ്, പാലി, സംസ്കൃതം എന്നീ ഭാഷകളുടെ സ്വാധീനം ഇവിടത്തെ ലിപികളിലുണ്ട്. ദുഷ്ടമൃഗങ്ങളെ കൊന്നൊടുക്കുന്നതിനുള്ള ചില അനുഷ്ഠാനകഥകളാണ് ഈ ചിത്രത്തിലൂടെ ഇതൾവിരിയുന്നത്. നവീന ശിലായുഗത്തിന്റെ തുടക്കത്തിൽ മൂർച്ചയുള്ള ആയുധങ്ങൾ ഉപയോഗിച്ചാണ് ഇവയെല്ലാം കോറിവരച്ചത് എന്നാണ് നിഗമനം.

എടയ്ക്കൽ ലിഖിതങ്ങളോടു സാമ്യമുള്ള കോറിവരകൾ തൊട്ടടുത്ത തൊവരി മലയിലും കാണുന്നുണ്ട്. ഫ്രാൻസിലെ ക്രോമാഗനൻ മലനിരയിൽ മാത്രമാണ് ഇവയോട് സാദൃശ്യമുള്ള ലിഖിതം പിന്നീട് കണ്ടെത്തിയത്.

ഡോ. ജൂട്സ്, പ്രൊഫ. ബ്യൂളർ, ഡോ. എം.ആർ.രാഘവവാര്യർ, ഡോ. രാജൻ ഗുരുക്കൾ തുടങ്ങിയ ചരിത്രകാരൻമാർ ഈ ഗുഹാചിത്രങ്ങളെക്കുറിച്ച് കാര്യമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. മലബാർ ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന എഫ്. ഫോസ്റ്ററാണ് 1894ൽ ഈ ഗുഹാചിത്രങ്ങളെക്കുറിച്ച് പുറംലോകത്ത് വിവരമെത്തിച്ചത്.

പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ഈ ചരിത്രസ്മാരകം ഈയടുത്ത കാലത്ത് നവീകരിച്ചു. പാറക്കെട്ടുകൾക്കിടയിലൂടെ ദുഷ്കരമായ പാതയിൽ നടപ്പാതയും ഇരുമ്പു ഗോവണികളും പിടിപ്പിച്ചിട്ടുണ്ട്. വർഷത്തിൽ രണ്ടു ലക്ഷത്തോളം സഞ്ചാരികളും പതിനായിരത്തോളം ചരിത്രഗവേഷകരും ഈ ഗുഹയിൽ പഠനത്തിനെത്തുന്നുണ്ട്. കുറുമ രാജവംശത്തിന്റെ പാരമ്പര്യ പഴക്കത്തിലേക്കാണ് ഈ ഗുഹാലിഖിതങ്ങൾ വിരൽചൂണ്ടുന്നത്. ലവകുശന്മാരുടെയും ശ്രീരാമന്റെയും ഐതിഹ്യകഥകളിലേക്കും ഈ മലനിരകൾ ഒരുപാടു കഥകൾ കൂട്ടിച്ചേർക്കുന്നുണ്ട്.

ഒരിക്കലെങ്കിലും ഈ ചരിത്രലോകം കാണാനെത്തിയവർ ഗുഹയുടെ നിഗൂഢതകൾ എന്നും മനസ്സിൽ കുറിച്ചുവയ്ക്കും. പാറയുടെ വലിപ്പം ഏതു സാഹസികനെയും അമ്പരപ്പിക്കും. ഇതിന്റെ ശിഖരക്കാഴ്ചകളിൽനിന്നും മൂന്നു സംസ്ഥാനങ്ങളുടെ അതിരുകൾ ഒരേപോലെ കാണാം. വടക്കോട്ടു നോക്കിയാൽ കർണാടകയിലെ മരുപ്രദേശങ്ങൾ. തെക്കോട്ടു തിരിഞ്ഞാൽ ഹരിതാഭമായി കേരളം. അങ്ങകലെ നീലഗിരിക്കുന്നുകളെ വലയംചെയ്ത് തമിഴ്നാട് പരന്നുകിടക്കുന്നു.

ജൈനസംസ്കൃതിയും ഗോത്രജീവിതചാരുതകളും ഇഴപിരിയുന്നതാണ് വയനാടിന്റെ ജൈവമണ്ഡലം. കാർഷികമുന്നേറ്റത്തിന്റെ ചരിത്രം പറയുമ്പോഴും ചരിത്രം ഇവിടെ ഒരുപാട് കഥകൾ കാലത്തിനായി ബാക്കിവയ്ക്കുന്നുണ്ട്. വയനാട്ടിലേക്ക് യാത്ര തീരുമാനിക്കുന്നവരെല്ലാം എടയ്ക്കൽ കാണാതെ തിരിച്ചുപോകില്ല. അതിന്റെ മനോഹാരിതയും കാലപ്പഴക്കവും സഞ്ചാരികളുടെ മനസ്സിൽ ചിത്രങ്ങൾ വരച്ചിടുന്നതുതന്നെയാണ് ഇതിന്റെ ഖ്യാതിയും.

## ഗുഹയിലേക്കുള്ള വഴികൾ

ബത്തേരിയിൽനിന്ന് 12 കിലോമീറ്റർ ദൂരെ അമ്പലവയലിന് സമീപത്താണ് എടയ്ക്കൽ ഗുഹ. ജില്ലാ ആസ്ഥാനമായ കല്പറ്റയിൽനിന്ന് മീനങ്ങാടി വഴി 28 കിലോമീറ്റർ സഞ്ചരിച്ചാൽ ഇവിടെയെത്താം. മാനന്തവാടിയിൽനിന്ന് 54 കിലോമീറ്റർ ദൂരമുണ്ട്. കോഴിക്കോട് വഴി വരുന്ന സഞ്ചാരികൾ കല്പറ്റ, മീനങ്ങാടി, അമ്പലവയൽ റൂട്ട് തിരഞ്ഞെടുക്കണം. മലയുടെ താഴ്‌വാരത്തിൽ വാഹനങ്ങൾ പാർക്കുചെയ്യാൻ സൗകര്യമുണ്ട്. കാൽനടയാത്ര ചെയ്തു വേണം ഗുഹയിലെത്താൻ. വൃദ്ധജനങ്ങളും ഹൃദ്രോഗികളും വളരെ സൂക്ഷ്മതയോടെ മാത്രമേ ഗുഹയിലേക്ക് പ്രവേശിക്കാൻ പാടുള്ളൂ. രണ്ടു ഘട്ടങ്ങളിലായി നൂണ്ടിറങ്ങി മലകയറി മാത്രമാണ് പ്രധാന ഗുഹയിൽ കടന്നെത്താൻ.

പ്രവേശനം : രാവിലെ 9 മുതൽ വൈകിട്ടുവരെ മാത്രം.

തിങ്കളാഴ്ച അവധി ദിവസമാണ്.

**താമസ സൗകര്യം** :

| | |
|---|---|
| എടയ്ക്കൽ ഹെർമിറ്റേജ് | - 04936 221860 |
| ഓർക്കിഡ് റിസോർട്ട് | - 04936 262844 |
| ഗവ. ഗസ്റ്റ് ഹൗസ് | - 04936 220225 |
| കെ.ടി.ഡി.സി പെപ്പർ ഗ്രോവ് | - 04936 221900 |

ഡോ. എ.എം. ഉണ്ണികൃഷ്ണൻ

# ഗാന്ധിജി മലയാള സാഹിത്യത്തിൽ

**മലയാളകവിതകളിലാണ് മഹാത്മജിയുടെ സ്വാധീനതയേറെ പ്രത്യക്ഷമായതെന്ന് ലേഖകൻ പറയുന്നു.**

ഭാരതീയ ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളെയും ഏറ്റവും ശക്തമായി സ്വാധീനിച്ച മഹാപുരുഷനാണ് ഗാന്ധിജി. തന്റെ ജീവിതകാലത്തും അതിനുശേഷവും ഇന്ത്യൻ ജനതയുടെ ജീവിതക്രമങ്ങളെ ഇത്രമാത്രം ആഴത്തിൽ സ്പർശിച്ച മറ്റൊരു വ്യക്തി ഉണ്ടായിട്ടില്ല. ഭാരതീയചേതനയിൽ എന്നും പരമോന്നതസ്ഥാനം കല്പിക്കപ്പെടുന്ന ജ്ഞാനിയായ ഒരു കർമയോഗിയുടെ ആധുനികമാതൃകയാണ് മഹാത്മാഗാന്ധി. ജീവിതത്തെ സംബന്ധിച്ച സമഗ്രമായ ഒരുദർശനം ഗാന്ധിജിക്കുണ്ടായിരുന്നു. നാഗരികതയ്ക്ക് അന്യവും സംസ്കൃതിക്ക് സഹജവുമായ ഒരു ജീവിതചര്യയിലൂടെ ഉരുത്തിരിഞ്ഞു വരുന്നതാണ് ആ വിശിഷ്ടദർശനം.



തന്നെ ഒരു സാഹിത്യകാരനായി ഗാന്ധിജി ഒരിക്കലും സങ്കല്പിച്ചിരുന്നില്ല. പക്ഷേ സാഹിത്യകലയിൽ അദ്ദേഹം അദ്വിതീയനായിരുന്നു. എത്രയോ അമൂല്യരചനകളിലും നിരവധിയാളുകൾക്കെഴുതിയ ആയിരക്കണക്കിനു കത്തുകളിലും മറ്റുമായി പരന്നുകിടക്കുകയാണ് ഗാന്ധിസാഹിത്യം. ഗാന്ധിജിയുടെ ഇംഗ്ലീഷ് ഗദ്യം ബൈബിൾ ഗദ്യത്തോട് കിടപിടിക്കുന്നതാണെന്ന പ്രശംസ നേടിയിട്ടുള്ളതാണ്. മാതൃഭാഷയായ ഗുജറാത്തിയിലും അദ്ദേഹം ഒന്നാംകിട ഗദ്യകാരനായിത്തന്നെ കരുതപ്പെടുന്നു.

എന്നാൽ ഇതൊന്നുമല്ല, സ്വദേശത്തെയും വിദേശത്തെയും പ്രഗത്ഭരായ സാഹിത്യകാരന്മാരെ ഗാന്ധിജിയിലേക്ക് ആകർഷിച്ച ഘടകം. അത്, തുടക്കത്തിൽപ്പറഞ്ഞ, ജനമാനസങ്ങളെ പൂർണമായി കീഴ്പ്പെടുത്താൻ പോന്ന അദ്ദേഹത്തിന്റെ അനുപമമായ വ്യക്തിപ്രഭാവം തന്നെയാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, താൻ കൃതികളിലവതരിപ്പിച്ച ദർശനത്തിന്റെ വൈശിഷ്ട്യത്താലല്ല, സ്വന്തം ആദർശത്തിന്റെ പ്രായോഗികരൂപമാക്കി സ്വജീവിതത്തെ പരിവർത്തിപ്പിച്ച അസാമാന്യശേഷിയിലാണ് അവരെല്ലാം ഗാന്ധിജിയുടെ സ്വാധീനതയ്ക്ക് വിധേയരായിത്തീർന്നത്. സത്യധർമാനുഷ്ഠാനപരമായ ഒരു ജീവിതസമ്പ്രദായം ഉണ്ടായിരുന്നതുകൊണ്ടാണ് ഗാന്ധിജിക്ക് ഇത് സാധ്യമായത്. സർവസംഗ പരിത്യാഗത്തിലൂടെ, അതായത് സന്യാസത്തിലൂടെ മാത്രമേ ഒരാൾക്ക് ഇങ്ങനെയാകാൻ കഴിയൂ. ഗാന്ധിജിക്കുമുമ്പ് ഇപ്രകാരം ജനങ്ങളിലേക്കിറങ്ങിച്ചെന്നത് സിദ്ധാർഥരാജകുമാരനായിരുന്നു. ഈ ആർഷപൈതൃകം തന്നെയാണ് ഗാന്ധിജിയെ മറ്റു നേതാക്കളിൽനിന്നൊക്കെ വ്യത്യസ്തനാക്കുന്നത്. രക്തമാംസങ്ങളോടെ ഭൂമിയിൽ ജീവിച്ച ഒരാളായിരുന്നു ഗാന്ധിയെന്നുപറഞ്ഞാൽ വരും തലമുറകൾ വിശ്വസിച്ചേക്കില്ല എന്ന് ആൽബർട്ട് ഐൻസ്റ്റൈൻ പറയാൻ കാരണം ഇതാണ്.

വിശ്വസാഹിത്യത്തിലെയും ഇതര ഭാരതീയഭാഷകളിലെയും പ്രതിഭാശാലികളെപ്പോലെ മലയാള സാഹിത്യകാരന്മാരും ഗാന്ധിജിയെപ്പറ്റി കവിത, കഥ, നോവൽ, നാടകം എന്നിങ്ങനെ നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. അവരിൽ ഗാന്ധിജിയുടെ സമകാലികരും ആത്മീയ ശിഷ്യന്മാരും മാത്രമല്ല, പിൽക്കാലത്തെ ഒട്ടേറെ പ്രമുഖർ കൂടി ഉൾപ്പെടുന്നു. ഇതിനർഥം, മഹാത്മ ഗാന്ധി മലയാളത്തിൽ ചെലുത്തിയ സ്വാധീനത പ്രത്യക്ഷമോ പരോക്ഷമോ ആയി ഇന്നും നിലനിൽക്കുന്നു എന്നാണ്. സർഗാത്മകവും വൈജ്ഞാനികവുമായ മണ്ഡലങ്ങളിലെല്ലാമുണ്ട് ഈ സ്വാധീനത. എങ്കിലും മലയാള കവിതയിലാണ് അതിന്റെ ഏറ്റവും മികച്ച ഫലങ്ങൾ പ്രത്യക്ഷമായത്. അതിന് മുഖ്യകാർമികത്വം വഹിച്ചത് മഹാകവി വള്ളത്തോൾ നാരയണമേനോൻ ആണ്. വള്ളത്തോളിന്റെ *എന്റെ ഗുരുനാഥൻ, പാപമോചനം* എന്നീ വരിഷ്ഠരചനകൾ മലയാളകവിതയിൽ ഗാന്ധിചൈതന്യത്തിന്റെ ശാശ്വതസ്തംഭങ്ങളായി ഇന്നും പരിശോഭിക്കുന്നുണ്ട്.

ലോക ഗുരുക്കന്മാരുടെയെല്ലാം സദ്ഗുണങ്ങൾ സമ്മേളിച്ച ഗാന്ധിജിയുടെ മഹാവ്യക്തിത്വത്തെ മഹിതമായ ഭാരത സംസ്കാരത്തിന്റെ പുണ്യോദയമായിട്ടാണ് വള്ളത്തോൾ ചിത്രീകരിക്കുന്നത്.

*ഗീതയ്ക്കു മാതാവായ ഭൂമിയേ ദൃഢമിതു-*
*മാതിരിയൊരു കർമയോഗിയെ പ്രസവിക്കൂ*
*ഹിമവദ്വിന്ധ്യാചലദേശത്തേ കാണൂ*
*ശമമേ ശീലിച്ചെഴുമിത്തരം സിംഹത്തിനെ*
*ഗംഗയാറൊഴുകുന്ന നാട്ടിലേ ശരിക്കിത്ര*
*മംഗളം കായ്ക്കും കല്പപാദപമുണ്ടായ് വരൂ.*

എന്നതാണ് വള്ളത്തോളിന്റെ ദൃഢവിശ്വാസം. ഇത്രയും ഗുണസമ്പൂർണനായി ഭാരതരാഷ്ട്രത്തിന്റെ ആത്മാവിനെ തൊട്ടുണർത്തിയ മഹാത്മാഗാന്ധിയെപ്പറ്റി എഴുതാത്തവരായിട്ട് അക്കാലത്തെ കവികളിൽ അധികം പേരില്ല. അവരിൽ ഗാന്ധിയെക്കുറിച്ച് ആദ്യമായി കവിതയെഴുതിയ നടുവത്തു മഹനും സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയും മുതൽ അപ്രശസ്തരും വിസ്മൃതരും ഉണ്ട്. അവരൊക്കെയും പണ്ഡിറ്റ് കെ.പി. കറുപ്പനെപ്പോലെ–

*ശർമദായകമാം സബർമതിയാശ്രമത്തില മർന്നിടും*
*കർമയോഗികൾ മൗലിഭൂഷണമേ, ജയിക്ക നിരന്തരം*
*കാന്തിയോടിഹ ദീനശയ്യയിൽ വെന്തിടും ജനയിത്രിയിൽ*
*ഇന്ത്യയിൽ കുളിരേകിടുന്നൊരു ഗാന്ധിജിക്കു സുമംഗളം*

എന്ന് ആശംസയർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഗാന്ധിചൈതന്യത്തിന്റെ മൂർത്തീഭാവമായ ജി. കുമാരപിള്ളയെപ്പോലുള്ള ചില സാത്വികസാന്നിധ്യങ്ങൾ അതിനുമപ്പുറത്തെത്തിയവരാണ്.

തകഴി, ദേവ്, വർക്കി, ബഷീർ, കാരൂർ, പൊറ്റക്കാട്ട് തുടങ്ങിയവരുടെ കഥകളും നോവലുകളും പല നൂതനാശയങ്ങളും അവതരിപ്പിക്കുകയുണ്ടായല്ലോ. മനുഷ്യസമത്വം, സാമൂഹികനീതി, മതമൈത്രി മുതലായവ അവയിൽ ചിലതാണ്. സൂക്ഷിച്ചു നോക്കിയാൽ, അവയ്ക്കുപിന്നിൽ ഗാന്ധിദർശനത്തിന്റെ നീരോട്ടമുണ്ടായിരുന്നതായി മനസ്സിലാകും. ബഷീറിനെപ്പോലെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും ഗാന്ധിയൻ ജീവിതമാർഗം അവലംബിക്കുകയും ചെയ്തവർക്കും മറ്റു സാമൂഹികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കും അദ്ദേഹം ഒന്നുപോലെ മാർഗദീപമായിട്ടുമുണ്ട്. ലാളിത്യം, ആദർശശുദ്ധി, സദാചാരനിഷ്ഠ തുടങ്ങിയ മൂല്യങ്ങൾക്കു പ്രാമുഖ്യമുള്ള കാരൂർക്കഥകളെയും സ്വാധീനിച്ചത് ഗാന്ധിമാർഗം തന്നെയാണ്. മതമൈത്രിക്കും മാനവസാഹോദര്യത്തിനും ഉത്തേജനം നൽകുന്ന ഉറൂബിന്റെ കൃതികൾക്കുമുണ്ട് ഇതേ സവിശേഷത. വ്യക്തിസ്വാതന്ത്ര്യം, സ്ത്രീയുടെ പദവി തുടങ്ങിയവ നേടിയെടുക്കുന്നതിന് സമൂഹത്തെ ഉടച്ചുവാർക്കാനുദ്ദേശിച്ചു രചിക്കപ്പെട്ട വി.ടി. ഭട്ടതിരിപ്പാടിന്റെയും ലളിതാംബിക അന്തർജനത്തിന്റെയും കൃതികളും ഇവയോടൊപ്പം ഓർമയിലെത്തുന്നു.

സമൂഹപുരോഗതിക്ക് ഓരോ സമുദായവും അഭിവൃദ്ധി നേടണമെന്ന തിരിച്ചറിവ് അവർക്കു പകർന്നു നൽകിയതും ഗാന്ധിയൻ ദർശനമല്ലാതെ മറ്റൊന്നുമല്ല. മലയാള കഥാസാഹിത്യത്തിലെ ഈ പൈതൃകം തലമുറകൾ താണ്ടി സമകാലികകഥകളിലും എത്തിനിൽക്കുന്നുണ്ട്.

കൈനിക്കര കുമാരപിള്ളയുടെ *എന്റെ അമ്പലത്തി*ൽക്കൂടിയാണ് ഗാന്ധിജിയുടെ സ്വാധീനത മലയാള നാടകത്തിൽ പ്രകടമായത്. തുടർന്ന് കാർഷികപ്രശ്നങ്ങൾ, സഹകരണപ്രസ്ഥാനം, അധഃസ്ഥിതമോചനം എന്നിങ്ങനെ നാനാവിഷയങ്ങളെ തൊട്ടുകൊണ്ടു രചിക്കപ്പെട്ട അനവധി കൃതികളിലൂടെ ഗാന്ധിസാന്നിധ്യം നമ്മുടെ നാടകസാഹിത്യത്തിൽ കരുത്താർജിച്ചു. അതിനുകാരണം പ്രമുഖരായ നാടകകൃത്തുക്കളൊക്കെയും ആ സമരാധ്യവ്യക്തിത്വത്തെപ്പറ്റി ഖണ്ഡനപരമായോ മണ്ഡനപരമായോ ആലോചിക്കാൻ നിർബന്ധിതരായി എന്നതുതന്നെ. ഇവിടെ എല്ലാ അർഥത്തിലും വേറിട്ടുനിൽക്കുന്ന രണ്ടു നാടകാചാര്യന്മാരുടെ പേരുകൾ എടുത്തുപറഞ്ഞേ മതിയാകൂ. മലയാള നാടകത്തെ സമഗ്രമായി പരിഷ്കരിക്കാൻ ജീവിതം ഉഴിഞ്ഞുവച്ച ജി. ശങ്കരപിള്ളയും ആ ഉദ്യമത്തിന് കുറേക്കൂടി വിതാനം പകർന്ന വയലാ വാസുദേവൻ പിള്ളയുമാണവർ. ഗാന്ധിജിയെ ആത്മസാത്കരിച്ച ഇവരുടെ നാടകങ്ങൾ യഥാർഥത്തിൽ ഗാന്ധിയൻ മൂല്യങ്ങളുടെ ഉരകല്ലുകൾ കൂടിയാണ്.

ജീവചരിത്രശാഖയ്ക്കുമുണ്ട് ഇതുപോലെ ഉത്കൃഷ്ടകൃതികളുടെ പെരുമ പറയാൻ. പി.കെ. പരമേശ്വരൻ നായർ, മാലി വി. മാധവൻ നായർ, തുടങ്ങി അനേകം പ്രമുഖരുടെ സംഭാവനകൾ ഇവിടെ എടുത്തുപറയാനുണ്ട്. എന്നാൽ കെ.പി. കേശവമേനോന്റെ *രാഷ്ട്രപിതാവി*നാണ് അവയിൽ അഗ്രിമസ്ഥാനം. ഇ.എം.എസ് നമ്പൂതിരിപ്പാട് ഉൾപ്പെടെ പല രാഷ്ട്രീയനേതാക്കളും അക്കാദമിക് വിദഗ്ധരും പണ്ഡിതന്മാരും ശ്രദ്ധാപൂർവം പഠനവിധേയമാക്കിയതുകൊണ്ട് ഗാന്ധിയൻ പഠനശാഖയും അത്ര ദരിദ്രമല്ല. മൗലികരചനകളും വിവർത്തനങ്ങളുമായി വന്നെത്തുന്ന പുതിയ കൃതികൾകൂടി ഉൾപ്പെട്ട് അത് കൂടുതൽ സമ്പന്നമാകുകയും ചെയ്യുന്നുണ്ട്. എങ്കിലും അവയിൽ ഉന്നതപദവിയിൽ തുടരുന്നത് സുകുമാർ അഴീക്കോട് രചിച്ച *മഹാത്മാവിന്റെ മാർഗം* തന്നെയാണ്.

ചിന്തയും വാക്കും പ്രവൃത്തിയും ഒന്നായിത്തീർന്ന അത്യസാധാരണ ജീവിതമായിരുന്നല്ലോ ഗാന്ധിജിയുടേത്. സത്യം, സ്നേഹം, അഹിംസ എന്നിവയായിരുന്നു അതിലെ അടിസ്ഥാനചോദനകൾ. എത്ര ഗൗരവമുള്ള പ്രശ്നത്തിനും പ്രതിസന്ധിക്കും പരിഹാരം നിർദേശിക്കാൻ ഗാന്ധിമാർഗം പര്യാപ്തം തന്നെ. അതിന്റെ കാരണം ആർഷദർശനത്തിന്റെ പ്രായോഗികാവിഷ്കാരമാണ് അതെന്നതാണ്. അതുകൊണ്ട് പാശ്ചാത്യരിൽപോലും വലിയ മതിപ്പ് ഉളവാക്കാൻ ഗാന്ധിജിക്കു കഴിഞ്ഞിരുന്നു. 'ഭാരതത്തിനും ഹിന്ദുമതത്തിനുമല്ലാതെ മറ്റൊരു രാജ്യത്തിനും മതത്തിനും ഗാന്ധിജിയെപ്പോലെ ഒരു മഹാന് ജന്മം നൽകാനാവില്ല' എന്ന് അദ്ദേഹം മരിച്ചപ്പോൾ ലണ്ടനിലെ 'ടൈംസ് പത്രം' പ്രസ്താവിച്ചത് ഇക്കാര്യം വ്യക്തമാക്കുന്നു.

ആഗോളീകൃതവും നവീനോത്തരവുമായ ഇന്നത്തെ ലോകത്തിലും ഗാന്ധിജിയുടെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല. അധികാരം കൊണ്ടു പരിഹരിക്കാനാകാത്ത ആഗോളപ്രശ്നങ്ങൾക്കുവരെ ഗാന്ധിദർശനത്തിനു പരിഹാരം നിർദേശിക്കാനാകുമെന്നു തെളിഞ്ഞിരിക്കുന്നു. പ്രാന്തീകൃതരും ചൂഷിതരും അവഗണിക്കപ്പെട്ടവരുമായ ദുർബലജനവിഭാഗങ്ങളുടെ അതിജീവനത്തിന് അതാണ് കൂടുതൽ സ്വീകാര്യമെന്നു ബോധ്യമാകുന്നുണ്ട്. പരിസ്ഥിതി, മനുഷ്യാവകാശങ്ങൾ, തീവ്രവാദം, മതമൗലികവാദം തുടങ്ങിയവ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഗാന്ധിയൻ സമീപനങ്ങളാണ് ഏറെ അഭികാമ്യം. ഇങ്ങനെ പറഞ്ഞുപോകുമ്പോൾ ഗാന്ധിജിയെപ്പറ്റി മലയാളത്തിലുണ്ടായ കൃതികളെല്ലാം അദ്ദേഹത്തെ പൂർണമായി പിന്താങ്ങുന്നവയാണ് എന്ന് അർഥമാക്കുന്നില്ല. വിമർശനപരമായി ഗാന്ധിമാർഗത്തെ സമീപിച്ചവരും ഉണ്ടാകാതിരുന്നിട്ടില്ല.


സമകാല രചനകളിൽ ചിലത് വി. മധുസൂദനൻ നായരുടെ *ഗാന്ധി* എന്ന കവിതയിലെപ്പോലെ അനുതാപത്തിന്റെയോ പരിഭവത്തിന്റെയോപോലും സ്വരങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. ഗാന്ധിചൈതന്യത്തിന്റെ സ്വീകാര്യത തന്നെയാണ് അവയ്ക്കും പ്രേരകമാകുന്നത്. അങ്ങേയറ്റം പ്രായോഗികവും അത്യന്തലളിതവുമാണല്ലോ ആ പരിഹാരനിർദേശങ്ങൾ. അവ കൈവരിക്കുക പക്ഷേ അത്ര എളുപ്പമല്ല. കാരണം, 'ഇദം ന മമ' എന്ന മനോനില പ്രാപിക്കേണ്ടത് അതിന് അത്യാവശ്യമാണ്. കല്പറ്റ നാരായണന്റെ *ഗാന്ധിമാർഗം* എന്ന കുറുംകവിത നമ്മെ ഓർമിപ്പിക്കുന്നത് അതിനെക്കുറിച്ചാണ്. 'ഗാന്ധിയെ/വരയ്ക്കാനെളുപ്പമാണ്/മൂന്നോ നാലോ രേഖകൾ മതി/ ഗാന്ധിയായി/വേഷം കെട്ടാനെളുപ്പമാണ്/ കെട്ടിയ വേഷങ്ങൾ/അഴിച്ചുകളഞ്ഞാൽ മതി/പക്ഷേ,/ത്യജിച്ചാലും ത്യജിച്ചാലും/ തീരാത്ത ചിലത്/രചിച്ചാലും രചിച്ചാലും/ ആവാത്ത ചിലത്/ആ വഴിയിൽനിന്ന്/ എന്നെ ഉന്തിമാറ്റുന്നു'

ഇങ്ങനെയാണ് മലയാളസാഹിത്യത്തിലെ വർത്തമാനകാല ഗാന്ധിയൻ സ്വാധീനത. ഒരർഥത്തിൽ മലയാളത്തിന്റേതു മാത്രമല്ല ഈയനുഭവം; ചിന്താശീലരുടേത് മുഴുവനുമാണ്. പ്രത്യേകിച്ച്, അപമാനവികൃതമായിക്കൊണ്ടിരിക്കുന്ന മാനവികതയും വന്ധ്യംകരിക്കപ്പെടുന്ന പ്രകൃതിയും പേടിപ്പിക്കുന്ന യാഥാർഥ്യങ്ങളായി മാറിയ നമ്മുടെ ഭൗതികസാഹചര്യത്തിൽ. ■

സിനിമ

■ എം.സി. രാജനാരായണൻ

16TH INTERNATIONAL FILM FESTIVAL OF KERALA





കളേഴ്സ് ഓഫ് ദി മൗണ്ടൻസിലെ രംഗം

# ഏഷ്യയും ലാറ്റിൻ അമേരിക്കയും മുഖാമുഖം

**സമഗ്രസംഭാവന പുരസ്കാരത്തിനായി ആരെയും കണ്ടെത്താനാവാത്തത് 16– ാമത് ചലച്ചിത്രമേളയുടെ പോരായ്മയാണെന്ന് ലേഖകൻ ചൂണ്ടിക്കാട്ടുന്നു**

പതിനാറാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ സവിശേഷത പ്രേക്ഷകർ പ്രതീക്ഷിച്ച ചിത്രങ്ങൾക്കുതന്നെ പുരസ്കാരങ്ങൾ ലഭിച്ചു എന്നതാണ്. സാധാരണ പ്രേക്ഷകരുടെ രുചിയും ജൂറിയുടെ തിരഞ്ഞെടുപ്പും തമ്മിൽ അന്തരമുണ്ടാകുകയാണ് പതിവ്. വിരളമായേ ഇതുരണ്ടും ഒന്നാകാറുള്ളു. സുവർണ ചകോരം നേടിയ കൊളമ്പിയൻ ചിത്രമായ *കളേഴ്സ് ഓഫ് ദി മൗണ്ടൻസ്* (സംവിധാനം: കാർലോസ് അർസെലസ്) പ്രേക്ഷകഹൃദയം കവർന്ന സൃഷ്ടിയാണ്. ലോകമാകമാനം നഷ്ടങ്ങളും മരണവും വിതയ്ക്കുന്ന കുഴിബോംബുകളെക്കുറിച്ച് മേളയുടെ രണ്ടാം വർഷം സ്ക്രീൻ ചെയ്ത് സമ്മാനാർഹമായ *ട്രൂ നൂൺ* എന്ന ചിത്രത്തോട് സാദൃശ്യമുള്ള *കളേഴ്സ് ഓഫ് മൗണ്ടൻസ്* ഗറില്ലാ പോരാളികൾക്കും പട്ടാളത്തിനുമിടയിലെ സംഘർഷത്തിൽ ബലിയാടുകളാകുന്ന ഗ്രാമീണരെക്കുറിച്ചു പറയുന്നു. ഗ്രാമീണ വിദ്യാലയവും അവിടത്തെ വിദ്യാർഥികളും ഏകാധ്യാപികയും അവരുടെ ജീവിതത്തിലെ സംഭവവികാസങ്ങളും ശക്തമായി പകർത്തുന്നു. ഭീഷണിക്ക് വഴങ്ങി അധ്യാപിക അവിടം വിട്ടുപോകുന്നത്, കുഴിബോബുണ്ടെന്ന് സംശയിക്കുന്ന സ്ഥലത്തുവീണ ഫുട്ബോൾ എടുക്കുന്ന കുട്ടികളുടെ പരിശ്രമം, ഗ്രാമീണരുടെ സ്വസ്ഥത നശിപ്പിക്കുന്ന ചലനങ്ങൾ എല്ലാം തന്നെ അതീവ ശ്രദ്ധയോടെ പകർത്തിയിരിക്കുന്നു.

വർണം കൊണ്ടും വരകളാലും വിസ്മയം തീർക്കുന്ന അത്ഭുത ബാലന്റെയും അമ്മയുടെയും അവന്റെ കഴിവുകൾ മനസ്സിലാക്കി പ്രോത്സാഹിപ്പിക്കുന്ന കെമിസ്റ്റിന്റെയും കഥയാണ് *ദ പെയിന്റിങ് ലെസൺ.* സംവിധായകൻ പാബ്ലോ പെരൾമാൻ. ചിലിയൻ ജീവിതത്തിന്റെ ബാഹ്യ–ആന്തരിക തലങ്ങൾ അനാവരണം ചെയ്യുന്ന ഈ ചിത്രത്തിന് പ്രേക്ഷക പുരസ്കാരം ലഭിച്ചത് പ്രതീക്ഷയെ ന്യായീകരിച്ചുകൊണ്ടുതന്നെയാണ്.

സംസ്ഥാന, ദേശീയ പുരസ്കാരങ്ങൾ നേടിയ *ആദാമിന്റെ മകൻ അബു* (സംവിധായകൻ സലിം അഹമ്മദ്) നെറ്റ്പാക്ക്, ഫിപ്രസി, ഹസ്സൻകുട്ടി പുരസ്കാരങ്ങൾക്ക് അർഹമായത് മലയാളത്തിന് അഭിമാനകരം തന്നെ. ഹമീദ് റാസ അലി ഗോരിയൻ (ഫ്ളെമിംഗോ നമ്പർ 13) മികച്ച സംവിധായകനായി രജത ചകോരം കരസ്ഥമാക്കിയപ്പോൾ മികച്ച നവാഗത സംവിധായകനായത് *എ സ്റ്റോൺസ്ത്രോ എവേയി*ലൂടെ സെബാസ്റ്റ്യൻ ഹിരിയാത്ത് (മെക്സിക്കോ) ആണ്. *ദി ഫ്യൂച്ചർ ലാസ്റ്റ് ഫോർ എവർ* എന്ന ഓസ്ക്കാൻ അൽപെറുടെ ടർക്കിഷ് പടം ഫിപ്രസി അവാർഡും അതിഥി റോയ് സംവിധാനം ചെയ്ത ബംഗാളി ചിത്രം *അറ്റ് ദി എന്റ് ഓഫ് ഇറ്റ് ആൾ* നെറ്റ്പാക്ക് പുരസ്കാരവും നേടി.

മനഃശാസ്ത്രപരമായ വിഷയം അതിവിദഗ്ധമായി അവതരിപ്പിക്കുന്ന *ദി കാറ്റ് വാനിഷസ്* (കാർലോസ് സോറിൻ, അർജന്റീന), *ബ്ലാക്ക് ബ്ലഡ്* (മയോൻ സാങ്, ചൈന), *ഡെൽഹി ഇൻ എ ഡേ* (പ്രശാന്ത് നായർ), *ദി ഡ്രീംസ് ഓഫ് എലിബിദി* (നിക്ക് റീഡിങ്ങ്), *കാമൗ വാ നമുക്ക്* (കെനിയ), *പലവാൻഫേറ്റ്* (ഓറിയോ സോളിറ്റോ, ഫിലിപ്പൈൻ), *ബോഡി* (മുസ്തഫ നൂരി, ടർക്കി) എന്നിവയാണ് മത്സരവിഭാഗത്തിലെ രചനകൾ. മലയാള ചിത്രങ്ങൾ ഇല്ലാതിരുന്നത് സിനിമയുടെ നഷ്ടമായി.

മത്സരവിഭാഗത്തിൽ മാത്രമല്ല പൊതുവേ മേളയിൽതന്നെ ലാറ്റിൻ അമേരിക്കയിൽനിന്നുള്ള ചിത്രങ്ങളും ഏഷ്യൻ ചിത്രങ്ങളും മുഖാമുഖം നിൽക്കുന്ന അനുഭവമാണ്

കാണികൾക്ക് ലഭിച്ചത്. ഏറ്റവും കൂടുതൽ രചനകൾ മേളക്കെത്തിയത് ഈ രണ്ടു വൻകരയിൽനിന്നുതന്നെ. ചൈന, കൊറിയ, ഇറാൻ തുടങ്ങി ഏഷ്യൻ സിനിമയുടെ മുന്നണിയിൽ നിൽക്കുന്ന രാജ്യങ്ങളിൽനി ന്നെല്ലാം നല്ല സൃഷ്ടികൾ മേളയിൽ പ്രദർശി പ്പിക്കുകയുണ്ടായി. ലോകസിനിമാവിഭാഗ ത്തിൽ പ്രദർശിപ്പിച്ച ചൈനീസ് ചിത്രം *റിട്ടേൺ ടിക്കറ്റ്* സമകാലിക ചൈനയുടെ അവസ്ഥാന്തരങ്ങൾ പകർത്തുന്നു. ദൂരെ അംബരചുംബികളുമായി പുതിയ നഗരം ഉയർന്നു നിൽക്കുമ്പോഴും പട്ടിണിയും പരി വട്ടവുമായി ജീവിക്കുന്ന നഗരപ്രാന്ത ത്തിന്റെ ജീവിതം അനാച്ഛാദനം ചെയ്യപ്പെ ടുന്നു. ഇറാനിൽ വീട്ടുതടങ്കലിൽ കഴിയുന്ന ജാഫർ പനാഹി വിരസപൂർണമായ സ്വന്തം ജീവിതം ക്യാമറയിൽ പകർത്തിയതാണ് *ദിസ് ഈസ് നോട്ട് എ ഫിലിം*. കാൻ മേളയിൽ ഗോൾഡൻ പാം നേടിയ *ദി ട്രീ ഓഫ് ലൈഫ്* (ടെറൻസ് മാലിക്ക്) *വിവ റിവ, ദി കൈറ്റ്, നൈസോ എറ്റർണിറ്റി, ബ്രേക്ക്ഫാസ്റ്റ്, ലഞ്ച്, ഡിന്നർ, ബ്ലാക്ക് ബട്ടർഫ്ളൈസ്, റ്റുഗെദർ, എലീന, ബെസ്റ്റ് ഇന്റൻഷൺസ്* തുടങ്ങിയവ ലോകസിനിമാ വിഭാഗത്തിലെ മികവുറ്റ സൃഷ്ടികളായി രുന്നു.

ഇന്ത്യൻ സിനിമകളും മലയാളസിനിമ കളുമായുള്ള പ്രത്യേക വിഭാഗങ്ങൾ പതിവുപോലെ സമകാലികസിനിമയിലെ ഈടുറ്റ സൃഷ്ടികൾ പാക്കേജ് ചെയ്തവ യായിരുന്നു. വിദേശ പ്രതിനിധികൾക്കും മറ്റു മേളകളിൽനിന്ന് തിരഞ്ഞെടുപ്പിനായി വന്നവർക്കും ഇരുവിഭാഗത്തിലെ ചിത്ര ങ്ങളും ഉപകാരപ്രദമായി.

ഏതൊരു രാജ്യാന്തര ചലച്ചിത്രമേളയി ലെയും പ്രബലവും അർഥപൂർണവുമായ വിഭാഗമാണ് റിട്രോസ്പെക്ടീവ്, കൺട്രി ഫോക്കസ് തുടങ്ങിയവ. ഈ മേളയിലെ റിട്രോകൾ ഉന്നതനിലവാരം പുലർത്തി. ഫ്രഞ്ച് സംവിധായകൻ റോബെർട്ട് ബ്രെസ്സോൺ, ജാപ്പനീസ് ചലച്ചിത്രകാരൻ നഗീസ ഒഷിമ, ഗ്രീക്ക് സംവിധായകൻ തിയോ ആഞ്ജലോ പൗലോ തുടങ്ങിയവ രുടെ ചിത്രങ്ങൾ ചലച്ചിത്ര വിദ്യാർഥി കൾക്കും പ്രേക്ഷകനും ഒരുപോലെ ഫല പ്രദമായിരുന്നു.

വിഖ്യാത ഹംഗേറിയൻ സംവിധായകൻ സോൾത്തൻ ഫാബ്രിയുടെ *റ്റു ഹാഫ് ടൈം ഇൻ ഹെൽ* എന്ന ക്ലാസിക് ഉൾപ്പെടെ ഏതാനും മികച്ച ചിത്രങ്ങൾ ഈ വിഭാഗ ത്തിലുണ്ടായിരുന്നു. ഫുട്ബോൾ ഫിലിം പാക്കേജ് ഇത്തവണത്തെ മേളയുടെ സവി ശേഷതയായിരുന്നു. സ്പോർട്സ് ആസ്പ ദമാക്കിയ ചിത്രങ്ങളുടെ വലിയൊരു വിഭാഗം തന്നെ ലോകസിനിമയിലുണ്ട്.

പതിനാറാമത് മേളയിലെ മറ്റൊരു സവിശേഷതയാണ് 'മാർക്കറ്റിങ് മലയാളം സിനിമ'യെന്ന വിഭാഗം. ശരിയായ ദിശ യിലെ ചെറിയൊരു തുടക്കം മാത്രമാണിത്. ഇതിന്റെ ഗുണഫലങ്ങൾ അറിഞ്ഞുതുടങ്ങു വാൻ ഏതാനും വർഷങ്ങൾ വേണ്ടിവരു



ദ പെയിന്റിങ് ലെസൺ

മെന്ന് പറയാം. സെമിനാറുകളും സംവിധാ യകരുമായുള്ള മുഖാമുഖവും നടന്നു. പതി വുപോലെ ഓപ്പൺ ഫോറം ഓപ്പൺ 'ഫൈറ്റി'നുള്ള വേദിയായി മാറി.

സ്മൃതിചിത്രങ്ങളിൽ മലയാളത്തിന്റെ അഭിമാനമായ മധുവിന്റെ ചിത്രങ്ങൾ ഉൾപ്പെട്ടത് ഏറെ ഉചിതമായി. അഭിനേതാ വായി ആരംഭിച്ച് സംവിധായകനും നിർമാ താവും സ്റ്റുഡിയോ ഉടമയുമായി മലയാള സിനിമയിൽ നിർണായകസ്വാധീനം ചെലു ത്തിയ വ്യക്തിയാണ് മധു. *പ്രിയ* എന്ന പ്രഥമ ചിത്രംകൊണ്ടുതന്നെ സംവിധായക നെന്ന നിലയിൽ മധു ശ്രദ്ധനേടിയിരുന്നു.

മത്സരവിഭാഗത്തിൽ മലയാള സിനിമ കൾ ഇല്ലാതിരുന്നത്കൂടാതെ ഇത്തവണ മേളയുടെ ഗൗരവത്തെ പ്രതികൂലമായി ബാധിച്ച മറ്റൊരു കാര്യമാണ് സമഗ്രസം ഭാവനയ്ക്കുള്ള പുരസ്കാരം നൽകാതിരി ക്കുന്നത്. ആദ്യം മൃണാൾ സെന്നിനും പിന്നീട് ജർമൻ സംവിധായകൻ ഹെർസോ ഗിനും നൽകിയ സമഗ്രസംഭാവനാ പുര സ്കാരത്തിന് ഒരാളെ കണ്ടെത്താനായി ല്ലെന്നത് ഒരു പാകപ്പിഴതന്നെ.

മേളയുടെ ജനകീയ സ്വഭാവമാണ് ഐ. എഫ്.എഫ്.കെ.യെ മറ്റ് ലോകസിനിമ മേളകളിൽനിന്ന് വേർതിരിക്കുന്നത്. പതി നായിരത്തിലധികം വരുന്ന ഡെലിഗേറ്റു കളും പത്തിലധികം പ്രദർശനസ്ഥലങ്ങളും ഇരുന്നൂറിലധികം ചിത്രങ്ങളുമായി കേരള രാജ്യാന്തര ചലച്ചിത്രമേള പുതിയ ഉയര ങ്ങൾ സ്വന്തമാക്കി. സംവിധായകരും മറ്റ് സാങ്കേതികപ്രവർത്തകരുമായി ലോക സിനിമയിൽനിന്ന് ഉന്നതർ ഇവിടെയെത്തി യിരുന്നു. ജനാധിപത്യരാജ്യത്ത് പ്രതികര ണങ്ങളും പ്രകടനങ്ങളും പ്രതിഷേധങ്ങളും സ്വാഭാവികമാണ്. അതിന്റെ പ്രതിഫലനം മേളയിലും ദൃശ്യമായിരുന്നു.

പുതിയ അനുഭവങ്ങൾ നൽകി വരും കാലത്തേക്ക് പുതിയ പ്രതീക്ഷകൾ ബാക്കിവച്ചാണ് രാജ്യാന്തരമേള കൊടിയി റങ്ങിയത്. ■



ആദാമിന്റെ മകൻ അബു


■ **ഷമീൽ കാമ്പ്രത്ത്**

### സ്കൂൾ വിദ്യാർഥികളുടെ നൂറ്റിമുപ്പത്തിയെട്ട് ചിത്രങ്ങൾ മാറ്റുരച്ച നാലാമത് മേളയൊരുക്കിയ ദൃശ്യവിരുന്നിനെക്കുറിച്ച്

# സ്കൂൾ സിനിമകളുടെ മേള

ക്യാമറയിലൂടെ ഒരു കണ്ണുകൊണ്ടു നോക്കിയ കുട്ടികളുടെ മറു കണ്ണ് എന്താണ് കണ്ടത്? വിദ്യാർഥികളുടെ ഏഷ്യയിലെ ഏറ്റവും വലിയ ചലച്ചിത്രമേളയ്ക്ക് കൊടിയിറങ്ങിയപ്പോൾ വിസ്മയിച്ചുനിന്ന പ്രേക്ഷകർ ചോദിച്ചതാണിത്. ക്യാമറയുടെ കലാപം കാഴ്ചവച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജി (എസ്.ഐ.ഇ.റ്റി.) സംഘടിപ്പിച്ച സംസ്ഥാന വിദ്യാർഥികളുടെ നാലാമത് ചലച്ചിത്രമേളയ്ക്ക് കഴിഞ്ഞ നവംബർ 17ന് കൊടിയിറങ്ങി. അടുത്ത മേളയ്ക്ക് കാണാമെന്നു പറഞ്ഞ് അവർ പിരിഞ്ഞപ്പോൾ, ആരവങ്ങളൊഴിഞ്ഞ കോഴിക്കോട് ശാന്താദേവി നഗറിൽ കുരുന്നു കാഴ്ചകൾ കണ്ട് പകച്ചുനിന്ന ചലച്ചിത്രപ്രേമികളുടെ കണ്ണിൽ ബദൽ സിനിമ എന്ന സ്വപ്നമായിരുന്നു. കാരണം കുട്ടികൾ ക്യാമറകൊണ്ടെഴുതിയതിന് കണ്ടുമടുത്ത കാഴ്ചകളെക്കാൾ തീവ്രതയുണ്ടായിരുന്നു. ഒപ്പം യാഥാർഥ്യബോധവും. ക്യാമറാകാലത്തെ ക്ലാസ്മുറികൾ നമ്മുടെ സിനിമാചരിത്രത്തിൽതന്നെ അടയാളപ്പെടുത്തേണ്ട ഒന്നായി പരിണമിച്ചുകഴിഞ്ഞു. കേരളത്തിൽ ശ്രദ്ധിക്കപ്പെട്ടുതുടങ്ങിയ കുട്ടികളുടെ ചലച്ചിത്രമേളയ്ക്ക് നാലുവയസ്സുതികയുമ്പോൾ ഇതിനിടെ 610 സിനിമകൾ മേളയുടെ ഭാഗമായി നിർമിക്കപ്പെടുകയുണ്ടായി. ആഗോളതലത്തിൽതന്നെ അത്യപൂർവമായ ഒരു നേട്ടമാണിത്. ഈ ഘട്ടത്തിൽ കുട്ടികളുടെ സിനിമാഭാഷയും പ്രമേയവും പഠിക്കാനും ചർച്ച ചെയ്യുവാനും ഏവരും തയ്യാറാകേണ്ടതുണ്ട്.

എന്താണ് കാഴ്ചയെന്നും എങ്ങനെ അവരുടെ കാഴ്ചകളെ നിർമിക്കാമെന്നുമുള്ള പുതിയൊരു പഠനതന്ത്രത്തിന്റെ തുടക്കമാണ് ചലച്ചിത്രമേളയിലൂടെ  സാക്ഷാത്കരിക്കപ്പെടുന്നത്. സ്കൂൾ പാഠ്യപദ്ധതി പരിഷ്കാരത്തിന്റെ ഭാഗമായി ക്യാമറയും സിനിമയുമെല്ലാം ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വിദ്യാർഥിയുടെ പുതിയ പാഠങ്ങളായി മാറിക്കഴിഞ്ഞിരിക്കുകയാണ്. കവിതയോ, കഥയോ, സംഗീതമോ, പെയിന്റിങ്ങോ ആസ്വദിക്കപ്പെടുന്നതുപോലെ സ്കൂൾതലത്തിൽ തന്നെ ചലച്ചിത്രവും സ്വീകരിക്കപ്പെടണം. ഈ മാധ്യമത്തെ ക്ലാസ് മുറിയിലേക്ക് കയറ്റിവിടുന്നതിലൂടെ സാങ്കേതികവിദ്യയുടെയും കലയുടെയും രഹസ്യപാഠങ്ങൾകൂടി പങ്കുവയ്ക്കപ്പെടുകയാണ്. വികസിതരാജ്യങ്ങളിൽ അനുവർത്തിച്ചുവരുന്ന ശക്തമായ തിയേറ്റർ സംവിധാനത്തിന്റെ ആവശ്യകത കേരളം ഇന്ന് തിരിച്ചറിഞ്ഞതിന്റെ തുടർച്ചയെന്നോണമാണ് സംസ്ഥാനത്ത് സ്കൂൾ കുട്ടികളുടെ സിനിമ എന്നൊരു വിഭാഗം രൂപപ്പെട്ടത്.



ദൈവസൂത്രത്തിലെ ഒരു രംഗം
(കുട്ടികൾ നിർമിച്ച മികച്ച ചിത്രം)

കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ (ശാന്താദേവി നഗർ) നവംബർ 14 ന് ചാച്ചനെഹ്റുവിന്റെ ജന്മദിനത്തിലാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജി സംഘടിപ്പിച്ച കുട്ടികളുടെ നാലാമത് ചലച്ചിത്രമേളയ്ക്ക് കൊടിയേറിയത്. സംസ്ഥാനതലത്തിൽ ലഭിച്ച എൻട്രികളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 138 ചിത്രങ്ങൾ ഇത്തവണ മത്സരവിഭാഗത്തിൽ മാറ്റുരയ്ക്കുകയുണ്ടായി. ചിത്രങ്ങളെ കുട്ടികൾ നിർമിച്ചത്, കുട്ടികൾക്കുവേണ്ടി നിർമിച്ചത് എന്നിങ്ങനെ രണ്ടായി തിരിച്ച് അവയെ പ്രൈമറി, സെക്കൻഡറി, സീനിയർ സെക്കൻഡറി, ബി.ആർ.സി (ബ്ലോക്ക് റിസോഴ്സ് സെന്റർ) എന്നീ നാല് ഉപവിഭാഗങ്ങളാക്കിയാണ് മേളയിൽ മത്സരം നടന്നത്. ബാലൻ കെ.നായർ, കുതിരവട്ടം പപ്പു, കുഞ്ഞാണ്ടി എന്നീ മൺമറഞ്ഞ കോഴിക്കോടൻ കലാകാരന്മാരുടെ പേരുനൽകി ആദരിച്ച മൂന്ന് ഹാളുകളിലായി നടന്ന പ്രദർശനം കാണാൻ സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ 3250 ലധികം വിദ്യാർഥികൾ എത്തിയിരുന്നു.

സ്കൂൾകുട്ടികളുടെ ചലച്ചിത്രവേദി ഓരോ വർഷവും വ്യത്യസ്ത



പറഞ്ഞില്ല കേട്ടുവോ (കുട്ടികൾക്ക് വേണ്ടി നിർമിച്ച മികച്ച ചിത്രം)

മായ കാഴ്ചകൾകൊണ്ട് നിറയുകയാണ്. അവരുടെ അനുഭവലോകത്തിൽ ദിനം പ്രതിയുണ്ടാകുന്ന മാറ്റമാണിതിന് കാരണം. ഓരോ നിമിഷവും സംസ്കാരം തന്നെ മാറ്റപ്പെടുമ്പോൾ അതിനെ അടയാളപ്പെടുത്താനും തള്ളിക്കളയേണ്ടതിനെ കാഴ്ചയുടെ പ്രതിസംസ്ക്കാരംകൊണ്ട് പ്രതിരോധിക്കാനും ഇവരുടെ സിനിമയ്ക്കു കഴിയുന്നുണ്ട്. ഭാഷയുടെ അതിർവരമ്പുകളില്ലാത്ത ദൃശ്യവിരുന്നെന്നനിലയിൽ സിനിമ ഒരു വിശ്വകലയായി മാറിയ സാഹചര്യത്തിൽ അതിൽ കുട്ടികളുടേതായ ഇടപെടൽ കൂടുതൽ കാര്യക്ഷമമായി ലോകത്തിലാകമാനം നടന്നുകൊണ്ടിരിക്കുകയാണ്. അതിനുള്ള ദൃഷ്ടാന്തമാണ് കോഴിക്കോട് നടന്ന ദേശീയ ശ്രദ്ധയാകർഷിച്ച കുട്ടികളുടെ മേള.

ഇതുവരെ മുഖ്യധാരാ സിനിമയുടെയും അതിമാനുഷകഥകളുടെയും ആസ്വാദകർ മാത്രമായിരുന്ന വിദ്യാർഥികൾ, അവർ കൂട്ടായി നിർമിച്ച ചിത്രങ്ങളുമായാണ് മേളയ്ക്കെത്തിയത്. സാങ്കേതികജ്ഞാനത്തിന്റെയും കൈത്തഴക്കത്തിന്റെയും പരിചയക്കുറവ് എവിടെയൊക്കെയോ മുഴച്ചുനിൽക്കുന്നുവെന്നത് ശരിതന്നെ. അതുമാത്രം ചൂണ്ടിക്കാട്ടി അവരുടെ ശ്രമങ്ങൾ വിമർശിച്ച് കുഴിച്ചുമൂടാനല്ല നാം ശ്രമിക്കേണ്ടത്. എന്നാൽ കണ്ട കാഴ്ചകളുടെ അനുകരണമോ ആവർത്തനമോ അല്ല കുട്ടികൾ ക്യാമറയിൽ പകർത്തിയത്. പകരം താൻ അറിയുകയും കാണുകയും കേൾക്കുകയും ചെയ്യുന്ന ജീവിതത്തെ യാഥാർഥ്യബോധത്തോടെ അവതരിപ്പിക്കുകയാണ്. അവരുടെ തിരശ്ശീല അതിഭാവുകത്വത്തെയും കെട്ടുകാഴ്ചകളെയും പടിക്കുപുറത്തു നിർത്തിയിരിക്കുകയാണ്. ഞങ്ങളുടെ കണ്ണിന്റെ വിരുന്ന് ഇതല്ല എന്നാണ് പറഞ്ഞുവയ്ക്കുന്നത്. സ്കൂൾപാഠപുസ്തകത്തിലൂടെ പകർന്നുകിട്ടിയ ചലച്ചിത്രമാധ്യമത്തെക്കുറിച്ചുള്ള അടിസ്ഥാന അറിവും പ്രായോഗിക പരിശീലനത്തിലൂടെ നേടിയ സാങ്കേതിക ജ്ഞാനവുമാണ് ഇത്തരമൊരു കുതിപ്പിന് അവർക്ക് പിൻബലമേകിയത്.

മത്സരവിഭാഗത്തിലെ ചിത്രങ്ങളുടെ ഭാഷ, ആഖ്യാനരീതി, പ്രമേയം എന്നിവ ശ്രദ്ധേയമാണ്. മുതിർന്നവരുടേതിൽനിന്നും ഏറെ വ്യത്യസ്തമായൊരു കാഴ്ചയുടെ ദർശനമാണത് പങ്കുവയ്ക്കുന്നത്. മേളയിൽ കുട്ടികൾ നിർമിച്ച മികച്ച ചിത്രത്തിനുള്ള പുരസ്കാരം നേടിയ കാസർകോട് പീലിക്കോട് സി.കെ.എൻ.എസ്.ജി.എച്ച്.എസ്.എസിലെ എൻ.എസ്.എസ്. വിദ്യാർഥികൾ നിർമിച്ച *ദൈവസൂത്രം*, കുട്ടികൾക്കുവേണ്ടി നിർമിച്ച മികച്ച ചിത്രത്തിനുള്ള അവാർഡു നേടിയ കാരയാട് എ.എൽ.പി സ്കൂൾ നിർമിച്ച *പറഞ്ഞില്ല കേട്ടുവോ*യും പ്രേക്ഷകരുടെ മനം കവർന്ന ചിത്രങ്ങളാണ്.

സർഗാത്മകവും വസ്തുനിഷ്ഠവുമായൊരു സമീപനമാണ് ഈ രണ്ടു ചിത്രങ്ങളും മുന്നോട്ടു വയ്ക്കുന്നത്. പാരിസ്ഥിതികപ്രശ്നം അവതരിപ്പിക്കാൻ *ദൈവസൂത്രം* എന്ന സിനിമ പ്രാദേശികസങ്കേതങ്ങളെയും കഥാപാത്രങ്ങളെയുമാണ് ഉപയോഗിച്ചിട്ടുള്ളത്. സാധാരണഗതിയിൽ ഡോക്യുമെന്ററിക്ക് മാത്രം വിഷയമാകാറുള്ള പ്രമേയം എൻ.എസ്.എസ് വിദ്യാർഥികൾ ചേർന്ന് കഥാരൂപത്തിൽ ദൃശ്യവത്കരിക്കുകയാണ്. ഇക്കോസിസ്റ്റം പ്രമേയമാകുന്ന അപൂർവം സിനിമകളിലൊന്നായ *ദൈവസൂത്രം* പ്രേക്ഷകരുടെ കയ്യടി നേടിയതും അതുകൊണ്ടുതന്നെയാണ്. കഥ നടക്കുന്ന പോതിക്കുന്ന് ഒരു പ്രതീകം മാത്രമാണ്. മരണം കാത്തുകിടക്കുന്ന പച്ചക്കുന്നുകളുടെ പ്രതീകം. സമ്പദ്വ്യവസ്ഥയുമായി മാത്രം നാം ബന്ധിപ്പിക്കാറുള്ള പട്ടിണി എന്ന വിപത്തിന് ജൈവശൃംഖലയുടെ തകർച്ചയുമായി അഭേദ്യമായ ബന്ധമുണ്ട്. പക്ഷം പിടിക്കാത്ത കുട്ടികളുടെ മൂന്നാം കണ്ണിന്റെ ആഴത്തിലുള്ള കാഴ്ച അത് പറഞ്ഞുതരുന്നു. തികച്ചും വ്യത്യസ്തമായൊരു അവതരണരീതിയാണിതിന് ഉപയോഗിച്ചിരിക്കുന്നത്.

അനീതിക്കും വിവേചനത്തിനുമെതിരെ പോരാടിരക്തസാക്ഷിത്വം വരിച്ച തെയ്യമെന്ന കലാരൂപത്തെ പുതിയകാലത്ത് പാരിസ്ഥിതികപ്രശ്നങ്ങൾക്കെതിരെ പോരാടുന്ന ബിംബമാക്കി ചിത്രീകരിച്ച *ദൈവസൂത്രത്തി*ലെ പരീക്ഷണം ഗഹനമായ ചിന്തയിൽ വാർത്തെടുക്കപ്പെട്ടതാണ്. മണ്ണു നശിപ്പിക്കുന്നവരെ തുറന്നുകാട്ടാൻ വാഴക്കൃഷി ചെയ്ത് സ്വരൂപിച്ച പണംകൊണ്ടാണ് പീലി



***ദൈവസൂത്രത്തിന്റെ* ടീമിന് പുരസ്കാരം നൽകുന്നു**



***പറഞ്ഞില്ല കേട്ടുവോ* ടീമിന് പുരസ്കാരം നൽകുന്നു**

ക്കോട് സ്കൂൾ വിദ്യാർഥികൾ തമ്പാച്ചിയും തെയ്യവുമൊക്കെയായി വേഷമിട്ടതും സിനിമ പിടിച്ചതും. ക്യമാറാകാലത്തെ ക്ലാസ് മുറികൾ തീപ്പൊരി വിതറിയ പഴയ കലാലയ ബദലുകളെയാണ് ഓർമപ്പെടുത്തുന്നത്. ക്യാമറയിലേക്ക് നോക്കാത്ത കുട്ടികളുടെ മറുകണ്ണ് സ്വന്തമാത്മാവിലൂടെ കണ്ടത് പച്ചയായ ലോകത്തെത്തന്നെയാണ്.

കുട്ടികളുടെ ചിത്രങ്ങൾ ഭ്രമിപ്പിക്കുന്ന മായികതയ്ക്കുപകരം രണ്ട് കണ്ണിനും കാഴ്ചയുള്ളവന്റെ ദർശനമാണ് രൂപപ്പെടുത്തിയത്. കുട്ടികൾക്കുവേണ്ടി നിർമിച്ച മികച്ച ചിത്രത്തിനുള്ള പുരസ്കാരം നേടിയ *പറഞ്ഞില്ല കേട്ടുവോ* പറഞ്ഞുവയ്ക്കുന്നതും ഇതുതന്നെയാണ്. പ്രൈമറിതലത്തിലെ വിദ്യാർഥികളുടെ സ്വാഭാവികവും തന്മയത്വവും നിറഞ്ഞ അഭിനയം ഈ സിനിമയെ മേളയുടെ മികച്ച ചിത്രങ്ങളിലൊന്നാക്കി മാറ്റി. സംവേദനക്ഷമമായ രീതിയിൽ പറഞ്ഞതിനെക്കാളേറെ ധ്വനിപ്പിക്കാനും തത്വചിന്താപരവുമായൊരു അനുഭൂതി പ്രേക്ഷകന് കൈമാറാനും സാധിക്കുന്നതരത്തിലുള്ള ഗൃഹപാഠം ഇതിന്റെ പിന്നിലുണ്ട്. സൂക്ഷ്മമായി പരിശോധിക്കുമ്പോൾ എങ്ങനെ കുട്ടികൾക്കുവേണ്ടി സിനിമ നിർമിക്കാമെന്നതിനുള്ള ഒരു ദൃശ്യപ്രബന്ധം തന്നെയാണ് *പറഞ്ഞില്ല കേട്ടുവോ.*



ദിനകർലാൽ
(മികച്ച നടൻ)



ലീഡ
(മികച്ച നടി)



നബിഷ ടി.കെ.
(മികച്ച സംവിധായിക)

വിക്ടർ ഹ്യൂഗോ മുതൽ എൻ.എസ്. മാധവൻ വരെയുള്ള എഴുത്തുകാരുടെ രചനകൾ ദൃശ്യാവിഷ്കാരം നടത്തിയ ചിത്രങ്ങളും ചലച്ചിത്രമേളയിൽ മത്സരവിഭാഗത്തിലുണ്ടായിരുന്നു. ദൃശ്യബിംബങ്ങൾ ചേർത്ത് ഒരുതരം ഡയറി എഴുത്തിന്റെ ആഖ്യാനരീതി ചില സിനിമകളുടെ സവിശേഷതയായി കാണാൻ സാധിക്കും. പതിവു കാഴ്ചകളെ വ്യക്തനിഷ്ഠമല്ലാതെ സൂക്ഷ്മവും നിരീക്ഷണപാടവത്തോടുകൂടിയും സമീപിക്കുന്ന രീതിയാണത്. കഥാചിത്രത്തിൽ ഡോക്യുമെന്ററിയുടെ ചില സവിശേഷതകൾ കൂട്ടിച്ചേർക്കുന്നതുപോലൊരു അനുഭൂതിയാണ് കാഴ്ചക്കാരന് അനുഭവപ്പെടുക. അത് ഉന്നംവയ്ക്കുന്നത് നല്ല സിനിമകളുടെ തുടർച്ചയെത്തന്നെയാണ്. കണ്ടുപഠിച്ച പരമ്പരാഗതസിനിമയുടെ വഴികൾ തെറ്റിച്ച് അവരുടെ ദൃശ്യസഞ്ചാരം പുതുവഴി തേടിയതിനുപിന്നിൽ സിനിമാപഠനത്തിന്റെ പിൻബലമുണ്ട്. പുകഴ്ത്തിപ്പാടലുകളില്ലാതെ മൂടിവയ്ക്കലുകളില്ലാതെ കുരുന്നു തിരശ്ശീല കഥ പറയുകയാണ്. ജീവിതത്തിൽ ഇടപെടൽ നടത്തേണ്ട വിഷയങ്ങളെ കണ്ടില്ലെന്നുനടിച്ച് സാമൂഹികബന്ധമില്ലാത്ത വെറും താരകേന്ദ്രിതമായൊരു കലയായി മാറിയ മലയാള സിനിമാവ്യവസായത്തിന് ഈ ചിത്രങ്ങളിൽ നിന്നും കണ്ടുപഠിക്കാൻ ഏറെയുണ്ട് ■

## പുരസ്കാരങ്ങൾ

### കുട്ടികൾ നിർമിച്ച ചിത്രങ്ങൾ (പ്രൈമറി)

ഒന്നാം സ്ഥാനം : അനുവിന്റെ വിചിന്തനങ്ങൾ, നിർമാണം: ഗവ. യു.പി.എസ് തലവൂർ കൊല്ലം. സംവിധാനം: ബിലഹരി (പതിനായിരം രൂപയും ശില്പവും സർട്ടിഫിക്കറ്റും)

രണ്ടാം സ്ഥാനം : ലൗ പ്ലാസ്റ്റിക്, നിർമാണം: സീന സ്വാമിനാഥൻ, തിരുവനന്തപുരം. സംവിധാനം: ദേവു കൃഷ്ണ എസ്. നാഥ് (അയ്യായിരം രൂപയും ശില്പവും സർട്ടിഫിക്കറ്റും)

മൂന്നാം സ്ഥാനം : ഉണ്ണിക്കുറി, നിർമാണം : അമ്പായത്തോട് യു.പി.എസ്. കണ്ണൂർ. സംവിധാനം: അഥീന ബാബു (ശില്പവും സർട്ടിഫിക്കറ്റും)

### കുട്ടികൾ നിർമിച്ച ചിത്രങ്ങൾ (സെക്കൻഡറി)

ഒന്നാം സ്ഥാനം : പൂതപ്പാട്ടിനുശേഷം, നിർമാണം: മൂവി ക്ലബ്ബ്, എ.കെ.എം. എച്ച്.എസ്. കൊട്ടൂർ, മലപ്പുറം. സംവിധാനം: പാർവതി പി. രവീന്ദ്രൻ (പതിനായിരം രൂപയും ശില്പവും സർട്ടിഫിക്കറ്റും)

രണ്ടാം സ്ഥാനം : ഭൂമി മായുമ്പോൾ, നിർമാണം: അൽഫീൻ പബ്ലിക് സ്കൂൾ, കാഞ്ഞിരപ്പള്ളി, സംവിധാനം: സൽമാൻ ഇസ്മയിൽ ഹസ്സൻ, മാഹീൻ നൗഷാദ്, ജോസഫ് പുതുമ (അയ്യായിരം രൂപയും ശിൽപ്പവും സർട്ടിഫിക്കറ്റും)

മൂന്നാം സ്ഥാനം : മുഖമെവിടെ, നിർമാണം: സി.എം.എസ്.എച്ച്.എസ്. അരപ്പറ്റ, വയനാട്. സംവിധാനം: ജനീഷ് കെ. (ശില്പവും സർട്ടിഫിക്കറ്റും)

### കുട്ടികൾ നിർമിച്ച ചിത്രങ്ങൾ (സീനിയർ സെക്കൻഡറി)

ഒന്നാം സ്ഥാനം : ദൈവസൂത്രം, നിർമാണം: നാഷണൽ സർവീസ് സ്കീം, സി.കെ.എൻ.എസ്. ജി.എച്ച്.എസ്.എസ് പീലിക്കോട്, കാസർഗോഡ്. സംവിധാനം: നിബിഷ ടി.കെ. (പതിനായിരം രൂപയും ശില്പവും സർട്ടിഫിക്കറ്റും)

രണ്ടാം സ്ഥാനം : വിപരിണാമം, നിർമാണം: എൻ.എസ്.എസ്. യൂണിറ്റ്, സ്കൂൾ ഫിലിം ക്ലബ്ബ്, നിർമ്മല എച്ച്.എസ്.എസ്. എരുമമുണ്ട, മലപ്പുറം. സംവിധാനം: വിഷ്ണു വിജയ് (അയ്യായിരം രൂപയും ശില്പവും സർട്ടിഫിക്കറ്റും)

മൂന്നാം സ്ഥാനം : വീണ്ടും, നിർമാണം: ജി.എച്ച്.എസ്.എസ്. ഗണേഷ് ഗിരി, ഷൊർണൂർ, പാലക്കാട്. സംവിധാനം: രജ്ഞിത്ത് (ശില്പവും സർട്ടിഫിക്കറ്റും)

### കുട്ടികൾ നിർമിച്ച ചിത്രങ്ങൾ (ബി. ആർ. സി)

ഒന്നാം സ്ഥാനം : ഒറ്റമണി ചിലങ്ക, നിർമാണം: ബി.ആർ.സി പാലോട്, തിരുവനന്തപുരം. സംവിധാനം: ആഹ്ളാദ് ഹരിലാൽ, രൂപ നായർ ഡി.പി. (പതിനായിരം രൂപയും ശില്പവും സർട്ടഫിക്കറ്റും)

രണ്ടാം സ്ഥാനം : വെയിൽ ചായും നേരം, നിർമാണം: ബി.ആർ.സി ബാലരാമപുരം, തിരുവനന്തപുരം. സംവിധാനം: വൈഷ്ണവി ബി. പിള്ള (അയ്യായിരം രൂപയും ശിൽപ്പവും സർട്ടിഫിക്കറ്റും)

മൂന്നാം സ്ഥാനം : ടെൻ, നയൺ, എയ്റ്റ്, നിർമാണം: ബി.ആർ.സി കണിയാപുരം, തിരുവനന്തപുരം. സംവിധാനം: രാഹുൽ രാജ് ആർ. വി. (ശില്പവും സർട്ടിഫിക്കറ്റും)

### കുട്ടികൾക്കുവേണ്ടി നിർമിച്ച ചിത്രങ്ങൾ (പ്രൈമറി)

ഒന്നാം സ്ഥാനം : പറഞ്ഞില്ല കേട്ടുവോ, നിർമാണം: കാരയാട് എ.എൽ.പി. സ്കൂൾ, കോഴിക്കോട്. സംവിധാനം മനീഷ് യാത്ര (പതിനായിരം രൂപയും ശില്പവും സർട്ടഫിക്കറ്റും)

രണ്ടാം സ്ഥാനം : ഐ ഫോർ യു, നിർമാണം: വരുൺ വിനു, ദിലീപൻ ജി. കൃഷ്ണ സംവിധാനം: വരുൺ വിനു.

കള്ളനും പെൺകുട്ടിയും, നിർമാണം ശ്യാം മോഹൻ, ഡയറക്ടർ: ശ്യാം മോഹൻ (അയ്യായിരം രൂപയും ശില്പവും സർട്ടിഫിക്കറ്റും)

മൂന്നാം സ്ഥാനം : നാട്ടുപ്പച്ച, നിർമാണം: ജി.യു.പി.എസ് നെടുവ, മലപ്പുറം. സംവിധാനം: സുഷമ കണിയാട്ടിൽ (ശില്പവും സർട്ടിഫിക്കറ്റും)

### കുട്ടികൾക്കുവേണ്ടി നിർമിച്ച ചിത്രങ്ങൾ (സെക്കൻഡറി)

ഒന്നാം സ്ഥാനം : മഷിപ്പേന, നിർമാണം: ഉറുസുലൈൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കണ്ണൂർ. സംവിധാനം ചന്ദ്രൻ തരിക്കോട് (പതിനായിരം രൂപയും ശില്പവും സർട്ടിഫിക്കറ്റും)

രണ്ടാം സ്ഥാനം : പോത്ത്, നിർമാണം: കെടാമംഗലം പാപ്പുക്കുട്ടി മെമ്മോറിയൽ ലൈബ്രറി, എറണാകുളം. സംവിധാനം: ബാബു ആലുവ (അയ്യായിരം രൂപയും ശില്പവും സർട്ടിഫിക്കറ്റും)

മൂന്നാം സ്ഥാനം : അവൾ, നിർമാണം: സി.കെ. ബാലൻ, ജി.വി.എച്ച്.എസ്.എസ് കൊണ്ടോട്ടി, മലപ്പുറം. സംവിധാനം: ടി.കെ. ജോഷി (ശില്പവും സർട്ടിഫിക്കറ്റും)

### കുട്ടികൾക്കുവേണ്ടി നിർമിച്ച ചിത്രങ്ങൾ (സീനിയർ സെക്കൻഡറി)

ഒന്നാം സ്ഥാനം : വൃശ്ചികത്തിലെ ആൽമരം, നിർമാണം: ശ്രീ ശാരദ ഗേൾസ് എച്ച്എസ്.എസ് തൃശൂർ, സംവിധാനം: രജ്ഞിത്ത് കുമാർ (പതിനായിരം രൂപയും ശില്പവും സർട്ടിഫിക്കറ്റും)

രണ്ടാം സ്ഥാനം : ലോൺലി ഹാർട്ട്സ്, നിർമാണം: ശ്രീജിത് പോൾ, സംവിധാനം: ശ്രീജിത് പോൾ (അയ്യായിരം രൂപയും ശില്പവും സർട്ടിഫിക്കറ്റും)

മൂന്നാം സ്ഥാനം : മ്യൂസിക് ഓഫ് ദി ബ്രൂം, നിർമാണം: സ്വാഹം പ്രൊഡക്ഷൻസ്, തിരുവനന്തപുരം. സംവിധാനം: സജിൻ ബാബു ടി.എ. (ശില്പവും സർട്ടിഫിക്കറ്റും)

### കുട്ടികൾക്കുവേണ്ടി നിർമിച്ച ചിത്രങ്ങൾ (ബി. ആർ. സി)

ഒന്നാം സ്ഥാനം : നിധി, നിർമാണം: ബി.ആർ.സി ചിറ്റാരിക്കൽ, കാസർകോട്. സംവിധാനം: അനൂപ് കല്ലത്ത് (പതിനായിരം രൂപയും ശില്പവും സർട്ടിഫിക്കറ്റും)

രണ്ടാം സ്ഥാനം : നേഹ എന്റെ കൂട്ടുകാരി, നിർമാണം: യു.ആർ.സി തിരുവനന്തപുരം സൗത്ത്, സംവിധാനം: കെ. സ്വാമിനാഥൻ (അയ്യായിരം രൂപയും ശില്പവും സർട്ടിഫിക്കറ്റും)

മൂന്നാം സ്ഥാനം : കളിക്കൂട്ടം, നിർമാണം: എസ്.എസ്.എ., ബി.ആർ.സി കൊടുങ്ങല്ലൂർ, തൃശൂർ. സംവിധാനം: ജാസ്മിൻ (ശില്പവും സർട്ടിഫിക്കറ്റും)

സ്പെഷ്യൽ ജൂറി അവാർഡ് : ഐ.ടി@സ്കൂൾ വിക്ടേഴ്സ് (ശില്പവും സർട്ടിഫിക്കറ്റും)

■ മുസ്തഫ ദേശമംഗലം

# തിയേറ്ററിന്റെ വസന്തം ഇറ്റ്ഫോക്ക്



**നാലാമത് അന്തർദേശീയ നാടകോത്സവത്തിന് ഫെബ്രുവരി ഒന്നിന് തിരശ്ശീല ഉയരുകയാണ്.**

തിയേറ്ററിന്റെ ആശ്ചര്യജനകമായ കാലമാണിത്. രംഗത്ത് നവീനഭാഷയും ഇതിവൃത്തവും അന്വേഷിക്കുന്നതിന്റെ സുവർണകാലമെന്നു പറയാം. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ ലോകത്തിന്റെ വിവിധ സംസ്കാരങ്ങളിലും ഭാഷകളിലും രംഗവേദിയിലെ ഈ പരീക്ഷണം സജീവമായി തുടരുന്നുണ്ട്.

നാടകത്തെ നെഞ്ചിലേറ്റിയ ഭരത് മുരളിയുടെ സ്വപ്നമായിരുന്നു കേരളത്തിന്, അതിന്റെ സാംസ്കാരികമണ്ഡലത്തിന് നാടകവേദിയുടെ പുതിയ സ്ഫുരണങ്ങൾ കാണാൻ ഒരു വേദിയുണ്ടാവുക എന്നത്. ആ സ്വപ്ന സാക്ഷാത്കാരമായിട്ടാണ് അദ്ദേഹം കേരള സംഗീത നാടക അക്കാദമി ചെയർമാനായിരിക്കേ 2008 ൽ തുടക്കം കുറിച്ച അന്താരാഷ്ട്ര തിയേറ്റർ ഫെസ്റ്റിവൽ ഓഫ് കേരള (ITFOK). ഇറ്റ്ഫോക്ക് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്നുള്ള നാടകങ്ങൾക്കും രംഗഭാഷയുടെ വ്യത്യസ്തവഴികളന്വേഷിക്കുന്നതിനും വേദിയായി. ഓരോ വർഷവും അത്ഭുതാവഹമായ ജനപങ്കാളിത്തം കൊണ്ട് സജീവമായ ഇറ്റ്ഫോക്കിൽ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽനിന്നുള്ള ശ്രദ്ധേയ രംഗഭാഷയും അവതരണശൈലിയും നമുക്ക് കഴിഞ്ഞവർഷം കാണാൻ സാധിച്ചു.

പത്മഭൂഷൻ നസ്റുദ്ദീൻഷായുടെ നാടകത്തിലൂടെയാണ് 2009 ലെ ഇറ്റ്ഫോക്കിന് നാന്ദികുറിച്ചത്. കെനിയൻ നാടകത്തിന്റെ വസന്തവും സൗത്താഫ്രിക്കൻ തിയേറ്ററിന്റെ നവീനതയും കാണാനും ചർച്ചചെയ്യാനും നമ്മുടെ തനതു നാടകവേദിയുമായി താരതമ്യം ചെയ്യാനും അവസരം ലഭിച്ചു. കേരളത്തിന്റെ തിയേറ്റർ പ്രസ്ഥാനത്തിന്, അതിൽ മനസ്സും ശരീരവും സമർപ്പിച്ച കലാകാരന്മാർക്ക് ഇന്ന് കേരളത്തിന്റെ അന്താരാഷ്ട്ര നാടകമേള സ്വന്തം മേളയായിക്കഴിഞ്ഞിരിക്കുന്നു. ഇന്തോ-അമേരിക്കൻ, ഇന്തോ-ബ്രിട്ടൺ സഹകരണത്തോടെയുള്ള നിരവധി നാടകങ്ങൾ പിറക്കാൻ ITFOK വേദിയായി.

മൗലികവാദത്തിനും വർഗീയതയ്ക്കുമെതിരായി രംഗഭാഷ കൂടുതൽ കരുത്തോടെ ഇടപെടൽ നടത്തുന്നത് മലയാളി നാടകാസ്വാദകർക്ക് കാണാൻ കഴിഞ്ഞു. പാക്കിസ്ഥാനിൽനിന്നുള്ള അജോക തിയേറ്റർ തുടർച്ചയായ രണ്ടു വർഷം ഇറ്റ്ഫോക്കിൽ സജീവസാന്നിധ്യമായപ്പോൾ തിയേറ്ററിന്റെ രാഷ്ട്രീയ ഇടപെടലിന്റെ, സമരത്തിന്റെ സാധ്യതയെക്കുറിച്ച് നാം വീണ്ടും വാചാലരായി എന്നത് അന്താരാഷ്ട്ര നാടകവേദിയുടെ പുതിയ കാൽവെയ്പുകളുടെ ദൃക്സാക്ഷ്യങ്ങളാണ്.

നാഷണൽ സ്കൂൾ ഓഫ് ഡ്രാമയിൽനിന്നുള്ള അഭിലാഷ് പിള്ള ക്യൂറേറ്ററായി നടന്ന രണ്ടാമത്തെയും മൂന്നാമത്തെയും ഇറ്റ്ഫോക്കിലെ പത്മഭൂഷൺ നസ്റുദീൻഷായുടെയും പത്മഭൂഷൺ ഗിരീഷ് കർണാടിന്റെയും സാന്നിധ്യവും ഇറ്റ്ഫോക്കിന് ദേശീയശ്രദ്ധ നേടാൻ ഇടയാക്കി. ചലച്ചിത്ര-നാടകനടൻ മുകേഷ് സംഗീത-നാടക അക്കാദമി ചെയർമാനായിരിക്കേ നടന്ന കഴിഞ്ഞ വർഷത്തെ ഇറ്റ്ഫോക്കിന് ഏറെ ജനപങ്കാളിത്തമാണുണ്ടായത്. ഡെലിഗേറ്റ് പാസ് നിയന്ത്രിക്കാൻ പറ്റാത്തവിധമായി എന്നത് ITFOK ന്റെ ജനകീയതയും ആവശ്യകതയും തന്നെയാണ് ബോധ്യമാക്കുന്നത്. ചിലി, ബ്രസീൽ, കൊളംബിയ, ബൊളീവിയ, മെക്സിക്കോ, ക്യൂബ, സ്പെയിൻ, ജപ്പാൻ, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽനിന്നെത്തിയ അഞ്ഞൂറിലേറെ നാടകപ്രതിഭകൾ എല്ലാ അർഥത്തിലും രംഗഭാഷയുടെ നവീന ഇതിവൃത്തങ്ങൾകൊണ്ടാണ് ഇറ്റ്ഫോക്കിന്റെ പത്ത് ദിനരാത്രങ്ങൾ വിസ്മരിക്കാനാവാത്തതാക്കിമാറ്റിയത്. Theatre for the oppressed എന്ന ആശയത്തിൽനിന്നുകൊണ്ട് ഏലിയാസ് കോഹന്റെ സംവിധാനത്തിൽ പിറന്ന *ലാസ്*



*ഇന്ത്യാസ്* കഴിഞ്ഞ വർഷത്തെ ഇറ്റ്ഫോക്കിനെ അതിർത്തികളും ഭാഷകളും വർണങ്ങളും ഭേദിച്ചുകൊണ്ട് ഒരുപടികൂടി മുന്നോട്ടു നടത്തി.

## നാലാമത് അന്തർദേശീയ നാടകോത്സവം-2012

നാലാമത് അന്തർദേശീയ നാടകോത്സവത്തിന് 2012 ഫെബ്രുവരി ഒന്നു മുതൽ തിരശ്ശീല ഉയരുകയാണ്. സൂര്യ കൃഷ്ണമൂർത്തിയുടെ നേതൃത്വത്തിലാണ് ഇറ്റ്ഫോക്കിന്റെ പുതിയ എഡിഷൻ തുടങ്ങുന്നത്. ലോകനാടകചരിത്രത്തിലെ പ്രതിഭാധനരായ കലാകാരന്മാരുടെ നാടകപ്രവർത്തനങ്ങളെ അധികരിച്ച് സമകാലീക നാടകവേദിയിൽ ഉണ്ടായികൊണ്ടിരിക്കുന്ന പുതുചലനങ്ങൾപരിചയപ്പെടാനുള്ള അവസരമൊരുക്കുകയാണ്. *Meet the Masters* എന്ന മുഖ്യ സെഗ്മെന്റിൽ ഹോമർ, കാളിദാസൻ, ഷേക്സ്പിയർ, ടാഗോർ, ഇബ്സൻ, ഓട്ടോഷോഗോ, റിച്ചാർഡ് ഷെക്നർ, ബെർത്തോൾഡ് ബ്രെറ്റ്, റോളണ്ട് ഷിമ്മൻഫെഗ്, സാലിയേസ് വർണ്ണാസ് എന്നിവരുടെ നാടകങ്ങളെയും നാടകസമ്പ്രദായങ്ങളെയും പരിചയപ്പെടുത്തുന്ന ചില സുപ്രധാന നാടകങ്ങൾ നാലാമത് ഇറ്റ്ഫോക്കിന്റെ പ്രധാന ആകർഷണമായിരിക്കും. പോളണ്ട്, ലിത്വാനിയ, ഇറ്റലി, ഇംഗ്ലണ്ട്, ഇസ്രായേൽ, കാറ്റലോണിയ, എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രശസ്ത നാടകസംഘങ്ങളുടെ ശക്തമായ സാന്നിദ്ധ്യങ്ങളോടൊപ്പം സമകാലീക ഇന്ത്യൻ നാടകവേദിയുടെ പരിച്ഛേദമായി മഹാരാഷ്ട്ര, തമിഴ്നാട്, ബംഗാൾ, രാജസ്ഥാൻ, കർണാടക, കേരളം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള നാടകാവതരണങ്ങളും ഇറ്റ്ഫോക്ക് വേദിയെ ധന്യമാക്കുന്നു. പോളണ്ടിലെ പൊസ്നാൻ ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന തിയേറ്ററോ ബീയറോ പൊഡ്രോസി എന്ന ലോക പ്രശസ്ത നാടകസംഘത്തിന്റെ കാർമൻഫ്യൂണബ്രെ എന്ന തിയേറ്റർ അവതരണം ബോസ്നിയൻ യുദ്ധത്തിന്റെ നാടകവേദിയിലുള്ള അലയൊലികളാണ്. ഇറ്റലിയിൽ നിന്ന് വരുന്ന തിയേറ്റർ പൊട്ട്ലാഷിന്റെ *Twenty thousand Leagues under the sea* എന്ന നാടകം ജ്യൂൾസ് വെർനിയുടെ നോവലിന്റെ ശക്തവും പുതുമയുമാർന്ന രംഗാവതരണങ്ങളാണ്. ലിത്വാനിയയിലെ ശ്രദ്ധേയനായ നാടകസംവിധായകൻ സാലിയേസ് വർണാസ് സംവിധാനം നിർവഹിച്ച, ലിയോ ടോൾസ്റ്റോയിയുടെ *ക്രെന്റ്സൻ സൊണാറ്റ*, ഇംഗ്ലണ്ടിലെ ആക്ടേഴ്സ് ടൂറിങ് കമ്പനിയുടെ *ഗോൾഡൻ ഡ്രാഗൺ,* റിച്ചാർഡ് ഷെക്നർ സംവിധാനം നിർവ്വഹിച്ച *കെന്റ്* യൂണിവേഴ്സിറ്റിയുടെ *ഇമേജിനിങ് ഒ,* കാറ്റലോണിയയിൽ നിന്നുള്ള *ഹ്യൂമോർട്ടൽ എന്ന സ്ട്രീറ്റ് പെർഫോമൻസ്*, കാവാലം നാരായണപണിക്കരുടെ സംവിധാനത്തിലുള്ള കാളിദാസന്റെ *മാളവികാഗ്നിമിത്രം*, ശങ്കർ വെങ്കിടേശ്വരൻ സംവിധാനം ചെയ്ത ഓട്ടോ ഷോഗോയുടെ *വാട്ടർ സ്റ്റേഷൻ*, ദീപൻ ശിവരാമന്റെ ഇബ്സൻ നാടകമായ *പിയർഗിന്റ്*, അനുപം ഖേറിന്റെ *കുച്ച് ബിഹോ സക്താഹേ*, ഉഷാ ഗാംഗുലിയുടെ ടാഗോർ നാടകമായ *ചണ്ഡാലിക*, തമിഴ്നാട്ടിൽ നിന്നുള്ള *മുളഹാപൊടി,* അഭിഷേക് മജുംദാർ സംവിധാനം നിർവ്വഹിച്ച അരുന്ധതി നാഗും രേവതിയും ചേർന്നവതരിപ്പിക്കുന്ന *ആഫ്ടർ ലൈഫ് ഓഫ് ബേർഡ്സ്* എന്നിവയാണ് നാലാമത് അന്തർദേശീയനാടകോത്സവത്തിലെ പ്രധാനപ്പെട്ട അവതരണങ്ങൾ.

രാജ്യത്തെ സുപ്രധാന നാടകപാഠശാലകളിലെ വിദ്യാർഥികൾ അവരുടെ പഠനത്തിന്റെ ഭാഗമായി സംവിധാനം ചെയ്ത് അവതരിപ്പിക്കുന്ന ഏതാനും Site Specific നാടകങ്ങൾ ഇത്തവണത്തെ മറ്റൊരു പുതുമയാണ്. നാടോടി/ക്ലാസിക്കൽ തിയേറ്റർ പാരമ്പര്യത്തെ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള നാടകപ്രേക്ഷകർക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി പാവക്കൂത്ത്, പ്രഹ്ലാദചരിതം കഥകളി, തെയ്യം, കൃഷ്ണനാട്ടം, ഒപ്പന, കാഞ്ചീപുരത്തു നിന്നുള്ള കട്ടൈകൂത്ത് എന്നീ പാരമ്പര്യ കലാരൂപങ്ങളും അവതരിപ്പിക്കപ്പെടുന്നു.

പ്രധാന നാടകകലാകാരന്മാരുമായുള്ള മുഖാമുഖം, നാടകവിഷയങ്ങളെ അധികരിച്ചുള്ള സെമിനാർ, ഇറ്റ്ഫോക്കിൽ ഇതിനകം പ്രിയപ്പെട്ടതായി മാറിയ സംഗീതസമന്വയം അഥവാ മ്യൂസിക് ക്രോസ് ഓവർ എന്നിവ പ്രധാന സെഗ്മെന്റുകളാണ്. മലയാളത്തിലെ പ്രശസ്ത കവികൾ പങ്കെടുക്കുന്ന കവിതാലാപനം - *പോയറ്റ് സെഷൻ* ഇറ്റ്ഫോക്കിൽ ഈ വർഷം തുടക്കം കുറിക്കുന്നു.

അന്താരാഷ്ട്ര നാടകോത്സവത്തിന് സമാന്തരമായി ഫെബ്രുവരി രണ്ടു മുതൽ തിരുവനന്തപുരത്തും കോഴിക്കോട്ടും അതത് പ്രദേശങ്ങളിലെ സംഘാടകസമിതികളുടെ ആതിഥേയത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ നാടകങ്ങളുടെ അവതരണങ്ങൾ ഇറ്റ്ഫോക്കിന്റെ മറ്റൊരു പ്രത്യേകതയാണ്. *Festival -Reachout* എന്നാണ് ഇത് അറിയപ്പെടുന്നത്.

അന്താരാഷ്ട്ര നാടകോത്സവത്തിന്റെ ഭാഗമായിത്തന്നെ തിരഞ്ഞെടുക്കപ്പെട്ട ഏതാനും പ്രൊഫഷണൽ നാടകാവതരണങ്ങൾ ഇറ്റ്ഫോക്കിൽ ഈ വർഷം ആദ്യമായി നടക്കുന്നു. 2012 ജനുവരി ഒന്നു മുതൽ ഇറ്റ്ഫോക്ക് വിളംബരത്തിന് നാന്ദി കുറിച്ചുകൊണ്ട് കേരളത്തിലെ ആറു ജില്ലകളിൽ നാടകാവതരണങ്ങൾ നടക്കുന്നതാണ് ■



# കണ്ണൂരിന് ആവേശമായി ആർമി മേള



കര-നാവിക-വ്യോമസേനകളുടെ അഭ്യാസപ്രകടനങ്ങൾ പ്രതിരോധമന്ത്രി എ.കെ. ആന്റണി ഉദ്ഘാടനം ചെയ്യുന്നു

കണ്ണൂരിൽ ആവേശക്കടലിളക്കി ആർമിമേള. കര-നാവിക-വ്യോമസേനകൾ ജില്ലാ ഭരണകൂടത്തിന്റെ സഹകരണത്തോടെ കണ്ണൂർ ജവാഹർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച സൈനിക അഭ്യാസപ്രകടനങ്ങൾ തിങ്ങിനിറഞ്ഞ ജനക്കൂട്ടം ആർപ്പുവിളികളോടെയും നീണ്ട കരഘോഷത്തോടെയും സ്വാഗതം ചെയ്തു.

ഫ്ളൈപാസ്റ്റ്, പാരാമോട്ടോറിങ്, സ്കൈ ഡൈവിങ്, മോട്ടോർ സൈക്കിൾ ഡിസ്പ്ലേ, ഡോഗ്ഷോ, ഹോഴ്സ് ഷോ, ബാൻഡ്മേളം എന്നിവയും വിവിധ കലാപരിപാടികളുമാണ് മേളയിൽ അരങ്ങേറിയത്. പി.ജി.സ്വാമി, മഹീന്ദർസിങ്, രാജ്കുമാർ, അശോക് കുമാർ, മുഹമ്മദ് ഖാൻ എന്നിവർ കാഴ്ചവച്ച ഹോഴ്സ് ഷോയും ജബൽപൂർ ഡെയർ ഡെവിൾസ് കാഴ്ചവച്ച വിസ്മയാവഹമായതും വൈവിധ്യവുമാർന്ന മോട്ടോർസൈക്കിൾ റാലിയും നീണ്ട കരഘോഷത്തോടെ ജനം സ്വീകരിച്ചു. ഡോഗ്ഷോയിലെ വിവിധ അഭ്യാസങ്ങളും ആവേശകരമായി. കേന്ദ്രപ്രതിരോധമന്ത്രി എ.കെ. ആന്റണി മേള ഉദ്ഘാടനം ചെയ്തു.

രാവിലെ കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ടിൽ ആരംഭിച്ച യുദ്ധടാങ്കറുകൾ, ബ്രഹ്മോസ് മിസൈൽ, റോക്കറ്റ് വാഹിനികൾ, ന്യൂക്ലിയർ മിസൈലുകൾ, വിവിധ ബഹുമതി പത്രങ്ങൾ എന്നിവയുടെ പ്രദർശനം കാണാൻ വൻ ജനാവലിയാണ് ഒഴുകിയെത്തിയത്. മേജർ എ.കെ. പ്രധാൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. കലാപരിപാടികളും ഗംഭീര വെടിക്കെട്ടും പരിപാടിയുടെ ഭാഗമായി നടന്നു. എക്സ്സർവീസുകാർക്കായി സൗജന്യ മെഡിക്കൽ സ്റ്റാളുകളും ഹെൽപ്പ് സ്റ്റാളും മേളയിൽ ഒരുക്കിയിരുന്നു.

വിമുക്തഭടന്മാരുടെ ആനുകൂല്യങ്ങളും അവരുടെ സുരക്ഷയും തൊഴിൽ സൗകര്യങ്ങളും ഉറപ്പാക്കാൻ രാഷ്ട്രം പ്രതിജ്ഞാബദ്ധമാണെന്ന് ആർമി മേളയെ അഭിസംബോധന ചെയ്തുകൊണ്ട് പ്രതിരോധമന്ത്രി എ.കെ. ആന്റണി പറഞ്ഞു.

ഇന്ത്യൻ പ്രതിരോധനിരയിൽ കേരളത്തിലെ ആയിരക്കണക്കിന് ആളുകളാണ് വിവിധ സേനകളിൽ പ്രവർത്തിക്കുന്നത്. രാജ്യത്തിന്റെ ഏതു പ്രതിസന്ധിഘട്ടങ്ങളെയും തരണംചെയ്യാൻ പ്രാപ്തമാണ് നമ്മുടെ സേന. ആയുധങ്ങളുടെ കാര്യത്തിലും നാം ആരുടെയും പിന്നിലല്ല. ഏറ്റുമുട്ടലല്ല നമ്മുടെ ലക്ഷ്യം. സംരക്ഷണമാണ്. നേവൽ അക്കാദമി, കോസ്റ്റ് ഗാർഡ് എന്നിവയുടെ വരവോടെ കണ്ണൂർ ജില്ല പ്രതിരോധരംഗത്ത് രാഷ്ട്രത്തിന്റെ ശ്രദ്ധാകേന്ദ്രമാണ്. ഏഴിമല നേവൽ അക്കാദമിയുടെ രണ്ടാംഘട്ട പ്രവൃത്തിക്ക് 340 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. മൂന്നുവർഷത്തിനകം കണ്ണൂരിലെ കോസ്റ്റ് ഗാർഡ് സേനയും സജ്ജമാകും. കണ്ണൂർ കന്റോൺമെന്റിന്റെ നവീകരണപ്രവൃത്തിക്ക് 98 ലക്ഷം രൂപ അനുവദിച്ചതായും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യമായ സഹകരണമാണ് ഇവിടെ പ്രതിരോധമേഖലയ്ക്ക് ആവശ്യമെന്നും അദ്ദേഹം പറഞ്ഞു.

മേജർ ജനറൽ സുബ്രതോമിത്ര, എ.കെ. സിങ്, കെ. സുധാകരൻ എം.പി, എം.എൽ.എ.മാരായ എ.പി.അബ്ദുള്ളക്കുട്ടി, അഡ്വ. സണ്ണി ജോസഫ്, എ.ഡി.എം. എൻ.ടി. മാത്യു, എസ്.പി. അനൂപ് കുരുവിള ജോൺ തുടങ്ങിയവരും കണ്ണൂർ ഡി.എസ്.സി. ഓഫീസർമാരും ചടങ്ങിൽ പങ്കെടുത്തു.

***സുഗതൻ ഇ.വി.***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ*



സേനാംഗങ്ങളുടെ മോട്ടോർ സൈക്കിൾ ഡിസ്പ്ലേ

# കണ്ണീരൊപ്പി ആയിരങ്ങൾക്ക് ആശ്വാസമായി ജനസമ്പർക്കം



ജനസമ്പർക്കപരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ജനങ്ങളിൽനിന്ന് പരാതി സ്വീകരിക്കുന്നു

**രോ**ഗം മൂലവും മറ്റു പലവിധ കാരണങ്ങളാലും ബുദ്ധിമുട്ടനുഭവിക്കുന്ന ജനങ്ങൾക്കിടയിലേക്ക് സങ്കടങ്ങളും പരാതികളും കേൾക്കാൻ ഒരു മുഖ്യമന്ത്രിയെത്തിയതിന്റെ സന്തോഷത്തിലായിരുന്നു തൃശൂരിലെ ജനസമ്പർക്ക പരിപാടിക്കെത്തിയ പരാതിക്കാർ. ജനസഹസ്രങ്ങൾക്കു നടുവിൽ രാവിലെ മുതൽ പാതിരാത്രിവരെയാണ് മുഖ്യമന്ത്രി ചെലവിട്ടത്. ആയിരങ്ങൾക്കിടയിലൂടെ എല്ലാവരുടെയും കണ്ണീരൊപ്പി ആശ്വാസവാക്കുകൾ പറഞ്ഞ് കയ്യോടെ സഹായം നൽകുന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ശൈലി ഏവർക്കും വേറിട്ടൊരനുഭവമായി.

സംസ്ഥാനത്തു നടന്ന ജനസമ്പർക്ക പരിപാടിയിൽ ഏറ്റവുമധികം ജനപങ്കാളിത്തമേറിയ മേളയെന്ന പ്രത്യേകതകൂടി തൃശൂരിനുണ്ടായിരുന്നു. തൃശൂർ ജില്ലക്കാരൻകൂടിയായ സഹകരണമന്ത്രി സി.എൻ. ബാലകൃഷ്ണൻ മുഖ്യമന്ത്രിയോടൊപ്പം പരാതികൾക്ക് പരിഹാരം കണ്ടു. വേദിയിൽ വച്ചുതന്നെ പരാതി സ്വീകരിച്ച് പരിഹാരം കണ്ടതിനാൽ വെളുപ്പിനെ മുതൽ കോർപ്പറേഷൻ സ്റ്റേഡിയത്തിലെത്തിയ ജനതയ്ക്ക് കൂടുതൽ കാത്തുനിൽക്കേണ്ടിയും വന്നില്ല. രാത്രി 12.10ന് അവസാനത്തെ പരാതിക്കാരനെയും കണ്ട് പരിഹാരമുണ്ടാക്കിയശേഷമാണ് അദ്ദേഹം വേദി വിട്ടത്.

മുഖ്യമന്ത്രിയുടെ ആത്മാർഥത വ്യാപകമായി പ്രകീർത്തിക്കപ്പെട്ട ജനസമ്പർക്ക പരിപാടിയായിരുന്നു തൃശൂരിലേത്. അർബുദരോഗികൾ, ശരീരം തളർന്നവർ, അപകടങ്ങളിൽ പരിക്കേറ്റവർ, വികലാംഗർ, മാനസിക വിഷമതകൾ നേരിടുന്നവർ, തുടങ്ങി 81203 ഓളം പരാതികളാണ് മുഖ്യമന്ത്രിക്കു മുന്നിലെത്തിയത്. അതിൽ 53864 എണ്ണത്തിൽ പരിഹാരമായി; 27339 പരാതികളിൽ നടപടിക്ക് കളക്ടറെ ചുമതലപ്പെടുത്തി. 4341 പേർക്ക് 1.54 കോടി രൂപയുടെ ധനസഹായം ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി അനുവദിച്ചു. 78 പേർക്ക് പെൻഷനും അനുവദിച്ചു. 25 പേർക്ക് വീടുവയ്ക്കാൻ സ്ഥലവും നൽകി.

ആരെയും നിരാശപ്പെടുത്താതെ ആശ്വാസത്തിന്റെ സാന്ത്വനത്തിന്റെ തലോടലായിരുന്നു മുഖ്യമന്ത്രിയിൽനിന്നും ലഭിച്ചത്.

ഭരണപ്രതിപക്ഷ ഭേദമന്യെ ജില്ലയിലെ എം.എൽ.എമാരും ജില്ലാ ഭരണകൂടവും ഉദ്യോഗസ്ഥരും ത്രിതല പഞ്ചായത്ത് പ്രതിനിധികളും ഒത്തൊരുമയോടെ മുന്നിട്ടിറങ്ങിയത് ജനങ്ങളിലെ ആത്മവിശ്വാസം വർധിപ്പിച്ചു.

തൃശൂരിലെത്തിയ റവന്യൂമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനും സ്റ്റേഡിയത്തിലെത്തി പരാതികൾക്ക് പരിഹാരം നിർദേശിച്ചു. ഉദ്ഘാടനപ്രസംഗത്തിനുശേഷം പരാതി സ്വീകരിക്കാനെത്തിയ മുഖ്യമന്ത്രി വൈകിട്ട് ഏഴുമണിയോടെയാണ് അവിടെനിന്ന് മടങ്ങി മറ്റു പരാതികൾ സ്വീകരിച്ചു തുടങ്ങിയത്. തങ്ങളുടെ ദുരിതജീവിതത്തിലേക്ക് സഹായവുമായിവന്ന മുഖ്യമന്ത്രിയോടുള്ള പ്രതീക്ഷകലർന്ന വികാരപ്രകടനങ്ങൾ പലപ്പോഴും കാണാമായിരുന്നു.

***എം.എസ്. അലിക്കുഞ്ഞ്***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശൂർ*

# ജനസമ്പർക്കപരിപാടി: എറണാകുളം മികവു പുലർത്തി



ജനസമ്പർക്ക പരിപാടി സംബന്ധിച്ച വിശദാംശങ്ങളടങ്ങുന്ന പ്രസ് സമ്മറി മുഖ്യമന്ത്രി പരിശോധിക്കുന്നു

**മു**ഖ്യമന്ത്രി ഉമ്മൻ ചാണ്ടി നടത്തുന്ന ജനസമ്പർക്കപരിപാടി ഇതിനകം പകുതി ജില്ലകൾ പിന്നിട്ടു. കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, വയനാട്, കൊല്ലം, പാലക്കാട്, പത്തനംതിട്ട, തൃശൂർ ജില്ലകളിലാണ് ഇതിനകം ജനസമ്പർക്കപരിപാടി നടന്നത്.

ജനസമ്പർക്കപരിപാടി നടന്ന എല്ലാ ജില്ലകളിലും വൻ ജനപങ്കാളിത്തം ഉറപ്പാക്കാൻ അതത് ജില്ലാ ഭരണകൂടങ്ങൾക്കായി. എറണാകുളം ജില്ലയിലെ ജനസമ്പർക്കപരിപാടിയാണ് സമയത്തിന്റെ കാര്യത്തിൽ റിക്കാർഡ് കുറിച്ചത്. തുടർച്ചയായി 18 മണിക്കൂറാണ് മുഖ്യമന്ത്രി പരാതി തീർപ്പാക്കാൻ വിനിയോഗിച്ചത്. സംഘാടനമികവിന്റെ കാര്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ജനസമ്പർക്കപരിപാടി സംബന്ധിച്ച വിശദാംശങ്ങളടങ്ങുന്ന പ്രസ് സമ്മറി ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി. വിനോദ് എറണാകുളം ഗവ. ഗസ്റ്റ് ഹൗസിൽ മുഖ്യമന്ത്രിക്ക് കൈമാറി. പ്രസ് സമ്മറി പരിശോധിച്ച മുഖ്യമന്ത്രി ജില്ലയിലെ ചിട്ടയൊത്ത പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തി. ഗ്രാമവികസന – പബ്ലിക് റിലേഷൻസ് മന്ത്രി കെ.സി. ജോസഫ്, ഹൈബി ഈഡൻ എം.എൽ.എ എന്നിവർ സന്നിഹിതരായിരുന്നു.

***സി.പി. ഫിറോസ്***
*അസി. ഇൻഫർമേഷൻ ഓഫീസർ, എറണാകുളം*

# ‘പ്രതീക്ഷ’യ്ക്ക് തുടക്കമായി



‘പ്രതീക്ഷ’ പദ്ധതിയുടെ ഉദ്ഘാടനം മലപ്പുറം മുൻസിപ്പൽ ടൗൺ ഹാളിൽ മുഖ്യമന്ത്രി നിർവഹിക്കുന്നു

അക്ഷയ പദ്ധതിയിലൂടെ ലോകത്തിന് മാതൃക കാട്ടിയ മലപ്പുറം ജില്ലാ പഞ്ചായത്ത് മറ്റൊരു പദ്ധതിയിലൂടെ വീണ്ടും രാജ്യത്തിന് മാതൃകയാവുന്നു. മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ജില്ലാ പഞ്ചായത്ത് ജില്ലാ ഭരണകൂടത്തിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സഹകരണത്തോടെ നടപ്പാക്കുന്ന ‘പ്രതീക്ഷ’ പദ്ധതിയിലൂടെയാണിത്. പ്രത്യേക പരിഗണന അർഹിക്കുന്ന ഒന്നിനും 18 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നതാണ് പദ്ധതി. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു വേണ്ടി രാജ്യത്ത് ഈ രീതിയിലുള്ള ക്ഷേമപദ്ധതികൾ നിലവിലില്ല.

പദ്ധതിയിൽ ഉൾപ്പെടുന്നവരുടെ രക്ഷിതാക്കൾക്ക് ബോധവത്കരണം നടത്തുക വിവിധ കേന്ദ്രങ്ങളിൽ സഹായവും ചികിത്സയും നൽകുന്നതിന് പ്രതീക്ഷാലയങ്ങൾ സ്ഥാപിക്കുക, പാലിയേറ്റീവ് ക്ലിനിക്കുകൾ വഴി ആഴ്ചയിലൊരിക്കൽ ചികിത്സ ഉറപ്പാക്കുക, സർക്കാരിൽനിന്നുള്ള ആനുകൂല്യങ്ങൾ എത്തിക്കുക, തൊഴിൽപരിശീലനം, പഠനസഹായം എന്നിവ നൽകുക, ഈ വിഭാഗത്തിൽ പെടുന്നവർക്കുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുക, ഈ മേഖലയിൽ പ്രവർത്തിക്കാൻ താത്പര്യമുള്ളവർക്ക് അധ്യാപനപരിശീലനം നൽകുക, സർക്കാർ സ്കൂളിൽ പ്രത്യേക സംരക്ഷണകേന്ദ്രം തുടങ്ങുക, സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുക്കാൻ സാഹചര്യമൊരുക്കുക തുടങ്ങിയവയാണ് പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി സാമൂഹികക്ഷേമ വകുപ്പ് എസ്.എസ്.എ യുടെ സഹകരണത്തോടെ ജില്ലയിലെ 100 ഗ്രാമപഞ്ചായത്തുകളിലും ഏഴു നഗരസഭകളിലും നടത്തിയ സർവേയിൽ പ്രത്യേക പരിഗണനയർഹിക്കുന്ന 9707 കുട്ടികളെ കണ്ടെത്തിയിരുന്നു. പദ്ധതിയുടെ ആദ്യഘട്ടമായി പഞ്ചായത്തുതലത്തിൽ രക്ഷിതാക്കളുടെ സംഗമം തുടങ്ങിക്കഴിഞ്ഞു. പരസ്പരം എന്നറിയപ്പെടുന്ന സംഗമത്തിലൂടെ കുട്ടികളുടെ രക്ഷിതാക്കളുടെ കൂട്ടായ്മ ഒരുക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

’പ്രതീക്ഷ’ പദ്ധതി മലപ്പുറം മുനിസിപ്പൽ ടൗൺ ഹാളിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. നാടിനു മുഴുവൻ മാതൃകയാവുന്ന പദ്ധതിയാണിതെന്ന് മുഖ്യമന്ത്രി പറഞ്ഞു. സ്നേഹത്തിന്റെയും നന്മയുടെയും പ്രവർത്തനത്തിനാണ് ജില്ല തുടക്കമിടുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബ് വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. പദ്ധതിയിലേക്ക് മലയാള മനോരമയുടെ സംഭാവനയായ 10 ലക്ഷം രൂപ റസിഡന്റ് എഡിറ്റർ കെ. അബൂബക്കറിൽ നിന്ന് ‘പ്രതീക്ഷ’ ചെയർമാൻ ഡോ.എൻ.എം. മുജീബ് റഹ്മാൻ ഏറ്റുവാങ്ങി. പ്രതീക്ഷ ഹെൽപ്പ് ലൈൻ പി. ഉബൈദുല്ല എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ലോഗോ പ്രകാശനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ. കുഞ്ഞ് നിർവഹിച്ചു. എം.എൽ.എ മാരായ അഡ്വ.എം. ഉമ്മർ, കെ. മുഹമ്മദുണ്ണി ഹാജി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹറ മമ്പാട്, ജില്ലാ കലക്ടർ എം.സി. മോഹൻദാസ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു

***അയ്യപ്പൻ സി.***
*അസി.എഡിറ്റർ,*
*ജില്ലാ ഇൻഫർമേഷൻ ഓഫീസ്, മലപ്പുറം.*

# സംഘാടനമികവുമായി ജനസമ്പർക്കം കോട്ടയത്ത് പൂർത്തിയായി

സംഘാടന മികവിനാൽ വേറിട്ടുനിന്ന ജനസമ്പർക്കപരിപാടിയായിരുന്നു കോട്ടയത്തേത്. കോട്ടയം പട്ടണം ഇതുവരെ ദർശിക്കാത്ത ജനപങ്കാളിത്തമാണ് ജനസമ്പർക്കപരിപാടിയിൽ ദൃശ്യമായത്. ജനപങ്കാളിത്തത്തിലും നടത്തിപ്പിലും അച്ചടക്കത്തിലും ഉദ്യോഗസ്ഥസേവനത്തിലും കോട്ടയത്തെ ജനസമ്പർക്ക പരിപാട് വേറിട്ടുനിന്നു.

കളക്ട്രേറ്റിലും അഞ്ച് താലൂക്ക് കേന്ദ്രങ്ങളിലും പ്രത്യേക കൗണ്ടറുകളിലൂടെ ഡിസംബർ മൂന്നു വരെ അറുപതിനായിരത്തിൽപ്പരം അപേക്ഷകളാണ് ലഭിച്ചത്. ഇരുപതിനായിരത്തിൽപ്പരം അപേക്ഷകർ ബി.പി.എൽ. ലിസ്റ്റിൽ പേരുള്ളവരും എന്നാൽ എ.പി.എൽ. കാർഡുള്ളവരും, ഇരുപതിനായിരത്തോളം ബി.പി.എൽ. ആണെന്ന് അവകാശപ്പെടുന്നവരുമാണ്. ഈ വിഭാഗത്തിൽ വരുന്നവർ 20ന് നടന്ന ജനസമ്പർക്കപരിപാടിയിൽ എത്തേണ്ടതില്ലെന്ന് അറിയിച്ചിട്ടും വലിയ ജനപങ്കാളിത്തമാണ് പരിപാടിയിൽ ദൃശ്യമായത്.

പുതിയ അപേക്ഷകൾ വാങ്ങുന്നതിനും പ്രത്യേകസംവിധാനം ഏർപ്പെടുത്തിയിരുന്നു. എല്ലാ വകുപ്പുകളുടെയും സ്റ്റാളുകൾ പ്രവർത്തിച്ചു. നേരത്തേ ലഭ്യമായ അപേക്ഷകളിൽ മഹാഭൂരിപക്ഷവും പരിഹരിച്ച് വിവിധ കൗണ്ടറുകളിലൂടെ ലഭ്യമാക്കിയിരുന്നു. രാവിലെ 9.30ന് തന്നെ ഉദ്ഘാടനസമ്മേളനം തുടങ്ങി.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രിമാരായ കെ.എം. മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.സി. ജോസഫ്, ഗവ. ചീഫ് വിപ്പ് പി.സി. ജോർജ് എം.എൽ.എ., ജോസ് കെ. മാണി എം.പി., എം.എൽ.എ. മാരായ സി.എഫ്. തോമസ്, മോൻസ് ജോസഫ്, പ്രൊഫ. എൻ. ജയരാജ്, കെ. സുരേഷ് കുറുപ്പ്, കെ. അജിത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാധ വി. നായർ, മുനിസിപ്പൽ ചെയർമാൻ സണ്ണി കല്ലൂർ, വാർഡംഗം സിൻസി പാറേൽ, മുനിസിപ്പാലിറ്റി അധ്യക്ഷന്മാർ, ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത്-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, മറ്റ് ജനപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, ഉദ്യോഗസ്ഥപ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു.

വികലാംഗർക്കും രോഗികൾക്കും പ്രത്യേകസ്ഥലം മാറ്റിവച്ചിരുന്നു. ആദ്യം മുഖ്യമന്ത്രി അവരുടെ പ്രശ്നങ്ങളാണ് പരിഹരിച്ചത്.

പശ്ചിമ ബംഗാളിൽ ആശുപത്രി തീപിടുത്തത്തിൽ മരിച്ച വിനീത, രമ്യ എന്നീ നഴ്സുമാരുടെ കുടുംബങ്ങൾക്ക് അഞ്ചു ലക്ഷം രൂപ വീതം ധനസഹായം നൽകിക്കൊണ്ടായിരുന്നു പരിപാടി തുടങ്ങിയത്. കൂടാതെ ഇവരുടെ ആശ്രിതർക്ക് ഒരാളിന് ജോലിയും നൽകും. ഇവരുടെ പേരുകൾ ദേശീയ അവാർഡിന് പരിഗണിക്കുന്നതിന് ശുപാർശ ചെയ്യും. പശ്ചിമബംഗാളിൽ ഇവരോടൊപ്പം ജോലി ചെയ്യുകയും അപകടശേഷം അശുപത്രിയിൽ ഇവരെ ശുശ്രൂഷിക്കുകയും ചെയ്ത സന്ധ്യയ്ക്ക് ഒരു ലക്ഷം രൂപ ആശ്വാസധന സഹായവും നൽകി.

ഡിസംബർ 21 ന് രാവിലെ 5.20 നാണ് പരിപാടികൾ സമാപിച്ചത്. അവസാന അപേക്ഷകനെയും കണ്ടതിനു ശേഷമാണ് മുഖ്യമന്ത്രി വേദി വിട്ടത്. ജനസമ്പർക്കപരിപാടിയിൽ എത്തിയ എല്ലാവർക്കും ഭക്ഷണവും കുടിവെള്ളവും യഥേഷ്ടം നൽകിയിരുന്നു.

***കെ. അബ്ദുൽ റഷീദ്,***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*കോട്ടയം.*

■ പി.സി. വിജയൻ

# ചരിത്രത്തിലൂടെ : ജനുവരി 2012

**1**
- മലയാളി മെമ്മോറിയൽ തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ചു (1891)
- യൂറോ നാണയം നിലവിൽ വന്നു (1999)
- കൽക്കത്ത നഗരത്തെ കൊൽക്കത്ത എന്ന് പുനർനാമകരണം ചെയ്തു (2001)

**2**
- മന്നത്ത് പത്മനാഭൻ ജനിച്ചു (1878 - 1970)



- ശാസ്ത്ര ഗ്രന്ഥകാരൻ ഇസാക് അസിമോവ് ജന്മദിനം (1920 - 1992)
- ഭാരത് രത്ന അവാർഡ് സ്ഥാപിതമായി (1954)

**3**
- മാർട്ടിൻ ലൂതറിനെ പള്ളി പുറത്താക്കി (1521)



- ലോകത്താദ്യമായി കണ്ണീർവാതകം പ്രയോഗിച്ചു (1915). റഷ്യയ്ക്കെതിരെ ജർമനിയാണിത് പ്രയോഗിച്ചത്.

**4**
- നാവിക - തീരസേനകളുടെ യുദ്ധക്കപ്പൽ ഗവേഷണസ്ഥാപനമായ നിർദേശിന് കോഴിക്കോട്ട് തറക്കല്ലിട്ടു (2011)
- അന്ധർക്കുള്ള ലിപി - 'ബ്രെയിൽ ലിപി' കണ്ടുപിടിച്ച ലൂയി ബ്രെയിൽ ജന്മദിനം (1809 - 1852)


**5**
- നാസി പാർട്ടി (നാഷണൽ സോഷ്യലിസ്റ്റ്, ജർമൻ വർക്കേഴ്സ് പാർട്ടി) രൂപീകൃതമായി (1919)
- ഭാരതീയ ആത്മീയാചാര്യൻ പരമഹംസ യോഗാനന്ദ ജന്മദിനം (1893 - 1952)
- കലാമണ്ഡലം ഹൈദരലി ജനിച്ചു (1946 - 2006)



**6**
- ലെബനീസ് - അമേരിക്കൻ കവിയും ചിത്രകാരനും, തത്ത്വചിന്തകനുമായ ഖലീൽ ജിബ്രാൻ ജന്മദിനം (1883 - 1931)
- ജനിതക എൻജിനീയറിങ്ങിന്റെ പിതാവ് ഗ്രിഗർ മെൻഡൽ ചരമദിനം (1822 - 1884)
- കർണാടക സംഗീതചക്രവർത്തി ത്യാഗരാജ സ്വാമികൾ ചരമദിനം (1767 - 1847)


**7**
- ജോർജ് വാഷിങ്ടൺ പ്രഥമ അമേരിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു (1789)
- സ്റ്റാൻഡേർഡ് സമയത്തിന്റെ പിതാവ് സർ സാൻഡ് ഫോർഡ് ഫ്ളമിങ്സ് ജന്മദിനം (1827 - 1915). ലോകത്തിന്റെ സമയമേഖലകൾ നിശ്ചയിച്ചത് ഫ്ളമിങ്ങാണ്.

**8**
- സ്റ്റീഫൻ ഹോക്കിങ് ജനിച്ചു (1942)



**9**
- പ്രവാസി ഭാരതീയ ദിനം
- ഒ. ചന്തുമേനോൻ ജന്മദിനം (1847 - 1899)
- ചെക് നോവലിസ്റ്റ് കാൾ ചാപെക് ജന്മദിനം (1890 - 1938)
- ഫ്രഞ്ച് എഴുത്തുകാരി സിമോൺ ദി ബുവ്വ ജനിച്ചു (1908 - 1986)

**10**
- തേജസ് യുദ്ധവിമാനം യാഥാർഥ്യമായി (2011)
- ലോക ചിരിദിനം
- മലയാള കവി ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് ജന്മദിനം (1923 - 2000)



**11**
- ലാൽ ബഹാദൂർ ശാസ്ത്രി ചരമദിനം (1904 - 1966)
- ചികിത്സാരംഗത്ത് ആദ്യമായി ഇൻസുലിൻ ഉപയോഗിച്ചു (1922)
- ആദ്യ എവറസ്റ്റാരോഹണ വ്യക്തികളിലൊരാളായ എഡ്മണ്ട് ഹിലാരി ജനിച്ചു (1919 - 2008)

**12**
- ദേശീയ യുവജന ദിനം. സ്വാമി വിവേകാനന്ദന്റെ ജന്മദിനം (1863 - 1902)
- ഓസ്ട്രേലിയയിൽ സുനാമി (2011). 30 മരണം, 78 പേരെ കാണാതായി
- ഡി.സി. കിഴക്കേമുറി ജനിച്ചു (1914 - 1996)

**13**
- ബ്രസീലിൽ വൻപ്രളയം (2011). 369 മരണം
- വാഷിങ്ടണിൽ നാഷണൽ ജോഗ്രഫിക് സൊസൈറ്റി സ്ഥാപിതമായി (1888)
- മുൻ മുഖ്യമന്ത്രി സി. അച്ചുതമേനോൻ ജനിച്ചു (1913 - 1991)

**14**
- ശബരിമല പുല്ലുമേട് പാതയിൽ തിക്കിലും തിരക്കിലും പെട്ട് 102 പേർ മരിച്ചു (2011)
- ധൂമകേതുക്കൾക്ക് സഞ്ചാരപഥമുണ്ടെന്ന് സമർഥിച്ച എഡ്മണ്ട് ഹാലി ചരമദിനം (1656 - 1742)
- മദ്രാസ് സംസ്ഥാനത്തിന്റെ പേര് ഔദ്യോഗികമായി തമിഴ്നാട് എന്നായി (1969)

**15**
- ഇന്ത്യൻ കരസേനാദിനം
- മുഗൾ ഭരണാധികാരി ഷാജഹാൻ ജന്മദിനം (1592 - 1666)
- ഇന്ത്യൻ എയർലൈൻസിൽ ആദ്യമായി വനിതാ സംഘത്തെ പൈലറ്റുമാരായി നിയോഗിച്ചു (1986). ക്യാപ്റ്റൻ സൗദാമിനി ദേശ്മുഖും സഹപൈലറ്റ് നിവേദിത ഭാസിനുമായിരുന്നു.

**16**
- നാഷണൽ ഡിഫൻസ് അക്കാദമി പൂനയിൽ തുടങ്ങി (1955)
- കുമാരനാശാൻ ചരമദിനം (1873 - 1924)



- പ്രേംനസീർ ചരമദിനം (1929 - 1989)

**17**
- ബെഞ്ചമിൻ ഫ്രാങ്ക്ളിൻ ജനിച്ചു (1706 - 1790). വൈദ്യുതിയെക്കുറിച്ച് ശാസ്ത്രീയപഠനങ്ങൾ നടത്തിയ ശാസ്ത്രജ്ഞൻ.
- എം.ജി.ആർ (മരുതു ഗോപാലൻ രാമചന്ദ്രൻ) ജനിച്ചു (1917 - 1987)

**18**
- ഇന്ത്യൻ പാർലമെന്റ് മന്ദിരം വൈസ്രോയി ഇർവിൻ പ്രഭു ഉദ്ഘാടനം ചെയ്തു (1927)
- ഇംഗ്ലീഷ് കവിയും കഥാകൃത്തുമായ റുഡ്യാഡ് കിപ്ലിങ് ചരമദിനം (1865 - 1936)
- ഇന്ത്യൻ സംഗീതജ്ഞനും നടനുമായ കുന്ദൻലാൽ സൈഗാൾ ചരമദിനം (1904 - 1947)

**19**
- ആവിയന്ത്രം കണ്ടുപിടിച്ച ജെയിംസ് വാട്ട് ജന്മദിനം (1736 - 1819)
- എഡ്ഗാർ അലൻപോ ജന്മദിനം (1809 - 1849).

**20**
- അതിർത്തി ഗാന്ധി അബ്ദുൾ ഗാഫർ ഖാൻ ചരമദിനം (1890 - 1988)



- മേഘാലയയ്ക്ക് സംസ്ഥാന പദവിയും അരുണാചൽ പ്രദേശിന് കേന്ദ്ര ഭരണ പ്രദേശപദവിയും ലഭിച്ചു (1972)

**21**
- പന്തളം കേരളവർമ ജനിച്ചു (1879 - 1919)
- വ്ളാഡിമർ ലെനിൻ ചരമദിനം (1871 - 1924)
- മണിപ്പൂർ, മിസോറാം, ത്രിപുര എന്നിവയ്ക്ക് സംസ്ഥാനപദവി (1972)

**22**
- കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ ജനിച്ചു (1864 - 1913)
- കാല്പനിക കവി ബെയ്റൺ ജന്മദിനം (1788 - 1824)
- ഇന്ത്യൻ നാവികസേനയുടെ ഐ.എൻ.എസ് മുംബൈ, ഐ.എൻ.എസ് കിർച് എന്നിവ മുംബൈയിൽ കമ്മിഷൻ ചെയ്തു (2001)

**23**
- നേതാജി സുഭാഷ് ചന്ദ്രബോസ് ജനിച്ചു (1897 - 1945) ദേശസ്നേഹദിനം
- ചലച്ചിത്രകാരൻ സെർഗി ഐസൻസ്റ്റൈൻ ജനിച്ചു (1898 - 1948).

**24**
- ഹിന്ദുസ്ഥാനി സംഗീതജ്ഞൻ ഭീംസെൻ ജോഷി അന്തരിച്ചു (1922 - 2011)
- എയർ ഇന്ത്യയുടെ കാഞ്ചൻ ഗംഗ വിമാനം ആൽപ്സ് പർവതനിരയിൽ വീണ് ഹോമി ജെ ബാബ ഉൾപ്പെടെ 117 മരണം (1966)

**25**
- ദേശീയ വിനോദസഞ്ചാര ദിനം
- വി.കെ.എൻ ചരമദിനം (1932 - 2004)



- ഇന്ത്യയിൽ ഇലക്ഷൻ കമ്മിഷൻ നിലവിൽ വന്നു (1950)

**26**
- ഇന്ത്യൻ റിപ്പബ്ലിക് ദിനം




- അന്താരാഷ്ട്ര കസ്റ്റംസ് ദിനം
- ഇടുക്കി ജില്ല നിലവിൽവന്നു (1972)

**27**
- ലൂയിസ് കരോൾ ജനിച്ചു (1832 - 1898). 'ആലീസിന്റെ അത്ഭുതലോകം' എന്ന നോവൽ പ്രശസ്തം
- ജോൺ ലോഗി ബെയേർഡ് ആദ്യമായി പുതിയ ടെലിവിഷൻ മെഷീൻ പൊതുജനമധ്യത്തിൽ അവതരിപ്പിച്ചു (1926)

**28**
- കേന്ദ്ര സംഗീത - നാടക അക്കാദമി ഉദ്ഘാടനം ചെയ്തു (1953)
- പഞ്ചാബിലെ സിംഹം എന്നറിയപ്പെട്ട ലാലാ ലജ്പത്റായ് ജനിച്ചു (1865 - 1928)
- നാടകകൃത്തും നോവലിസ്റ്റുമായ തിക്കോടിയൻ ജനിച്ചു (1916 - 2011).

**29**
- ഇന്ത്യയിലെ ആദ്യ വർത്തമാന പത്രമായ ബംഗാൾ ഗസറ്റ് തുടങ്ങി (1780). യഥാർഥ പേര് 'കൽക്കത്ത ജനറൽ അഡ്വർടൈസർ' എന്നായിരുന്നു.
- മുൻമന്ത്രി ബേബിജോൺ ചരമദിനം (1920 - 2008)
- ഭരത്ഗോപി ചരമദിനം (1937 - 2008).

**30**
- മഹാത്മാഗാന്ധി രക്തസാക്ഷിദിനം (1869 - 1948) വിശ്വ ശാന്തി ദിനം



- കുഷ്ഠരോഗനിർമാർജന ദിനം
- അമൃത ഷെർഗ്വിൽ ജന്മദിനം (1913 - 1956). ഹംഗേറിയൻ വംശജയായ ഇന്ത്യൻ ചിത്രകാരി.

**31**
- സോവിയറ്റ് യൂണിയൻ ബഹിരാകാശത്തേക്ക് ലൂണ - 9 വിക്ഷേപിച്ചു (1966)
- ജനപ്രിയ ഇംഗ്ലീഷ് നോവലിസ്റ്റ് സിഡ്നി ഷെൽഡൻ ജനിച്ചു (1917 - 2007)



■ അജിത് വെണ്ണിയൂർ

# വയലാ വാസുദേവൻപിള്ള : അരങ്ങിലെ ആദർശബിംബം

**നാടകാന്തം കവിത്വം എന്ന പണ്ഡിതമതം അന്വർഥമാക്കുന്നതാണ് വയലായുടെ സർഗയാത്ര.**



'മരണമേ നീ മരിക്കുന്നു ജീവിത
സ്മരണയിലാത്മചേതന നിപതിക്കവേ!
നീയജയ്യനാണെന്നു പുകഴ്ത്തിടും
സഹജരിപ്പാരിലേറെയുണ്ടെങ്കിലും,
അടിമയാണു നീ വ്യാധിക്കു മുമ്പില-
പ്പടിയിലെത്തുമെൻ രാജാജ്ഞ കേൾക്കവേ'

നാല്പത്തൊന്ന് വർഷം മുമ്പ്, 1970 ഏപ്രിൽ ലക്കം 'ഗാന്ധി മാർഗം' മാസികയിൽ വയലാ വാസുദേവൻ പിള്ള എഴുതിയ 'മരണത്തോട്' എന്ന കവിതയുടെ ആദ്യ വരികൾ...

തന്റെ രാജാജ്ഞ അനുസരിക്കാതെ വില്ലൻ വേഷത്തിൽ കടന്നുവന്ന വ്യാധിക്ക് കീഴടങ്ങി വയലാസാർ ഈ ഭൂമുഖത്തോട് വിടവാങ്ങി. അപ്പോഴും, മരണത്തെ 'സുഖസുഷുപ്തി'യായിക്കണ്ട കവിഹൃദയം കെട്ടടങ്ങാതെ ഇച്ഛാശക്തിയോടെ പ്രോജ്ജ്വലിക്കുന്നു:

'സുഖസുഷുപ്തിയാമീമരണം കഴി-
ഞ്ഞരിയൊരുന്മേഷ ശക്തിയിലിങ്ങിതാ
എളിമയിൽ പ്രോജ്ജ്വലിക്കുന്നു നന്മതൻ
തെളിവു, തിന്മകൾ ചാമ്പലായ് വഹ്നിയിൽ'

മരണത്തോടൊപ്പം നശിക്കുന്നത് തിന്മകൾ മാത്രമാണെന്നും നന്മകൾക്ക് മരണമില്ലെന്നും ഇരുപത്തഞ്ചാം വയസ്സിൽത്തന്നെ മരണത്തിന് മുന്നറിയിപ്പുനൽകിയ കവി മരണത്തെ നിത്യബന്ധുവായിക്കണ്ട് മുൻകൂട്ടി നമിക്കുന്നു:

'നിർദയം നീ പറിച്ചെറിഞ്ഞീടിലും
നിത്യകാന്തിയിൽ വീഴുമിക്കുഡ്മളം.
നിന്നിലൂടെ ജഡത്തിൽനിന്നാത്മാവ്
തെന്നിമാറും വെളിച്ചമായ്, ശുദ്ധിയായ്.

നന്മനേർന്നു നമിക്കുന്നു ബന്ധുപോൽ
തണ്ണീർച്ചോലകൾ കാട്ടുന്ന നിന്നെ ഞാൻ
നീ അജയ്യനല്ലെന്നാത്മബന്ധുവാ-
ണീ 'മനുഷ്യൻ' ജനിക്കവേയോർമയിൽ'

'നാടകാന്തം കവിത്വം' എന്ന പണ്ഡിതമതം അന്വർഥമാക്കുന്നതാണ് വയലായുടെ സർഗയാത്ര. 1960 കളുടെ മധ്യത്തിൽ തന്റെ സമുന്നത മൂല്യസങ്കല്പങ്ങൾ സന്നിവേശിപ്പിച്ച കവിതകളിലൂടെ സാഹിത്യരംഗത്ത് ചുവടുറപ്പിച്ച അദ്ദേഹം തുടർന്ന് കാവ്യാത്മകമായ നാടകങ്ങളിലൂടെ ആത്മപ്രകാശനം പൂർണമാക്കുകയായിരുന്നു. അറുപതുകളിലും എഴുപതുകളിലും എഴുതിയ കവിതകളിലേറെയും പ്രസിദ്ധീകരിച്ചിരിക്കുന്നത് ഏറെക്കാലം തന്റെ കർമഭൂമിയായിരുന്ന തിരുവനന്തപുരത്ത് ഗാന്ധിസ്മാരകനിധിയുടെ 'ഗാന്ധിമാർഗം' മാസികയിലും 'പൗരശബ്ദം' വാരികയിലുമായിരുന്നു; ചില സ്മരണികകളിലും. അവ പക്ഷേ പുസ്തകരൂപത്തിൽ വന്നതായി അറിവില്ല.

### കലയിലും ജീവിതത്തിലും ഗാന്ധിയൻ

കലയിലും ജീവിതത്തിലും ഒരുപോലെ സർഗാത്മകമായ ഗാന്ധിയൻനിഷ്ഠ മുറുകെപ്പിടിച്ച കർമയോഗിയായിരുന്നു ഡോ. വയലാ വാസുദേവൻ പിള്ള നാടകത്തിലൂടെ ജീവിതത്തെയും ജീവിതത്തിലൂടെ നാടകത്തെയും സാർഥകമാക്കിയ അസാമാന്യ പ്രതിഭ.

ഒരഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു: 'നാടകം എന്നിലേക്കാണോ ഞാൻ നാടകത്തിലേക്കാണോ ആദ്യമെത്തിയതെന്ന് പറയാനാവില്ല'. അത്രയ്ക്ക് ഗാഢമായിരുന്നു ആ ബന്ധം.

ആറു വയസ്സുള്ളപ്പോൾ, വയലായിൽ താൻ പഠിച്ച പ്രൈമറി സ്കൂളിലെ വാർഷികാഘോഷത്തിന് അധ്യാപകർ എഴുതി അവതരിപ്പിച്ച നാടകത്തിലൂടെയാണ് വാസുദേവൻ പിള്ള ആദ്യമായി അരങ്ങിലെത്തുന്നത്.

ക്രമേണ സ്കൂളിൽ നടനായും നാടകകൃത്തായും സംവിധായകനായും പേരെടുത്ത വയലാ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ പഠിക്കാൻ ചേർന്നപ്പോൾ അക്കാദമികതലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങി. ബി.എസ്സി ഒന്നാം ക്ലാസിൽ പാസായി എം.എയ്ക്ക് ഇംഗ്ലീഷ് സാഹിത്യം എടുത്തതോടെ ലോക നാടകവേദിയിലേക്ക് തന്റെ അന്വേഷണപരീക്ഷണങ്ങൾ വ്യാപിപ്പിച്ചു.

നാടകം പഠിച്ചും പരീക്ഷിച്ചും മാർ ഇവാനിയോസ് കോളേജിൽ നല്ലൊരു സഹൃദയസംഘത്തെ വളർത്തിയെടുത്ത അദ്ദേഹം പിന്നീട് അവിടത്തെ അധ്യാപകനായി. 1968 മുതൽ 84 വരെ അവിടെ പഠിപ്പിക്കുമ്പോൾ അക്കാദമീഷ്യനായി ഒതുങ്ങിക്കൂടാതെ കോളേജിൽ ഇവാനിയോസ് തിയേറ്ററിനും തിരുവനന്തപുരം ആസ്ഥാനമാക്കി 'സുവർണരേഖ' എന്ന നാടകക്കളരിക്കും രൂപം നൽകി. ശിഷ്യനും പിന്നീട് സിനിമാനടനുമായ ജഗദീഷ് ആയിരുന്നു സെക്രട്ടറി.

### മുണ്ടുടുത്ത സ്കോളർ!

അഗ്നി, തുളസീവനം, കുഞ്ഞിച്ചിറകുകൾ, വിശ്വദർശനം, വരവേൽപ്പ് തുടങ്ങി ശക്തമായ ഒട്ടേറെ നാടകങ്ങൾ എഴുതിയും സംവിധാനം ചെയ്തും അഭിനയിച്ചും രംഗവേദിയിൽ വേരുറപ്പിച്ച വയലായ്ക്കു ലഭിച്ച അസുലഭ അംഗീകാരമായിരുന്നു കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ സ്കോളർഷിപ്പോടെ റോം സർവകലാശാലയിൽ നവീന നാടകക്കളരിയെക്കുറിച്ച് ഉപരിപഠനം നടത്താൻ ലഭിച്ച അവസരം.

അക്കാലത്ത് തിരുവനന്തപുരം ഗാന്ധിഭവനിലെ വിദ്യാർഥിഭവനം വാർഡൻ കൂടിയായിരുന്നു അദ്ദേഹം. ഡൽഹിയിൽ സ്കോളർഷിപ്പിനുള്ള അഭിമുഖം കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ സഹജമായ നർമഭാവത്തോടെ അദ്ദേഹം പറഞ്ഞതോർക്കുന്നു: 'വലിയ പ്രതീക്ഷയില്ല. മുപ്പതിലേറെപ്പേരുണ്ടായിരുന്നു അവസാനവട്ട ഇന്റർവ്യൂവിന്. ഒക്കെയും സീനിയർ പ്രൊഫസർമാർ. സ്യൂട്ടും കോട്ടും സർട്ടിഫിക്കറ്റുകൾ നിറച്ച തടിയൻ ഫയലുകളുമായി അവർ നിരന്നിരിക്കുന്നതു കണ്ടപ്പോൾത്തന്നെ തിരിച്ച് വണ്ടി കയറിയാലോ എന്ന് വിചാരിച്ചു. പിന്നെ ഏക പ്രതീക്ഷ അതിൽ മുണ്ടുടുത്ത ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നതാണ്'. ഫലം വന്നപ്പോൾ ഖദർമുണ്ടും ജൂബയും ധരിച്ച വയലായ്ക്ക് മാത്രം സെലക്ഷൻ. ആ ബാച്ചിൽ ഇന്ത്യയിൽനിന്നുള്ള ഏക വിദ്യാർഥി.

അന്ന് കേരള ഗാന്ധിസ്മാരകനിധിയുടെ 'ഗാന്ധിമാർഗം' മാസിക എഡിറ്റു ചെയ്തിരുന്ന ഈ ലേഖകന്റെ നിർബന്ധത്തിനു വഴങ്ങി റോമിൽനിന്ന് കത്തുരൂപത്തിൽ മാസികയ്ക്ക് അയച്ചുതന്നിരുന്ന കുറിപ്പുകളിലൊന്നിൽ അദ്ദേഹം എഴുതി: 'ഇവിടെ ഇപ്പോൾ വേനൽക്കാലമാണ്. മനസ്സിനും ശരീരത്തിനുമിണങ്ങിയ വേഷം ധരിച്ച് പുറത്തിറങ്ങാൻ കഴിയുക ഇപ്പോൾ മാത്രമാണ്. സ്വതവേ മറ്റുള്ളവരുടെ സ്വകാര്യതയിൽ ഇടപെടാത്ത ഇന്നാട്ടുകാർക്ക് പക്ഷേ ഞാൻ കൗതുകമുള്ള ഒരു കാഴ്ചവസ്തുവാണ്. മുണ്ടും ജൂബയുമുടുത്ത് നടക്കുമ്പോൾ പലരും തുറിച്ചുനോക്കുന്നു. ചിലർക്ക് അറിയേണ്ടത് ജൂബയ്ക്കുപിന്നിൽ മുണ്ട് എവിടെ തുടങ്ങുന്നു എന്നാണ്.

## അതുല്യ പ്രതിഭ

വിവിധ രാജ്യങ്ങളിൽനിന്നുള്ള ഇരുപത് പ്രതിഭകൾ പങ്കെടുത്ത കോഴ്സിൽ ഒന്നാം റാങ്കോടെ പഠിച്ചിറങ്ങിയ വയലായ്ക്ക് ദേശീയ, അന്തർദേശീയ തലങ്ങളിൽ രംഗകലയുടെ വിശ്വലോകം തുറന്നുകിട്ടി. ലോകത്തെ ഏറ്റവും മികച്ച നാടകപ്രതിഭകളുമായി സംവാദിക്കാനും സഹകരിച്ചു പ്രവർത്തിക്കാനും ലഭിച്ച അവസരങ്ങളെല്ലാം മലയാളനാടകവേദിയുടെ വളർച്ചയ്ക്കും പരിഷ്കരണത്തിനും വേണ്ടി അദ്ദേഹം പ്രയോജനപ്പെടുത്തി. അവിടെ പഠിച്ചതും പരീക്ഷിച്ചതുമൊക്കെ മലയാളനാടകവേദിക്ക് പകർന്നുനൽകാനും ഒപ്പം കേരളീയരംഗകലയുടെ മഹത്വം ലോകനാടകവേദിയെ ബോധ്യപ്പെടുത്താനും അദ്ദേഹം പരിശ്രമിച്ചു. പിന്നീട് ഇരുപതിലധികം രാജ്യങ്ങളിൽ നാടകാവതരണവും പ്രഭാഷണങ്ങളുമായി പലവട്ടം പര്യടനം നടത്തിയ വയലാ മലയാളനാടകത്തിന് മറുനാടുകളിൽ വേരുറപ്പിച്ചു.

നാടകഗുരു ജി. ശങ്കരപിള്ള രൂപം നൽകിയ 'കളരി' തിയേറ്റർപ്രസ്ഥാനത്തിന്റെ പ്രചാരകനും പ്രയോക്താവുമായിരുന്ന വയലാ 1984 ൽ, ശങ്കരപിള്ള ഡയറക്ടറായ 'സ്കൂൾ ഓഫ് ഡ്രാമ'യിൽ അസിസ്റ്റന്റ് ഡയറക്ടറായി. 1999 ൽ മുതൽ 2005 വരെ ഡയറക്ടറായും സേവനം അനുഷ്ഠിച്ചു. ലോകനാടകവേദിയുമായുള്ള ആഴമേറിയ സമ്പർക്കത്തിൽനിന്ന് ഉൾക്കൊണ്ട അറിവും അനുഭവങ്ങളും എല്ലാം സമന്വയിച്ച് ഈ കാലയളവിൽ സ്കൂൾ ഓഫ് ഡ്രാമയ്ക്ക് ആധുനികമുഖവും പുതിയൊരു ദിശാബോധവും നൽകാൻ അദ്ദേഹം തന്റെ മുഴുവൻ സമയവും കഴിവുകളും സമർപ്പിച്ചു. ജി. ശങ്കരപിള്ളയ്ക്കുശേഷം മലയാളം കണ്ട മികച്ച നാടകഗുരുവായിരുന്നു വയലാ.

## രംഗകലയുടെ വസന്തകാലം

തൃശൂരിൽ വയലാ രൂപം നൽകിയ 'രംഗചേതന'യും 'സൺഡേ തിയേറ്റ'റും ഇന്ന് മലയാള നാടകപ്രസ്ഥാനത്തിന്റെ നൂതന കളരികളായി കലാചരിത്രത്തിൽ ഇടംപിടിച്ചിരിക്കുന്നു. തൃശൂരിൽ 'രംഗകലയുടെ വസന്തകാലം' എന്നാണ് ആ കാലഘട്ടത്തെ ശിഷ്യരും നാടകപ്രേമികളും വിശേഷിപ്പിക്കുന്നത്. വിശ്വനാടകവേദിയിലെ ചെറുചലനങ്ങൾപോലും സൂക്ഷ്മമായി പഠിച്ചും പരീക്ഷിച്ചും പരിചയപ്പെടുത്തിയും മലയാള നാടകവേദിയെ സമ്പുഷ്ടമാക്കാൻ വയലാ വിശ്രമമില്ലാതെ പ്രയത്നിച്ചു. ഏതാണ്ട് ഇരുപതുകൊല്ലം സ്കൂൾ ഓഫ് ഡ്രാമയിൽ, സമാന്തരമായി കേരളമെങ്ങും ചെറുതും വലുതുമായ നാടകക്കളരിയിൽ, പിന്നെ ഔദ്യോഗികവൃത്തിയിൽനിന്ന് വിരമിച്ചശേഷം കേരള സർവകലാശാലയുടെ രംഗകലാ പഠനഗവേഷണകേന്ദ്രത്തിൽ. ഒരുപക്ഷേ കേരള സർവകലാശാലക്കു ചരിത്രത്തിലാദ്യമായി നിയമനകാലാവധിയോ വിരമിക്കലിന് പ്രായപരിധിയോ നിശ്ചയിക്കാതെ നടത്തിയ പുനർനിയമനം. പകരംവയ്ക്കാനാകാത്ത പ്രതിഭയുടെ മാറ്റ് തിരിച്ചറിഞ്ഞു നൽകിയ അംഗീകാരം.

'തന്നിലേക്ക് കണ്ണാടി തിരിച്ചുപിടിക്കാൻ ശിഷ്യരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്ത ജീവിതഗുരു' എന്നാണ് ഒരു പ്രമുഖ ശിഷ്യൻ വയലായെ ഒരു അനുസ്മരണത്തിൽ വിശേഷിപ്പിച്ചത്.

*രംഗസങ്കേതങ്ങളുടെ ദാർശനികതലം തിരിച്ചറിഞ്ഞ ഗ്രന്ഥകാരനായിരുന്നു വയലാ. കുചേലഗാഥ, വിശ്വദർശനം, തുളസീവനം, അഗ്നി, വരവേൽപ്പ്, കുഞ്ഞിച്ചിറകുകൾ, സ്വർണക്കൊക്കുകൾ, സൂത്രധാരാ ഇതിലേ ഇതിലേ, രംഗഭാഷ, മലയാളനാടകചരിത്രം 2005 വരെ, അരങ്ങിലെ അർഥതലങ്ങൾ തുടങ്ങിയ രചനകളിലൂടെ അദ്ദേഹം മലയാളനാടകസാഹിത്യത്തെ സമ്പുഷ്ടമാക്കി.*

തന്റേതടക്കം മുപ്പതിലധികം നാടകങ്ങൾ അരങ്ങിലവതരിപ്പിച്ച് സുവർണരേഖയെ മലയാള നാടകചരിത്രത്തിൽ അവിസ്മരണീയമാക്കിയ വയലാ ചെറുതും വലുതുമായ ഒട്ടേറെ നാടകങ്ങൾ പരിഭാഷപ്പെടുത്തിയും സംവിധാനം ചെയ്തും മലയാളികൾക്ക് മറുനാടൻ രംഗഭാഷ പരിചയപ്പെടുത്താനും പരിശ്രമിച്ചു.

എഴുതാത്ത നാടകത്തിന്റെ പേരിൽ ജയിൽശിക്ഷയ്ക്കു വിധിക്കപ്പെട്ട ഏക നാടകപ്രവർത്തകൻ ഒരുപക്ഷേ വയലാ ആയിരിക്കും. കാർത്തികേയൻ പടിയത്ത് രചിച്ച 'ശവംതീനി ഉറുമ്പുകൾ' എന്ന നാടകമാണ് വയലായുടെ ജീവിതത്തിൽ നാടകീയമുഹൂർത്തങ്ങൾക്ക് വേദിയൊരുക്കിയത്. ഗൾഫിൽ നിരോധനം നേരിട്ട ആ നാടകത്തിന്റെ 'രചനാകുറ്റം' ആരോപിക്കപ്പെട്ട വയലാ ജയിൽവാസത്തിൽനിന്ന് കഷ്ടിച്ച് രക്ഷപ്പെട്ടത് അദ്ദേഹം നേടിയെടുത്ത വിശ്വാസ്യതകൊണ്ടും ശിഷ്യഗണങ്ങളുടെ സമയോചിതമായ ഇടപെടൽകൊണ്ടും മാത്രം.

മഹാത്മാഗാന്ധി, ജയപ്രകാശ് നാരായൺ, ആചാര്യ വിനോബ ഭാവെ എന്നിവരായിരുന്നു ചിന്തയിലും കർമത്തിലും വയലായുടെ ആദർശപുരുഷന്മാർ. അവരുടെ ജീവിതത്തെയും ദർശനങ്ങളെയും ആസ്പദമാക്കി അദ്ദേഹം നിരവധി കവിതകളും ലേഖനങ്ങളും എഴുതി.

## ഒടുവിൽ ഒരു കടം ബാക്കിയായി....

വ്യക്തിപരമായ ഒരു ഓർമകൂടി പങ്കുവച്ച് ഈ അനുസ്മരണം സമാപിപ്പിക്കട്ടെ. തിരുവനന്തപുരത്തുള്ളപ്പോൾ വയലാ ഭാര്യാസമേതം പതിവായി അത്താഴം കഴിക്കാനെത്തുന്ന സ്റ്റാച്യുവിലെ 'പത്തായം' പ്രകൃതിഭക്ഷണശാലയിൽ വച്ചാണ് അദ്ദേഹത്തെ ഏറ്റവുമൊടുവിൽ കണ്ടത് – മരിക്കുന്നതിന് ഏതാണ്ട് രണ്ടു മാസം മുൻപ്. കാണാൻ കാത്തിരുന്നെന്ന പോലെ വശ്യമായ പുഞ്ചിരിയോടെ ഓടി അടുത്തുവന്നു. 'കുറേക്കാലമായി ഞാൻ ഒരു പുസ്തകം തേടിനടക്കുകയാണ്. അജിത്തിന്റെ കൈവശം കാണാതിരിക്കില്ല. സിറോക്സ് എടുത്തിട്ട് ഉടൻ തിരിച്ചുതരാം. ഇതാ ഇവർ സാക്ഷി' – ഭാര്യയെ സാക്ഷിയാക്കി ഒരു കടം!

സാറിന്റെ കയ്യിലില്ലാത്ത പുസ്തകം എന്റെ കൈയ്യിലോ – ഞാൻ അത്ഭുതംകൂറി നിൽക്കേ അദ്ദേഹം പതിയെപ്പറഞ്ഞു: മറ്റൊന്നുമല്ല, ജെ.പിയുടെ 'ജയിൽഡയറി'. വയലാ പരിഭാഷപ്പെടുത്തി 1979 ൽ ഗാന്ധിസ്മാരകനിധി പ്രസിദ്ധീകരിച്ച വിവാദപുസ്തകം. അതേക്കുറിച്ച് അക്കാലത്ത് തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'കേരളപത്രിക' ദിനപത്രത്തിന്റെ ഞായറാഴ്ചപ്പതിപ്പിൽ ഞാൻ ഒരു ലേഖനം എഴുതിയത് അദ്ദേഹം ഓർത്തുവച്ചിരുന്നു. ജയപ്രകാശ് നാരായണന്റെ തീപ്പൊരി ചിതറുന്ന ചിന്തകളും തീവ്രാനുഭവങ്ങളും അതിന്റെ സർവ തീവ്രതയോടുംകൂടി മലയാളിക്ക് പകർന്നുനൽകിയ വയലായ്ക്ക് അത് തന്റെ അനേക പുസ്തകങ്ങളിലൊന്നുമാത്രമല്ല എന്നെനിക്കറിയാമായിരുന്നു.

പിറ്റേന്നുതന്നെ അദ്ദേഹം നിർദേശിച്ചതുപ്രകാരം ആ പുസ്തകം 'പത്തായ'ത്തിലെത്തിച്ചു. നാലഞ്ചുനാൾ കഴിഞ്ഞപ്പോൾ അദ്ദേഹം വിളിച്ചു, കോപ്പിയെടുത്ത് ബയൻഡു ചെയ്തു. ഒറിജിനൽ ഞാൻ എവിടെയെത്തിക്കണം?

സാർ താമസിക്കുന്നിടത്തുവന്ന് വാങ്ങിക്കൊള്ളാമെന്ന് പറഞ്ഞ് ഞാൻ ഫോൺവച്ചു. പിന്നെ അദ്ദേഹത്തെക്കുറിച്ച് കേട്ടതെല്ലാം വേദനാജനകം. മരണമന്വേഷിച്ച് തൃശൂർ അയ്യന്തോളിലെ വീട്ടിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ സഹധർമിണി അതോർത്തു. ആ പുസ്തകം ഇവിടെയുണ്ട്, ഇനി ഞാൻ തിരുവനന്തപുരത്ത് വരുമ്പോൾ കൊണ്ടുവരാം. താൻ അവശേഷിപ്പിച്ചുപോകുന്ന പുസ്തകശേഖരത്തിൽ അതിന്റെ അഭാവം ഉണ്ടാവരുതെന്ന വയലായുടെ നിഷ്കർഷയാവുമോ ആ അവസാന കൂടിക്കാഴ്ചയിൽ സഫലമായത്? ■

പെൺജീവിതം

ഹരിഷ്മ എ.എസ്.

# കൂട്ടായ്മയുടെ രുചിക്കൂട്ട്

**'ചെയ്യുന്ന ജോലിയോട് നൂറുശതമാനം ആത്മാർഥത കാണിക്കുക. അതിന് എപ്പോഴായാലും പ്രതിഫലം ലഭിക്കും. ഞങ്ങൾ വിളമ്പുന്ന ഭക്ഷണം കഴിച്ച് ആളുകൾ നല്ല അഭിപ്രായം പറയുമ്പോൾ കിട്ടുന്ന സന്തോഷം പറഞ്ഞറിയിക്കാനാവാത്തതാണ് '**

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് വളപ്പിൽ ആക്ടീവ സ്കൂട്ടറിൽ പായുന്ന ഗിരിജയെ കാമ്പസിൽ എല്ലാപേരും അറിയും. എന്നാൽ ഇവർ കോളേജിലെ ഒരു വിദ്യാർഥിനിയല്ലെന്നുമാത്രം. സ്വന്തമായി കാറ്ററിങ് യൂണിറ്റും കുടുംബശ്രീ പ്രവർത്തനങ്ങളുമായി സ്വയം പര്യാപ്തരായ ഒരു കൂട്ടം സ്ത്രീകളുടെ പ്രതിനിധിയും ആശ്രയവുമാണ് ഗിരിജ.

കോളേജ് കാമ്പസിലെ കാന്റീനിന്റെ ചുമതല ഗിരിജയുടെ നേതൃത്വത്തിലുള്ള വീട്ടമ്മമാരുടെ പത്തംഗസംഘത്തിനാണ്. 'ശ്രുതി' എന്ന കുടുംബശ്രീപദ്ധതിയിൽ അംഗങ്ങളായ ഇവർ ഈ പേരിൽത്തന്നെ ഒരു കാറ്ററിങ് സർവീസും നടത്തുന്നു. മറ്റുള്ള കാറ്ററിങ് സർവീസുകളിൽനിന്ന് വ്യത്യസ്തമായി ഇവർ ഒരുക്കുന്ന വാഴക്കൂമ്പു തോരനും, വെണ്ടക്കാത്തീയലും അടങ്ങുന്ന നാടൻവിഭവങ്ങൾക്ക് നഗരത്തിൽ ആവശ്യക്കാരേറെയാണ്.



ഫോട്ടോ : പ്രശാന്ത് വെമ്പായം (ഐ & പി.ആർ.ഡി.)

ഗിരിജ

വിവിധ സർക്കാർ ഓഫീസുകളിലെ സെമിനാറുകൾ, മീറ്റിങ്ങുകൾ, വീടുകളിലെ ചോറൂണ്, പാലുകാച്ചൽ തുടങ്ങി എല്ലാ പരിപാടികൾക്കും 'ശ്രുതി' ഒരു അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞു. മുദ്രാ ഫെസ്റ്റിവൽ, മാമ്പഴ ഫെസ്റ്റിവൽ, ഗാന്ധിജയന്തി ആഘോഷങ്ങൾ തുടങ്ങി പ്രമുഖ പരിപാടികളും ഏറ്റെടുത്ത് നടത്തി കാറ്ററിങ് മേഖലയിൽ ഈ വീട്ടമ്മമാർ തങ്ങളുടെ സാന്നിധ്യമുറപ്പിച്ചുകഴിഞ്ഞു. മൃഗസംരക്ഷണവകുപ്പിന്റെയും വൈലോപ്പിള്ളി സംസ്കൃതി ഭവനിലെയും മിക്കവാറും പരിപാടികൾക്കും 'ശ്രുതി'യിലെ അംഗങ്ങൾതന്നെയാവും ഭക്ഷണം വിളമ്പുക. ഓണം, വിഷു തുടങ്ങിയ ഉത്സവസമയങ്ങളിൽ ദിവസവും മൂന്നും നാലും ഓർഡറുകൾപോലും ഇവർ കൈകാര്യം ചെയ്യാറുണ്ട്.

2004 ൽ കുടുംബശ്രീ മിഷന്റെ ദാരിദ്ര്യ നിർമാർജന പരിപാടിയുടെ ഭാഗമായാണ് ഗിരിജയും സംഘവും 'ശ്രുതി കാറ്ററിങ്' എന്ന ആശയത്തിന് തുടക്കം കുറിച്ചത്. ക്ഷേത്രജീവനക്കാരനായ ഭർത്താവിന്റെ വരുമാനം മാത്രം ഉപജീവനത്തിന് തികയാതെവന്നപ്പോൾ പ്രീഡിഗ്രി വിദ്യാഭ്യാസമുള്ള ഗിരിജയുടെ മനസ്സിലുദിച്ച കാറ്ററിങ് എന്ന ആശയം മറ്റു അംഗങ്ങളും ശരിവയ്ക്കുകയായിരുന്നു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കെ.ഐ.എൽ.ഇ) എന്ന സ്ഥാപനം നടത്തിയ പരിശീലന പരിപാടിയിൽ പങ്കെടുത്തതും ഗിരിജയ്ക്കും കൂട്ടുകാർക്കും കാറ്ററിങ് രംഗത്ത് മുതൽക്കൂട്ടായി. ആധുനിക പാചകരീതികളെക്കുറിച്ചുള്ള ക്ലാസുകളിലൂടെ ശാസ്ത്രീയമായ പാചകവിളമ്പൽ രീതികളും ഇവർ മനസ്സിലാക്കിയെടുത്തു. പാചകസമയത്തും വിളമ്പൽ നേരത്തും ഉപയോഗിക്കാൻ പുതിയ യൂണിഫോം കൂടിയായപ്പോൾ ഒരു പ്രൊഫഷണൽ കാറ്ററിങ് സംഘത്തിനൊപ്പം കിടപിടിക്കാൻ ഈ സ്ത്രീസഖ്യം സജ്ജമായി. പാചകം ചെയ്ത ഭക്ഷണം നഗരത്തിലെ വിവിധ പ്രദേശങ്ങളിലെത്തിക്കാൻ ആക്ടീവ സ്കൂട്ടറിനൊപ്പം ഒരു മിനിവാനും സ്വന്തമാക്കിയിട്ടുണ്ട് ഗിരിജ.

ആവശ്യക്കാരുടെ ഓർഡറുകൾ അനുസരിച്ച് രുചിഭേദങ്ങളിൽ പരീക്ഷണങ്ങൾ നടത്താനും ഇവർ തയാറാണ്. പല പുതിയ കറിക്കൂട്ടുകളുടെയും ചേരുവകൾ തിരഞ്ഞ് ഹോട്ടലുകളിൽപോയി അന്വേഷിച്ചും, കാത്തുനിന്നും, രുചിനോക്കിയും ചെയ്യുന്ന ജോലിയോടുള്ള ആത്മാർഥത ഗിരിജ പാലിക്കുന്നു. പ്രവൃത്തിദിവസങ്ങളിലെ കോളേജ് കാന്റീൻ നടത്തിപ്പും കാറ്ററിങ് സർവീസും ഒരുപോലെ നടത്തിക്കൊണ്ടുപോകുന്നതിന് ഗിരിജയുടെ നേതൃത്വത്തിലുള്ള ഈ സംഘം ഒത്തൊരുമയോടുകൂടി പ്രവർത്തിക്കുന്നു. കോളേജ് കാന്റീനിലെ പത്തംഗ സംഘത്തിനുപുറമേ നാലാഞ്ചിറ പ്രദേശത്തെ കുറച്ച് വീട്ടമ്മമാരും അധികം പരിപാടികൾ ലഭിക്കുമ്പോൾ ഇവർക്കൊപ്പം കൂടാറുണ്ട്.

ഇന്ന് ഈ സ്ത്രീസംഘത്തിലെ നിരന്തരപ്രവർത്തനങ്ങളിലൂടെ ഒപ്പമുള്ള സ്ത്രീകൾക്കുകൂടി ഒരു വരുമാനമാർഗം ഉറപ്പുനൽകാനായതിൽ സന്തോഷിക്കുകയാണ് ഗിരിജ.



**'ശ്രുതി' കാറ്ററിങ് യൂണിറ്റിലെ പ്രവർത്തകർ**

'ചെയ്യുന്ന ജോലിയോട് നൂറുശതമാനം ആത്മാർഥത കാണിക്കുക. അതിന് എപ്പോഴായാലും പ്രതിഫലം ലഭിക്കും. ഞങ്ങൾ വിളമ്പുന്ന ഭക്ഷണം കഴിച്ച് ആളുകൾ നല്ല അഭിപ്രായം പറയുമ്പോൾ കിട്ടുന്ന സന്തോഷം പറഞ്ഞറിയിക്കാനാവാത്തതാണ്'. ഗിരിജ ഇതു പറയുമ്പോൾ ചുറ്റുമുള്ള വീട്ടമ്മമാരുടെ മുഖത്തും സംതൃപ്തിയുടെ പുഞ്ചിരി നിറഞ്ഞു. കാറ്ററിങ് രംഗത്ത് പുത്തൻ പരീക്ഷണങ്ങളും അവസരങ്ങളും കാത്തിരിക്കുകയാണ് ഈ സ്ത്രീസംഘം. റോസ്മേരി, സരസ്വതി, ലതിക, കെ.ആർ.ലതിക, പത്മകുമാരി, ഗീത, ജലജ, സന്ധ്യ എന്നിവരാണ് 'ശ്രുതി' സംഘത്തോടൊപ്പമുള്ള മറ്റംഗങ്ങൾ. ■

# പരസ്പരം

മറുപടി നൽകുന്നത് :
**വി.വി. മൊയ്തുണ്ണി**
അഡീ. സെക്രട്ടറി, അസോസിയേറ്റ് ഫെലോ, ഐ.എം.ജി

*ഞാൻ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ കോമേഴ്സ് വിഷയത്തിൽ ഗവേഷണം നടത്തുന്ന ഒരു വിദ്യാർഥിനിയാണ്. എനിക്ക് സർക്കാരിന്റെ വിവിധ വകുപ്പിലേക്കുള്ള എൽ.ഡി. ക്ലാർക്ക് വിഭാഗത്തിലേക്ക് നിയമനത്തിനുള്ള പി.എസ്.സിയുടെ അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുണ്ട്. എന്റെ ഗവേഷണം പൂർത്തിയാകാൻ ഇനിയും രണ്ടുവർഷത്തോളം സമയം ആവശ്യമാണ്. പ്രസ്തുത കോഴ്സ് പൂർത്തിയാകുന്നതുവരെ എനിക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചുതരുവാൻ വ്യവസ്ഥയുണ്ടോ?*

**സിമി ബാബുരാജ്**
എറണാകുളം

28-6-2000 ലെ 5966/അഡ്വൈസ് സി3/2000/ഉഭപവ സർക്കുലർ പ്രകാരം ഏതെങ്കിലും വിദ്യാഭ്യാസ കോഴ്സോ ട്രെയിനിങ്ങോ പൂർത്തിയാക്കുന്നവരുടെയും, വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെയും കാര്യത്തിൽ മാത്രമേ 45 ദിവസത്തിലധികം സമയം ജോലിയിൽ പ്രവേശിപ്പിക്കാനായി സർക്കാർതലത്തിൽ ദീർഘിപ്പിച്ചുതരുവാൻ വ്യവസ്ഥയുള്ളൂ.

പി.എച്ച്.ഡി, ഒരു സാധാരണ വിദ്യാഭ്യാസ കോഴ്സായി പരിഗണിക്കാത്തതിനാൽ താങ്കൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ചുനൽകാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ ഗവേഷണപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇത്തരം വിദ്യാർഥികൾക്ക് ജോലിയിൽ പ്രവേശിക്കാനും അതിനുശേഷം കെ.എസ്.ആർ, Appendix XII B പ്രകാരം ശൂന്യവേതന അവധിയെടുത്ത് ഗവേഷണം പൂർത്തിയാക്കാനും 23-11-2009 ലെ 5624-Adv C3/2007/P&RD സർക്കുലർ പ്രകാരം സർക്കാർ സ്വാതന്ത്ര്യം നൽകുന്നുണ്ട്.

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് പരസ്പരം.*
*ഇതിലേക്കുള്ള ചോദ്യങ്ങൾ*
*എഡിറ്റർ, ജനപഥം,*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,*
*സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001*
*വിലാസത്തിൽ അയയ്ക്കുക.*

സതീഷ് പൂവത്തൂർ



# ടി.ബി.ജി.ആർ.ഐ. ഇനി നെഹ്റു ബൊട്ടാണിക് ഗാർഡൻ


ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ഓപ്പൺ ഹൗസിന്റെ ഉദ്ഘാടനം ഡിസംബർ എട്ടിന് നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ ഭദ്രദീപം കൊളുത്തി നിർവഹിച്ചു. സൃഷ്ടിയും സംഹാരവുമാണ് ശാസ്ത്രത്തിന്റെ രണ്ടു മുഖങ്ങളെന്നും ഇതിൽ സൃഷ്ടിയുടെ പാതയാണ് ശാസ്ത്രം തിരഞ്ഞെടുക്കേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ചടങ്ങിൽ ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡന് 'ജവാഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്' എന്ന പേരു നൽകിയതിന്റെ ഔദ്യോഗിക പ്രഖ്യാപനവും സ്പീക്കർ നിർവഹിച്ചു. ശാസ്ത്രത്തിന് മികച്ച സംഭാവനകൾ നൽകുകയും ശാസ്ത്രജ്ഞരെ ആദരവോടെ കാണുകയും ചെയ്ത നെഹ്റുവിന്റെ പേര് ബൊട്ടാണിക് ഗാർഡന് നൽകിയത് അന്വർഥമായെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കേരള ശാസ്ത്ര സാങ്കേതിക - പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടിവ് അംഗവും വൈസ് പ്രസിഡന്റുമായ പ്രൊഫസർ ഡോ. വി.എൻ. രാജശേഖരൻപിള്ള അധ്യക്ഷതവഹിച്ചു. നബാർഡ് റീജിയണൽ ജനറൽ മാനേജർ കെ.സി. ശശിധർ മുഖ്യപ്രഭാഷണം നടത്തി.

ഓപ്പൺ ഹൗസിന്റെ പ്രവർത്തനത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്ത വിപുലമായ പ്രദർശനമേളയും ഏറെ ശ്രദ്ധേയമായി.

# ഭൂമിക്കൊരപരൻ



ഭൂമിയെപ്പോലെ വാസയോഗ്യമായേക്കാവുന്ന മറ്റൊരു ഗ്രഹത്തെ സൗരയൂഥത്തിനപ്പുറം കണ്ടെത്തിയതായി അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസ സ്ഥിരീകരിച്ചു.

സൂപ്പർ ഭൂമി എന്ന വിഭാഗത്തിൽവരുന്ന കെപ്ലർ-22ബി, ഭൂമിയെക്കാൾ 2.4 ഇരട്ടി വലിപ്പമേറിയതും അതിന്റെ നക്ഷത്രത്തിൽനിന്നും 600 പ്രകാശവർഷം അകലെ ഭ്രമണം ചെയ്യുകയും ചെയ്യുന്നു. ഭൂമി സൂര്യനെ ചുറ്റുന്നതുപോലെ 290 ദിവസം കൊണ്ട് ഈ ഗ്രഹം സ്വന്തം നക്ഷത്രത്തെ ഭ്രമണം ചെയ്യുന്നു. ഉപരിതല ഊഷ്മാവ് 72 ഡിഗ്രി ഫാരൻ ഹീറ്റ് (22 സെൽഷ്യസ്) ആണെന്നാണ് നിഗമനം.

'കെപ്ലർ-22ബി' എന്ന ഗ്രഹം ഖരമാണോ, വാതകമാണോ ദ്രാവകമാണോ എന്ന് ശാസ്ത്രജ്ഞന്മാർക്ക് ഇതുവരെ സ്ഥിരീകരിക്കാനായിട്ടില്ല. 600 ദശലക്ഷം ഡോളർ ചെലവഴിച്ച കെപ്ലർ പദ്ധതി ഭൂമിയെപ്പോലുള്ള മറ്റു ഗ്രഹങ്ങളെ കണ്ടെത്താനുള്ള നാസയുടെ ആദ്യ സംരംഭമാണ്.


# ചാവുകടൽ മരിക്കുന്നു

ചാവുകടലിന്റെ ഗതകാല പ്രൗഢിക്കും ചരിത്രപ്രാധാന്യത്തിനുമിന്ന് ഏറെ മങ്ങലേറ്റിട്ടുണ്ട്. 1997നുശേഷം ചാവുകടലിന്റെ വെള്ളം 10 മീറ്റർ താഴ്ന്നതായി ജറുസലേം സർവകലാശാലയിലെ പരിസ്ഥിതി ശാസ്ത്രജ്ഞൻ പ്രൊഫ. മോട്ടി സ്റ്റെയിനിന്റെ പഠനങ്ങൾ വെളിപ്പെടുത്തുന്നു.

ഇസ്രയേൽ, ജോർദാൻ, വെസ്റ്റ് ബാങ്ക് എന്നിവയ്ക്കിടയിൽ സ്ഥിതി ചെയ്യുന്ന ചാവുകടൽ 2050 ആകുമ്പോൾ പൂർണമായി വറ്റിപ്പോകുകയോ ചെറിയൊരു കുളമായി അവശേഷിക്കുകയോ ചെയ്യുമെന്ന് പരിസ്ഥിതി ശാസ്ത്രജ്ഞർ ആശങ്കപ്പെടുന്നു. 2010 ലെ അതികഠിനമായ വേനലാണ് അതിന് ഒരു കാരണമായി അവർ ചൂണ്ടിക്കാട്ടുന്നത്. ജോർദാൻ, സിറിയ, ഇസ്രയേൽ എന്നീ രാജ്യങ്ങൾ വ്യാവസായിക-കാർഷികാവശ്യങ്ങൾക്കായി ജലം തിരിച്ചുവിടാൻ തുടങ്ങിയതും ചാവുകടലിന്റെ നാശത്തിന് ആക്കം കൂട്ടുന്നു.

ചാവുകടൽ 1,20,000 വർഷംമുമ്പ് ഒരിക്കൽ വറ്റിയതാണെന്നും പിന്നീട് നൂറ്റാണ്ടുകളിലൂടെ പുനർജനിച്ചതാണെന്നും പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇനിയും മരിച്ചാൽ ഉയിർത്തെഴുന്നേൽക്കുക അസാധ്യമാകും.





# ശുചിത്വം ഒരു സംസ്കാരമാണ്

നാട്ടുമ്പുറത്തിന്റെ ഭംഗികൾ ആസ്വദിച്ച്, പ്രകൃതിയുടെ സൗന്ദര്യം നുകർന്ന്, ശുദ്ധവായു ശ്വസിച്ച് ഒരു യാത്ര ആരാണ് മോഹിക്കാത്തത്. വൃത്തിയും, ഭംഗിയുമുള്ള കാഴ്ചകൾ മനസ്സിന്റെ സംഘർഷങ്ങൾക്ക് മരുന്നു തന്നെയാണ്. തിരക്കിട്ട ജീവിതത്തിനിടയിൽ ഒരാശ്വാസം, യാത്രകളും കാഴ്ചകളുമാണ്.

എന്നാൽ ഇന്ന് യാത്രകൾക്കും കാഴ്ചകൾക്കും ഭംഗികുറഞ്ഞുവരുന്നു. മാലിന്യങ്ങൾ പ്രകൃതിയുടെ പരിസരത്തിന്റെ സ്വാഭാവികഭംഗി നശിപ്പിക്കുന്നു. സ്വന്തം മുറ്റം വൃത്തിയായിരിക്കാൻ അയൽക്കാരന്റെ പറമ്പ് വൃത്തികേടാക്കുന്ന ശീലം നമുക്കുണ്ട്. അതിന്ന് അപകടകരമായ ശീലമായി മാറിക്കഴിഞ്ഞിരിക്കുന്നു. നാം സൃഷ്ടിക്കുന്ന ഖര-ദ്രവമാലിന്യങ്ങൾ നമ്മുടെതന്നെ ജീവിതത്തിന് വിഘാതമായിത്തീർന്നിരിക്കുന്നു.

മാലിന്യങ്ങൾ ഇന്ന് ഒരു സജീവ ചർച്ചാവിഷയമാണ്. ഒരുകാലത്ത് ഉപയോഗശൂന്യമായ ധാരാളം തുറന്ന ഇടങ്ങൾ നമുക്കുണ്ടായിരുന്നു. മാലിന്യങ്ങൾ വളരെ കുറവായിരുന്നു. ഗാർഹികമാലിന്യങ്ങൾ മാത്രമായിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. അവ സംസ്കരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങളുടെ ആവശ്യവും ഇല്ലായിരുന്നു. ഇന്ന് സ്ഥിതി അതല്ല. ജനസംഖ്യ വർധിക്കുകയും തുറസ്സായ സ്ഥലങ്ങൾ അപ്രത്യക്ഷമാകുകയും ചെയ്തിരിക്കുന്നു. മാലിന്യങ്ങൾ ക്രമാതീതമായി വർധിക്കുകയും ചെയ്തു. അവ കേന്ദ്രീകൃതമായ രീതിയിൽ സംസ്കരിക്കുന്നതിന് ആസൂത്രിതമായ പദ്ധതി നമുക്കില്ലാതെപോയി. മാലിന്യങ്ങളുടെ സാമൂഹികപാരിസ്ഥിതിക പ്രതിസന്ധികളെക്കുറിച്ച് നമുക്ക് മുൻകൂട്ടിക്കാണാൻ കഴിഞ്ഞിരുന്നില്ലെന്നതാണ് വസ്തുത.

ഇന്ന് ആസൂത്രിതമായും ദീർഘവീക്ഷണത്തോടെയും മാലിന്യസംസ്കരണത്തെക്കുറിച്ച് ചിന്തിക്കേണ്ട സമയമായി. താത്കാലിക പരിഹാരമാർഗങ്ങൾ കൊണ്ട് മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. ശാസ്ത്രീയമായ മാർഗങ്ങളിലൂടെ ജൈവമാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളങ്ങളാക്കുന്നതിനും, മറ്റു മാലിന്യങ്ങൾ (പ്ലാസ്റ്റിക്/ഇ-വേസ്റ്റ്) റീസൈക്കിൾ ചെയ്യുന്നതിനും ദീർഘകാല പദ്ധതികൾ ആവശ്യമാണ്.

ഇപ്പോൾ അടിയന്തരമായി ചെയ്യാൻ കഴിയുന്നത് പൗരബോധത്തോടുകൂടി ഓരോരുത്തരും പെരുമാറുക എന്നതാണ്. സ്വന്തം വീട്ടിലെ അവശിഷ്ടങ്ങൾ കവറിലാക്കി, പൊതുനിരത്തിലോ ജലാശയങ്ങളിലോ അന്യന്റെ പറമ്പിലോ വലിച്ചെറിയാതെ സ്വന്തം പറമ്പിലെ തെങ്ങിൻചുവട്ടിലോ, വാഴച്ചുവട്ടിലോ നിക്ഷേപിച്ച് നാം മാതൃക കാണിക്കണം. ഫ്ളാറ്റുകളിൽ താമസിക്കുന്നവർ കൂട്ടായ ശ്രമത്തിലൂടെ തങ്ങളുടെ കോമ്പൗണ്ടിൽത്തന്നെ അവശിഷ്ടങ്ങളൊക്കെ സംസ്കരിക്കുന്നതിന് സൗകര്യങ്ങൾ ഒരുക്കാൻ തയാറായി പൗരബോധം പ്രകടിപ്പിച്ച് മാതൃകയാകേണ്ടതാണ്. സ്വന്തം വീട്ടിലെ എച്ചിൽ എടുക്കാൻ മറ്റൊരാളെ കാത്തിരിക്കുന്നത് സംസ്കാരത്തിന് യോജിച്ചതല്ലല്ലോ.

സർക്കാരിന്റെ നേതൃത്വത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ ആധുനിക മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും തുടങ്ങിക്കഴിഞ്ഞു. മാലിന്യവിമുക്തമായ പരിസ്ഥിതി കാത്തു സൂക്ഷിച്ചെങ്കിൽ മാത്രമേ ആരോഗ്യമുള്ള തലമുറയെ നമുക്കു സൃഷ്ടിക്കാൻ കഴിയൂ. ഇ-മാലിന്യങ്ങളുടെ കാര്യത്തിലും വ്യവസായമാലിന്യങ്ങളുടെ കാര്യത്തിലും ദീർഘവീക്ഷണത്തോടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ശുചിത്വം നമ്മുടെ സംസ്കാരമാണ്. അത് നിലനിർത്തേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ് ■